


(1997 ലെ പത്മരാജൻ പുരസ്കാരം
‘പച്ചപ്പയ്യിനെ പിടിക്കാൻ’
എന്ന കഥയ്ക്കാണ് ലഭിച്ചത്.)

50 വർഷം ഇ.ഹരികുമാർ സാഹിത്യം 2013

# ഇ. ഹരികുമാർ

## അമ്പതു വർഷത്തെ സാഹിത്യജീവിതം



Pachhappayyine Pidikkan

പച്ചപ്പയ്യിനെ പിടിക്കാൻ

(collection of short stories in Malayalam)

Author: E. Harikumar

Electronic version published in 2013

This book is meant for distribution among research organisations absolutely free of cost.

Address: E. Harikumar
5B, Avenue Crest Apartments
Avenue Road, Mundupalam
Kuriachira P.O.
Thrissur 680 006
Phone: (0487) 2251779
E-Mail: e.harikumar.novelist@gmail.com
Web: www.e-harikumar.com

Copyright © 2013 by E. Harikumar

© Copyright of the sketches, monograms, logo and other materials used in this story to create pages as they appeared in the periodicals, belongs to the respective publishers of periodicals and/or artists.

## ഇ. ഹരികുമാർ

1943 ജൂലൈ 13 ന് പൊന്നാനിയിൽ ജനനം. അച്ഛൻ മഹാകവി ഇടശ്ശേരി ഗോവിന്ദൻ നായർ. അമ്മ ഇടക്കണ്ടി ജാനകി അമ്മ. കൽക്കത്തയിൽ വച്ച് ബി.എ. പാസ്സായി. 1972–ൽ ലളിതയെ വിവാഹം ചെയ്തു. മകൻ അജയ് വിവാഹിതനാണ്. ഭാര്യ: ശുഭ. കൽക്കത്ത, ദില്ലി, ബോംബെ എന്നീ നഗരങ്ങളിൽ ജോലിയെടുത്തു. 1983–ൽ കേരളത്തിലേയ്ക്ക് തിരിച്ചുവന്നു. 1962 തൊട്ട് ചെറുകഥകളെഴുതിത്തുടങ്ങി. ആദ്യത്തെ കഥാസമാഹാരം 'കൂറകൾ' 72ൽ പ്രസിദ്ധപ്പെടുത്തി. 15 കഥാസമാഹാരങ്ങളും 9 നോവലുകളും ഒരു അനുഭവക്കുറിപ്പും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

**പുരസ്കാരങ്ങൾ:**

1988 ലെ കേരള സാഹിത്യ അക്കാദമി പുരസ്കാരം 'ദിനോസറിന്റെ കുട്ടി' എന്ന കഥാസമാഹാരത്തിന്.

1997 ലെ പത്മരാജൻ പുരസ്കാരം 'പച്ചപ്പയ്യിനെ പിടിക്കാൻ' എന്ന കഥയ്ക്ക്.

1998 ലെ നാലപ്പാടൻ പുരസ്കാരം 'സൂക്ഷിച്ചുവച്ച മയിൽപ്പീലി' എന്ന കഥാസമാഹാരത്തിന്.

2006 ലെ കഥാപീഠം പുരസ്കാരം 'അനിതയുടെ വീട്' എന്ന കഥാസമാഹാരത്തിന്.

2012 ലെ ഏറ്റവും മികച്ച കഥയ്ക്കുള്ള കേരള സ്റ്റേറ്റ് ചലച്ചിത്ര അക്കാദമി അവാർഡ് 'ശ്രീപാർവ്വതിയുടെ പാദം' എന്ന കഥയ്ക്ക്.

ആഡിയോ കാസറ്റ് റിക്കാർഡിങ്, വെബ് ഡിസൈനിങ്, മൾട്ടിമീഡിയ പ്രൊഡക്ഷൻ, പുസ്തക പ്രസിദ്ധീകരണം എന്നിവയിലേർപ്പെട്ടിട്ടുണ്ട്. 1998 മുതൽ 2004 വരെ കേരള സാഹിത്യ അക്കാദമി അംഗമായിരുന്നു.

**കൃതികൾ:**

**ചെറുകഥാസമാഹാരങ്ങൾ:**

കൂറകൾ, വൃഷഭത്തിന്റെ കണ്ണ്, കുങ്കുമം വിതറിയ വഴികൾ, ദിനോസറിന്റെ കുട്ടി, കാനഡയിൽ നിന്നൊരു രാജകുമാരി, ശ്രീപാർവ്വതിയുടെ പാദം, സൂക്ഷിച്ചുവച്ച മയിൽപ്പീലി, പച്ചപ്പയ്യിനെ പിടിക്കാൻ, ദൂരെ ഒരു നഗരത്തിൽ, കറുത്ത തമ്പ്രാട്ടി, അനിതയുടെ വീട്, ഇളവെയിലിന്റെ സാന്ത്വനം (കഥകൾ 1966–1996), നഗരവാസിയായ ഒരു കുട്ടി, എന്റെ സ്ത്രീകൾ (സ്ത്രീപക്ഷ കഥകൾ), വെള്ളിത്തിരയിലെന്നപോലെ.

**നോവലുകൾ:**

ഉറങ്ങുന്ന സർപ്പങ്ങൾ + ശാപശില, ആസക്തിയുടെ അഗ്നിനാളങ്ങൾ, ഒരു കുടുംബപുരാണം, എഞ്ചിൻഡ്രൈവറെ സ്നേഹിച്ച പെൺകുട്ടി, അയനങ്ങൾ, തടാകതീരത്ത്, കൊച്ചമ്പ്രാട്ടി, പ്രണയത്തിനൊരു സോഫ്റ്റ്‌വെയർ, അറിയാത്തലങ്ങളിലേയ്ക്ക്.

**ഓർമ്മകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ:**

നീ എവിടെയാണെങ്കിലും.

ഈ ഓർമ്മകൾ മരിക്കാതിരിക്കട്ടെ.

**വിലാസം:** 5–ബി, അവന്യു ക്രെസ്റ്റ് അപാർട്മെന്റ്സ്
അവന്യു റോഡ്, മുണ്ടുപാലം
കുരിയച്ചിറ (പി.ഒ.)
തൃശ്ശൂർ 680 006
ഫോൺ: 091–0487–2251779

**ഇ–മെയിൽ:** harikumar_e@yahoo.com,
e.harikumar.novelist@gmail.com

**website:** www.e-harikumar.com

# പച്ചപ്പയ്യിനെ പിടിക്കാൻ

നിഷാദം
അമ്മു പറഞ്ഞ കഥ
ഏറ്റവും മഹത്തായ കാഴ്ച
ആശ്രമം ഉറങ്ങുകയാണ്
മൂലോട് ഉറപ്പിക്കുന്നതിലെ വിഷമങ്ങൾ
ദേശാടനക്കിളിപോലെ അവൾ
ഒരു തണുത്ത കാറ്റായി അവൻ
പച്ചപ്പയ്യിനെ പിടിക്കാൻ
വെറുതെ വന്ന ഒരാൾ
സാന്ത്വനത്തിന്റെ താക്കോൽ
അരുന്ധതിയുടെ പൈങ്കിളി കവിതകൾ

# നിഷാദം

അയാൾ സ്റ്റുഡിയോയുടെ വരാന്തയിൽ കാത്തിരുന്നു. ഒമ്പതുമണിക്കു വരാനായിരുന്നു അവർ ആവശ്യപ്പെട്ടിരുന്നത്. തന്റെ അത്യുത്സാഹം കാരണം എട്ടരയ്ക്കു തന്നെ എത്തി. എറണാകുളത്ത് എന്തു കാര്യത്തിനു വന്നാലും വളഞ്ഞമ്പലത്തു ദേവിയെക്കണ്ട് അനുഗ്രഹം വാങ്ങിക്കും. പ്രസാദവുംകൊണ്ടു പുറത്തു കടന്നപ്പോൾ എട്ടുമണി ആയിട്ടേയുള്ളു. ധാരാളം സമയം ബാക്കിയുള്ളതുകൊണ്ട് സ്റ്റുഡിയോവരെ നടന്നു. ഇപ്പോൾ ഒമ്പതു കഴിഞ്ഞിരിക്കുന്നു. മറുവശത്ത് ചാരുബെഞ്ചിലിരുന്ന മൂന്നു പെൺകുട്ടികൾ കോറസ്സു പാടാൻ വന്നവരാണ്. എന്താണ് റെക്കോർഡു ചെയ്യാൻ പോകുന്നതെന്ന് അവർക്കും അറിയില്ല. കോറസ്സു പാടാൻ വരണമെന്നു പറഞ്ഞു. അവർ വരികയും ചെയ്തു. അവർ സ്ഥിരം കോറസ്സു പാടുന്നവരാണത്രേ. കൂടുതൽ സംസാരിക്കാൻ ശ്രമിച്ചപ്പോൾ അവർ അന്യോന്യം നോക്കി വായപൊത്തി അർത്ഥംവെച്ചു ചിരിച്ചു. തന്റെ പേരക്കുട്ടികളാവാൻ പ്രായമേ അവർക്കുള്ളൂ. അയാൾ സ്വന്തം പേരു പറഞ്ഞു. അവർക്കറിയില്ല; അവർ അങ്ങനെ ഒരാളെപ്പറ്റി കേട്ടിട്ടില്ല.

അവരെ പറഞ്ഞിട്ടു കാര്യമില്ല. മുപ്പത്തഞ്ചു വർഷം മുമ്പു സിനിമയിൽ വന്ന പാട്ടുകൾ ഈ കുട്ടികൾ കേൾക്കണമെന്നില്ല. അറിയണമെന്നില്ല. അവരെ സംബന്ധിച്ചിടത്തോളം ഏറ്റവും പുതിയ സിനിമാപ്പാട്ടുകളേ നിലവിലുള്ളൂ. തനിക്കാവട്ടേ, പണ്ടുതന്നെ അധികമൊന്നും അവസരം കിട്ടിയിരുന്നുമില്ല. പത്തിരുപത്തഞ്ചു പാട്ടുകൾ അഞ്ചാറു സിനിമകളിലായി പാടിയിട്ടുണ്ട്. അത്രമാത്രം. പക്ഷേ, പാടിയവയെല്ലാം തന്നെ ഹിറ്റായിരുന്നു. ആ രംഗത്ത് എന്തുകൊണ്ടോ പിടിച്ചുനിന്നില്ല. സിനിമാപ്പാട്ടുകൾ സംതൃപ്തി തന്നില്ല. ശാസ്ത്രീയ സംഗീതരംഗത്തു വളരെയധികം ശോഭിക്കാനുമായില്ല. അതിനിടയ്ക്കു വലുതായി വന്ന കുടുംബത്തെ നോക്കാൻ പല ജോലികളും സ്വീകരിച്ചു. എക്സ്പോർട്ട് കമ്പനിയിൽ ലയ്സൺ ഓഫീസർ മുതൽ കുറിക്കമ്പനിയിൽ ബിൽ കലക്ടർ വരെ. അവസാനം എല്ലാം ഇട്ടെറിഞ്ഞ് നാട്ടിൽ ഒരു സംഗീത ക്ലാസ്സു തുടങ്ങി. കഴിവുള്ള കുറച്ചു കുട്ടികളെ പഠിപ്പിക്കുന്നു. അപ്പോഴാണ് ഒരു കാസറ്റു കമ്പനിയിൽ നിന്ന് ഇങ്ങനെ ഒരു ഓഫർ കിട്ടിയത്. നല്ല കാലങ്ങളെല്ലാം തിരിച്ചു വരുന്നതുപോലെ. എയർ കണ്ടീഷൻ ചെയ്ത സ്റ്റുഡിയോയിലെ റൂം സ്പ്രേയുടെ അലട്ടുന്ന, തൃഷ്ണയുണർത്തുന്ന ഗന്ധം. അനാഥമായിക്കിടക്കുന്ന വാദ്യോപകരണങ്ങളുടെ നിശ്ശബ്ദസംഗീതം. ഗ്ലാസ്സിട്ട റെക്കോർഡിംഗ് മുറിയിൽ സാവധാനത്തിൽ തിരിയുന്ന സ്പൂൾ എല്ലാം ഒരിക്കൽക്കൂടി.

വരാന്തയിൽ ഇപ്പോൾ കൂടുതൽ ആൾക്കാരുണ്ട്. നീല സഞ്ചിയുടെ കെട്ടഴിച്ച് തബല പുറത്തെടുത്തു പരിശോധിക്കുന്ന മെലിഞ്ഞ ചെറുപ്പക്കാരൻ, ഗിറ്റാർ മടിയിൽവച്ചു തബലക്കാരനോടു സംസാരിക്കുന്ന ജീൻസിട്ട ഒരാൾ. വരാന്തയുടെ ഒരറ്റത്ത് പുറത്തേക്കു നോക്കിനില്ക്കുന്ന രണ്ടുപേർ. ആരും ഗോപാലൻനായരെ ശ്രദ്ധിച്ചില്ല. അയാൾ തന്റെ സ്നേഹിതനുവേണ്ടി കാത്തിരുന്നു. സ്റ്റുഡിയോയിൽ വന്ന് തന്നെ സംഗീത സംവിധായകന്നും പ്രൊഡ്യൂസർക്കും പരിചയപ്പെടുത്തിത്തരാമെന്നാണ് രാമചന്ദ്രൻ പറഞ്ഞത്.

എട്ടു പാട്ടുകളുണ്ടാവും, ഓരോ പാട്ടിന് അഞ്ഞൂറുരൂപവച്ച് നാലായിരം കിട്ടുമെന്നാണു പറഞ്ഞത്. നാലായിരം രൂപ! തനിക്ക് ആ പണം ആവശ്യമുണ്ട്. എന്തു പാട്ടുകളായിരിക്കുമെന്നു രാമചന്ദ്രനറിയില്ല. ഭക്തിഗാനങ്ങളായിരിക്കും. ഭക്തിഗാനങ്ങളാണ് ഇപ്പോൾ പോകുന്നത്. ഹിന്ദുഭക്തിഗാനങ്ങളാണെങ്കിലും ക്രിസ്തീയഭക്തിഗാനങ്ങളാണെങ്കിലും താൻ പാടാൻ തയ്യാർ. പിന്നെ ശ്രീകൃഷ്ണനെപ്പറ്റിയുള്ള ഗാനങ്ങളാണെങ്കിൽ വിശേഷായി. മനസ്സറിഞ്ഞു പാടാമല്ലോ. കൃഷ്ണ ഭക്തിഗാനങ്ങൾ ആരു പാടിയാലും നന്നാവും; അതങ്ങനെയാണ്.

കോണികയറി നാലുപേർ വന്നു. ആവൂ. തന്റെ കാത്തിരിപ്പ് അവസാനിച്ചു.

'ആ! മാഷ് എത്തിയല്ലേ?' രാമചന്ദ്രൻ ചോദിച്ചു.

പരിചയപ്പെടുത്തിയപ്പോൾ ചെറുപ്പക്കാരനായ സംഗീത സംവിധായകൻ ജോസ് പറഞ്ഞു.

'മാഷടെ പാട്ടൊക്കെ കേട്ടുകൊണ്ടാ ഞാനൊക്കെ വളർന്നത്. ഞങ്ങക്കൊക്കെ മാഷ്ടെ പാട്ടുകള് ഹരമായിരുന്നു.'

അയാൾ 'എന്തിനു വന്നു നീ കാനനത്തിൽ' എന്നു തുടങ്ങുന്ന പാട്ടു മൂളാൻ തുടങ്ങി. ഗോപാലൻ നായർ പ്രശംസിക്കപ്പെട്ടിരിക്കുന്നു. പ്രശംസയ്ക്കുള്ള കുഴപ്പമെന്തെന്നാൽ, നിങ്ങളുടെ ആത്മാവ് പ്രശംസിക്കുന്ന ആൾ വിലയ്ക്കെടുക്കുന്നു. നിങ്ങൾ ശബ്ദം നഷ്ടപ്പെട്ട ഒരടിമയാകുന്നു. കോറസ്സു പാടാൻ വന്ന പെൺകുട്ടികൾ അയാളെ ആരാധനയോടെ നോക്കി. മാഷ് ഇത്ര വലിയ ആളായിരുന്നൂന്ന് ഞങ്ങളറിഞ്ഞില്ലട്ടോ എന്ന ഭാവം.

'മാഷ് ഇനിയും സിനിമേല് പാടണം.' ജോസ് പറഞ്ഞു. 'നോക്കട്ടെ, എനിക്ക് അടുത്തുതന്നൊരു സിനിമ കിട്ടും. മാഷെക്കൊണ്ട് രണ്ടു പാട്ടെങ്കിലും പാടിക്കും.'

റെക്കോർഡിസ്റ്റ് മിക്സറിനു മുമ്പിൽ സ്ഥാനം പിടിച്ചിരിക്കുന്നു. ജോസ് വാദ്യോപകരണങ്ങൾ കൈകാര്യം ചെയ്യുന്നവർക്കു നിർദ്ദേശം കൊടുക്കുകയാണ്. രാമചന്ദ്രൻ ചോദിച്ചു.

'മാഷ്ടെ ക്ലാസ്സൊക്കെ നന്നായി നടക്കുന്നില്ലേ? ഇപ്പോ എത്ര കുട്ടികളുണ്ട്?'

'പത്തുപന്ത്രണ്ടു പേരുണ്ട്.' ഗോപാലൻ നായർ പറഞ്ഞു. 'ഇന്നും നാളേം ക്ലാസ്സുണ്ടാവില്ല. മാഷ് രണ്ടു ദിവസത്തി

ലധികം വിട്ടുനില്ക്കരുത്ന്നാണ് കുട്ടികള് പറഞ്ഞിട്ടുള്ളത്. കാസറ്റില് പാടാൻ പോവ്വാണ്ന്ന് പറഞ്ഞപ്പോ സമ്മതിച്ചതാ. എല്ലാവർക്കും ഓരോ കാസ്സറ്റും കൊടുക്കണംന്ന് പറഞ്ഞിട്ടുണ്ട്.'

'മാഷ് ഈ ജോസിനെ വിടേണ്ടാ കേട്ടോ. ആൾക്ക് സിനിമേലൊക്കെ നല്ല പിടിപാടുണ്ട്. വല്ല ചാൻസും കിട്ടിയാലായില്ലേ.'

ചാൻസുകൾ കിട്ടിയാലേ രക്ഷയുള്ളു. ഗോപാലൻ നായർ മനസ്സിൽ കരുതി. രജനിക്കു വന്ന ആലോചന നല്ലതാണ്. പയ്യൻ ഗൾഫിലാണ്. ജനുവരിയിൽ വരും. അപ്പോഴേക്കു തയ്യാറാകണം. സംഗീത ക്ലാസ്സുകൊണ്ടു നിത്യച്ചെലവുകൾ കഴിഞ്ഞുപോകും. അത്രമാത്രം. ഒരു കല്യാണം നടത്തുക എളുപ്പമല്ല.

'മാഷെ നമുക്കു തുടങ്ങാം.' ജോസ് വിളിച്ചു പറഞ്ഞു.

'ശരി.'

'ഞാൻ ഒന്ന് ഓഫീസുവരെ പോയിട്ടു വരാം.' രാമചന്ദ്രൻ പറഞ്ഞു. 'ഒന്നു മുഖംകാണിച്ചു വരേ വേണ്ടൂ.'

അയാൾ പോയി. ഗോപാലൻനായർ ജോസിന്റെ അടുത്തുചെന്നു. ഒരാൾ വോക്കലിസ്റ്റിന്റെ കണ്ണാടിമുറിയിലെ മൈക്ക് ടെസ്റ്റ് ചെയ്യുകയായിരുന്നു.

'നമുക്ക് ആദ്യം വെറുതേ ഒന്നു പാടിനോക്കാം.' ജോസ് പറഞ്ഞു. 'പെൺകുട്ടികൾക്കു പ്രാക്ടീസുമാകും.'

പാട്ടെഴുതിയ കടലാസ്സ് ഗോപാലൻനായരെ ഏല്പിച്ച് ജോസ് കാബിനു പുറത്തുകടന്നു. ജുബ്ബയുടെ കീശയിൽ നിന്നു വെള്ളെഴുത്തു കണ്ണട എടുത്ത് ഗോപാലൻനായർ കടലാസ്സു നിവർത്തി. ഒരു രണ്ടാവൃത്തിയെങ്കിലും വായിക്കണം. അയാൾ വർഷങ്ങൾക്കു മുമ്പു മദ്രാസിൽ സ്റ്റുഡിയോ ഫ്ളോറിൽ മൂർത്തിമാഷുടെ മുമ്പിൽ പാടാൻ നിന്നതോർത്തു. തലേന്നു ഹോട്ടൽമുറിയിൽ ഒരു ദിവസം മുഴുവൻ റിഹേഴ്സൽ കഴിച്ചതായിരുന്നു. എന്നിട്ടും മൈക്കിനു മുമ്പിൽ നിന്നപ്പോൾ പതറിപ്പോയി. മൂർത്തിമാഷ് അടുത്തുവന്നു സംസാരിച്ചപ്പോഴാണ് ധൈര്യം കിട്ടിയത്. ഇന്നു റിഹേഴ്സലുകളൊന്നുമില്ല. ഒന്നോ, രണ്ടോ പ്രാവശ്യം പാടി നോക്കും. അത്ര തന്നെ. അയാൾ പാട്ടു വായിക്കാൻ തുടങ്ങി.

വിശ്വസിക്കാൻ പ്രയാസമായി അയാൾ നിന്നു. കണ്ണട അഴിച്ച് അയാൾ ചുറ്റും നോക്കി. എല്ലാവരും തിരക്കിലാണ്. ആർട്ടിസ്റ്റുകൾ സംഗീതോപകരണങ്ങൾ ട്യൂൺ ചെയ്യുന്നു. സ്ത്രീശബ്ദം പാടുന്ന പെൺകുട്ടി കാബിനിലേക്കു കടന്നുവന്നു കൈകൂപ്പി.

'സാർ, നമസ്കാരം.'

അയാൾ അതു ശ്രദ്ധിക്കുന്നുണ്ടായിരുന്നില്ല. അയാളുടെയുള്ളിൽ എന്തൊക്കെയോ തകർന്നു വീഴുകയാണ്. മനസ്സു വേദനിക്കുകയാണ്.

മുമ്പിൽ തൂക്കിയിട്ട ഹെഡ്ഫോണിൽക്കൂടി പശ്ചാത്തലസംഗീതം നേരിയ ശബ്ദത്തിൽ ഒഴുകി വന്നു. ഹെഡ്ഫോണെടുത്തു തലയിൽ വയ്ക്കാൻ ജോസ് ആംഗ്യം കാണിച്ചു. അയാൾക്കു ഹെഡ്ഫോണെടുത്തു തലയിൽ വയ്ക്കാം, പല്ലവി തുടങ്ങാം. 'ചെമ്പോത്തേ, പോത്തേ, നിന്റെ....' തൊട്ടടുത്തു നില്ക്കുന്ന പെൺകുട്ടി അയാളെ പകച്ചുനോക്കുകയാണ്. ഇല്ല മോളേ, ഇതിനു ഞാനില്ല. 'ചെമ്പൂവേ, പൂവേ' എന്നു തുടങ്ങുന്ന പാട്ട് അയാൾ ഇന്നലെ രാത്രികൂടി ടി.വി.യിൽ കേട്ടിരുന്നു. ഇല്ല തന്നെക്കൊണ്ടതു നശിപ്പിക്കാൻ വയ്യ. അയാൾ കാബിനിൽനിന്നു പുറത്തു കടന്നു.

'എന്തുപറ്റി സാർ?' ജോസ് ഓടിവന്നു.

'ജോസ്, എന്നെക്കൊണ്ട് ഇതു പറ്റില്ല. ഞാൻ വിചാരിച്ചത്...'

'എന്താ പറ്റിയത് സാറേ?'

'ഞാൻ വിചാരിച്ചത് വല്ല ഭക്തിഗാനങ്ങളോ, ലളിതഗാനങ്ങളോ ആയിരിക്കുമെന്നാണ്.'

'ഇതിനെന്താ കുഴപ്പം സാറേ?'

എന്താണ് കുഴപ്പമെന്നു പറയാൻ അയാൾക്കും അറിയില്ല. ഇതു ശരിയല്ലെന്നു മാത്രം അറിയാം. സംഗീതജ്ഞൻ ചെയ്യേണ്ട കാര്യമല്ല ഇത്. ഇതൊക്കെ ചെയ്യാൻ മിമിക്രിക്കാരും പാരഡിക്കാരുമുണ്ട്.

'ഇതൊന്നും ശരിയല്ല ജോസ്.'

'സാറേ,' ജോസ് അനുനയത്തിൽ പറഞ്ഞു. 'ഇതൊക്കെ നമ്മൾ ചെയ്തില്ലെങ്കിൽ വല്ല അലവലാതികളും ചെയ്യും. ഭേദം, കുറച്ചറിവുള്ള നമ്മൾ ചെയ്യുകയല്ലേ?'

അയാൾ വെറുതേ തലയാട്ടുക മാത്രം ചെയ്തു.

'നമ്മുടെ സമയം പോകുന്നു. സാറേ, ഇതില് ആലോചിക്കാനൊന്നുമില്ല.'

'എന്നെക്കൊണ്ടു പറ്റില്ല ജോസ്.'

രാമചന്ദ്രൻ വാതിൽ തുറന്നുവന്നു.

'ആ, തുടങ്ങീലേ ഇതുവരെ?'

'ഇല്ല, ചെറിയൊരു പ്രശ്നം.' ജോസ് അയാളെ സ്റ്റുഡിയോവിന്റെ ഒരു മൂലയിലേയ്ക്കു കൊണ്ടുപോയി. അഞ്ചു മിനുറ്റ് നേരത്തെ കുശുകുശുക്കലുകൾക്ക്ശേഷം രാമചന്ദ്രൻ തിരിച്ചുവന്നു.

'നമുക്ക് പോയി ഒരു ചായ കുടിച്ചു വരാം. അപ്പോഴേയ്ക്ക് ഇവർ ഈ കുട്ടിയുടെ സോളോ എടുക്കട്ടെ.'

അവർ പുറത്തുകടന്നു. റസ്റ്റോറണ്ടിലെത്തുന്നവരെ രാമചന്ദ്രൻ ഒന്നും സംസാരിച്ചില്ല. ഒരുപക്ഷേ എന്താണ് സംസാരിക്കേണ്ടതെന്ന് ആലോചിക്കുകയായിരിക്കണം. റസ്റ്റാറണ്ടിൽ ചായക്കു മുമ്പിലിരുന്നപ്പോൾ രാമചന്ദ്രൻ വാക്കുകൾക്കു വേണ്ടി പരതുകയായിരുന്നു. വയസ്സായ മനഷ്യനാണ്, ഈവിതം മുഴുവൻ സംഗീതത്തിനു വേണ്ടി ഉഴിഞ്ഞുവെച്ച ആത്മാവാണ്. അദ്ദേഹത്തെ വേദനിപ്പിക്കാൻ വയ്യ.

'ഇതൊരു വല്ലാത്ത ഫീൽഡാണ്,' അയാൾ പറഞ്ഞു. 'സാറ് ഒന്നും വിചാരിക്കരുത്. പണ്ടൊക്കെ ആൾക്കാർക്ക് നല്ല സം ഗീതം വേണമെന്നൊ ക്കെ നിർബ്ബന്ധണ്ടായിരുന്നു. ഇന്ന് അങ്ങന്യല്ല സ്ഥിതി. ഭക്തിഗാനങ്ങള് ആയിരം പോവുമ്പോ പാരഡിയും മിമിക്രിയുമൊക്കെ പതിനായിരവും ഇരുപതിനായിരവും ഒക്കെയാണ് ചെലവാകുന്നത്. അപ്പോ ഈ കാസറ്റുകൾ ഇറക്കുന്നവരെ പറഞ്ഞിട്ടു കാര്യംല്ല്യ. നല്ല പ്രോ ഗ്രാമൊക്കെ ഇറക്കി പൊളിയുമ്പഴാണ് ആൾ

ക്കാര് ഇങ്ങിനത്തെ ഒരോ കാസറ്റ് ഇറക്കണത്.'

ഗോപാലൻ നായർ ഒന്നും പറഞ്ഞില്ല. ആരേയും ബുദ്ധിമുട്ടിക്കാതെ ഇതിൽനിന്ന് എങ്ങിനെ ഒഴിവാകും എന്നായിരുന്നു അയാൾ ആലോചിച്ചിരുന്നത്. നാലായിരവും തുടർന്ന് വന്നേക്കാവുന്ന ആയിരങ്ങളും തനിക്ക് ആവശ്യം തന്നെ. പക്ഷെ ആത്മാവിനെ പണയപ്പെടുത്തി പണമുണ്ടാക്കിയിട്ട് എന്തു കാര്യം?

'നമുക്ക് തൽക്കാലം പണത്തിന് ആവശ്യമുണ്ട്,' രാമചന്ദ്രൻ പറഞ്ഞു. 'രജനീടെ കല്യാണം നടത്തണ്ടെ? ഇതൊക്കെ പേരൊന്നുംല്ല്യാത്ത വല്ല ചെറുപ്പക്കാരെക്കൊണ്ടാണ് സാധാരണ പാടിക്കുക. ആരു പാടുന്നു എന്നൊന്നും ആൾക്കാര് നോക്കില്ല. സാറിന് പണം ആവശ്യമുള്ളതു കൊണ്ടാണ് ഞാൻ ജോസിനെക്കൊണ്ട് സമ്മതിപ്പിച്ചത്. സാറിന്ന് തരുന്നതിന്റെ പകുതിയേ ഈ പയ്യന്മാർക്ക് കൊടുക്കേണ്ടു. സാറിനോടുള്ള ബഹുമാനം കൊണ്ടാണ് ഞാൻ പറഞ്ഞപ്പോ സാറിനെത്തന്നെ വിളിക്കാംന്ന് പറഞ്ഞത്. ഒന്നും നോക്കാനില്ലന്നേ, നാടോടുമ്പോൾ നടുവിലോടണം അത്രന്നെ.'

ഗോപാലൻ നായർ ആലോചിക്കുകയായിരുന്നു. നാലായിരം രൂപയെന്നു വെച്ചാൽ വലിയ സംഖ്യ തന്നെയാണ്. അതുകൊണ്ട് രജനിക്ക് ഒരു വള വാങ്ങാം. ഇനിയും ചാൻസുകൾ കിട്ടുകയും ചെയ്യും. തനിക്ക് അതൊക്കെ ആവശ്യമാണുതാനും. ഒരുനിമിഷം അയാൾ ശരി എന്നു പറയാൻ ഓങ്ങി. പെട്ടെന്ന് അയാൾ സ്വന്തം ഗുരുവിനെ ഓർത്തു. തലമുഴുവൻ നരച്ച് മെലിഞ്ഞ ഒരു മനുഷ്യൻ. വളരെ ചെറിയ ഒരു വാടക വീട്ടിലായിരുന്നു അദ്ദേഹം താമസം. വീട്ടിന്റെ ചായ്പിൽ അദ്ദേഹം ശിഷ്യന്മാരെ സംഗീതം പഠിപ്പിച്ചു. തികഞ്ഞ ദാരിദ്ര്യമായിരുന്നുവെങ്കിലും അദ്ദേഹം ഒരിക്കലും ഫീസ് ചോദിച്ചു വാങ്ങിയിരുന്നില്ല. ആരെങ്കിലും കൊടുത്താൽ എത്രയാണെന്ന് നോക്കുകപോലും ചെയ്യാതെ അരയിൽ തിരുകും. ഒരുനേരത്തെ വിശപ്പ് ശമിപ്പിക്കാൻ അദ്ദേഹം ഒരിക്കലും ആത്മാവിനെ ഒറ്റിക്കൊടുത്തില്ല. പല ദിവസങ്ങളിലും ആ കുടുംബം പട്ടിണിയായിരുന്നെന്ന് അയാൾ അറിഞ്ഞിരുന്നു.

'സാറെന്താ ഒന്നും മിണ്ടാത്തത്?' രാമചന്ദ്രൻ ചോദിച്ചു.

ഗോപാലൻനായർ തീർച്ചയാക്കിയിരുന്നു. അയാൾ പറഞ്ഞു.

'ഇല്ല ഞാൻ പാടുന്നില്ല. ജോസിനോട് അയാളെ കഷ്ടപ്പെടുത്തിയതിൽ വിഷമമുണ്ടെന്നു പറയു.'

'സാറ് ഒരു കാര്യം ചെയ്യു.' രാമചന്ദ്രൻ പറഞ്ഞു. 'സാറ് വീട്ടിൽ പോയി ഒന്നുകൂടി ആലോചിക്കു. ഇന്നവര് ഫീമേയ്ൽ വോയ്സ് റെക്കോർഡ് ചെയ്യട്ടെ. നാളെ സാറിന്റെ ചെയ്യാം. ഞാൻ ജോസിനോട് സംസാരിക്കാം.'

വീട്ടിലെത്തി കല്ല്യാണിയോട് കാര്യങ്ങൾ പറഞ്ഞപ്പോൾ അവളുടെ മുഖം വാടി. അവൾ ഒരക്ഷരം പറഞ്ഞില്ല. അതയാളെ വേദനിപ്പിച്ചു. താൻ ചെയ്തത് ശരിയാണെന്ന് അവൾ പറയേണ്ടതായിരുന്നു. മറിച്ചാണ് തോന്നുന്നതെങ്കിൽ അതും പറയാമായിരുന്നു. ഒന്നും പറയാതിരിക്കുന്നത് തന്നെ കുറ്റപ്പെടുത്തുന്നതിന് സമമാണ്. ഒരു വിധത്തിൽ അവൾ ശരിയാണ്. അവൾ എന്താണ് പറയേണ്ടത്? ഭർത്താവിന്റെ ഇച്ഛക്കെതിരായി ഇതുവരെ ഒന്നും ആ സ്ത്രീ ചെയ്തിട്ടില്ല. നാലു മാസത്തിന്നുള്ളിൽ കണ്ടമാനം പണമുണ്ടാക്കമെന്ന് തനിക്കും അറിയാവുന്നതാണ്. അപ്പോൾ പണമുണ്ടാക്കാനുള്ള അവസരം തട്ടിനീക്കിയിട്ടുണ്ടെങ്കിൽ അതിൽ കാര്യമുണ്ടാകുമെന്ന് അവൾ ഊഹിച്ചുകാണും. പണത്തിനുള്ള ആർത്തിയോ, അതിനുവേണ്ടി സംഗീതത്തെ ബലാൽസംഗം ചെയ്യുന്നതോ മനസ്സിലാക്കാൻ മാത്രം വിവരം ആ നാടൻ സ്ത്രീക്കുണ്ടായിരുന്നില്ല.

രാത്രി കല്ല്യാണി ഉറങ്ങിയിട്ടില്ലെന്ന് ഗോപാലൻ നായർക്കു മനസ്സിലായി. അടുത്ത മുറിയിൽ രജനി കിടന്നുറങ്ങുന്നുണ്ട്. അവൾ ഒരുപക്ഷെ സ്വപ്നം കാണുകയായിരിക്കും. താൻ ഒരു നീചനാണെന്ന് ഗോപാലൻ നായർക്കു തോന്നി. അവളുടെ ഭാവി, അവളുടെ സ്വപ്നസാക്ഷാൽക്കാരം തന്റെ കൈകളിലാണ്. തന്റെ വളയാൻ പ്രയാസമായ തണ്ടു കാരണം അവളുടെ ഭാവി നശിപ്പിക്കുകയാണ് ചെയ്യുന്നത്. നാലു കാശുണ്ടാക്കി മോളെ കെട്ടിച്ചയക്കാൻ കിട്ടിയ അവസരം പാഴാക്കി. 'ചെമ്പോത്തേ പോത്തേ' എന്നു പാടിയാൽ തനിക്കെന്തായിരുന്നു നഷ്ടം? താൻ അത്രമാത്രം വലിയ ഒരാളാണോ?

പെട്ടെന്ന് എല്ലാം നഷ്ടപ്പെട്ടിട്ടില്ലെന്നയാൾ ഓർത്തു. നാളെ പോകാം, ജോസിനോട് ബദ്ധിമുട്ടിച്ചതിൽ ക്ഷമിക്കാൻ പറയാം. ഇന്നെന്തായാലും സ്ത്രീശബ്ദം മാത്രമേ റെക്കോർഡ് ചെയ്യുന്നുള്ളു എന്നാണല്ലൊ പറഞ്ഞത്. അയാൾ 'ചെമ്പൂവെ പൂവെ' എന്ന പാട്ട് മൂളി. പെട്ടെന്ന് അയാൾക്ക് ആ പാട്ടിനോട് ഒരു പ്രത്യേക മമത തോന്നി. ഇന്നും കൂടിയേ ഞാനീ പാട്ട് പാടു. നാളെ എന്റെ നാവിൽ ഉണ്ടാകുക 'ചെമ്പോത്തെ...' എന്ന പാട്ടായിരിക്കും. അയാൾ കുറേ നേരം എന്തൊക്കെയോ ആലോചിച്ചു കിടന്നു. അച്ഛനേയും അമ്മയേയും ഓർത്തു സംഗീതത്തിന്റെ ആദിപാഠങ്ങൾ ഓതിത്തന്ന ഗുരുവിനെ ഓർത്തു. അങ്ങിനെ കിടക്കുമ്പോൾ ചുടുവെള്ളം ഒലിച്ച് ചെവിയിലേക്കിറങ്ങി. താൻ കരയുകയായിരുന്നെന്ന് അയാൾ മനസ്സിലാക്കി.

രാവിലെ ഒമ്പതുമണിയുടെ വണ്ടിയിറങ്ങി ബസ്സു പിടിച്ച് സ്റ്റുഡിയോവിലെത്തിയപ്പോൾ ഒമ്പതരയായി. വരാന്തയിൽ ആരുമുണ്ടായിരുന്നില്ല. സ്റ്റുഡിയൊയുടെ വാതിൽ തുറന്നു കിടന്നു.

സ്റ്റുഡിയോവിൽ റെക്കോർഡിസ്റ്റ് മാത്രമേയുണ്ടായിരുന്നുള്ളു. അയാൾ ടേപ്പ്റെക്കോർഡറിൽ സ്പൂൾ കയറ്റുകയാണ്. ഗോപാലൻ നായർ അകത്തേക്കു ചെന്നു.

'ആ, വരു സാറിരിക്കു.'

അയാൾ ചൂരൽ മെടഞ്ഞ കസേരയിലിരുന്നു.

'ജോസ് വന്നില്ലെ?'

'ഇപ്പോ വരും.'

'എന്താ ഇന്ന് ആർട്ടിസ്റ്റുകളൊന്നും എത്തിയില്ലെ?'

അയാൾ എന്തോ പറയാൻ പോയി. അപ്പോഴേക്ക് വാതിൽ തുറന്ന് ജോസ് അകത്തു കടന്നു.

'ആ, സാറ് വന്നിട്ടുണ്ടോ?'

അയാൾ കൈ കൂപ്പി.

'ഞാൻ ഇന്നലെ ജോസിനെ ബുദ്ധിമുട്ടിച്ചു, അല്ലെ? ക്ഷമിക്കണം.'

‘ഏയ്, ഞാനാ സാറിനെ ബുദ്ധിമുട്ടിച്ചത്. സാറിന് വിഷമണ്ടാവുംന്ന് ഞാൻ ഊഹിച്ചതാ. രാമചന്ദ്രൻ പറഞ്ഞതോണ്ട് മാത്രാണ് ഞാൻ അതിന് തയ്യാറായത്.’

‘ഇന്നെന്താ ആർട്ടിസ്റ്റുകളൊന്നും എത്തിയില്ലെ?’

‘ഇന്ന് റെക്കോർഡിംഗില്ലല്ലൊ, മിക്സിംഗാണ്. അതിനാണ് ഞാൻ വന്നത്.’

‘അപ്പോ റെക്കോർഡിംഗ് മുഴുവനും ഇന്നലെ കഴിഞ്ഞുവോ?’

‘അല്ലാതെ. ഇതൊക്കെ ചുരുങ്ങിയ ചെലവില് തട്ടിക്കൂട്ടിണ്ടാക്കണ പ്രോഗ്രാമല്ലെ സാർ. ഒരു ദിവസം കൂടുതലെടുത്താൽ ചുരുങ്ങിയത് പതിനായിരത്തിന്റെ അധികച്ചെലവാണ്.’

‘അപ്പോ മെയിൽ വോയ്സ് ആരാ പാടിയത്?’

‘അത് ഇവിടെത്തന്നെ ട്രാക്കുപാടണ പയ്യനാണ്, മോഹൻ. സാറ് ഇന്നലെ കണ്ടിട്ടുണ്ടാവും.’

ഗോപാലൻ നായർ എഴുന്നേറ്റു. ഇനി തനിക്കിവിടെ ഒന്നും ചെയ്യാനില്ല.

‘സാറ് പോവ്വാണോ?’

അയാൾ വാതിലിനടുത്തേക്ക് നടന്നു. ജോസ് ഒപ്പം വന്നു.

‘സാറ് ഒന്നും വിചാരിക്കരുത്,’ അയാൾ പറഞ്ഞു. ‘ചുരുങ്ങിയ ചെലവില് പ്രൊഗ്രാം ഉണ്ടാക്കണമെന്നാണ് പ്രൊഡ്യൂസർ പറഞ്ഞിരുന്നത്. സാറിന്റെ കാര്യം രാമചന്ദ്രൻ പറഞ്ഞപ്പോ ഞാൻ പ്രൊഡ്യൂസറെക്കൊണ്ട് സമ്മതിപ്പിച്ചതാ. സാറിന് തരുന്ന പണത്തിന്റെ പകുതിയേ മോഹന് കൊടുക്കേണ്ടു. അപ്പോ പിന്നെ എനിക്ക് പിടിച്ചുനിൽക്കാൻ കഴിയില്ല.’

‘ശരി, ഇനിയെപ്പോഴെങ്കിലും കാണാം.’

അയാൾ ജോസിന്റെ മുഖത്തു നോക്കാതെ പുറത്തു കടന്നു.

പുറത്ത് തെരുവിലെ ചൂടിൽ അലിഞ്ഞു ചേരാനായി, കോണിയുടെ അവസാനത്തെ പടിയിൽനിന്ന് കാലെടുത്തു വെക്കുമ്പോൾ, അയാൾ ആലോചിച്ചിരുന്നത് തിരിച്ചുചെല്ലുമ്പോൾ കുട്ടികളോട് എന്തു പറയുമെന്നായിരുന്നു.

back to index

# അമ്മു പറഞ്ഞ കഥ

അമ്മു കഥ പറയുകയാണ്. നിലത്ത് കുഞ്ഞിക്കാലുകളുറപ്പിച്ച് കട്ടിലിലേക്ക് ചാരിനിന്ന്, വിരിച്ചിട്ട വിരിപ്പിലെ ചിത്രം നോക്കി അവൾ കഥ പറയുന്നു. അവളുടെ കഥകൾ വളരെ ഹ്രസ്വമാണ്. ഒന്നര വയസ്സിൽ സമ്പാദിച്ചുവെച്ച വാക്കുകൾ വളരെ ശ്രദ്ധാപൂർവ്വം അവൾ ഉപയോഗിച്ചു. വ്യാകരണം കടന്നുകൂടി അവളുടെ ഭാഷ ദുഷിച്ചിട്ടുണ്ടായിരുന്നില്ല. ഒരു കഥ ഏതാനും വാക്കുകളിൽ ഒതുങ്ങി. ഏതാനും വാക്കുകളിൽ ഒരു വികാര പ്രപഞ്ചം മുഴുവൻ.

'ചേച്ചി.... മുട്ടപ്പാപ്പം.... കോയി.... ഖൊ.'

ഒരു കഥയാണ്. ഒരു മുഴുവൻ കഥ. ഇതിൽ അനുവാചകന്റെ മനോധർമ്മമാണ് പ്രധാനം. നിങ്ങൾക്ക് ഭാവനയുണ്ടെങ്കിൽ അത് ഒരു മുഴുക്കഥയായി. സഹായത്തിന് കിടക്കവിരിയിലെ ചിത്രമുണ്ട്. അതിൽ കുസൃതിയായ ഒരു പെൺകുട്ടി ഒരു കൂട മുട്ട കട്ടുകൊണ്ടുപോകുകയാണ്. വിരിയാൻ വെച്ച മുട്ടകളാണ്. ചിലതെല്ലാം വിരിയാൻ തുടങ്ങുന്നു. ഒന്നു രണ്ട് താറാവുകുട്ടികൾ പറന്ന് രക്ഷപ്പെടുന്നുണ്ട്. പിന്നിൽ ചിറകിട്ടടിച്ച് പറന്നു വന്ന് പെൺകുട്ടിയുടെ ഉടുപ്പിന്മേൽ കൊത്തി വലിക്കുന്ന തള്ളത്താറാവ്.

'മോളെ ഇത് താറാവല്ലെ?' അങ്കിൾ താറാവിനെ ചൂണ്ടിക്കൊണ്ട് പറയുന്നു.

'അല്ല, കോയി.' അമ്മു സമ്മതിക്കുന്നില്ല. അവൾ താറാവിനെ കണ്ടിട്ടില്ല. അതു കോഴിയാണ്.

'കോയി.' അവൾ പറഞ്ഞു. 'കോയി.... ഖൊ.'

അയാൾ ആ കൊച്ചു സുന്ദരിയെ കണ്ണിമയ്ക്കാതെ നോക്കിയിരിക്കും. അയാൾ ചോദിക്കും.

'ചേച്ചിയെന്തു ചെയ്തു?'

'മുട്ടപ്പാപ്പം.' അവൾ മറുപടി പറഞ്ഞു.

'ചേച്ചി മുട്ടപ്പാപ്പം എടുത്ത് ഓടാണ് അല്ലെ?'

അവൾ തലയാട്ടും.

'അപ്പൊ കോഴി എന്തു ചെയ്തു?'

'കോയി ഖൊ....'

'കോഴി ചേച്ചീടെ ഉടുപ്പ്മ്മല് കൊത്തി അല്ലെ?'

അവൾ തലയാട്ടും. ഇനി നിങ്ങളുടെ മനോധർമ്മത്തിനനുസരിച്ച് ആ കഥ നീട്ടാം. താറാവിന്റെ കുട്ടികൾ എങ്ങനെ പറന്നു രക്ഷപ്പെട്ടു. താറാവിന് തന്റെ കുട്ടികളെ തിരിച്ചു കിട്ടിയോ എന്നെല്ലാം നിങ്ങളുടെ ഭാവനയ്ക്കനുസരിച്ച് ആ കഥ നന്നാക്കാം, അല്ലെങ്കിൽ നശിപ്പിക്കാം. അമ്മുവിനെ സംബന്ധിച്ചിടത്തോളം ആ കഥ പറഞ്ഞു കഴിഞ്ഞു. അവളുടെ ശ്രദ്ധ ഒരു കുഞ്ഞിക്കിളിയുടെ ശബ്ദം കേട്ടിടത്തേക്ക് തിരിഞ്ഞു. അവൾ പറഞ്ഞു.

'കിളി...'

എത്ര നേരിയ ശബ്ദവും അവൾ ശ്രദ്ധിക്കും. അതെന്താണെന്ന് അവൾ തിരിച്ചറിയുകയും ചെയ്യും. താഴെ ഗേയ്റ്റിൽ പച്ചക്കറിക്കാരൻ വണ്ടിയുമായി വന്നാൽ അവൾ മൂന്നാം നിലയിൽ നിന്ന് അറിയും. തുലാസിന്റെ ശബ്ദം കൊണ്ടാണവൾ പച്ചക്കറിക്കാരനാണെന്നു മനസിലാക്കുന്നത്. അമ്മു ഉടനെ അടുക്കളയിലേക്കോടി പച്ചക്കറി വാങ്ങാനുപയോഗിക്കുന്ന പ്ലാസ്റ്റിക് കൂട എടുത്ത് ആന്റിയുടെ സാരി പിടിച്ച് വലിക്കും.

'പച്ചക്കിരി.... വാ... പോവാ....'

അതുപോലെ കപ്പലണ്ടിക്കാരൻ ചീനച്ചട്ടിയിൽ കപ്പലണ്ടി വറക്കുമ്പോഴുണ്ടാകുന്ന ചട്ടുകത്തിന്റെ ശബ്ദം അവൾ തിരിച്ചറിയും. അവൾ പറയും.

'കപ്പണ്ടി, വാ.'

അവൾ അങ്കിളിന്റെ കൈപിടിച്ച് വലിക്കും; താഴെ പോകാൻ.

കുഞ്ഞിക്കിളികളെ കാണാൻ അങ്കിളിന്റെ സഹായം വേണം. ആദ്യമെല്ലാം അവൾ ബാൽക്കണിയിൽ വന്നിരുന്ന് കലപില കൂട്ടുന്ന കിളികളെ കൗതുകപൂർവ്വം നോക്കി നിൽക്കാറുണ്ടായിരുന്നു. അന്ന് അങ്കിൾ കുഞ്ഞിക്കിളികൾക്കായി ഇത്രയധികം കൂടുകൾ ഉണ്ടാക്കിയിരുന്നില്ല. കുളിമുറിയുടെ വെന്റിലേറ്ററിനു പുറത്ത് ഒരു കൂടുമാത്രം. ചെരിപ്പിന്റെ കാർഡ്ബോർഡ് പെട്ടിക്ക് വാതിലും ജനലും ഉണ്ടാക്കി വെന്റിലേറ്ററിനു പുറത്ത് തൂക്കിയിട്ടു. ഒരാഴ്ച നിരന്തരം അങ്കിളും മോളും കൂടി വെന്റിലേറ്ററിന്റെ ചെരിച്ചുവെച്ച ചില്ലുകളിലൂടെ നോക്കി നിന്നു. ആറാം ദിവസം ഒരു കിളി പറന്നുവന്ന് തൂക്കിയിട്ട പെട്ടിമേൽ ഇരുന്നു. സുന്ദരനായ കിളി. കഴുത്തിന് ഇരുവശവും വെള്ളനിറം. അതിനു താഴെ ചാരനിറത്തിൽ ഒരു പട്ട. വയർ വെള്ള തന്നെ. മുഷിഞ്ഞ വെള്ള. ചിറകുകൾ തവിട്ടും വെള്ളയും കലർന്നത്. അത് വീടിനുമുകളിൽ ഇരുന്നു കൊണ്ട് വാതിലിലൂടെ അകത്തേക്ക് നോക്കി. പിന്നെ ഒന്നു പറന്നുയർന്ന് വാതിൽപടിമേൽ ഇരുന്നു. പതുക്കെ അകത്തേക്കു കയറി, കുറച്ചു കഴിഞ്ഞപ്പോൾ പുറത്തു കടന്നു, ധൃതിയിൽ പറന്നുപോയി.

പിറ്റേന്ന് അവർ വന്നു. അങ്കിളും മോളും കൂടി തളത്തിലിരിക്കുകയായിരുന്നു. മോള് പുതിയ ടെഡ്ഡിയ്ക്ക് മാമു കൊടുക്കാനുള്ള ശ്രമത്തിലാണ്. ഭാവനയിലുള്ള ഒരു പാത്രത്തിൽ നിന്ന് അവൾ ചോറെടുത്ത് ടെഡ്ഡിയുടെ വായിൽ വെച്ചു.

'ആ, ആ, മാമുണ്ടോ....'

പെട്ടെന്നവൾ എന്തോ ശ്രദ്ധിച്ചുകൊണ്ട് എഴുന്നേറ്റ് എടുക്കാനാവശ്യപ്പെട്ടു.

'എന്താ മോളേ?'

'കിളി.' അവൾ പറഞ്ഞു. 'ഇക്കു. പോവാ.'

അയാൾ അവളെ എടുത്ത് കുളിമുറിയിലേക്കു നടന്നു. വെന്റിലേറ്ററിലൂടെ നോക്കിയപ്പോൾ കിളികളെ കണ്ടു.

അവർ വീട്ടുസാമാനങ്ങൾ കടത്തുകയാണ്. ആൺകിളി ഒരു ഉണങ്ങിയ പുൽക്കൊടി കൊത്തിക്കൊണ്ടുവന്ന് പെട്ടിക്കുള്ളിലിട്ട് പുറത്തേക്കു പോകും. പിന്നാലെ പെൺകിളി വരും, കൊക്കിൽ ഉണക്കപ്പുല്ലുമായി. അവൾ വന്നാൽ ഭർത്താവ് വലിച്ചിട്ട സാധനങ്ങൾ ഒതുക്കി വെച്ചേ പോകൂ.

അമ്മു കിളികളെ ശ്രദ്ധിക്കുകയാണ്. അവളുടെ കൊച്ചു കണ്ണുകളിൽ അത്ഭുതം.

അതു തുടക്കമായിരുന്നു. ആദ്യത്തെ വീടുപണിയുടെ വിജയം അങ്കിളിനു ലഹരി പകർന്നു. പിന്നെ കിട്ടുന്ന കടലാസുപെട്ടിയെല്ലാം എടുത്ത് വീടുപണി തുടങ്ങി. ഇസ്തിരിപ്പെട്ടിയുടെ കവർ, കപ്പും സോസറും വാങ്ങിയപ്പോൾ കിട്ടിയ കാർഡ്ബോർഡ് പെട്ടി, ഫ്ളാസ്ക്കിന്റെ പെട്ടി ഇവയെല്ലാം ബാൽക്കണിയിൽ കിളിക്കൂടുകളായി തൂങ്ങിത്തുടങ്ങി. വാടകവീടുകൾക്ക് സ്വതവേ ക്ഷാമമുള്ളതുകൊണ്ട് കിളികൾ അധികം കാത്തുനിൽക്കാതെ തന്നെ അവയിൽ താമസവും തുടങ്ങി.

ഈ വാടകക്കാരെല്ലാം ശരിക്ക് വാടക തരികയാണെങ്കിൽ അങ്കിൾ ഒരു പണക്കാരനായേനെ.

അയാൾ അമ്മുവിനോട് പറഞ്ഞു. അവൾക്ക് മനസിലായില്ല. അയാൾ വിശദീകരിച്ചു.

'ഇവരൊക്കെ വാടക തരാണ് എങ്കിൽ അങ്കിളിന്റെ പോക്കറ്റിൽ നിറയെ പൈസയുണ്ടാവും. ആ പൈസകൊണ്ട് എന്താണ് വാങ്ങുക?'

'മിട്ടായി.'

അങ്കിളിന്റെ പൈസ അവൾക്ക് മിട്ടായി വാങ്ങാൻ മാത്രമാണെന്ന് അവൾ ദൃഢമായി വിശ്വസിച്ചു. അങ്കിൾ പുറത്തിറങ്ങുന്നതുപോലും അവൾക്ക് മിട്ടായി വാങ്ങാനാണ്.

ബാൽക്കണിയിലെ വാടകക്കാർ പക്ഷെ അമ്മുവിന് പ്രശ്നങ്ങളുണ്ടാക്കി. അവൾ ബാൽക്കണിയിലേക്കു കടക്കുമ്പോഴായിരിക്കും കൊച്ചു വാതിലിലൂടെ പുറത്തേക്കു നോക്കിയിരിക്കുന്ന ഒരു കിളി പെട്ടെന്നു പറന്നു പോകുന്നത്. അതവളെ പേടിപ്പിച്ചു. അവൾ കുഞ്ഞിക്കാലുകളും നീട്ടി വലിച്ചോരോട്ടം കൊടുക്കും. അങ്കിളിന്റെ അടുത്തെത്തിയാൽ അവൾ കിതച്ചുകൊണ്ട് പറയും.

'കിളി, കിളി.'

'കിളി മോളെ പേടിപ്പിച്ചുവോ?'

'അങ്കിളിന്റെ കിളികൾ കാരണം മോൾക്ക് ബാൽക്കണിയിൽ പോകാൻ വയ്യാന്നായിരിക്കുന്നു.' ആന്റി കുറ്റപ്പെടുത്തി. 'എവിടെ നോക്കിയാലും കിളികള്.'

അയാൾ ആ കൊച്ചു സുന്ദരിയെ നോക്കി നിൽക്കും. തന്റെ ജീവിതം ധന്യമാക്കാൻ താഴത്തെ നിലയിൽ നിന്ന് കോണിപ്പടികൾ കയറി വരുന്ന ആ ഒന്നര വയസുകാരിയും താനുമായി എന്തു ബന്ധം? സംതൃപ്തമായിരുന്ന മുൻജന്മങ്ങളിലൊന്നിൽ അവൾ തന്റെ അരുമ മകളായിരുന്നിരിക്കണം.

അയാൾ സ്വന്തം മകനെപ്പറ്റി ഓർത്തു. ഈ പ്രായത്തിൽ അവനുമായി കളിക്കുക രസകരമായിരുന്നു. ഏഴെട്ടുവയസാവുന്ന വരെ അവൻ നല്ല കൂട്ടായിരുന്നു. അവന്റെ ഒപ്പം വൈകുന്നേരം  നടക്കാനിറങ്ങാറുള്ളതെല്ലാം അയാൾ ഓർത്തു. പിന്നെ, വളരെ പതുക്കെ അവൻ അയാളിൽ നിന്നകന്നുപോയി. അവന്റെ ലോകം അച്ഛന്റേതിൽനിന്നും വ്യത്യസ്തമായി. വിജ്ഞാനത്തിനും ഉന്മേഷത്തിനും അവൻ വേറെ സ്രോതസുകൾ കണ്ടു പിടിച്ചു. ഒരു പന്ത്രണ്ടു വയസായപ്പോഴേക്ക് തനിക്കവനെ തീരെ നഷ്ടപ്പെട്ടു എന്നയാൾക്ക് മനസിലായി. പിന്നീടുള്ള ജീവിതം തികച്ചും യാന്ത്രികമായിരുന്നു. ഒരു കൂരയ്ക്കുള്ളിൽ മൂന്ന് അപരിചിതർ. ഭക്ഷണം കഴിക്കുന്നതുപോലും ഒന്നിച്ചല്ല. രാജീവന് വിശന്നാൽ അവൻ പ്ലേയ്റ്റുമെടുത്ത് ചോറും കറികളും വിളമ്പി അവന്റെ മുറിയിലേക്ക് പോകും. കട്ടിലിന്മേൽ വെച്ച് ഏതെങ്കിലും പുസ്തകം വായിച്ചുകൊണ്ട് നിശബ്ദനായി ഭക്ഷണം കഴിക്കും. ഒരേ സമയത്താണ് ഊണു കഴിക്കുന്നതെങ്കിലും അവൻ ഇതു തന്നെയാണ് ചെയ്യുക. അവൻ നിന്നുകൊണ്ട് പ്ലേയ്റ്റിൽ ചോറും കറികളും എടുക്കും. ശൈലജ ചോദിക്കും.

'നിനക്ക് ഞങ്ങളുടെ ഒപ്പമിരുന്ന് ഊണു കഴിച്ചുകൂടെ?'

'ഉം ഉം.'

'എന്താണ് ഉം ഉം എന്നതിന്റെ അർത്ഥം?' അയാൾ അല്പം നീരസത്തോടെ ചോദിക്കും.

'അവിടെ ഇരുന്നാൽ എനിക്ക് ഊണു കഴിക്കുന്നതോടൊപ്പം വായിക്കുകയും ചെയ്യാം.' അവൻ പറയും, ഒപ്പം തന്നെ നടക്കുകയും ചെയ്യും.

അവൻ പോയിക്കഴിഞ്ഞാൽ ഭാര്യയും ഭർത്താവും അപ്പുറത്തും ഇപ്പുറത്തും ഇരുന്ന് നിശബ്ദമായി ഭക്ഷണം കഴിക്കും. എന്തൊക്കെയോ വാരിവലിച്ചു തിന്നുന്നു എന്നല്ലാതെ ഒന്നിന്റെയും രുചി അറിയുന്നുണ്ടാവില്ല. എങ്ങിനെയെങ്കിലും ഭക്ഷണം കഴിച്ച് അവിടെ നിന്ന് രക്ഷപ്പെടണമെന്ന മട്ടിൽ വാരി വിഴുങ്ങുക മാത്രം.

മിക്കവാറും വൈകുന്നേരങ്ങളിലും ഒഴിവു ദിവസങ്ങളിലും അവന്റെ സ്നേഹിതമാർ ഉണ്ടാവും; ഒന്നുകിൽ പഠിത്തത്തെപ്പറ്റി സംസാരിക്കാൻ, അല്ലെങ്കിൽ ചതുരംഗം കളിക്കാൻ. അവർ രാജീവിന്റെ മുറിയിലിരുന്ന് സംസാരിക്കുമ്പോൾ അയാൾ രാവിലെ വായിച്ച വർത്തമാനപ്പത്രം വീണ്ടുമെടുത്ത് വായിക്കും. ഒരിക്കൽ വായിച്ച വാർത്തകൾ വീണ്ടും, പിന്നെ പരസ്യങ്ങൾ. ഒന്നും തലയിൽ കയറുന്നുണ്ടാവില്ല. എങ്കിലും യാന്ത്രികമായി വായിച്ചുകൊണ്ടിരുന്നു, വാശിയോടെ, രോഷത്തോടെ. ജോലിയെടുത്തിരുന്ന കമ്പനി പൊളിഞ്ഞു. നാലപ്പത്തഞ്ചാം വയസിൽ, നഷ്ടപരിഹാരമായി കിട്ടിയ പണം ബാങ്കിലിട്ട് സ്വസ്ഥമായി ഇരിക്കാൻ തീർച്ചയാക്കി. പിന്നീട് വീട്ടിലിരുന്ന് മടുത്തപ്പോൾ ഒരു പാർട്ട് ടൈം ജോലി സ്വീകരിച്ചു. രാവിലെ പത്തു മുതൽ ഒരു മണിവരെ. അതുകഴിഞ്ഞാൽ വീണ്ടും വിരസത.

ഉച്ചയുറക്കം കഴിഞ്ഞ് മൂന്നരയ്ക്ക് എഴുന്നേറ്റാൽ ശൈലജ കൊണ്ടുവരുന്ന ചായ ഒറ്റയ്ക്കിരുന്ന് കുടിക്കും. വീണ്ടും വിരസത തന്നെ.

അങ്ങിനെയുള്ള ഒരു അപരാഹ്നത്തിൽ ശൈലജ പറഞ്ഞു.

'ഞാനിപ്പോ വരാം.'

എങ്ങോട്ടാണ് പോകുന്നത്?
'താഴേക്ക്. നിങ്ങൾക്കു പറ്റിയ ഒരു മരുന്നുണ്ട് അവിടെ.'
അവൾ പോയ്ക്കഴിഞ്ഞു. താഴെയുള്ള ഫ്ളാറ്റിൽ പുതുതായി താമസിക്കാൻ വന്ന ഒരു കുടുംബമാണ്. ഒരു മാസമേ ആയിട്ടുള്ളു. ശൈലജ പോയി പരിചയപ്പെട്ടുവെങ്കിലും മോഹനൻ പോയില്ല. സൗഹൃദ സന്ദർശനങ്ങൾ അയാൾ നിർത്തിയിരുന്നു.
പത്തുമിനിറ്റ് കഴിഞ്ഞ് വാതിൽ കടന്നു വന്ന ശൈലജയുടെ കയ്യിൽ ഏകദേശം രണ്ടുമാസം പ്രായമുള്ള ഒരു കുഞ്ഞ്. അയാൾ ചോദ്യത്തോടെ ശൈലജയെ നോക്കി.
'താഴത്തെ വീട്ടുകാരുടേതാണ്.'
'ആവു സമാധാനമായി.' അയാൾ പറഞ്ഞു. 'ഉടമസ്ഥരുണ്ടല്ലോ.'
അതൊരു സുന്ദരിയായിരുന്നു. നിറയെ തലമുടി. കണ്ണെഴുതിയിട്ടുണ്ട്. കാതുകുത്തി രണ്ടു കൊച്ചു കമ്മലുകളിട്ടിട്ടുണ്ട്. നേരിയ കൈവിരലുകളും കാൽവിരലുകളും. അയാൾ എടുക്കാൻ കൈ കാണിച്ചു. അവൾ അയാളെ കണ്ണിമയ്ക്കാതെ നോക്കി. കാലദേശാന്തരങ്ങളിലെവിടേയോ നഷ്ടപ്പെട്ടുപോയ ഒരു ജന്മത്തിലെ പരിചയം അവളുടെ മനസിൽ എത്തിയിരിക്കണം. അവൾ ചിരിച്ചു. ഒരു നിമിഷനേരത്തേക്കു മാത്രം. ആ ചിരി അവളും അയാളും തമ്മിലുള്ള ഒരു കരാറായി.
അമ്മുവിന്റെ ഓമനമുഖത്ത് നോക്കി നിന്നപ്പോൾ അയാൾ ആ രംഗം വീണ്ടും ഓർത്തു. അതിൽപിന്നെ ആ കൊച്ചു സുന്ദരിയെ കാത്തുനിൽക്കുകയെന്ന കർമ്മത്തിൽ അയാൾ സ്വന്തം വിരസത, ഏകാന്തത മറന്നു. ആദ്യമെല്ലാം അവളെ പതിനഞ്ചു മിനിറ്റിനുള്ളിൽ തിരിച്ചുകൊണ്ടാക്കുമായിരുന്നു. അത് അരമണിക്കൂറായി, ഒരു മണിക്കൂറായി. ഇപ്പോൾ അവളുടെ ജീവിതം പകൽ സമയങ്ങളിൽ അങ്കിളിന്റേയും ആന്റിയുടെയും അടുത്തും രാത്രി താഴെ അമ്മയുടെയും അച്ഛന്റെയും അടുത്തും. അവളുടെ ആറുവയസ്സുള്ള കൊച്ചു ചേച്ചിക്ക് ഇതിൽ ആക്ഷേപമുണ്ടായിരുന്നു. അവൾ സ്കൂൾ വിട്ടുവന്നാൽ കൊച്ചനുജത്തിയെ കാണില്ല. പിന്നീട് അവളും അതൊരു യാഥാർത്ഥ്യമായി അംഗീകരിച്ചു. അവൾക്കു കാണണമെന്നു തോന്നിയാൽ മുകളിലേക്കു വന്ന് അനുജത്തിയുമായി കളിക്കും.
കളിച്ചുകൊണ്ടിരിക്കെ ഇടയ്ക്ക് മോൾ ഓടിവരും. അങ്കിളിന്റെ കൈപിടിച്ച് വലിച്ചുകൊണ്ട് ചേച്ചി ഇരിക്കുന്നിടത്തേക്ക് കൊണ്ടുപോകും. എന്നിട്ട് പറയും.
'ബ്ബാ, കൊക്ക്.'
'എന്തിനാ മോളെ ചേച്ചിയെ അടിക്കുന്നത്?'
'ചേച്ചി ബ്ബാ അച്ചു.'
'അയ്യോ കള്ളി....' ചേച്ചി കയർക്കും. 'ഞാൻ ഒന്നും ചെയ്തിട്ടില്ല.'
'സാരമില്ല.' അങ്കിൾ പറയും. അയാൾ കുഞ്ഞിച്ചേച്ചിയുടെ പുറത്ത് സ്വന്തം കൈ വച്ച് അതിന്മേൽ ശബ്ദമുണ്ടാക്കി അടിക്കും. അമ്മുവിന് സമാധാനമാകും. കളി തുടരുകയും ചെയ്യും. ആദ്യത്തെ പ്രാവശ്യം അങ്ങിനെ അടിച്ചപ്പോൾ കുഞ്ഞിച്ചേച്ചിക്കും സങ്കടമായി. പിന്നീട് അത് അനുജത്തിയെ സമാധാനിപ്പിക്കാനുള്ള അടവാണെന്നു മനസ്സിലായപ്പോൾ അവളും ആ ഗൂഢാലോചനയിൽ പങ്കു കൊണ്ടു.
ചേച്ചിയെ അടിക്കാൻ സാധാരണ മട്ടിൽ അവൾ സമ്മതിക്കില്ല. തന്നെ അടിക്കുന്നതിനു ശിക്ഷയായിട്ടു മാത്രമെ ചേച്ചിയെ അടിക്കാവൂ. അല്ലാത്തപക്ഷം അവൾക്ക് സങ്കടം വരും, പൊട്ടിപ്പൊട്ടിക്കരയുകയും ചെയ്യും. ചിപ്പോൾ താഴെ നിലയിൽ നിന്ന് അമ്മുവിന്റെ കരച്ചിൽ കേട്ട് ശൈലജ പോയി നോക്കുമ്പോഴാണ് മനസിലാവുക, ചേച്ചിക്ക് അമ്മയുടെ കയ്യിൽ നിന്ന് അടി കിട്ടിയതു കാരണമാണ് അവൾ കരയുന്നതെന്ന്.
'എനിക്കും സങ്കടം വരുന്നുണ്ട്.' ശൈലജ പറയും. 'എന്തുറക്കെയാണെന്നോ അവൾ സിന്ധുവിനെ തല്ലുക.'
'എന്തിനാണവർ തല്ലുന്നത്?'
'പഠിപ്പിക്കലാണ്.' ശൈലജ രോഷത്തോടെ പറയും. 'പാവം അതിന്റെ യോഗം. സ്കൂൾ വിട്ടു വന്നാൽ ട്യൂഷൻ. അതുകഴിഞ്ഞാൽ അമ്മയുടെ വക പഠിപ്പിക്കൽ, ശിക്ഷയും.'
'നിനക്കൊന്ന് പറഞ്ഞു നോക്കായിരുന്നില്ലെ?'
'ഞാൻ പറഞ്ഞിട്ട് കാര്യമൊന്നുമില്ല. നിങ്ങൾക്കറിയാഞ്ഞിട്ടാ അതിന്റെ കുറുമ്പ് എന്നാണ് പറയുക.'
'പാവം കുട്ടി.'
കരച്ചിൽ സമാധാനിപ്പിക്കാൻ മുകളിലേക്ക് കൊണ്ടുവരുന്ന അമ്മുവിനോട് അയാൾ ചോദിക്കും.
'എന്തിനാ മോള് കരയണത്?'
'അമ്മ ചേച്ചി ബ്ബാ അച്ചു.'
അവൾ തേങ്ങലിന്നിടയിൽ പറഞ്ഞു.
'സാരമില്ല.' മോഹനൻ പറയും. 'നമുക്ക് അമ്മയെ ബ്ബാ അടിക്കണം.'
അവൾക്ക് സമാധാനമായി. അയാൾ ചോദിക്കും.
'നമുക്ക് കളിക്യാ.'
അവളുടെ കരച്ചിൽ പെട്ടെന്ന് മാഞ്ഞു പോകുന്നു. എന്തുകളി എന്നുവരെ അവൾ തീർച്ചയാക്കിയിരിക്കുന്നു. അപ്പോഴാണ് താൻ വിഡ്ഢിത്തം പറഞ്ഞുവെന്ന് അയാൾക്ക് മനസിലായത്. രാജീവ് ചേട്ടൻ സ്നേഹിതനുമൊത്ത് ചതുരംഗം കളിക്കുന്നത് അവൾ കണ്ടു കഴിഞ്ഞു. അവൾ രാജീവിന്റെ മുറിയിലേക്ക് പോയി.
'അമ്മൂന് കളിക്കണം.'
നീ പോ. അവൻ അവളെ തട്ടിമാറ്റി. ഇത് കുട്ടികൾക്ക് കളിക്കേണ്ട കളിയൊന്നുല്ല.
അമ്മു കരഞ്ഞുകൊണ്ട് ഓടി വന്നു.
'എന്തു പറ്റി മോളേ?'

'പോ പഞ്ഞു.'

'വേണ്ടാ ട്ടോ ചേട്ടാ.' അയാൾ പറഞ്ഞു. 'മോളെ നമുക്ക് കളിക്കാം.'

അയാൾ ഒരു പഴയ ചെസ്ബോർഡെടുത്ത് കട്ടിലിന്നരികിൽ താഴെ ഇരുന്നു. മുകളിൽ ചേട്ടന്മാർ വെട്ടിയിട്ട കരുക്കൾ എടുത്ത് നിരത്തി.

തകർപ്പൻ കളി തുടങ്ങി. അത്ഭുതകരമായ കളി. അതിന്റെ നിയമങ്ങൾ വശത്താക്കാൻ അയാൾക്ക് കുറച്ചു സമയം വേണ്ടി വന്നു. പിന്നെ എളുപ്പമായിരുന്നു. കാലാൾപട മുന്നേറി. കുതിരകൾ കടിഞ്ഞാണില്ലാതെ കുതിച്ചു. ബിഷപ്പുമാർ തോന്നിയ ദിശകളിൽ ഓടിരക്ഷപ്പെട്ടു. തേര് കളരിക്കകത്തും പുറത്തും നിയന്ത്രണമില്ലാതെ സഞ്ചരിച്ചു. വെട്ടിയിട്ട കബന്ധങ്ങൾ പുനർജ്ജീവിക്കുകയും കളരിക്കുള്ളിൽ അവയുടെ മാന്യസ്ഥാനങ്ങൾ കണ്ടുപിടിക്കയും ചെയ്തു.

പെട്ടെന്ന് കളിയിൽ ഒരു പ്രതിസന്ധി നേരിട്ടു. കരുക്കളെല്ലാം അമ്മുവിന്റെ കയ്യിലായി. അതു വിട്ടുതരാൻ അവൾ തയ്യാറായില്ല. യുദ്ധഭൂമി ശൂന്യം. ഭയാനകമായ നിശ്ശബ്ദത. അയാൾ മുകളിൽ ചേട്ടന്മാർ വെട്ടിയിടുന്ന കരുക്കൾക്കായി തപ്പി. ഒന്നുമില്ല. മറ്റുള്ളവർ വെട്ടിയിടുന്ന കരുക്കൾ കൊണ്ട് കളിക്കുന്നത് തീരെ ആശാവഹമായിരുന്നില്ല.

ഒരു ബഹളം കേട്ട് നോക്കിയപ്പോൾ ആകെ കുഴപ്പമായിരിക്കുന്നു. കൈയിൽ കിട്ടിയ കരുക്കൾ പോരാഞ്ഞിട്ട് അമ്മു കട്ടിലിന്മേൽ പൊത്തിപ്പിടിച്ചു കയറി ചേട്ടന്മാർ കളിക്കുന്ന കരുക്കളെല്ലാം വാരിയെടുത്തു.

രണ്ടു മിനിറ്റ് നേരത്തെ യുദ്ധത്തിനുശേഷം ചേട്ടന്മാർ തോറ്റ് വീട്ടിൽ നിന്ന് ഇറങ്ങിപ്പോക്ക് നടത്തി. ഒരു കൂസലുമില്ലാതെ അമ്മു എല്ലാ കരുക്കളും എടുത്ത് അയാളുടെ മുമ്പിൽ കൊണ്ടുവന്നു വെച്ചു.

'കളിക്ക്യാ.'

വീണ്ടും വിചിത്രമായ കളി. കരുക്കൾ എടുത്തു പെരുമാറുന്ന ഒരു കുഞ്ഞിക്കൈ നോക്കിയിരിക്കെ അയാൾ സ്വയം മറന്നു.

വൈകുന്നേരങ്ങളിൽ രാജീവ് ചേട്ടൻ സ്നേഹിതന്മാരോടൊപ്പം പുറത്തുപോയാൽ അവൾ പറയും.

'ആന്റി ഉടുപ്പ് ഊര്?'

'എന്തിനാ മോളെ?'

'ആച്ചു കുച്ചണം.'

അതാണ് സംഗതി. രാജീവ് ചേട്ടന്റെ കുളിമുറിയിൽ അവൾക്ക് കുളിക്കണം. ചേട്ടൻ ഉള്ളപ്പോൾ സമ്മതിക്കില്ലേ എന്ന് അവൾക്ക് സംശയം. അതാണ് ചേട്ടൻ പുറത്തിറങ്ങാൻ കാത്തുനിന്നത്. അങ്കിൾ ചുടു വെള്ളമുണ്ടാക്കിക്കൊടുക്കും. ഇനി അരമണിക്കൂർ നേരത്തേക്ക് ബഹളമാണ്. കുളുമുറിയുടെ തുറന്നിട്ട വാതിലിനു മുമ്പിൽ അങ്കിൾ കാത്തു നിൽക്കും. മുഖത്തൊഴികെ എവിടെ സോപ്പ് തേപ്പിച്ചാലും കുഴപ്പമില്ല. ആന്റി ഓരോ സൂത്രം പറഞ്ഞ് മുഖത്ത് സോപ്പ് തേപ്പിക്കുന്നു. പെട്ടെന്നു തന്നെ വെള്ളമെടുത്ത് കഴുകിക്കളയുകയും ചെയ്യുന്നു. തുടങ്ങാൻ ഉദ്ദേശിച്ച കരച്ചിൽ വേണ്ടെന്നു വെക്കുന്നു. ആദ്യത്തെ രണ്ടുപാത്രം വെള്ളം മാത്രമെ ആന്റിക്ക് ഒഴിക്കാൻ പറ്റു. അപ്പോഴേയ്ക്ക് അമ്മു പാത്രം തട്ടിപ്പറിച്ച് സ്വന്തം ഒഴിക്കാൻ തുടങ്ങും. ഒപ്പം തുള്ളിച്ചാടുകയും ചെയ്യും. ഇടയ്ക്ക് പ്രതീക്ഷിക്കാതിരിക്കുന്ന ശൈലജയുടെ മേലും ഒരു പാത്രം വെള്ളമൊഴിക്കും. ശൈലജ തുള്ളിച്ചാടുമ്പോൾ അവൾ കുടുകുടാ ചിരിക്കും. ബക്കറ്റിലെ അവസാനത്തെ തുള്ളി വെള്ളം ആന്റി പാത്രത്തിലേക്കൊഴിച്ചു കൊടുത്തതു കൂടി മേലൊഴിച്ചു കഴിഞ്ഞാൽ അവൾ അങ്കിളിന്റെ അടുത്തേയ്ക്ക് ഓടി വരുന്നു, തോർത്തിക്കാൻ.

അങ്ങിനെയിരിക്കെ അമ്മു ചീത്ത മൂഡിലായത് മോഹനൻ ശ്രദ്ധിച്ചു. മുഖത്ത് സന്തോഷമുള്ള സന്ദർഭങ്ങൾ വിരളമായി. രാജീവ് ചേട്ടനില്ലാത്ത അവസരങ്ങളിൽ ചേട്ടന്റെ കുളിമുറിയിൽ ചേട്ടന്റെ സോപ്പുപയോഗിച്ചുള്ള കുളി പോലും അവളെ സന്തോഷിപ്പിച്ചതായി കണ്ടില്ല. പലപ്പോഴും അവൾ എന്തോ ആലോചിച്ചുകൊണ്ട് നിൽക്കും, കാരണമില്ലാതെ കരയുകയും ചെയ്യും. അയാൾ ശൈലജയോട് ചോദിച്ചു.

'ഇവൾക്ക് എന്തു പറ്റി?'

താഴെ നിന്ന് കരച്ചിൽ കേൾക്കുന്നത് ഒരു നിത്യസംഭവമായിരിക്കുന്നു. ആദ്യം ചേച്ചിയുടെ കരച്ചിൽ, അതു കഴിഞ്ഞാൽ അമ്മുവിന്റെ. ഒപ്പം അവരുടെ അമ്മയുടെ ശകാരവും.

'എന്താണിതിന്റെയൊക്കെ അർത്ഥം?'

'പരീക്ഷ അടുത്ത കാര്യം അറിയില്ല അല്ലെ?' ശൈലജ പറഞ്ഞു. 'പഠിപ്പിക്കുന്ന ബഹളമാണീ കേൾക്കുന്നത്.'

'അതിന് അമ്മു എന്തിനാണ് കരയുന്നത്?'

'ചേച്ചിയെ അടിക്കുന്നത് അവൾക്കിഷ്ടമല്ല. ചേച്ചീനെ മ്പാ അച്ചു എന്ന് പറഞ്ഞ് അവളും കരയും. ചേച്ചിയെ അടിയിൽ നിന്ന് രക്ഷിക്കാൻ അവൾ മറഞ്ഞു നിൽക്കും. പാവം അവൾക്കും കിട്ടും അടി.'

'കഷ്ടം തന്നെ!'

അയാൾ ഇരുന്നു പുകയും. തനിക്കിതിൽ ഒന്നും ചെയ്യാനില്ലെന്നത് അയാളെ രോഷം കൊള്ളിക്കും.

താഴെ കരച്ചിലും ഓട്ടവും ശകാരങ്ങളും നടക്കുമ്പോൾ അയാൾ ഒരു മുറിയിൽ നിന്ന് വേറൊരു മുറിയിലേക്ക് രോഷം പൂണ്ട് പല്ലിറുമ്മിക്കൊണ്ട് നടക്കും.

അമ്മുവിന്റെ കഥകൾ ദുഃഖപര്യവസായിയാകുന്നത് അയാൾ കണ്ടു. കിടക്കമേലിട്ട വിരിയിലെ ചിത്രത്തിൽ ചാഞ്ഞുകിടന്ന് അപ്പോഴേക്കും അവൾ കഥ പറഞ്ഞു.

'ചേച്ചി മുട്ടപ്പാപ്പം ......... കോയി ഖോ.........' അപ്പോഴേക്കും അവളുടെ മുഖഭാവം മാറും. കണ്ണിൽ വെള്ളം നിറയും. കഥയുടെ ഗതി മാറും.

'ചേച്ചീനെ അമ്മ മ്പാ അച്ചു. ചേച്ചിക്ക് ഉവ്വായി.....'

പിന്നെ പൊട്ടിക്കരച്ചിൽ. കഥയുടെ പുതിയ അനുബന്ധം, പുതിയ പരിണാമം വളരെ ഹൃദയസ്പർക്കായിരുന്നു. അയാൾ അവളെ ആശ്വസിപ്പിക്കാൻ ശ്രമിക്കും. പരാജയമടയുകയും ചെയ്യും. കുഞ്ഞിക്കിളികൾ അവളെ പേടിപ്പിച്ചില്ല, സന്തോഷിപ്പിച്ചതുമില്ല. ചതുരംഗക്കരുക്കൾ അവൾ താത്പര്യമില്ലാതെ മാറ്റിവച്ചു.

ഒരു ദിവസം ചുവട്ടിൽനിന്ന് വല്ലാത്ത ബഹളം കേട്ടപ്പോൾ അയാൾ ശൈലജയോടു പറഞ്ഞു.

'ഒന്നു പോയി നോക്കു. മോളെ എടുത്തു കൊണ്ടുവരൂ.'

ശൈലജ പോയി, താഴെ ബെല്ലടിക്കുന്ന ശബ്ദം കേട്ടു. വാതിൽ തുറന്നപ്പോൾ കുട്ടികളുടെ കരച്ചിൽ ഉറക്കെ കേട്ടു. പിന്നെ ശൈലജയുടെ കാലൊച്ചയോടൊപ്പം അമ്മുവിന്റെ തേങ്ങലും.

അങ്കിളിനെ കണ്ടപ്പോൾ അവൾക്ക് സങ്കടം കൂടി. അവൾ എടുക്കാനായി അയാളുടെ നേരെ ചായ്ഞ്ഞു.

'അവളുടെ കൈയ്യിലെ പാടുകണ്ടോ?' ശൈലജ ചോദിച്ചു.

അയാൾ നോക്കി. മേൽക്കയ്യിന്മേൽ തണർത്ത പാടുകൾ. നാലു വിരലിന്റെ പാടുകൾ, ചുവന്നിരിക്കുന്നു.

ആ പാടിൽ മെല്ലെ തലോടിക്കൊണ്ട് അയാൾ ചോദിച്ചു.

'മോളെ അമ്മ തല്ലിയോ?'

പക്ഷെ അവളുടെ പ്രതികരണം അയാളെ അത്ഭുതപ്പെടുത്തി. അവൾക്കു വേദനിക്കുന്നുണ്ടായിരിക്കണം, തലോടിക്കൊണ്ടിരുന്ന കൈ പതുക്കെ മാറ്റി അവൾ വീണ്ടും കരയാൻ തുടങ്ങി.

'അമ്മ അച്ചു, ചേച്ചീനെ മ്പാ അടിച്ചു.'

അവളെ അടിച്ചതിന് പരാതിയില്ല. പാവം ചേച്ചിയെ അടിച്ചതിനാണ് അവളുടെ സങ്കടം. അയാൾ ആ കൊച്ചു സുന്ദരിയെ മാറോടു ചേർത്തു, പീഡനങ്ങളിൽനിന്ന് രക്ഷിക്കാനെന്നപോലെ. അവളുടെ കണ്ണുകളിൽ അപ്പോഴും ഭീതിയും നിസ്സഹായതയുമുണ്ടായിരുന്നു.

ആ കണ്ണുകളിൽ നോക്കിയിരിക്കെ നിസ്സഹായതയിൽ വലയുന്ന സ്വന്തം ആത്മാവിന്റെ തേങ്ങലുകൾ അയാൾ അറിഞ്ഞു.

back to index

# ഏറ്റവും മഹത്തായ കാഴ്ച

**ബ**സ്സ്റ്റാൻഡിന്റെ എതിർവശത്തുള്ള നടപ്പാതയിൽ സർക്കസ് കാണിക്കുന്ന ആ കുട്ടികളെ ഒരാഴ്ചയായി എന്നും കാണാറുണ്ട്. ഓഫീസിലേക്കു പോകാനായി ബസ് കയറുമ്പോഴും തിരിച്ചു ബസ്സിറങ്ങുമ്പോഴും അവർ അവിടെ ഉണ്ടാകും. ചേട്ടനും അനുജത്തിയും. അവന്റെ മുഖം ചെളി പിടിച്ച് ഇരുണ്ടിരുന്നു. അനുജത്തിയുടെ മുഖവും വൃത്തികേടായിരുന്നു. അവൾ ഇടയ്ക്കിടയ്ക്കു മൂക്കു പുറംകൈകൊണ്ടു തുടയ്ക്കും. അവളുടെ കൊച്ചുകൈകൾ കൗതുകമുള്ളവയാണ്. അഞ്ചോ ആറോ വയസുപ്രായം. ഒരു കുറിയ പാവാട മാത്രമാണു വേഷം. അതാകട്ടെ കീറി മുഷിഞ്ഞിരുന്നു. ചേട്ടന്റെ വേഷം കുറച്ചുകൂടി ഭേദമാണ്. കീറിയ ഷർട്ടും ട്രൗസറും.

നേരം ആറുമണിയായി. അവർ അപ്പോഴും സർക്കസ് കാണിക്കുകയാണ്. ഒരുപക്ഷേ പകൽ മുഴുവൻ മൊട്ടവെയിലത്ത് അവർ അഭ്യാസങ്ങൾ കാണിക്കുകയായിരിക്കണം. ഒരു കാലിഡോസ്കോപ്പുപോലെ മാറിവരുന്ന ജനക്കൂട്ടത്തിൽ അൽപം ദയയുള്ള ആരെങ്കിലും വരുമെന്ന പ്രതീക്ഷയോടെ ഒരെട്ടുവയസുകാരനു കാണിക്കാൻ പറ്റുന്ന അഭ്യാസങ്ങൾ കാണിക്കുകയാണവൻ. തലകുത്തിമറിയുക, ചെറിയൊരു വളയത്തിലൂടെ ദേഹം കടത്തുക തുടങ്ങിയവ. രാവിലെ ബസ്സിൽ കയറിയിരുന്നുകൊണ്ട് അയാൾ അതു ശ്രദ്ധിക്കാറുണ്ട്. വളരെ കുറച്ചു കാണികൾ മാത്രമേയുള്ളൂവെന്നത് അവനെ നിരുത്സാഹപ്പെടുത്തിയില്ല. ആരും കാര്യമായി ഒന്നും കൊടുക്കുന്നതും കണ്ടില്ല. എന്താണു സംഭവിക്കുന്നത് എന്നറിയാൻ അശ്ലീലമായ ജിജ്ഞാസയോടെ കുറച്ചുനേരം നോക്കിനിൽക്കും. ഒരു വലിയ സർക്കസിലെ അഭ്യാസങ്ങൾ കാണുമെന്ന പ്രതീക്ഷ നിരാശതയിലേക്കു നയിക്കുമ്പോൾ ഉത്സാഹം നഷ്ടപ്പെട്ട കണ്ണുകളോടെ, മെലിഞ്ഞുണങ്ങിയ അഞ്ചു വയസുകാരി നീട്ടിയ താലം കണ്ടില്ലെന്ന ഭാവത്തോടെ അവർ നടന്നുനീങ്ങുന്നു. അവൻ അപ്പോഴും അഭ്യാസങ്ങൾ കാണിച്ചുകൊണ്ടിരിക്കും.

എനിക്കു വീട്ടിലെത്താൻ ധൃതിയായിരുന്നു. വല്ലാത്ത ഒരു ദിവസം. അല്ലെങ്കിൽ എല്ലാദിവസവും വല്ലാത്ത ദിവസങ്ങളാണ്. മുമ്പിൽത്തന്നെ പിടിച്ചുനിൽക്കാനുള്ള മത്സരത്തിൽ ദിവസങ്ങൾ നഷ്ടപ്പെടുന്നു. മാസങ്ങളും വർഷങ്ങളും. ക്രമേണ അറിയാതെ സ്വയം നഷ്ടപ്പെടുന്നു.

അവൻ ഇപ്പോൾ അഭ്യാസം നിർത്തി ഒരു ഭാഗത്ത് ഇരുന്നു കാൽവിരലുകൾ പരിശോധിക്കുകയാണ്. ഒരു മുറിവ്. ചോര വരുന്നുണ്ട്. എന്തോ അഭ്യാസം കാട്ടിയപ്പോൾ പറ്റിയതാവണം.

'എന്തു പറ്റി?' അയാൾ ചോദിച്ചു.

അവൻ തലകുനിച്ചു. അവൻ അയാളെ അവഗണിക്കുകയായിരുന്നു. അവന് അരുടെയും അനുകമ്പ ആവശ്യമില്ല. അയാൾ നടന്നുനീങ്ങി. അപ്പോഴാണ് അനുജത്തി താലവുമായി വന്നത്.

'സാർ ഒരു പത്തു പൈസ.'

അയാൾ കീശയിൽ തപ്പി. ഇരുപത്തഞ്ചു പൈസയുടെ ഒരു നാണ്യമെടുത്തു ചുളുക്കുവീണ ആ അലുമിനിയത്തട്ടിൽ ഇട്ടുകൊടുത്തു. അവളുടെ കണ്ണുകൾ തിളങ്ങി.

ഇരുപത്തഞ്ചു പൈസ! വീട്ടിലേക്കു നടക്കുമ്പോൾ അയാൾ ആലോചിച്ചു. അവൾ പത്തുപൈസയാണ് ആവശ്യപ്പെട്ടത്. താൻ രണ്ടര ഇരട്ടി കൊടുത്തു. എന്തൊരു മഹാമനസ്കത.

ലിഫ്റ്റ് താഴെത്തന്നെയുണ്ടായിരുന്നു. അയാൾക്ക് അതിൽ കയറാം. എട്ടാമത്തെ നമ്പറുള്ള ബട്ടൺ അമർത്തിയാൽ അയാളുടെ ഫ്ളാറ്റുള്ള നിലയിലെത്തും. ഷൂസും പാന്റ്സും അഴിച്ചുവച്ച് ടി. വി.യിൽ മുപ്പതു ചാനലുകളുള്ളതിൽ ഏതെങ്കിലും ഒന്നു തെരഞ്ഞെടുത്തു സോഫയിൽ ചാരിയിരുന്നു ചായ കുടിക്കാം. ശാരദ ദോശയോ പഴംപൊരിച്ചതോ എന്തെങ്കിലും ഉണ്ടാക്കിവച്ചിട്ടുണ്ടാകും.

അയാൾ പക്ഷേ ലിഫ്റ്റിൽ കയറിയില്ല. തിരിച്ച് ഗെയ്റ്റിനു പുറത്തേക്കു നടന്നു. പഴ്സെടുത്തു നോക്കി. ഉണ്ട്, ധാരാളം പണമുണ്ട്. അവർക്ക് ഒരു രൂപ കൊടുക്കാം. അല്ലെങ്കിൽ വേണ്ട, രണ്ടായാലോ?

'തനിക്കെത്ര ചെറിയ ഹൃദയമാണുള്ളത്?'

അയാൾ സ്വയം ചോദിക്കുന്നു.

'രണ്ടു രൂപയ്ക്ക് എന്താണു കിട്ടുക? ഒരു നേരത്തെ ആഹാരം കിട്ടുമോ?'

അയാൾ ഒരു പത്തു രൂപ നോട്ടെടുത്തു മാറ്റിവച്ചു.

നടപ്പാതയിൽ അവർ ഉണ്ടായിരുന്നില്ല. ഇന്നത്തെ പരിപാടികൾ കഴിഞ്ഞുകാണും. ഒരു പക്ഷേ കാലിൽ മുറിപറ്റിയതുകൊണ്ട് അഭ്യാസം തുടരാൻ വയ്യാതെ നിർത്തിയതായിരിക്കണം. മുറിവു കെട്ടിയശേഷം വീണ്ടും കളിക്കാൻ ശ്രമിച്ചുകാണും. വേദന സഹിക്കാനാവാതെ......

അയാൾ തിരിച്ചുനടന്നു.

മകൾ ഐസ്ക്രീം കഴിക്കുന്നത് ഒരു സ്ഥിരം കാഴ്ചയായിരുന്നു. അയാൾ ഓഫിസിലേയ്ക്കു പോകുമ്പോൾ, തിരിച്ചുവരുമ്പോൾ എല്ലാം അവൾ ഐസ്ക്രീം കപ്പുമായി ഇരിക്കുന്നുണ്ടാവും. പുറത്തിറങ്ങിയാൽ അവൾക്ക് ഐസ്ക്രീം വേണം.

'തടിയുള്ള കുട്ടികൾ അധികം ഐസ്ക്രീം കഴിക്കരുത്.'

അയാൾ പറയും. അവൾ കൂസലില്ലാതെ ഐസ്ക്രീം തീറ്റ തുടരും, ആനന്ദനിർവൃതിയോടെ.

അയാൾ മെലിഞ്ഞുണങ്ങിയ ഒരു പെൺകുട്ടിയെ ഓർത്തു. കറുത്തു മെലിഞ്ഞ, മൂക്കിനുചുറ്റും ചെളിപിടിച്ച്, എണ്ണമയമില്ലാത്ത ചെമ്പിച്ച തലമുടിയുള്ള ഒരു പെൺകുട്ടി. കണ്ണുകളിൽ പ്രകാശം അപ്പോഴും നഷ്ടപ്പെട്ടിട്ടില്ലാത്ത ഒരു പെൺകുട്ടി.

'സെക്രട്ടറി ഫോണിൽ വിളിച്ചിരുന്നു.' കാണണമെന്ന് ഏൽപ്പിച്ചിട്ടുണ്ട്.' ശാരദ പറഞ്ഞു.

'ഉം?'
'വൈകുന്നേരത്തെ ടെറസ് പാർട്ടിയുടെ കാര്യമാണ്.'
'ഓ' അയാൾ മറന്നുപോയിരുന്നു.
സൗണ്ട് സിസ്റ്റം ഏർപ്പാടാക്കാൻ സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു. ഓർക്കസ്ട്ര നേരത്തെ ഏൽപ്പിച്ചിട്ടുണ്ട്. ഈ കെട്ടിടത്തിൽത്തന്നെ ഗായകരുണ്ട്. അയാൾ ഫോണെടുത്തു ബട്ടണുകൾ അമർത്തി.
ഏഴുമണിക്ക്, കൃത്യം ഏഴുമണിക്ക്.' അയാൾ ഉറപ്പിച്ചു. സൗണ്ട് സിസ്റ്റമില്ലാത്തതുകൊണ്ട് പാർട്ടി നാശമാകേണ്ട.
'പാർട്ടി ഗംഭീരമായിരുന്നു.'
രാത്രി ഒരു മണിക്ക് എല്ലാം കഴിഞ്ഞു ഫ്ളാറ്റിൽ തിരിച്ചെത്തിയപ്പോൾ ശാരദ പറഞ്ഞു. രാഗിണിക്കും അതേ അഭിപ്രായമാണെന്നു തോന്നുന്നു. എത്ര കപ്പ് ഐസ്ക്രീം വെട്ടിവിഴുങ്ങി ആവോ?
'ചിക്കൻ ബിരിയാണിയും മീൻ വറുത്തതും അസ്സലായിരുന്നു.' ശാരദ പറഞ്ഞു. 'വെജിറ്റബിൾ ഫ്രൈഡ്റൈസ് എങ്ങനെയുണ്ടായിരുന്നു? എനിക്ക് ആ ഗോബി മഞ്ചൂര കുറച്ചു കഴിക്കണമെന്നുണ്ടായിരുന്നു. വയറ്റില് സ്ഥലം വേണ്ടേ? പിസ്റ്റ ഐസ്ക്രീം എന്റെ ഒരു വീക്ക്നെസ് ആണ്. അതുകൊണ്ടു മഞ്ചൂര മാറ്റിവച്ചു.'
'ഭക്ഷണം നന്നായിരുന്നു' അയാൾ സമ്മതിച്ചു. ബുഫെ ഡിന്നറായതുകൊണ്ട് ആർക്കും വിഷമമില്ലാതെ ഇഷ്ടം പോലെ സാധനങ്ങൾ എടുക്കാം. വെള്ളത്തുണി വിരിച്ചു നീളത്തിലിട്ട മേശമേൽ ചെറുതായി കത്തുന്ന ഗ്യാസടുപ്പിനു മുകളിൽ വട്ടത്തിലും നീളത്തിലുമുള്ള സ്റ്റീൽ പാത്രങ്ങളിൽ ചൂടുള്ള വിഭവങ്ങൾ നിരന്നിരുന്നു. ഒരരികിലായി നിരത്തിവച്ച ബാറും.
'ഓർക്കസ്ട്രയും നന്നായിരുന്നു'
'ആറായിരം രൂപയ്ക്കു നല്ല ഓർക്കസ്ട്ര തന്നില്ലെങ്കിൽ ആൾക്കാർ തല്ലില്ലേ?
'ആറായിരമോ,'
'അതേ.'
'ആറായിരത്തിന്റെ ഗുണമൊന്നും കണ്ടില്ല.'
'പാട്ടുകൾ ഇഴഞ്ഞതിന് ഓർക്കസ്ട്രയെ പഴി ചാരിയിട്ടു കാര്യമില്ല.'
'പിന്നെ എനിക്കു രോഹിണിയുടെ ഡാൻസ് ഒട്ടും ഇഷ്ടമായില്ല. പ്രഭുദേവയും നഗ്മയും കൂടിയുള്ള ആ ഡാൻസ് ടിവിയിൽ വരുമ്പോഴൊക്കെ ഞാൻ ഓഫാക്കിയിടലാണ് പതിവ്, നമ്മുടെ മോള് കാണണ്ടാച്ചിട്ട്. പത്തുപതിനാറു വയസുപ്രായമുള്ള പെൺകുട്ടികൾ സ്റ്റേജിൽ കയറി കളിക്കാൻ പറ്റിയ ഡാൻസൊന്നുമല്ല അത്. അവിടെയും ഇവിടെയും ഒക്കെ ഇളക്കിക്കൊണ്ടുള്ള ഡാൻസ്.
അയാൾ ചിരിച്ചു. ഒരുപക്ഷേ രാവിലെ എഴുന്നേറ്റതിനുശേഷം ആദ്യമായാണ് അയാൾ ചിരിക്കുന്നത്.
'എന്താണു ചിരിക്കുന്നുത്?'
'നിനക്കറിയാമോ. രോഹിണിയുടെ അമ്മ ഒരാഴ്ചയായി മകളെക്കൊണ്ട് പരിശീലിപ്പിച്ചതാണ് ഈ ഡാൻസ്. അതിനുവേണ്ടി സിനിമയുടെ കാസറ്റ് വാങ്ങി. ഇന്ന് അവളുടെ ഡാൻസ് മുഴുവൻ വീഡിയോവിൽ എടുത്തതു കണ്ടില്ലേ? സൂക്ഷിച്ചുവയ്ക്കാൻ, ബന്ധുക്കൾക്കും സ്നേഹിതർക്കും കാണിക്കാൻ.'
'ഈ അരക്കെട്ട് ഇളക്കിക്കൊണ്ടുള്ള ഡാൻസോ?'
'അതു തന്നെ. ഈ നൃത്തം അവരെ സൊസൈറ്റിയിലെ മേൽത്തട്ടിലെത്തിക്കുന്നു. പുതുപണക്കാരുടെ പ്രാരാബ്ധങ്ങൾ വല്ലതും നീ അറിയുന്നുണ്ടോ? നീയും ഔട്ടാവേണ്ടെങ്കിൽ മോൾ വലുതാവുമ്പോഴേക്ക് സിൽക്കിന്റെയോ നഗ്മയുടെയോ ഡാൻസ് പഠിപ്പിച്ചോ.'
'ഛീ'
ഉറങ്ങുന്നതിനുമുമ്പ് അയാൾ ശാരദയോടു പറഞ്ഞു.
'ഇനി അൽപം അടുക്കള രഹസ്യം കേൾക്കണോ?'
'ഉം?'
'നൂറ്റമ്പതു ചിക്കൻ ബിരിയാണിയാണ് ഏൽപ്പിച്ചത്. ആകെ ഉണ്ടായിരുന്നവർ തൊണ്ണൂറിൽ താഴെ. അതിൽത്തന്നെ സസ്യഭുക്കുകളുമുണ്ട്. പുറത്തുനിന്നു കുറെ പേരെ പ്രതീക്ഷിച്ചിരുന്നു. മുഴുവൻ പേരും വന്നില്ല. ബാക്കി വന്നത് അറുപത്, എഴുപത് പ്ലേയ്റ്റ് ബിരിയാണി.'
'എന്നിട്ട്?'
'അതപ്പടി പ്ലാസ്റ്റിക് സഞ്ചിയിലിട്ടു കുപ്പയിൽ കൊണ്ടുപോയി തട്ടിയിട്ടുണ്ട്. പെർഫെക്ട് മർഡർ.'
'കുപ്പയിലോ?'
'അല്ലാതെന്തു ചെയ്യാനാണ്. നാലു മണിക്ക് ഉണ്ടാക്കിയ സാധനമാണ്. രാത്രി ഒരു മണികഴിഞ്ഞാൽ പിന്നെ അതെന്തിനു കൊള്ളും.?'
'കഷ്ടായി'
'ഒരു പ്ലെയിറ്റ് ബിരിയാണിക്ക് ഇരുപത്തഞ്ചുരൂപ വീതം എത്ര പണമാണു തുലച്ചത്. മീൻ വറുത്തതും വെജിറ്റബിൾ ഫ്രൈഡ്റൈസും ഒക്കെ ബാക്കിയായി.'
അയാൾ കുറച്ചുനിർത്തി, പിന്നീടു തന്നോടു തന്നെയായി പറഞ്ഞു.
'...അതും ദാരിദ്ര്യവും പട്ടിണിയുമുള്ള ഒരു നാട്ടിൽ...'
ശാരദ ഉറക്കമായിരുന്നു. അയാൾക്കു കുറെനേരം ഉറങ്ങാൻ പറ്റിയില്ല. കാലിലെ ചോരയൊഴുകുന്ന മുറിവിൽ കൈയമർത്തി വേദന കടിച്ചുപിടിച്ചു കുമ്പിട്ടിരിക്കുന്ന ഒരെട്ടു വയസുകാരന്റെ കൂസലില്ലാത്ത മുഖം അയാളെ നാണം കെടുത്തി തുടങ്ങിയിരുന്നു.
രാവിലെ സൊസൈറ്റി ഓഫിസിൽ പോയി കണക്കുകൾ നോക്കി. ഇരുപത്തയ്യായിരം രൂപ ചെലവ്. ഒരു രാത്രി

യുടെ മദത്തിനായി ഇരുപത്തഞ്ചു കുടുംബങ്ങൾ ചെലവാക്കിയ തുക. അയാൾ തലേന്നു വൈകുന്നേരം സർക്കസുകാരി പെൺകുട്ടിക്കുകൊടുത്ത ഇരുപത്തഞ്ചുപൈസയുടെ കാര്യം ഓർത്തു.

ബസ് സ്റ്റാൻഡിൽ സർക്കസുകാരെ കണ്ടില്ല. അവർ പുതിയ സ്ഥലങ്ങൾ തേടി പോയിട്ടുണ്ടാകും. ഒരാഴ്ച അവർ ഒരു സ്ഥലത്തു തമ്പടിക്കും. ഒരേ അഭ്യാസങ്ങൾ കണ്ടുമടുത്താൽ കാണികൾ തിരിഞ്ഞുനോക്കാതാവും. ഏതു വലിയ സർക്കസിന്റെയും സ്ഥിതി അതാണ്. പിന്നെ ഈ രണ്ടംഗ സർക്കസിന്റെ കാര്യം പറയാനുണ്ടോ?

വൈകുന്നേരത്തെ നടത്തത്തിനിടയിൽ അയാൾ അവരെ വീണ്ടും കണ്ടു. മഹാത്മാഗാന്ധി റോഡിന്റെ അനേകം ഇടനിരത്തുകളിലൊന്നിൽ അടച്ചിട്ട ഒരു കടയ്ക്കു മുമ്പിൽ അവർ ഇരിക്കുന്നു. അതേ വേഷം, മുഷിഞ്ഞ മുഖം, തൊട്ടടുത്തു മുഷിഞ്ഞ മാറാപ്പ്. അവൻ മുമ്പിൽ നിലത്തുവച്ച പൊതി അഴിക്കുകയാണ്. പൊതി തുറക്കുന്നതും നോക്കി അക്ഷമയായി മുമ്പിൽ അനുജത്തി ഇരിക്കുന്നു. തുറന്ന പൊതിയിൽ നാലഞ്ച് ഇഡ്ഡലികളാണ്.

അയാൾ അടുത്തു ചെന്നപ്പോൾ അവൻ തലയുയർത്തിനോക്കി. എല്ലാം കഴിഞ്ഞ് ഒന്ന് ഭക്ഷണം കഴിക്കാനിരുന്നപ്പോൾ കടന്നുവന്നതു കണ്ടില്ലേ എന്ന ഭാവം. അയാൾ ചോദിച്ചു.

'നിങ്ങൾക്ക് അമ്മയും അച്ഛനും ഇല്ലേ?'

അങ്ങനെ ചോദിക്കാനാണ് അയാൾക്കു തോന്നിയത്.

'അമ്മയില്ല, ചത്തു.'

'അച്ഛനോ?'

'ണ്ട്.'

'എവിടെ?'

'ജേലിലാ.'

'എന്തിനാ ജയിലില് പോയത്?'

'കട്ടിട്ട്.'

യാതൊരു വികാരവുമില്ലാതെ അവൻ പറഞ്ഞു. അനുജത്തി ഇഡ്ഡലി തിന്നാൻ തുടങ്ങിയിരുന്നു. അവനും ഇഡ്ഡലിമേൽ കൈവച്ച്, തന്റെ വിശ്രമവേളയിൽ പരുഷമായി വന്ന് ഇടപെടുന്ന അപരിചിതൻ പോയിക്കിട്ടാൻ കാത്തിരിക്കയാണ്.

'ഞാനൊരു പത്തു രൂപ തന്നാൽ നീ അതുകൊണ്ട് എന്തുചെയ്യും?'

അവന്റെ മുഖം വികസിച്ചു. നാണത്തോടെ അവൻ ചിരിച്ചു. അവന്റെ മുഖത്തു അതുവരെയുണ്ടായിരുന്ന മുതിർന്ന ഭാവം മാറി, കുട്ടിത്തം തിരിച്ചുവന്നു. അവൻ വീണ്ടും ഒരെട്ടു വയസുകാരനായി.

'നീ എന്തു ചെയ്യും?'

'ഞങ്ങളു സിനിമ കാണും.'

മറുപടിക്കുവേണ്ടി അവന് ആലോചിക്കേണ്ടി വന്നില്ല.

അയാൾ പത്തു രൂപയുടെ ഒരു നോട്ടെടുത്ത് അവന്റെ കയ്യിൽ വച്ചുകൊടുത്തു. അവൻ അതു നിവർത്തിനോക്കി. വിശ്വസിക്കാൻ പ്രയാസമായപോലെ അനുജത്തിയെ നോക്കി, അവളുടെ മുഖവും വിടർന്നിരുന്നു. അവൾ ഭക്ഷണം നിർത്തിവച്ച് അവന്റെ കയ്യിൽനിന്നു നോട്ടു വാങ്ങി നോക്കി.

അയാൾ ചോദിച്ചു.

'എന്താണു നിങ്ങളുടെ പേര്?'

'രാജു' അവൻ പറഞ്ഞു. 'ഇവള്ടെ പേര് ഷീല.'

'ശരി രാജു ഞാൻ പോട്ടെ.'

അയാൾ പോകാനായി തിരിഞ്ഞു.

'സാർ' അവൻ എഴുന്നേറ്റു.

അയാൾ തിരിഞ്ഞുനിന്നു. രാജു അനുജത്തിയോട് എന്തോ പറഞ്ഞു. ധൃതിയിൽ തന്റെ മാറാപ്പ് അഴിച്ച്, അതിൽനിന്നു രണ്ട് ഇരുമ്പുവളയങ്ങൾ എടുത്തു. പിന്നെ ലോകത്ത് ഏതൊരു സർക്കസ് അഭ്യാസിയും ചെയ്യുന്നപോലെ നാലടി പിന്നോക്കം വച്ച് കൈകൊട്ടി നാലഞ്ചു കരണംമറിഞ്ഞു. തിരിച്ചും മറിച്ചും. വളയത്തിലൂടെ അവന്റെ കൊച്ചു ദേഹം പ്രയാസപ്പെട്ടു കടത്തി. പിന്നെ അവനും അനുജത്തിയും കൂടി ആ വളയത്തിലൂടെ ദേഹം ഒന്നിച്ചുകടത്തി. അനുജത്തിയെ തോളിൽ നിർത്തിക്കൊണ്ടു മുമ്പോട്ടു പിമ്പോട്ടും നടന്നു. നെറ്റിയിൽ ഒരു വടി കുത്തിനിർത്തി അതിന്റെ അറ്റത്ത് ഒരു ചായക്കോപ്പ തുലനം ചെയ്തുകൊണ്ട് അവൻ നടന്നു.

ഭക്ഷണംപോലും മാറ്റിവച്ച്, അവൻ അയാൾക്കുവേണ്ടി മാത്രം അഭ്യാസങ്ങൾ കാണിക്കുകയായിരുന്നു.

വിടർന്ന കണ്ണുകളോടെ അത്ഭുതം കൂറുന്ന മുഖത്തോടെ അയാൾ അതു നോക്കിനിന്നു. അയാൾ ഇതുവരെ കണ്ടതിൽവച്ച് ഏറ്റവും മഹത്തായ സർക്കസ്സായിരുന്നു അത്.

back to index

# ആശ്രമം ഉറങ്ങുകയാണ്

**കു**ന്നുകൾ എന്റെ കൂട്ടുകാരായിരിക്കുന്നു. ഞാൻ എല്ലായ്പ്പോഴും എത്തിപ്പെടുന്നത് കുന്നിൻ പ്രദേശങ്ങളിലാണ്. ചെമ്മണ്ണു നിറഞ്ഞ വെട്ടുകൽപ്പാതകൾ എന്റെ സിരകളിൽ ആവേശത്തള്ളിച്ചയുണ്ടാക്കുന്നു. ഞാൻ എന്തിനെന്നറിയാതെ നീങ്ങുന്നു. കുന്നിൻ ചെരിവുകൾ വെട്ടിയുണ്ടാക്കിയ ആ പാതകളുടെ ഒരു വശത്ത് മുഴച്ചു നിൽക്കുന്ന കരിമ്പാറകൾ, അവയുടെ വിള്ളലുകളിൽ വർഷക്കാലം സ്വപ്നംകണ്ട് തപസ്സിരിക്കുന്ന പന്നൽച്ചെടികൾ, തിരിവുകളിൽ നമ്മെ അത്ഭുതപ്പെടുത്തുന്ന അപൂർവ പുഷ്പങ്ങൾ, എല്ലാം എനിക്ക് ഉത്സാഹം പകരുന്നു.

ചരൽപ്പാത അവസാനിച്ചത് മുകളിലേയ്ക്ക് കയറുന്ന ഒതുക്കുകളുടെ മുമ്പിലാണ്. ഒതുക്കുകൾ കയറിയാൽ ഒരു നടപ്പാത, ഗെയ്റ്റ്, ചരൽ വിരിച്ച വിശാലമായ മുറ്റം. കുന്നിന്റെ ഉയരം ആ വീടുനിൽക്കുന്ന പറമ്പിലേയ്ക്കും, ആ മണ്ണ് ചവിട്ടിനിൽക്കുന്ന എന്നിലേയ്ക്കും പടർന്നു. എന്തിനാണ് വന്നതെന്ന കാര്യംതന്നെ മറന്നു ഞാൻ അവിടെ നിന്നു.

'ഇങ്ങോട്ടു കയറി ഇരിക്കാം.'

ആരാണതു പറഞ്ഞത്? ഞാൻ വീടിന്നു നേരെ നടന്നു. കാവിയിട്ട മിനുത്ത നിലമുള്ള വിശാലമായ പൂമുഖത്തിന്നു മുമ്പിൽ വീതിയുള്ള തിണ്ണ. ആ തിണ്ണമേൽ സിമന്റിന്റെ തണുപ്പറിഞ്ഞ് കിടക്കാൻ എന്തു സുഖമായിരിക്കും. രണ്ടു തിണ്ണകൾക്കിടയിലുള്ള ചതുരൻ തൂണിന്മേൽ ഉടമസ്ഥന്റെ പേര് എഴുതിവെച്ചിരിക്കുന്നു.

'ചാക്കുണ്ണി ഗീവർഗീസ് ചാക്കുണ്ണി.'

പേരെഴുതിയ പ്രാചീനമായ മരപ്പലക അല്പം ചെരിഞ്ഞിരുന്നു. ഞാനതിൽ നോക്കിയിരിക്കേ ആരോ പറഞ്ഞു.

'അത് അപ്പന്റെ പേരാണ്.'

പൂമുഖത്ത് ഒരു പഴയ ചാരുകസേലയിൽ കിടക്കുന്ന പടുവൃദ്ധനെ ഞാനപ്പോഴാണ് കാണുന്നത്. എഴുപത്തഞ്ച്, അല്ലെങ്കിൽ എൺപത് വയസ്സായിട്ടുണ്ടാകും. ഒരോന്നുപോലെ അയാൾ ചുറ്റുമുള്ള വീട്ടു സാമാനങ്ങളുമായി താദാത്മ്യം പ്രാപിച്ചിരുന്നു. ഞാൻ വീണ്ടും പേരെഴുതി വെച്ചത് നോക്കി. 'ചാക്കുണ്ണി ഗീവർഗീസ് ചാക്കുണ്ണി' പെട്ടെന്ന് ആ പേർ അന്വേഷിച്ചാണ് ഞാൻ വന്നതെന്നോർത്തു. ആ പേരിന്റെ ഉടമയ്ക്ക് കൊടുക്കുവാൻ തന്നയച്ച കത്ത് എന്റെ കീശയിലുണ്ട്.

'അപ്പന്ന് കൊടുക്കാൻ ഒരു കത്തുണ്ട് എന്റെ കയ്യിൽ.'

'അപ്പന്നോ?' ആ വൃദ്ധൻ ചോദിച്ചു.

'അതേ.'

'താനാ കസേരയിലിരിക്ക്.'

ഉമ്മറത്തു ചിതറിക്കിടന്ന പരസഹസ്രം പുരാതന വസ്തുക്കളിലൊന്ന് ചൂണ്ടിക്കാട്ടി അയാൾ പറഞ്ഞു. ചെളിയും എണ്ണയും അടരായി ഉണങ്ങിപ്പിടിച്ച കൈകളുള്ള ആടുന്ന കസേരയിൽ ഞാനിരുന്നു.

'ആ കത്ത്, അതെനിക്കായിരിക്കും.' അയാൾ പറഞ്ഞു. 'അപ്പന്ന് ഇനി ആരും കത്തയക്കില്ല.'

കത്തിന്റെ മേൽ എഴുതിയ പേര് ഞാൻ ഓർമ്മിച്ചു. അതേ, ചാക്കുണ്ണി ഗീവർഗീസ് ചാക്കുണ്ണി. ഞാൻ പേരെഴുതിയ പലകയിലേക്കു നോക്കി. പലക കാണാം, പേരെഴുതിയത് ഇവിടെ ഇരുന്നു കൊണ്ട് കാണാൻ പറ്റില്ല. ഞാൻ നോക്കുന്നതു കണ്ടുകാണും, അയാൾ പറഞ്ഞു.

'എന്റെ പേരും ചാക്കുണ്ണി ഗീവർഗീസ് ചാക്കുണ്ണി എന്നു തന്നേയാ. ആരുടെ കത്താ?'

'കൊച്ചീന്നാ, ശങ്കരമേനോന്റെ.'

പേട്ടെന്നയാൾ കത്തു കൈയ്യിൽ കിട്ടുവാൻ ഒരു ധൃതിയുമില്ലാത്തപോലെ ചാരുകസേരയിൽ ചാഞ്ഞു കിടന്നു. സമയം കുറേയായിക്കാണും. എന്തിനാണ് ഇത്ര കഷ്ടപ്പെട്ട് ഈ കുന്നിനു മുകളിൽ കയറിവന്നതെന്ന് ഞാൻ ആലോചിക്കുകയായിരുന്നു. ആരാണ് ശങ്കരമേനോൻ? ഞാനും അയാളുമായുള്ള ബന്ധം? എന്റെ കീശയിൽ കത്തൊന്നുമില്ലെന്ന് ഞാൻ പെട്ടെന്നു മനസ്സിലാക്കി. ഞാൻ ചുമരിൽ തൂക്കിയിട്ട ഫോട്ടോകളിൽ കണ്ണുംനട്ട് നിൽക്കയാണ്. രണ്ടോ മൂന്നോ തലമുറകളുടെ ഛായാചിത്രങ്ങൾ. ഓരോ മുഖവും പരിചയമുള്ള പോലെ. ഇവരെയൊക്കെ ഞാൻ എവിടെയാണ് കണ്ടിട്ടുള്ളത്.

'അതാ അതെന്റെ കെട്ട്യോളാ, കഴിഞ്ഞ വർഷം മരിച്ചു. ആറു മാസം കെടന്നു. അപ്പുറത്തുള്ളത് മൂത്തമകനാ, രണ്ടു കൊല്ലം മുമ്പേ മരിച്ചു. ഹാർട്ടറ്റാക്കായിരുന്നു. അതിനപ്പുറത്ത്....'

ഞാൻ തലേന്ന് രാത്രിവരെ സ്വാമിജിയുടെ ആശ്രമത്തിലായിരുന്നു. അതും ഒരു കുന്നിൻപുറത്തുതന്നെ. ഒരു പഴയ വീട്. ഒരുകാലത്ത് ഏതെങ്കിലും നായർ തറവാടായിരിക്കണം. മുറ്റത്ത് പൊളിഞ്ഞുതുടങ്ങിയ തുളസിത്തറയിൽ ആരോഗ്യമുള്ള തുളസിച്ചെടി പടർന്നുനിന്നു. മരിച്ചുപോയവരെപ്പറ്റിയായിരുന്നു സ്വാമിജി പറഞ്ഞിരുന്നത്. മുറിയിൽ സാമ്പ്രാണിയുടേയും കുന്തുരുക്കത്തിൻേറയും മണം ചൂഴ്ന്നു നിന്നു.

'ഞാൻ മരിച്ചിട്ടുണ്ടോ അല്ലാ ജീവിച്ചിരിക്കയാണോ എന്നാണറിയേണ്ടത്.'

എന്റെ ചോദ്യം സ്വാമിയെ അമ്പരപ്പിച്ചില്ല. സ്വാമി ചോദിച്ചു.

'എന്താണങ്ങിനെ തോന്നാൻ?'

എന്താണ് മറുപടി പറയേണ്ടതെന്നറിയാതെ ഞാൻ നിന്നു. എന്റെ തോന്നലുകളായിരിക്കാം. പക്ഷെ ഏതാനും മാസങ്ങളായി ഞാൻ യാത്രയിലായിരുന്നു. എന്തിനെന്നറിയാതെ, എവിടേക്കെന്നറിയാതെ. ജീവിതത്തിലൊരിക്കലും കണ്ടിട്ടില്ലാത്തവരെത്തേടി, ജീവിതത്തിലൊരിക്കലും കാൽകുത്തിയിട്ടില്ലാത്ത ഇടങ്ങളിൽ ഞാൻ അലയുന്നു.

'മരണത്തെപ്പറ്റി ആലോചിക്കുന്നത് നല്ലതുതന്നെ. എന്താണ് മരണമെന്ന് ചിന്തിച്ചിട്ടുണ്ടോ? മരണം ഒരവസാനമ

ല്ല. അനുസ്യൂതം ചാക്രികമായി ഒഴുകുന്ന നദിയുടെ അപ്രതീക്ഷിതമെങ്കിലും അനിവാര്യമായ ഒരു ബിന്ദുമാത്രമാണ് മരണം. മരിക്കുന്ന വ്യക്തി മരണം അറിയുന്നില്ല. അയാൾ ഒരു വാതിൽ കടക്കുക മാത്രമാണ് ചെയ്യുന്നത്. സ്ഥലകാലനിബദ്ധമല്ലാത്ത ഒരു ലോകത്തേയ്ക്കുള്ള വാതിൽ.'

ഒരു നിമിഷം കണ്ണടച്ചിരുന്നുകൊണ്ട് സ്വാമിജി തുടർന്നു.

'വിശാലമായ വാതിൽ കൊത്തു പണികളാൽ അലങ്കൃതമാണ്. വാതിൽ കടന്നാൽ എത്തുന്നത് വിശാലമായൊരു മണ്ഡപത്തിലേയ്ക്കാണ്. കൊത്തുപണികളുള്ള എട്ടുകാൽ മണ്ഡപം. എട്ടു കാലുകൾ ശരഭത്തിന്റെ കാലുകളാണ്. അതിന്റെ ഭീമമായ ചിറകുകൾ സമയമെന്ന മിഥ്യയെ നിരന്തരം തുടച്ചു നീക്കുന്നു......'

സ്വാമിജി എവിടെയാണ്? എന്റെ മുമ്പിൽ ഇരിക്കുന്ന വൃദ്ധൻ സംസാരിക്കുകയാണ്. മരണത്തെപ്പറ്റിത്തന്നെ.

'അത് മകളാണ്, രണ്ടാമത്തേത്. കഴിഞ്ഞ ആണ്ടിൽ മരിച്ചു. കാൻസറായിരുന്നു. അമേരിക്കയിലായിരുന്നു, എന്നിട്ടെന്തുണ്ടായി. അപ്പുറത്തുള്ളത് അവളുടെ മക്കളാണ്. അവര്...'

'ചായ കുടിക്കാം' കൈലിയും ബ്ലൌസും ധരിച്ച ഒരു സ്ത്രീ വാതിൽക്കൽ. ജോലിക്കാരിയായിരിക്കണം.

'ഉം, ചായ കുടിക്ക്.' വൃദ്ധൻ പറഞ്ഞു.

ഞാൻ എഴുന്നേറ്റു. അടുത്ത മുറിയിലായിരുന്നു ചായ വെച്ചിരുന്നത്. പ്ലേയ്റ്റിലെ ദോശ ചട്ടിണിയിൽ മുക്കി തിന്നുമ്പോൾ ഞാൻ ആ സ്ത്രീയെ ശ്രദ്ധിച്ചു. അവർ ഒരു ചിരിയുമായി അടുക്കളയിലേയ്ക്കുള്ള വാതിൽക്കൽ നിൽക്കുകയാണ്. പ്രസരിപ്പുള്ള മുഖം. ആരോഗ്യമുള്ള ദേഹം. ആ ചുറ്റുപാടിൽ അവൾ ഒരധികപ്പറ്റായിരുന്നു.

'കാർണോര് ഇവിടെ ഒറ്റയ്ക്കാണോ താമസം?'

ഒരു തുടക്കത്തിന്നുവേണ്ടി കാത്തിരുന്നപോലെ അവൾ സംസാരിക്കാൻ തുടങ്ങി.

'എല്ലാരുംണ്ടായിരുന്നു. ഓരോരുത്തരായി പോയി. ആദ്യം പോയത് മൂത്തമോൻ തന്നെ. പിന്നെ ഓരോരുത്തരായി പോയി. ഇപ്പോ ആരുംല്ല്യ. തലമുറടെതന്നെ വേരറ്റു. നൂറു കണക്കിന് ഏക്കർ സ്ഥലംണ്ട്. കോടികള് ബാങ്കില്ണ്ട്. ന്ന്ട്ടെന്താ. ഒരു തരി ബാക്കീല്ലാതെ എല്ലാം മോളില്ള്ള ആള് കൊണ്ടുപോയില്ലെ?'

ഈ സ്ത്രീയുടെ സംസാരം നല്ല പരിചയമുള്ളപോലെ. അവരുടെ മുഖവും. എവിടെയാണവരെ കണ്ടിട്ടുണ്ടാകുക?

'ഈ വീട് കണ്ടാൽ തോന്ന്വോ ഇവിടെള്ള ആള്ടെ മതിപ്പ്?'

ശരിയാണ്. മരം കൊണ്ടുണ്ടാക്കിയ തട്ട് ഒന്നുരണ്ടു സ്ഥലത്ത് പൊളിഞ്ഞു വീഴാറായി നിൽക്കുന്നു. ഒരു കാലത്ത് നന്നായി തേച്ച് വെള്ള വലിച്ച ചുമരുകൾ അടർന്നു തുടങ്ങി.

'അരുടേയോ ശാപാണ്ന്ന് പറേണു. ആർക്കറിയാം. ഏതായാലും കുറ്റിയറ്റു എന്നു പറഞ്ഞാൽ പോരെ.'

അവർ മേശക്കടുത്തു വന്നു ചട്ടിണിയുടെ പാത്രം എടുത്തു ചട്ടിണി വിളമ്പി.

സ്വാമിജി സംസാരിക്കുകയായിരുന്നു. ഇഹലോകത്തെപ്പറ്റി, പരലോകത്തെപ്പറ്റി. സമയമെന്ന മിഥ്യയെപ്പറ്റി.

'സമയാതീതമായ ആ യാത്രയ്ക്കുശേഷം വീണ്ടും നമ്മൾ തിരിച്ചുവരുന്നു. തിരിച്ചു വരുമ്പോഴും നമ്മൾ അറിയുന്നില്ല, കാരണം ജനനവും മരണത്തെപ്പോലെത്തന്നെ അനുസ്യൂതമായ ഒരൊഴുക്കിന്റെ തിരിച്ചറിയാനാകാത്ത ബിന്ദുവാകുന്നു. കാലമാകുന്ന തിരമാലകളുടെ ഒഴുക്കിൽപെട്ട് അറിവിന്റെ യോനീമുഖത്തിലൂടെ വീണ്ടും പരിചിതമായൊരു ലോകത്തേയ്ക്ക്. സമയമെന്ന മായ നിങ്ങളുടെ പ്രവാസത്തിന്നിടയിൽ ആ ലോകത്തെ ഒട്ടുമുക്കാലും അപരിചിതമാക്കിയിരിക്കുന്നു. പിന്നെ നിങ്ങളുടെ ദൗത്യം ആ പഴയ ജീവിതം ഒരിക്കൽക്കൂടി ജീവിച്ചു പോരുക എന്നതാണ്. നിങ്ങൾ മുമ്പത്തെ ജീവിതത്തിൽ കണ്ടവർ, ഒപ്പം പെരുമാറിയവർ, ഒപ്പം ജീവിച്ചിരുന്നവർ, എല്ലാവരേയും വീണ്ടും കാണുന്നു. നിങ്ങളേപ്പോലെ അവരും തലമുറകൾ പിന്നിട്ടിട്ടുണ്ടാകും. കാലത്തിന്റെ കാന്തവീചികൾ ഓർമ്മകളെ മാച്ചുകളഞ്ഞ് നിങ്ങളെ അപരിചിതരാക്കിയിരിക്കും. എന്നാലും ജനിതകശ്രേണിയിലൂടെ കിട്ടിയ അറിവിന്റെ വെളിച്ചത്തിൽ ബോധപൂർവമല്ലാതെത്തന്നെ നിങ്ങൾ പിന്നിട്ട പാത വീണ്ടും കണിശമായി അനുപഥം പിന്തുടരുന്നു.'

സ്വാമിജി വാതോരാതെ സംസാരിക്കുകയാണ്, എനിക്കു മനസ്സിലാവുന്നുണ്ടോ എന്ന ചിന്തയില്ലാതെ.

'ചില അപൂർവസന്ദർഭങ്ങളിൽ നിങ്ങളിൽ, പിന്നിട്ട പാതകളെപ്പറ്റി ഓർമ്മയുടെ സ്പുലിംഗങ്ങളുണ്ടാകുന്നു. ഇതുപോലെത്തന്നെ മുമ്പൊരിക്കൽ ഉണ്ടായിട്ടുണ്ടല്ലൊ എന്ന തോന്നൽ.'

ജോലിക്കാരി ചട്ടിണി വിളമ്പി എന്റെ അടുത്തുതന്നെ നിൽക്കുകയാണ്. അവളുടെ ഗന്ധം എന്നെ അസ്വസ്ഥനാക്കാൻ തുടങ്ങിയിരുന്നു. വെളിച്ചെണ്ണയും വിയർപ്പും കൂടിയുള്ള ഗന്ധം. ചായകുടിച്ച് എഴുന്നേൽക്കുമ്പോൾ അവൾ മാറിയില്ല. അവൾ മാറുമെന്ന പ്രതീക്ഷയോടെ എഴുന്നേറ്റതുകാരണം കൈകൾ അവളുടെ ദേഹത്തു തട്ടി.

അവൾ കാണിച്ചുതന്ന വാഷ്ബേസിൻ അടുത്ത മുറിയുടെ കുളിമുറിയിലായിരുന്നു. ഞാൻ കൈകഴുകുമ്പോൾ അവൾ തോർത്തു പിടിച്ച് തൊട്ടടുത്തുതന്നെ നിന്നു. തിരിഞ്ഞ് തോർത്ത് വാങ്ങുമ്പോഴാണ് കണ്ടത്, അവളുടെ തിങ്ങുന്ന ബ്ലൌസിന്റെ മുകളിലെ രണ്ടു കുടുക്കുകൾ അഴിഞ്ഞിരുന്നു. ഞാൻ നോക്കിയപ്പോൾ അവൾ ഒരു കള്ളച്ചിരിയോടെ കൈകൾ ബ്ലൗസിലേയ്ക്കു കൊണ്ടുപോയി. കൈകളെടുത്തപ്പോൾ ബാക്കിയുണ്ടായിരുന്ന കുടുക്കുകളും വിട്ടിരുന്നു. തോർത്തിന്നു പകരം ആ നഗ്നതയിൽ മുഖമുരസുമ്പോൾ ആ കിടപ്പറ എനിക്കു പരിചയമുണ്ടല്ലോയെന്ന് ഞാൻ ആലോചിച്ചു. അടുത്തു കിടക്കുന്ന സ്ത്രീയുടെ കാമാവേശവും ഗന്ധവും എനിക്കു പരിചിതമായിരുന്നു.

ഞാൻ ചോദിച്ചു.

'ഉമ്മറത്ത് ഗീവർഗീസു മാപ്പിളയില്ലേ?'

അവൾ എന്നെ പകച്ചുനോക്കി. ഞാൻ ചോദിച്ചു.

'അയാളെങ്ങാനും വരുമോ.'

'ആര് സ്വാമിജിയോ?' കിതച്ചുകൊണ്ടവൾ തടർന്നു. 'സ്വാമിജി ഇപ്പോൾ ഉറക്കമായിരിക്കും.'

അവളുടെ അഴിച്ചുമാറ്റപ്പെട്ട കാവി വസ്ത്രം കിടക്കയിൽ ഉലഞ്ഞുകിടന്നു. ഞാൻ ആശയക്കുഴപ്പത്തിലായിരുന്നു.

സമയമെത്രയായിട്ടുണ്ടാകും? ഞാനെന്തിനാണ് ഇവിടെ വന്നത്?

ചാണകം തേച്ച ചുമരിൽ ഒരു പൊത്തിൽ ചുവന്ന ചായം പുരട്ടിയ വിഗ്രഹമുണ്ടായിരുന്നു. കാളിയുടേതായിരിക്കണം. മേൽക്കൂരയുടെ കരിമ്പനപ്പട്ടകൾ കാറ്റിൽ ശബ്ദമുണ്ടാക്കി. മരോട്ടി എണ്ണയുടെ മണം വന്നിരുന്നത് ചുമരിന്റെ ഒരു പൊത്തിൽ കത്തിച്ചു വെച്ച വിളക്കിൽനിന്നായിരുന്നു. അതിന്റെ വെളിച്ചത്തിൽ എന്റെ അടുത്ത് തളർന്നുറങ്ങിയിരുന്ന നഗ്നയായ സ്ത്രീയെ ഞാൻ നോക്കിക്കണ്ടു. എന്റെ നെഞ്ചിൽ വരിഞ്ഞു കിടന്ന ഉരുണ്ട കൈകൾ മാറ്റി ഞാൻ എഴുന്നേറ്റു.

ആശ്രമം ഉറക്കത്തിലായിരുന്നു.

back to index

# മൂലോട് ഉറപ്പിക്കുന്നതിലെ വിഷമങ്ങൾ

**മൈ**ക്കിൾ അച്ചൻ കൈ പിന്നിൽ കെട്ടിക്കൊണ്ട് പള്ളിമുറ്റത്ത് ഉലാത്തി. അദ്ദേഹം ആലോചനയിലായിരുന്നു. പള്ളിയുടെ ആർച്ചിന്റെ താഴെ നിൽക്കുന്ന ജോണിയെ മറന്നപോലെയാണ് അച്ചൻ. ഒന്നുരണ്ടു പ്രാവശ്യം ചുമച്ച് ശബ്ദമുണ്ടാക്കിയാലോ എന്ന് ജോണി ആലോചിച്ചു. പിന്നെ വേണ്ടെന്നുവെച്ചു. ഒരഞ്ചു മിനിറ്റുകൂടി കാത്തുനിൽക്കാം. എന്നിട്ടും അച്ചൻ ഒന്നും പറയുന്നില്ലെങ്കിൽ അച്ചന് തന്റെ പ്രാരാബ്ധങ്ങൾ കേൾക്കാൻ താല്പര്യമില്ല എന്ന് മനസ്സിലാക്കി സ്ഥലം വിടാം. അഞ്ചല്ല, ആറു മിനിറ്റു കഴിഞ്ഞുകാണും. ജോണി പതുക്കെ അരിച്ചരിച്ചു നടന്നുതുടങ്ങി.

മൈക്കിൾ അച്ചൻ ജോണിയുടെ അടുത്തു വന്നുനിന്നു.

'അപ്പോൾ അതൊക്കെയാണ് നിന്റെ പ്രശ്നങ്ങൾ അല്ലേ?'

അതെയെന്ന് ജോണി തലയാട്ടി.

'ഞാൻ ചുരുക്കിപ്പറയാം.' അച്ചൻ തുടർന്നു. 'നിന്റെ അപ്പൻ കരൾവീക്കവുമായി കിടപ്പിലാണ്. ജോലിക്ക് പോകാൻ പറ്റുന്നില്ല. അമ്മച്ചി ജോലിയെടുത്തുണ്ടാക്കുന്ന പണം കൊണ്ടാണ് ചെലവ് കഴിയുന്നത്. രണ്ട് പെങ്ങമ്മാര് കെട്ടിച്ചയക്കാനുണ്ട്. കാണാൻ ഭംഗിയുള്ള പിള്ളേരായതുകൊണ്ട് ആലോചനകള് വര്ണ്ണ്ട്. പക്ഷേ, കെട്ടിച്ചയയ്ക്കാൻ പണം വേണം. പെര നിറയെ ചോരുന്നുണ്ട്. കഴിഞ്ഞ മഴയിലെ ചോർച്ചകാരണം വീട് മുഴുവൻ നാശായിരിക്കുന്നു. ഈ മഴക്കാലം വരുമ്പോഴേക്ക് ഓടെടുത്ത് മേഞ്ഞില്ലെങ്കിൽ വീട് നിലംപൊത്തും. ഇതിനൊക്കെ ഞാൻ എന്തെങ്കിലും വഴിയുണ്ടാക്കണം. അല്ലേ?'

ജോണി തലയാട്ടി.

'നിന്റെ അപ്പന്റെ കാര്യത്തിൽ ഒന്നും ചെയ്യാനില്ല. കുടിക്കരുതെന്ന് പത്തുകൊല്ലം മുമ്പേ ഞാൻ പറയാൻ തുടങ്ങിയതാണ്. കർത്താവിന് നിരക്കാത്ത കാര്യങ്ങള് ചെയ്താൽ അതിനുള്ള ശിക്ഷയും അനുഭവിക്കാൻ തയ്യാറാകണം. നിന്റെ അപ്പൻ ചെയ്ത പാപത്തിന് നിന്റെ അമ്മച്ചിയും പെങ്ങമ്മാരും ശിക്ഷ അനുഭവിക്കുന്നു. ശരി?'

ജോണി വീണ്ടും തലയാട്ടി.

'അപ്പോൾ നമുക്ക് ആദ്യം വീടിന്റെ കാര്യം നോക്കാം. എന്താണ് വീടിന്റെ കാര്യം ആദ്യം നോക്കാമെന്ന് പറഞ്ഞതെന്ന് നിനക്ക് വഴിയേ മനസ്സിലാവും. ചോർച്ച നിൽക്കണമെങ്കിൽ ഓടെടുത്ത് വീണ്ടും മേയണം. എന്തു ചെലവു വരും! നമുക്ക് കണക്കാക്കാം. അരച്ചാക്ക് സിമന്റ്, രണ്ടു ചാക്ക് കുമ്മായം, നാലു ചാക്ക് ചരല്. പൊട്ടിയ ഓടുകൾ മാറ്റാൻ പത്തോ ഇരുപതോ ഓട്. പട്ടിക ദ്രവിച്ചതുണ്ടെങ്കിൽ മാറ്റാൻ കുറച്ച് മരം. കുറച്ച് ആണി. ഇതിനൊക്കെക്കൂടി ഒരു മുന്നൂറുരൂപ കൂട്ടിക്കോ. പെങ്ങമ്മാരോട് സഹായിക്കാൻ പറ. അപ്പോൾ നിനക്ക് പുറത്തുനിന്ന് സഹായം ഇല്ലാതെ ജോലി ചെയ്യാം.

'ഇനി മുന്നൂറുരൂപ എങ്ങനെണ്ടാക്കും എന്നല്ലെ? അത്രയും രൂപ ഞാൻ കടമായിട്ട് തരാം.

'കടമായിട്ട്.' അച്ചൻ ഉറപ്പിച്ചു പറഞ്ഞു. 'പലിശയൊന്നും തരണ്ട. ആറുമാസത്തിനുള്ളിൽ തിരിച്ചുതരികയും വേണം. അപ്പോഴേക്ക് നിനക്ക് ഈ പണം തിരിച്ചുതരാൻ പറ്റും.'

ജോണി അച്ചന്റെ മുഖത്ത് ചോദ്യപൂർവ്വം നോക്കി.

'അതെങ്ങനെയാണെന്നാണ് ഞാൻ ഇനി പറയാൻ പോകുന്നത്. രാവിലെയായാൽ എഴുന്നേറ്റ് റോഡിൽക്കൂടി നടക്കുക. ഓടിട്ട വീടുകൾ കണ്ടാൽ കയറി അന്വേഷിക്കുക, കഴിഞ്ഞ മഴക്കാലത്ത് ചോർച്ചയുണ്ടായിരുന്നോ എന്ന്. പത്തിൽ ഒമ്പതു വീട്ടുകാരും പറയും എവിടെയെങ്കിലും ഒക്കെ ചോർച്ചയുണ്ടെന്ന്. അപ്പോൾ നീ പറയും ചോർച്ചയെല്ലാം മാറ്റിത്തരാം എന്ന്. ചോർച്ചയുടെ തരംപോലെ അതിനുള്ള ചെലവ് ഇത്രയാണെന്ന് പറയും. അതിൽ നിന്റെ ലാഭവും കണക്കു കൂട്ടണം. അമിതലാഭം എടുക്കരുത്. പാപമാണ്. ഒമ്പതു വീട്ടുകാരിൽ അഞ്ചുപേരെങ്കിലും നിന്നോട് ജോലി ചെയ്തോളാൻ പറയും. ഇന്ന് ഫെബ്രുവരി 26. മാർച്ച്, ഏപ്രിൽ, മെയ്. മൂന്ന് മാസംണ്ട് നിനക്ക് നാല് കാശ്ണ്ടാക്കാൻ.

ഇപ്പോ മനസ്സിലായോ ഞാൻ പറഞ്ഞതിന്റെ കാര്യം? ആദ്യം നിന്റെ വീട്ടിലെ റിപ്പയർ ചെയ്താൽ ഈ ജോലിയിൽ വേണ്ട പരിചയം കിട്ടും. മാത്രല്ല എന്തു ചെലവു വരും എന്നും മനസ്സിലാവും. അതനുസരിച്ച് നിനക്ക് മറ്റു സ്ഥലങ്ങളിൽ ചാർജ് പറയാം.'

അങ്ങനെയാണ് ജോണി ലാഭകരമായ ആ ബിസിനസ്സ് തുടങ്ങിയത്. മൂന്നു ദിവസംകൊണ്ട് അവൻ സ്വന്തം പെരയുടെ അറ്റകുറ്റപ്പണികൾ കഴിച്ചു. ഓടുകൾ എല്ലാം ഇളക്കി താഴെ ഇറക്കി. ഒടിഞ്ഞ ചില പട്ടികകൾ മാറ്റി. വീണ്ടും മേഞ്ഞു. മൂലോടിന്റെ അരികിൽ കുമ്മായക്കൂട്ടിട്ടു. വീട്ടിനകത്തും പുറത്തും വെള്ളവലിച്ചു. വീട് പുതുപുത്തനായി. ആലീസും മറിയവും സഹായത്തിനുണ്ടായിരുന്നു. എല്ലാം കഴിഞ്ഞപ്പോൾ അവൻ കണക്കു കൂട്ടി നോക്കി. ആകെ ചെലവ് ഇരുനൂറ്റിപ്പത്ത് രൂപ മാത്രം. അച്ചൻ തന്ന പണത്തിൽ തൊണ്ണൂറു രൂപ ബാക്കിയുണ്ട്. തനിക്ക് സഹായിയായി ഒരു പയ്യനെ വേണം. അവന് ദിവസം മുപ്പത് രൂപയെങ്കിലും കൊടുക്കണം. പിന്നെ ഭക്ഷണച്ചെലവ് രണ്ടു ദിവസത്തേക്ക് വേറൊരു മുപ്പത്. അങ്ങനെ എല്ലാംകൂടി തൊണ്ണൂറുരൂപ. മുന്നൂറു തികഞ്ഞു. തന്റെ രണ്ടു ദിവസത്തെ കൂലിയായി നൂറുരൂപ കൂട്ടിയാൽ നാനൂറ്. ഇങ്ങനെയുള്ള ജോലിക്ക് നാനൂറ്റിഅമ്പതുരൂപ ചോദിച്ചാൽ തന്റെ കൂലിയടക്കം നൂറ്റിഅമ്പതു രൂപ പോക്കറ്റിൽ തടയും. അഞ്ഞൂറു രൂപ ചോദിച്ചാൽ ഇരുന്നൂറു രൂപ ലാഭം. പെട്ടെന്ന് അച്ചൻ പറഞ്ഞതോർമ്മ വന്നു. അമിതലാഭം എടുക്കരുത്. അത് പാപമാണ്.

കർത്താവെ അവൻ പറഞ്ഞു. ഞാൻ അങ്ങനെയൊന്നും ഉദ്ദേശിച്ചതല്ല. വെറുതെ കണക്കുകൂട്ടി നോക്കുകയായിരുന്നു.

അവൻ ജോലി അന്വേഷിച്ച് നടന്നുതുടങ്ങി. ആദ്യത്തെ നാലു ദിവസം വളരെ നിരാശാവഹമായിരുന്നു. മിക്കവാറും എല്ലാവരും ചോർച്ചയുണ്ടെന്ന കാര്യം സമ്മതിച്ചു. മഴ വരട്ടെ എന്നിട്ടു നോക്കാമെന്ന് പറഞ്ഞ് അവർ ജോണി യെ ഒഴിവാക്കി.

വൈകുന്നേരം ജോണി, അച്ചനെ കാണാൻ പള്ളിയിൽ പോയി. അച്ചൻ വാട്ടർ കാനിൽ വെള്ളം നിറച്ച് ചെടികൾക്ക് നനയ്ക്കുകയായിരുന്നു. നന നിർത്താതെ അച്ചൻ ചോദിച്ചു.

'എന്താ ജോണി?'

'ഒന്നുംല്ല്യ അച്ചോ.'

'വീടിന്റെ പണിയൊക്കെ കഴിഞ്ഞോ?'

'കഴിഞ്ഞു.'

എത്ര ചെലവ് വന്നു എന്ന് അച്ചൻ ചോദിക്കുമെന്ന് ഭയന്ന് അവൻ വേഗം പറഞ്ഞു.

'ഞാൻ നാലു ദിവസമായി ജോലിക്കു നടക്കുന്നു. ഒന്നും കിട്ടിയിട്ടില്ല.'

'ചോർച്ചയുള്ള വീടുകള് കണ്ടില്ലെ ഇതുവരെ?'

'കണ്ടു. പക്ഷേ, അവര് പറയണത് മഴ വരട്ടെ എന്നിട്ടുനോക്കാം എന്നാണ്.'

'അപ്പോൾ നിനക്ക് വേണ്ടത് ഒരു നല്ല മഴയാണല്ലെ?'

അച്ചൻ ചിരിച്ചുകൊണ്ട് ആകാശത്തേക്ക് നോക്കി. കാർമേഘങ്ങളുണ്ട്. മഴ പെയ്യണമെന്ന് നിർബന്ധമൊന്നുമില്ല. പക്ഷേ, കർത്താവിന് നല്ലൊരു മഴ പെയ്യിക്കാനുള്ള കോപ്പൊക്കെ ആകാശത്തുണ്ട്.

'നീയൊരു കാര്യം ചെയ്യ്. കർത്താവിനോട് പ്രാർത്ഥിക്ക് നല്ലൊരു മഴയ്ക്കുവേണ്ടി. രണ്ടു മെഴുകുതിരിയും കത്തിച്ചുവെക്ക്.'

രാത്രി തിമർത്ത മഴയായിരുന്നു. ജോണി കർത്താവിന് നന്ദിപറഞ്ഞ് കുരിശുവരച്ചു.

രാവിലെ നേർത്തെതന്നെ ഇറങ്ങി. ആദ്യത്തെ ദിവസം പോയ വഴിയിലൂടെത്തന്നെ. ഇപ്പോൾ ലഭിക്കുന്ന സ്വീകരണം കണ്ട് ജോണിതന്നെ അത്ഭുതപ്പെട്ടു. എവിടെയൊക്കെയാണ് ചോർച്ചയെന്ന് കാണിച്ചുതരുന്നു. എങ്ങനെയാണ് അത് മാറ്റുക എന്ന് ഒരു വിദഗ്ദനോടെന്നപോലെ ചോദിക്കുന്നു. വൈകുന്നേരമായപ്പോഴേക്കും എട്ടു വീട്ടിലെ ബിസിനസ്സ് പിടിച്ചെടുത്തു കഴിഞ്ഞു. അതായത് പത്തുപതിനഞ്ചു ദിവസത്തേക്കുള്ള പണി.

തിരക്കുപിടിച്ച ദിവസങ്ങൾ. ഓരോ വീട്ടിലെ പണി കഴിഞ്ഞാലും ഒരു തുക മൈക്കിൾ അച്ചനെ ഏല്പിച്ചുവന്നു. വീട്ടിൽ പണം വെക്കാൻ ജോണിക്ക് ധൈര്യമില്ല. അപ്പച്ചൻ എങ്ങനെയെങ്കിലും തപ്പിയെടുത്ത് ചാരായക്കടയിൽ എത്തിക്കും. ഒരാഴ്ച കഴിഞ്ഞപ്പോൾ അച്ചൻ പറഞ്ഞു.

'ജോണി നീ കൊണ്ടുവന്നു തന്ന പണം ഇപ്പോൾ മുന്നൂറ്റി അറുപത് ആയല്ലൊ. ഇന്നാ അറുപതു രൂപ പിടിച്ചോ നമ്മൾ തമ്മിലുള്ള കണക്കു തീർന്നു.'

'അയ്യോ അച്ചോ പണം ഇവിടെത്തന്നെ ഇരിക്കട്ടെ. ഞാൻ ആവശ്യമുള്ളപ്പോൾ വാങ്ങാം. വീട്ടിൽ വെച്ചാൽ. . .'

'അപ്പൻ കുടിച്ചു പൂസാവും അല്ലെ? ശരി ഇവിടെ ഇരിക്കട്ടെ. നീ നന്നായി വാ.'

ഏഴു വീടുകളുടെ ജോലിയും വലിയ വിഷമംകൂടാതെ അപകടങ്ങളൊന്നും കൂടാതെ കഴിഞ്ഞു. എട്ടാമത്തെ വീട് തുടങ്ങിയത് ഒരു തിങ്കളാഴ്ചയായിരുന്നു. തിങ്കളാഴ്ചയെ കുറ്റം പറയുകയല്ല. പക്ഷേ, പിന്നീടുണ്ടായ കാര്യങ്ങളൊക്കെ നോക്കിയാൽ കുറ്റം പറയാതിരിക്കാനും വയ്യ.

പണിയായുധങ്ങൾ നിറച്ച സഞ്ചിയുമായി രാവിലെ എട്ടരമണിക്കുതന്നെ എത്തിയ ജോണിയെ വീട്ടുടമസ്ഥ ചോർച്ചയുള്ള വീട്ടിലേക്കു കൊണ്ടുപോയി. തെരുവിന്റെ മറ്റേ അറ്റത്താണ് വാടകവീട്. ഗെയ്റ്റ് തുറന്നിട്ടിരുന്നു. വീട്ടുടമസ്ഥ വാതിൽക്കൽ മുട്ടി വിളിച്ചു.

'സീമേ, സീമേ.....'

'എന്താ ചേച്ചീ......'

അകത്തുനിന്ന് ശബ്ദം കേട്ടു. ശബ്ദം കുറച്ച് വലുതാണെന്ന് ജോണിക്കു തോന്നി. വാതിൽ തുറന്നു. മുമ്പിൽ നിൽക്കുന്ന സ്ത്രീയെ ജോണി നല്ലവണ്ണം നോക്കി. ശബ്ദം മാത്രമല്ല ആകാരവും വലുതാണെന്ന് കണ്ടു.

ഹൊമ്മേ. അവൻ മനസ്സിൽ കരുതി. എന്തൊരു വലിപ്പം. ഒരു നൈറ്റി കയറ്റിയിട്ടുണ്ട്. തലമുടി അഴിച്ചിട്ടിരിക്കയാണ്.

'എന്താ ചേച്ചീ?'

വീട്ടുടമസ്ഥ അകത്തുകയറി.

'സീമേ ഞാൻ പറഞ്ഞിരുന്നില്ലെ, ചോർച്ച നോക്കാൻ ഒരാള് വരുംന്ന്. ഇതാ ഇവനാണത്. എവിട്യ്യൊക്ക്യാണ് ചോർച്ചാന്ന് പറഞ്ഞുകൊടുക്ക്.'

'ചേച്ചീ... ബാത്ത്റൂമില്ണ്ട് ലീക്ക്. പിന്നെ ബഡ്റൂമിലും. അടുക്കളേല് ഒരു മൂലേല്ണ്ട്. സിറ്റിംഗ്റൂമില് ചൊമരിന്റെ അരികിലാ ലീക്ക്.'

'ചുരുക്കിപ്പറഞ്ഞാൽ എല്ലായിടത്തും ചോർച്ചണ്ട്ന്നർത്ഥം.'

'ചേച്ചീ,' ജോണി പറഞ്ഞു. 'അതാ ഞാൻ പറഞ്ഞിരുന്നത്, ആകെ ഒന്ന് എടുത്ത് മേയണം. പൊട്ടിയ ഓടും പട്ടികയും ഒക്കെ മാറ്റണം. എങ്കിൽപിന്നെ കുറെ കാലത്തേക്ക് ചോർച്ചയുണ്ടാവില്ല.'

'ശരി, ന്നാ അങ്ങനെത്തന്നെ ചെയ്യ്. ഞാൻ പോട്ടെ സീമേ ജോലീണ്ട്.'

'ശരി ചേച്ചീ. . .'

'ചേച്ചീ,' ജോണി പറഞ്ഞു. 'എന്നെ സഹായിക്കാൻ ഒരു പയ്യൻ വരും. അവനോട് അവിടെ വരാനാ പറഞ്ഞിരിക്കുന്നത്. അവിടെ ഏണിണ്ടോ?'

'ഉണ്ടല്ലൊ.'

'എന്നാൽ അവന്റെ കൈയിൽ ഏണീം കൊടുത്തയയ്ക്കണം.'

ഏണി ചാരിവെച്ച് ജോണി പുരപ്പുറത്തു കയറി. ഒരു മൂലയിൽനിന്ന് മൂലോട് ഇളക്കിമാറ്റി. രണ്ടാമതൊരണ്ണം. മൂന്നാമത്തെ ഇളക്കിയെടുത്തപ്പോഴാണ് അവൻ താഴെ വാതിൽ തുറക്കുന്ന ശബ്ദം കേട്ടത്. നോക്കിയപ്പോൾ അവൻ ഇളക്കിയെടുക്കുന്നത് കുളിമുറിയുടെ മുകളിലുള്ള ഓടാണെന്നവന് മനസ്സിലായി. എന്തെങ്കിലും ചെയ്യാൻ അവസരം കിട്ടുന്നതിനു മുമ്പേ സീമ കുളിമുറിയിലേക്ക് വന്നതു കണ്ടു. എന്താണ് ഭാവം? ജോണി ചിന്തിച്ചു. അവൻ അപ്പോഴും മൂലോട് പിടിച്ചുകൊണ്ട് ഇരിക്കുകയാണ്. സീമ കുളിമുറിയിൽ കടന്ന് വാതിലടച്ചു, ഒരു മൂളിപ്പാട്ടുമായി, എന്താണ് സംഭവിക്കുന്നതെന്ന് ജോണിക്ക് മനസ്സിലാവും മുമ്പ് നൈറ്റിയുടെ അടിഭാഗം രണ്ടു കൈ കൊണ്ടും പിടിച്ച് തലയിലൂടെ ഊരിയെടുത്തു.

ഹൊമ്മെ! ജോണി ശ്വാസം അടക്കിപ്പിടിച്ചു.

ഊരിയെടുത്ത വസ്ത്രം അയലിൽ തൂക്കി. ബ്രായുടെ ഹുക്ക് പിന്നിൽ നിന്നഴിച്ച് രണ്ടു കൈയിലൂടെ അഴിച്ചെടുത്തു. ജോണിയുടെ കണ്ണ് തള്ളിപ്പോയി.

കർത്താവെ ഇതെന്താണ് ഞാൻ കാണുന്നത്?

മുകളിൽ നിന്ന് ജോണി എറിഞ്ഞുകൊടുക്കുന്ന ഓട് പിടിക്കാൻ തയ്യാറായിനിൽക്കുന്ന പയ്യന് കാര്യമൊന്നും പിടുത്തം കിട്ടിയില്ല. രണ്ട് ഓട് പിടിച്ചത് താഴെ അടുക്കിവെച്ച് മൂന്നാമത്തെ ഓടിനുവേണ്ടി കൈനീട്ടിയ പയ്യൻ കൈകൾ പിൻവലിച്ച് കാത്തുനിന്നു. മുകളിൽ ജോണിച്ചായന് എന്തോ പ്രശ്നമുണ്ടായിട്ടുണ്ടെന്നു മാത്രം മനസ്സിലായി.

രണ്ടാമത് അഴിച്ച വസ്ത്രവും അയലിൽ തൂക്കി അരയിൽനിന്ന് ബാക്കിയുള്ളതും അഴിക്കാൻ പോകുമ്പോഴാണ് സീമ മുകളിലേക്കു നോക്കിയതും പകച്ച രണ്ടു കണ്ണുകൾ കണ്ടതും. അവൾ പെട്ടെന്ന് അയലിൽനിന്ന് തോർത്തെടുത്ത് മാറു മറച്ച് കുളിമുറിയുടെ വാതിൽ കടന്ന് അപ്രത്യക്ഷയായി. പോകുന്നതിനുമുമ്പ് അവളുടെ സമൃദ്ധമായ പിൻഭാഗം പയ്യന്റെ കണ്ണിൽപെട്ടു.

ജോണി തളർന്നു. അവന്റെ തൊണ്ട വരണ്ടു. കുറച്ചു വെള്ളം കുടിക്കണം. കൈയിൽ പിടിച്ച മൂലോട് താഴേക്കിട്ടുകൊടുത്ത് ഏണിവഴി താഴെ ഇറങ്ങുമ്പോൾ ജോണി ആലോചിച്ചു. അവർ കരുതിക്കൂട്ടി ചെയ്തതാണോ, അതോ അബദ്ധം പറ്റിയതോ. കുളിമുറി സ്വതവേ വെളിച്ചം കുറഞ്ഞതായിരുന്നു. അപ്പോൾ മൂന്ന് മൂലോട് എടുത്തുകഴിഞ്ഞാൽ ഉണ്ടാകുന്ന പ്രകാശത്തിന്റെ കാരണം അന്വേഷിക്കാതിരിക്കുമോ അവർ? പിന്നെ മുകളിലേക്കു നോക്കി തന്നെ കണ്ടപ്പോൾ അവർ കുളിമുറി വിട്ടുപോകാൻ വലിയ ധൃതിയൊന്നും കാണിച്ചതുമില്ല. ഏതാനും സെക്കന്റുകളുടെ കാര്യം മാത്രമാണ്; എന്നാലും.

നമ്മുടെ മനസ്സിനൊക്കെ അങ്ങനെയൊരു കുഴപ്പമുണ്ട്. നാം ആഗ്രഹിക്കുന്നത് തന്നെയാണ് നടക്കുന്നതെന്ന തോന്നലുണ്ടാകും. ജോണിക്കും പറ്റിയത് അതുതന്നെയായിരുന്നു. തന്നെ പ്രലോഭിപ്പിക്കാൻ കരുതിക്കൂട്ടി വന്നതാണെന്ന നിഗമനത്തിലെത്തി അവൻ. തൊണ്ട വല്ലാതെ വരളുന്നു. കുറച്ച് വെള്ളം കുടിക്കണം. പയ്യനോട് അവിടെ നിൽക്കാൻ പറഞ്ഞ് ജോണി ഉമ്മറത്തു കയറി വാതിൽക്കൽ മുട്ടി.

വാതിൽ തുറക്കാൻ കുറച്ച് സമയമെടുത്തു. ജോണി ഒരിക്കൽക്കൂടി മുട്ടാൻ തുനിഞ്ഞപ്പോൾ വാതിൽ തുറക്കപ്പെട്ടു. സീമ സാരിയുടുത്തിരുന്നു. ഒന്നും സംഭവിക്കാത്തമട്ടിൽ അവർ ചോദിച്ചു.

'ഉം?'

'ചേച്ചി, കുറച്ച് വെള്ളം കുടിക്കാൻ വേണം.'

'വെള്ളമോ.'

'ഉം.'

'അതാ അവിടെ ടാപ്പുണ്ട്.' അവർ ചുമരരുകിലെ ടാപ്പ് ചൂണ്ടിക്കാട്ടി, ജോണിക്ക് എന്തെങ്കിലും പറയാൻ അവസരം കൊടുക്കുന്നതിന് മുമ്പ് വാതിലടയ്ക്കുകയും ചെയ്തു.

ജോണി മിറ്റത്തേക്കു കടന്നു. സീമ ചൂണ്ടിക്കാട്ടിയ ടാപ്പിനടുത്തു പോയി കുറച്ചുനേരം നിന്നു. ഇത്രയും പ്രതികൂലമായ സാഹചര്യത്തിൽ ടാപ്പുവെള്ളം കുടിക്കുന്നതിനേക്കാൾ നല്ലത് പുറത്തു പോയി ചായ കുടിക്കുകയാണെന്ന് ജോണി തീർച്ചയാക്കി. അവൻ പോകാനായി തിരിഞ്ഞു. പെട്ടെന്നാണവന് തോന്നിയത്. മുമ്പിലുള്ള ജനലിന്റെ കർട്ടൻ ഇളകിയോ? അവൻ നോക്കിനിന്നു. ഇല്ല ഇളക്കം നിന്നിരിക്കുന്നു. തോന്നലായിരിക്കും. അവൻ പടിക്കലേക്കു നടന്നു. പോകുമ്പോൾ പയ്യനോട് വിളിച്ചുപറഞ്ഞു.

'ബാബു, ഞാനൊരു ചായ കുടിച്ചിട്ടു വരാം.'

മിറ്റം കടന്നതേയുള്ളു. അപ്പോഴേയ്ക്ക് പുറകിൽനിന്നൊരു വിളി.

'ശ് ശ്. . .'

ജോണി തിരിഞ്ഞു നോക്കി.

സീമ ഉമ്മറത്തിണ്ണയുടെ അടുത്തുനിന്ന് വിളിക്കുകയാണ്. ജോണി തിരിച്ചുചെന്നു.

'എന്താ പേര്?'

'ജോണി.'

'ജോണി പുറത്തു പോവ്വാണോ?'

'അതെ.'

'അപ്പ എനിക്കൊരുപകാരം ചെയ്യോ?'

'എന്താ ചേച്ചി വേണ്ടത്?'

'എനിക്ക് ഒരു കിലോ സവോള വാങ്ങിക്കൊണ്ടുവരോ?'

'വാങ്ങാം ചേച്ചി.'

സീമ അകത്തുപോയി പണം കൊണ്ടുവന്ന് മിറ്റത്തു നിൽക്കുന്ന ജോണിയുടെ കൈയിലേക്കിട്ടു കൊടുത്തു. മിറ്റം

താഴ്ചയിലായതിനാൽ സീമയ്ക്ക് നല്ലവണ്ണം കുമ്പിടേണ്ടിവന്നു. ആ ക്രിയയിൽ അവളുടെ സാരി ചുമലിൽനിന്ന് ഊർന്നുവീണു.

ജോണിയുടെ കണ്ണുതള്ളിപ്പോയി. തൊണ്ടവരൾച്ച വീണ്ടും വന്നു. ഉണർന്നുവന്ന സ്തന്യപവികാരങ്ങൾ ഒരു വിധം അമർത്തി അവൻ പണംവാങ്ങി, തിരിഞ്ഞു നടന്നു.

തിരിച്ചു വന്നപ്പോൾ സീമ ഉമ്മറത്തിണ്ണയിലിരുന്ന് ഒരു പരന്ന സ്റ്റീൽപാത്രത്തിൽ അരി തിരയുകയായിരുന്നു. പൊതി കൈയിൽവാങ്ങിയ ശേഷം അവൾ ബാക്കി ചില്ലറയ്ക്കുവേണ്ടി കൈനീട്ടി. കൈയിലുണ്ടായിരുന്ന അമ്പതു പൈസ ജോണി അവൾക്കു കൊടുത്തു. ആ നാണയം വാങ്ങി ഒരക്ഷരം പറയാതെ അവർ അകത്തുപോയി. എന്തെങ്കിലും നല്ല വാക്കുകൾ അല്ലെങ്കിൽ ചുരുങ്ങിയത് ഒരു നല്ല നോട്ടം വരുന്നുണ്ടോ എന്ന പ്രതീക്ഷയിൽ ജോണി കുറച്ചുനേരം അവിടെ നിന്നു. ശ്രദ്ധിക്കാത്ത ഒരു നിമിഷത്തിൽ മുൻവാതിൽ അടഞ്ഞപ്പോൾ അവൻ തിരിച്ചു നടന്നു.

സമയം പത്ത്. എട്ടര മണിക്ക് എത്തിയതാണ്. ഒന്നര മണിക്കൂറിൽ ആകെ ചെയ്തത് മൂന്ന് മൂലോട് ഇറക്കുക മാത്രം. ജോണി പുരപ്പുറത്തു കയറി ഓട് ഇളക്കിയെടുക്കാൻ തുടങ്ങി.

‘ജോണിച്ചായന് ഇന്നെന്തുപറ്റി?’

പയ്യൻ ചോദിച്ചു.

സാധാരണ അവനെ ഇട്ടു കറക്കുകയാണ് പതിവ്.

ജോണി ഒന്നും പറയാതെ ഓടിളക്കി എറിഞ്ഞുകൊടുത്തു. താഴെ കുളിമുറി ശൂന്യം. നേരത്തെ ഉപേക്ഷിച്ചിട്ടുപോയ വസ്ത്രങ്ങളും അപ്രത്യക്ഷമായിരിക്കുന്നു.

കുളിമുറിയുടെ ഭാഗത്തുള്ള ഓട് മുഴുവൻ എടുത്ത് അടുത്ത മുറിക്കു മുകളിലെ ഓടെടുക്കാൻ പോകുമ്പോൾ അവൻ ആലോചിച്ചു. ഏതു മുറിയായിരിക്കും അത്? അത് പൂജാമുറിയായിരുന്നു. ചന്ദനത്തിരിയുടെ വാസന വന്നു. കൂടുതൽ ഓട് എടുത്തപ്പോൾ മുറിയുടെ ചുമരിൽ തൂങ്ങിക്കിടക്കുന്ന ചിത്രങ്ങൾ കണ്ടു. നിലത്ത് പീഠത്തിന്മേൽ കയറിനിന്ന് ഓടക്കുഴൽ വിളിക്കുന്ന കൃഷ്ണനേയും.

അപകടമൊന്നുമില്ല.

വെയിൽ ചൂടുപിടിച്ചു.

‘ജോണിച്ചായാ’ ബാബു വിളിച്ചു. ‘നമുക്ക് ചായകുടിക്കാൻ പോകാം.’

സമയം പതിനൊന്നായിരിക്കുന്നു. സാധാരണ പത്തരയ്ക്കാണ് പോവുക പതിവ്. ജോണി കോണിയിറങ്ങി ബാബുവിനേയുംകൂട്ടി പടിക്കലെത്തിയപ്പോഴാണ് വീണ്ടും വിളി കേട്ടത്. ‘ശ് ശ്. . .’

ജോണി തിരിഞ്ഞുനോക്കി. സീമ ഉമ്മറത്തു നിൽക്കുകയാണ്.

‘നീ നടന്നോ. ഞാൻ ഇപ്പൊ വരാം.’

ജോണി തിരിച്ചു വന്നു.

‘എന്താ ചേച്ചീ. . .’

‘എന്റെ ഇലക്ട്രിസിറ്റി ബിൽ അടയ്ക്കാൻ പറ്റ്വോ?’

‘ഇപ്പോ, ചേച്ചീ. . . അവൻ സംശയിച്ചുകൊണ്ട് പറഞ്ഞു. ജോലീടെ എടേല്.’

‘അയ്യോ ജോണി.’ സീമ വശ്യമായി ചിരിച്ചു. ‘ഇന്ന് അവസാന ദിവസാണ്. ഇന്ന് കൊടുത്തില്ലെങ്കില് ഫൈൻ കൊടുക്കേണ്ടിവരും.’

ആ ചിരി ജോണിയെ വീഴ്ത്തി.

‘ശരി ചേച്ചി. എവിട്യാണ് കൊടുക്കേണ്ടത്?’

സുഭാഷ് പാർക്കിന്റെ അടുത്തുള്ള ഓഫീസിൽ പതിനൊന്നു പേരുടെ പിന്നിൽ വരിനിൽക്കുമ്പോൾ ജോണി ആലോചിച്ചു. വല്ലാത്തൊരു പൊല്ലാപ്പായി ഇത്. ആദ്യം സവോള, പിന്നെ ഇലട്രിക് ബിൽ. ശരിക്ക് മുപ്പത്തിരണ്ടു രൂപയേ തന്നിട്ടുള്ളു. നടക്കുകയാണെങ്കിൽ തികച്ചും ഇരുപതു മിനിറ്റ് നടക്കാനുണ്ട്. അല്ലെങ്കിൽ ഒരു രൂപ ബസ്സിന് കൊടുക്കണം. തിരിച്ചും ഒരു രൂപ. അത് പോക്കറ്റിൽ നിന്ന് പോകുന്ന ലക്ഷണമാണ്. അവൻ നടക്കാൻതന്നെ തീരുമാനിച്ചു.

വൈകുന്നേരം പള്ളിയിൽ പോക്കും മൈക്കിൾ അച്ചനെ കാണലും ഒരു സ്വഭാവമായി മാറിയതുകൊണ്ടു മാത്രമാണ് അന്നും പോയത്. പണം ഏല്പിക്കാൻ ഒന്നും ഉണ്ടായിരുന്നില്ല. രാവിലെ എട്ടര തൊട്ട് വൈകുന്നേരം ആറുവരെ ജോലിയെടുത്തിട്ട് ആകെ തീർന്നത് കഷ്ടിച്ച് മൂന്നു മുറിയുടെ മുകളിലെ ഓട് എടുത്ത് മേയലാണ്. ഇലക്ട്രിസിറ്റി ഓഫീസിൽനിന്ന് പുറത്തു കടന്നപ്പോൾ സമയം ഒരു മണി. തിരിച്ചു വന്നപ്പോഴേയ്ക്കും ബാബു ഓടെടുത്ത സ്ഥലം മുഴുവൻ അടിച്ചുവാരി വൃത്തിയാക്കിയിരുന്നു. എടുത്തുമാറ്റിയ ഓടുകളും വൃത്തിയാക്കിയിരുന്നു. അത്രയും നന്നായി.

‘എന്താ ജോണി?’ അച്ചൻ ചോദിച്ചു. ‘പുതിയ ജോലി പെട്ടെന്ന് കഴിഞ്ഞുവോ?’

‘ഇല്ല അച്ചോ. അത്ര പെട്ടെന്ന് കഴിയുന്ന ലക്ഷണവുമില്ല.’

‘എന്തേ? നിറയെ റിപ്പയറുണ്ടാകും അല്ലെ? അതിനനുസരിച്ച് ചാർജ് ചെയ്തോണം. നന്നായി ജോലി ചെയ്യണം, നന്നായി ചാർജ് ചെയ്യണം.’

ജോണി ഒന്നും പറയാതെ നിന്നു. അച്ചനോടെന്താണ് പറയുക? വേണമെങ്കിൽ കുമ്പസാരിക്കാം. പക്ഷേ, ഇതിൽ തന്റെ തെറ്റ് എന്താണ്? ഒരു സ്ത്രീ നാണമില്ലാതെ അവന്റെ മുമ്പിൽ ഉടുവസ്ത്രങ്ങൾ ഉരിഞ്ഞുമാറ്റുന്നു. പെട്ടെന്ന് അവൻ ഒരു കുറ്റബോധത്തോടെ തന്റെ വിചാരങ്ങൾ തുടച്ചുമാറ്റി. ഒരു പാതിരിയുടെ മുമ്പിൽ നിന്നുകൊണ്ട് ആലോചിക്കേണ്ട കാര്യങ്ങളല്ലാ ഇതൊന്നും.

‘വേറെ വിശേഷങ്ങളൊന്നുമില്ലല്ലൊ?’

‘ഇല്ലച്ചോ.’

ശരി. എന്നാൽ വിശുദ്ധഗീവർഗീസ് പുണ്യാളന്റെ പേരിൽ രണ്ടു മെഴുകുതിരി കൊളുത്തിവെച്ച് പൊയ്ക്കോ,

ഈ സത്ഭാവനകളൊന്നും രാത്രി അവനെ സഹായിച്ചില്ല. നഗ്നമായ ഒരു മാറിടം അവന്റെ സിരകളെ ചൂടുപിടിപ്പിച്ചു.

പിറ്റേന്ന് ചില തീരുമാനങ്ങളൊക്കെ എടുത്താണ് ജോണി ജോലിക്കു പോയത്. ഞാൻ, എന്റെ ജോലി. അതിനപ്പുറത്തൊന്നുമില്ല. ഇന്നും നാളെയുമായി ഈ ജോലി കഴിച്ച് പണം വാങ്ങി പോണം. ഓട്ടിൻപുറത്ത് കയറി ഓടുകൾ ഇളക്കി എടുക്കാൻ തുടങ്ങി. കുളിമുറിയും, പൂജാമുറിയും പിന്നെ കുട്ടികൾ പഠിക്കുന്ന മുറിയാണെന്നു തോന്നുന്നു. അങ്ങനെ മൂന്നു മുറികളെ കഴിഞ്ഞിരുന്നുള്ളൂ. അതിന് തൊട്ടടുത്തുള്ള ഒരു മുറിയുടെ ഓട് ഇളക്കാൻ തുടങ്ങി. രണ്ട് ഓടിന്റെ വിടവിൽക്കൂടി അവൻ താഴേയ്ക്ക് നോക്കി. ഒരു സ്റ്റീൽ അലമാര, ചെറിയൊരു മേശ, നീളൻ കണ്ണാടിയുള്ള ഒരു ഡ്രസ്സിംഗ് ടേബ്ൾ. മറുവശത്ത് കട്ടിൽ. കട്ടിലിൽ. . .

ഹൊമ്മേ. ജോണി മനസ്സിൽ പറഞ്ഞു. ഈ പിശാച് എന്നെ പിടികൂടാൻതന്നെ തയ്യാറായിട്ടിരിക്ക്യാണല്ലോ.

കൂടുതൽ ഓടുകൾ എടുക്കാതെ ജോണി ഇറങ്ങി.

'എന്താ ജോണിച്ചായ ഇറങ്ങിയത്?'

'നമുക്ക് മറ്റെ ഭാഗത്തുനിന്ന് തൊടങ്ങാം.' കോണിയെടുത്ത് നടന്നുകൊണ്ട് ജോണി പറഞ്ഞു.

മറുഭാഗത്ത് അടുക്കളയാണ്. ഓടുകൾ ഓരോന്നായി നീക്കിക്കൊണ്ടിരിക്കെ അടുക്കളയ്ക്കുള്ളിൽ വെളിച്ചം വീണു. അകത്ത് ആരുമില്ലെന്ന് ഒരാശ്വാസത്തോടെ ജോണി മനസ്സിലാക്കി. താൻ എന്തിനാണ് പേടിക്കുന്നത്? ജോലി ചെയ്യുക, പണം വാങ്ങിപ്പോവുക അത്രമാത്രം.

പറയുക എളുപ്പമായിരുന്നു. കിടപ്പറയിൽ കട്ടിലിൽ മലർന്നുകിടന്നിരുന്ന ആ സ്ത്രീയുടെ ഉദ്ദേശ്യമെന്താണ്? അവരുടെ തലക്കൽ ഭാഗത്തുള്ള ഓടാണ് ഇളക്കിയത്. മലർന്നുകിടന്ന് വായിക്കുകയായിരുന്ന അവർക്ക് വെളിച്ചം പെട്ടെന്ന് കൂടിയത് മനസ്സിലായിട്ടുണ്ടാവണം. എന്നിട്ടും അനങ്ങാതെ മുട്ടിനു മുകളിലേക്ക് എത്തിനിൽക്കുന്ന നൈറ്റി അതേപോലെയിട്ട് കാലും മടക്കി മലർന്നുകിടക്കുകതന്നെയാണ്.

അവൻ ഓടിളക്കൽ നിർത്തി മുകളിലേക്ക് കയറി. പുറപ്പുറത്തുകൂടെ നടന്ന് മറുഭാഗത്തെത്തി. രണ്ട് ഓടുകൾ അടർത്തിയെടുത്ത സ്ഥലത്തെത്തി ഉള്ളിലേക്ക് നോക്കി. കിടക്ക ശൂന്യം, കിടപ്പുമുറി ശൂന്യം.

ജോണി തിരിച്ചു നടന്നു. ബാബുവിന് ജോണിയുടെ വിചിത്രമായ ചലനങ്ങൾ മനസ്സിലായില്ല. കഴിഞ്ഞ എട്ടു ദിവസം ജോണിയുടെ ഒപ്പം ജോലിയെടുക്കുകയായിരുന്നു. ഒരു കുഴപ്പവുമുണ്ടായിരുന്നില്ല. ഇപ്പോൾ പെട്ടെന്ന്. . .

ചായ കുടിക്കാനിറങ്ങുമ്പോൾ പതിവു വിളിക്കായി ജോണി കാതോർത്തു. നിരാശപ്പെടേണ്ടി വന്നില്ല. പടിക്കലെത്തുന്നതിന് മുമ്പുതന്നെ വിളി വന്നു.

'ജോണി. . .'

'എന്താ ചേച്ചീ. . .'

ബാബുവിനോട് നടന്നുകൊള്ളാൻ പറഞ്ഞ് ജോണി തിരിച്ചു ചെന്നു.

സീമ തിണ്ണയിൽ ഇരിക്കുകയാണ്. ജോണി വരുന്നതു കണ്ടപ്പോൾ അവൾ എഴുന്നേറ്റു. കൈയിൽ ഒരു കടലാസു കഷണവും നൂറു രൂപയുടെ നോട്ടും. ജോണി മിറ്റത്തുതന്നെ നിന്നു. സീമ ഉമ്മറത്ത് കടലാസും നോക്കി നിൽക്കുകയാണ്.

'എന്താ ചേച്ചീ. . .'

'എനിക്ക് കുറച്ച് സാധനങ്ങൾ വാങ്ങിത്തരോ?'

'ചേച്ചീ. . . എനിക്ക് സമയം കിട്ടുംന്ന് തോന്ന്ണില്ല്യ. ഇന്നലെത്തന്നെ കുറെ സമയം പോയി.'

'ജോണി. . .' വീണ്ടും സീമയുടെ വശ്യമായ ചിരി. 'ഇന്നുകൂടി മതി. ചേട്ടൻ ശനിയാഴ്ച്ച്യേ വരു. അതുവരെ കാത്തുനിൽക്കാൻ വയ്യ. കുട്ടികള് സ്ക്കൂൾ വിട്ട് വരുമ്പോഴേക്ക് അപ്പംണ്ടാക്കി വെക്കാന്ന് പറഞ്ഞതാ. ശർക്കര ഇല്ല്യ. പിന്നെ നാളികേരം വേണം. അങ്ങനെ കുറച്ച് സാധനങ്ങള്. ഞാൻ വായിച്ചുതരാം.'

ജോണി ഉമ്മറത്തു കയറി. സീമ ലിസ്റ്റ് അവന്റെ കൈയിൽ കൊടുത്തു.

'വായിക്കാൻ പറ്റ്ണ്ണ്ടോ?'

അവൾ ജോണിയുടെ അടുത്തുചെന്നു നിന്നു. വളരെ അടുത്ത്. കാച്ചിയ വെളിച്ചെണ്ണയുടെയും സോപ്പിന്റെയും വാസന. അതിനിടയിൽക്കൂടി ഉത്തേജിതമായ ഒരു ഗന്ധം അവന് അനുഭവപ്പെട്ടു. സീമ അവനോട് തൊട്ടു നിന്നുകൊണ്ട് ലിസ്റ്റ് വായിച്ചുകൊടുക്കുകയാണ്. അവന് ശ്രദ്ധിക്കാൻ പറ്റിയില്ല.

'ഞാൻ ഒരു സഞ്ചി തരാം.'

സീമ അകത്തുപോയി.

ജോണിക്ക് പെട്ടെന്ന് തോന്നിയത് സീമയുടെ പിന്നാലെ പോകാനാണ്. അതിനുള്ള ധൈര്യം സംഭരിക്കാനാവാത്തതിന് അവൻ സ്വയം ന്യായീകരണം കണ്ടെത്തി. മാന്യത. മാത്രമല്ല, സീമയ്ക്ക് അങ്ങനെ ഉദ്ദേശ്യമുണ്ടെങ്കിൽ അവർ എന്തെങ്കിലും കാരണം പറഞ്ഞ് തന്നെ അകത്തേക്ക് വിളിച്ചേനെ. എന്തൊക്കെ കാരണങ്ങൾ പറയാം. ചോർച്ച കാണിക്കാൻ, ടാപ്പിന്റെ വാഷർ മാറ്റാൻപറ്റുമോ എന്ന് ചോദിക്കാൻ, ഫ്യൂസായ ബൾബ് മാറ്റാൻ.

അങ്ങനെ ഒരു കാരണം പറഞ്ഞ് തന്നെ അകത്തേക്ക് വിളിക്കാത്തിടത്തോളം കാലം താൻ പിന്നാലെ ചെല്ലുന്നത് അപകടം തന്നെയാണ്.

അവൻ യുക്തിയെ വികാരങ്ങളുടെ മുമ്പിൽ നടത്തി.

വൈകുന്നേരം വീട്ടുടമസ്ഥ ജോലി നോക്കാൻ വന്നു. എല്ലാം കഴിഞ്ഞിട്ടുണ്ടാകുമെന്ന് കരുതി വന്ന അവർക്ക് ഇനിയും ഒരു ദിവസത്തെ ജോലികൂടിയുണ്ടെന്ന് കേട്ടപ്പോൾ അദ്ഭുതമായി. രണ്ടു ദിവസത്തെ ജോലി കഷ്ടിച്ചുണ്ടാകുമെന്നാണ് ജോണി പറഞ്ഞിരുന്നത്. സാരമില്ല. അവർ മനസ്സിൽ കരുതി. കോൺട്രാക്റ്റല്ലെ. കൂടുതൽ ദിവസമെടുത്താൽ അവനുതന്നെ നഷ്ടം.

അവർ അകത്തേക്കു പോയി. അകത്തുനിന്നുള്ള സംഭാഷണം പ്രത്യേകിച്ചും സീമയുടെ ശബ്ദം പുറത്തേക്ക് ഉറക്കെ കേൾക്കാം.

'ഓ അവന്മാര് അങ്ങനെയൊക്കെയെ ജോലി ചെയ്യത്തുള്ളൂ.'

'പിശാച് !' ജോണി പല്ലിറുമ്മി.

വൈകുന്നേരം പോകുന്നതിന്ന് മുമ്പ് എടുത്ത ഓടുകൾ മേഞ്ഞു. ഇനി കിടപ്പുമുറിയുടെയും, തളത്തിന്റെയും ഉമ്മറത്തിന്റെയും ബാക്കിയുണ്ട്. നാളെ രാവിലെ വന്ന് അതുകൂടി കഴിഞ്ഞാൽ പിന്നെ മൂലോടിന്റെ കുമ്മായമിടൽ മാത്രമെ ബാക്കിയുണ്ടാവൂ. മറ്റന്നാൾ ഇനി ഇവിടെ വരാൻ പറ്റില്ല.

രാവിലെ പത്തരയോടുകൂടി കിടപ്പറയുടെ മുകളിലെ ഓടു മുഴുവൻ ഇറക്കി, വൃത്തിയാക്കി. ഇനി ചായ കുടിച്ചു വന്നാൽ എല്ലാം മേയണം കിടപ്പുമുറിയല്ലെ, അവർക്ക് ഉച്ചയ്ക്ക് കിടക്കേണ്ടിവരും.

അവൻ ചായകുടിക്കാനിറങ്ങി. പടിക്കൽ എത്തിയിട്ടും അവന് സ്വഭാവമായിത്തീർന്ന വിളിയുണ്ടായില്ല. അവൻ തിരിഞ്ഞുനോക്കി. ഉമ്മറത്ത് ആരുമില്ല.

'നീ നടന്നോ.' ജോണി ബാബുവിനോട് പറഞ്ഞു. 'ഞാനിപ്പോ വരാം.'

ജോണിയുടെ വിചിത്ര സ്വഭാവങ്ങളോട് പൊരുത്തപ്പെട്ടതുകാരണം അവൻ ഒന്നും പറയാതെ പണവും വാങ്ങി നടന്നു. ജോണി തിരിഞ്ഞു നടന്നു. ചേച്ചി മറന്നതായിരിക്കും. ഇനി താൻ ചായകുടിച്ച് വന്നാലായിരിക്കും എന്തെങ്കിലും വാങ്ങാനുണ്ടെന്ന് പറയൽ. ഭേദം ഇപ്പോൾ തന്നെ ചോദിക്കലാണ്. അവൻ ഉമ്മറത്തു കയറി, വാതിൽക്കൽ മുട്ടി. മറുപടിയൊന്നുമില്ല. അവസാനം അവൻ ഒതുക്കുകളിറങ്ങാൻ തുനിഞ്ഞപ്പോൾ ഒരു ശബ്ദം കേട്ടു.

'ആരാ?'

ജനലിന്റെ കർട്ടൻ കുറച്ചു നീക്കി സീമ അവനെ നോക്കുകയാണ്.

'ചേച്ചീ ഞാൻ പുറത്തുപോവാണ്. എന്തെങ്കിലും വാങ്ങാനുണ്ടെങ്കിൽ വാങ്ങാംന്ന് വെച്ചിട്ടാണ്.'

'ഒന്നും വാങ്ങാനില്ല.'

അതു പറയലും കർട്ടൻ അടയ്ക്കലും ഒന്നിച്ചു കഴിഞ്ഞു. ജോണി ഒരു മിനിറ്റ് അവിടെ നിന്നു. സീമ പറഞ്ഞത് അവന്റെ തലയിലേക്കോടിയിട്ടില്ലെന്ന മട്ടിൽ.

ചായകുടിച്ചു വന്നശേഷം എന്തോ ജോലി പതുക്കെയേ നീങ്ങിയുള്ളു. പന്ത്രണ്ടരയ്ക്ക് ഊണുകഴിക്കാൻ പോകുന്നതിനുമുമ്പ് കഷ്ടിച്ച് കിടപ്പുമുറിയുടെ മുകളിലുള്ള ഓടുകൾ മേഞ്ഞുകഴിഞ്ഞു. കിടപ്പുമുറി ശൂന്യമായിരുന്നു. ആ വീടിനകത്ത് ഒരാൾ ഉണ്ടെന്നുപോലും തോന്നിയില്ല.

ഉച്ചതിരിഞ്ഞ് ജോലി കുഴപ്പമില്ലാതെ തുടർന്നു. തളത്തിലേയും ഉമ്മറത്തേയും ഓടുകൾ മുഴുവൻ പുറത്തേക്കെടുത്തു. അപ്പോഴപ്പോൾ അവ വൃത്തിയാക്കിവെച്ചു. വൈകുന്നേരം അഞ്ചര മണിയായപ്പോഴേക്കും അവ മേഞ്ഞുകഴിഞ്ഞു. തളത്തിൽനിന്നായിരുന്നു കിടപ്പുമുറിയിലേക്കും കുട്ടികളുടെ മുറിയിലേക്കും അടുക്കളയിലേക്കും വാതിൽ. തളത്തിൽക്കൂടിയല്ലാതെ ഒരു മനുഷ്യജീവിക്ക് ഈ മുറികളിലേക്ക് പോകാൻ പറ്റില്ല. എന്നിട്ടും ഒരു മണി മുതൽ അഞ്ചരവരെയുള്ള സമയത്തിൽ ജാഗ്രതയോടിരുന്നിട്ടും ജോണിക്ക് സീമയെ കാണാൻ പറ്റിയില്ല. അവൾ വീട്ടിനകത്തു തന്നെയുണ്ടെന്നവനറിയാമായിരുന്നു. അടുക്കളയിൽ നിന്നുള്ളഗന്ധം, എവിടെയോ ടാപ്പിൽ നിന്ന് ബക്കറ്റിലേക്ക് വെള്ളം വീഴുന്ന ശബ്ദം.

അവൻ ആലോചിച്ചു. എവിടെയാണ് തെറ്റുപറ്റിയത്. അല്ലെങ്കിൽ തെറ്റുപറ്റിയതുതന്നെയാണോ? ഏതാണ് ശരി? അവൻ ആകെ വിഷമസ്ഥിതിയിലായിരുന്നു.

മൂലോട് വെക്കുന്ന പണിയായിരുന്നു ഏറ്റവും വിഷമം. മേയുമ്പോൾതന്നെ മൂലോട് വെച്ചിരുന്നെങ്കിലും അത് ശരിക്കുള്ള സ്ഥാനത്ത് വെച്ചില്ലെങ്കിൽ പിന്നീട് ചോർച്ചയുണ്ടാവാൻ സാധ്യതയുണ്ട്. ചില മൂലോടുകൾ ചൂടുകാരണം അല്പസ്വല്പം വളഞ്ഞിട്ടുമുണ്ട്. അതാതിന്റെ സ്ഥാനം കണ്ടുപിടിക്കുകതന്നെ വേണം. നാലാം ദിവസം മുഴുവൻ അതായിരുന്നു ജോണിയുടെ പണി, അവൻ ഒരു മൂലോട് എടുക്കും അതിനുമുകളിലുള്ള മൂലോട് താഴ്ത്തിവെച്ചു നോക്കും. ശരിയായില്ലെങ്കിൽ വേറൊന്ന്.

താഴെ മുറികൾ ശൂന്യമായിരുന്നു. അത്ഭുതകരമായ എന്തോ ഒന്ന് താഴെ സംഭവിക്കുന്നുണ്ട്. മൂലോടുകൾക്ക് സ്ഥാനചലനം സംഭവിച്ചുകൊണ്ടിരുന്നു. അതിനിടയിൽ ചായയുടെ സമയം കഴിഞ്ഞു. ജോണിയെ കുറച്ചുനേരം കാത്തശേഷം ബാബു ഒറ്റയ്ക്ക് ചായകുടിക്കാൻ പോയി. ഉച്ചയ്ക്ക് ഊണിന് പോകാൻ ഒന്നരമണിവരെ ബാബു ജോണിയെ കാത്തു. അവൻ പൊരിവെയിലത്ത് അപ്പോഴും മൂലോടുകൾ ഒതുക്കുകയായിരുന്നു. ബാബു ഒറ്റയ്ക്ക് പോയി ഊണുകഴിച്ചുവന്നു. മൂന്നുമണിയുടെ ചായയ്ക്കും ജോണിയെ കിട്ടിയില്ല. അവൻ പുരപ്പുറത്ത് ഒരറ്റത്തുനിന്ന് എടുത്ത മൂലോട് മറ്റേ അറ്റത്ത് പാകമാകുന്നുണ്ടോ എന്ന് നോക്കുകയാണ്.

വൈകുന്നേരം നടക്കാനിറങ്ങിയതായിരുന്നു. എത്തിയത് പള്ളിമുറ്റത്ത്. മൈക്കിൾ അച്ചൻ തന്റെ സ്ഥിരം പരിപാടിയിലായിരുന്നു. ഡാലിയയുടെ കട പറിച്ചെടുത്ത് കിഴങ്ങുകൾ വെവ്വേറെ തടങ്ങളിൽ കുഴിച്ചിടുകയായിരുന്നു അച്ചൻ.

'എന്താ ജോണി?'

'ഒന്നുമില്ലച്ചോ.' തളർന്ന സ്വരം.

അച്ചൻ മുഖമുയർത്തി നോക്കി. ആകെ കരിവാളിച്ച് ക്ഷീണിച്ച രൂപം.

'എന്താടോ തന്നെ പിശാച് പിടിച്ചോ?' പിന്നെ കൂട്ടിച്ചേർത്തു. 'എന്താ ഇപ്പോഴത്തെ വെയില് അല്ലെ? ദേഹം നല്ലോണം നോക്കണം കേട്ടോ. എന്തായി പണി, കഴിഞ്ഞില്ലെ?'

'ഇല്ലച്ചോ. . .ജോണി വിക്കിക്കൊണ്ട് പറഞ്ഞു. മൂലോട്.'

'മൂലോടോ?'

'അതെ അച്ചോ. മൂലോട് ഉറപ്പിക്കാനുണ്ട്.'

'കുറെ ദിവസമായല്ലോ. നല്ല കോളാണ് കിട്ടിയത്ന്ന് തോന്നുന്നു.'

‘അല്ലച്ചോ. ചെറിയ വീടാണ്.’ അവൻ പറഞ്ഞു. ‘മൂലോട് ഉറപ്പിക്കാൻ കുറച്ച് സമയമെടുത്തൂന്ന് മാത്രം. നാളത്തോടു കൂടി കഴിയും.’

രാവിലെ ഒരു മൂലോടുപിടിച്ച് ജോണി പുരപ്പുറത്ത് നിൽക്കുമ്പോഴാണ് വീട്ടുടമസ്ഥ പടികടന്നു വന്നത്.

‘എന്താ ജോണി കഴിഞ്ഞില്ലേ ഇതുവരെ?’

അവൻ മൂലോടും കൊണ്ട് ഇറങ്ങിവന്നു.

‘ഇല്ല ചേച്ചി, കുറച്ചുകൂടി പണിയുണ്ട്. മൂലോടുകള് പലതും വളഞ്ഞിരിക്കുന്നു. അത് അങ്ങോട്ടും ഇങ്ങോട്ടും മാറ്റി വെക്ക്യാണ്.’

‘മൂലോട് വളഞ്ഞാലെന്താ? കുമ്മായപ്പരുക്കൻ ഇട്ടാൽ ശരിയാവില്ലെ? ഇന്നെന്തായാലും തീർത്തുതരണം. നാളെ വെള്ളവലിക്കാൻ ആൾക്കാര് വരും ഇനി രണ്ടു ദിവസേള്ളു. ഒന്നാന്തി വേറെ വാടകക്കാര് വര്വാണ്.’

അവർ നടന്നുകൊണ്ട് വിളിച്ചു.

‘സീമേ. . .’

‘എന്താ ചേച്ചീ. . .’

ജോണി മൂലോട് പിടിച്ച് മിറ്റത്തു നിന്നു. അവന് പുരപ്പുറത്തു കയറാനുള്ള ഇച്ഛാശക്തി നഷ്ടപ്പെട്ടു. വളഞ്ഞ മൂലോടുകൾക്കും ശൂന്യമായ മുറികൾക്കുമിടയിൽ വെളിച്ചെണ്ണയുടെയും സോപ്പിന്റെയും വാസനയ്ക്ക് കീഴടക്കാൻ കഴിയാതിരുന്ന ആ ഗന്ധം അവൻ അന്വേഷിക്കുകയായിരുന്നു.

back to index

# ദേശാടനക്കിളി പോലെ അവൾ

നഗരം പെട്ടെന്നുറങ്ങുന്നു. ഏഴുമണിയാവുമ്പോഴേക്ക് കടകൾ അടച്ചുതുടങ്ങും. ഫുട്പാത്തിൽ കത്തികൾ നിരത്തി വെച്ച് വില്പന നടത്തുന്ന കിഴവൻ കത്തികൾ സഞ്ചിയിലാക്കി യാത്രയായി. കറയും തുരുമ്പും കളയാനും പാത്ര ങ്ങളുടെ ഓട്ടയടയ്ക്കാനുമുള്ള ഒറ്റമൂലി വിൽക്കുന്ന ചെറുപ്പക്കാരനും സ്ഥലം വിട്ടു. ഒന്നുരണ്ടു പെട്ടിക്കടകളും ' മീൽസ് റെഡി' എന്നു പുറത്തെഴുതിവച്ച റെസ്റ്റോറണ്ടും ഒഴികെ എല്ലാ കടകളും അടച്ചു.

നോക്കിയിരിക്കെ അവൾ വന്നു. എവിടെനിന്നാണ് അവൾ വരുന്നതെന്ന് അയാൾക്ക് ഒരിക്കലും മനസ്സിലായിരുന്നില്ല. ഒരിമ വെട്ടിത്തുറന്നാൽ അവൾ അവിടെ നിൽക്കുന്നതുകാണാം ഇരപിടിക്കുന്ന കാട്ടുമൃഗത്തിന്റെ വന്യതയും ചാതുര്യവും ഉണ്ട് അവൾക്ക്. തെരുവിന്റെ വളവിൽ അടച്ചുകഴിഞ്ഞ ചെരിപ്പുകടയുടെ വരാന്തയിൽ, നിഴലിൽ അവൾ ഇരകളെ കാത്ത് പതുങ്ങി നിൽക്കും. അനക്കമില്ല, കണ്ടാൽ ഒരു പ്രതിമയെന്നേ തോന്നൂ. അഞ്ചാമത്തെ നിലയിലുള്ള ഫ്ളാറ്റിന്റെ ബാൽക്കണിയിൽ നിന്ന് അയാൾ കൗതുകത്തോടെ നോക്കിനിൽക്കും. അധികം കാത്തുനിൽക്കേണ്ടി വരില്ല. ദാഹാർത്തനായ ഒരാൾ അവളുടെ വലയിൽ വീഴുന്നു. അല്ലെങ്കിൽ അവളെ വലയിട്ടുവെന്ന് വ്യാമോഹിക്കുന്നു. വളരെ ഹ്രസ്വമായ വിലപേശൽ. ആരും തെറ്റിപ്പോകുന്നതു കണ്ടിട്ടില്ല. കാരണം തെരുവിന്റെ മകളുടെ വില തുച്ഛമായിരിക്കണം. അവൾ മുമ്പിൽ നടക്കും. ഒരു മായാവലയത്തിലകപ്പെട്ടപോലെ അയാൾ പത്തടി പിന്നിലായി നടക്കും.

കെട്ടിടത്തിന്റെ കിഴക്കുഭാഗത്തുള്ള ഫ്ളാറ്റുകളിൽ പുറത്തേക്കു കാണുന്ന വിളക്കുകളെല്ലാം അണച്ചിട്ടുണ്ടാകും. പഠിത്തത്തിന്റെ ക്രൂരമായ ദണ്ഡനമുറകൾക്കുശേഷം ടി.വി.യുടെ ആസക്തിയിൽ മക്കളെ മയക്കിയിരുത്തിയ അച്ഛനമ്മമാർ ജനലിലൂടെയും ബാൽക്കണിയുടെ അഴികളിലൂടെയും ആർത്തിയോടെ നോക്കുന്നുണ്ടാവും. എല്ലാ കണ്ണുകളും അവളിലേക്കാവും. അവൾ പക്ഷെ ഒന്നും അറിയുന്നുണ്ടാവില്ല. അറിയുന്നുണ്ടെങ്കിൽത്തന്നെ ശ്രദ്ധിക്കുന്നുണ്ടാവില്ല. അവളുടെ മനസ്സിൽ കിടക്കുമ്പോൾ പുറത്ത് ഞെരിയുന്ന കരിങ്കൽച്ചീളുകളുടെ ശത്രുതയും, സഹശയനത്തിനായി പിന്നിൽ നടന്നുവരുന്ന ആളെപ്പറ്റിയുള്ള ആശങ്കകളുമായിരിക്കും.

കെട്ടിടത്തിന്റെ ഓരത്തുള്ള പറമ്പിന്റെ ഗെയ്റ്റ് തുറന്ന് അവൾ അകത്തു കടക്കും. പിൻതുടരുന്ന ആൾക്ക് വഴി തെറ്റാതിരിക്കാൻ ഒരിക്കൽ പുറത്തേക്കുവന്ന് വീണ്ടും ഉൾവലിയും. പറമ്പിനു നടുവിൽ ഇഷ്ടികകൾ അടുക്കിവച്ചിരിക്കുന്നതിന്റെ പിന്നിൽ ഉപഭോക്താവിനുവേണ്ടി കാത്തുനിൽക്കും.

'ഇതെന്തൊരു വൃത്തികേടാണ്' രമ പറഞ്ഞു.

രാമചന്ദ്രൻ പറമ്പിലേക്കു നോക്കി നിന്നു. കസ്റ്റമർ ഗെയ്റ്റു കടന്നുവന്ന് തന്റെ വിഷയം കണ്ടു പിടിക്കാൻ ഒരു നിമിഷം ചുറ്റും നോക്കി, പിന്നെ ഇഷ്ടികകളുടെ പിന്നിലേക്ക് നടന്നു. ഇഷ്ടികയുടെ അടുക്ക് നിരത്തിലേക്ക് മറയായി. പക്ഷെ ഈ കെട്ടിടത്തിലുള്ളവർക്ക് അവരെ നന്നായി കാണാം. അതവൾക്ക് അറിയുമായിരിക്കും. എന്നിട്ടും.. ...

അവൾ കുത്തിയിരുന്നു. മുമ്പിൽ പതിവുകാരനും. മുഖത്തോടുമുഖം നോക്കി നടത്തിയിരുന്ന ചടങ്ങ് എന്താണെന്ന് രാമചന്ദ്രനു മനസ്സിലായിരുന്നില്ല. തെരുവുവെളിച്ചം ഇഷ്ടിക മറവരെ വന്നുനിന്നു. കെട്ടിടത്തിൽനിന്ന് വെളിച്ചം പുറത്തുവന്നിരുന്നുമില്ല. രണ്ടു നിഴലുകൾ അപ്പുറത്തും ഇപ്പുറത്തും ഇരുന്ന് എന്തോ ക്രിയ ചെയ്യുകയാണ്. ഓരോ പതിവുകാരെ കൂട്ടിക്കൊണ്ടുവരുമ്പോഴും അവൾ ഇതേ കർമ്മം അനുഷ്ഠിക്കാറുണ്ട്.

അയാൾ എന്തുകൊണ്ടോ ഭാരതപ്പുഴയുടെ മണൽത്തീരം ഓർത്തു. വേർപാടിന്റെ വേദന കണ്ണുകളിൽ ഈറനായി നിൽക്കെ മുമ്പിൽ കുത്തിയിരിക്കുന്ന കർമ്മി മന്ത്രങ്ങളിലൂടെ പരേതന്റെ ആത്മാവിനെ ആവാഹിക്കുന്നു.

'കറുകത്തുമ്പിൽ ഒരു വെള്ളം.... എള്ളും പൂവും ചന്ദനവും കൂടി ഒരു വെള്ളം...'

അവളും അവളുടെ ചാരിത്ര്യത്തിന് ഉദകക്രിയ ചെയ്യുകയായിരിക്കണം. വേർപാടിന്റെ വേദനയില്ല, മനസ്സിന്റെ മരവിപ്പുമാത്രം. കണ്ണുകളിൽ നിരാകരണത്തിന്റെ നിസ്സംഗത മാത്രം.

അവർ എഴുന്നേറ്റു. വസ്ത്രങ്ങൾക്ക് സ്ഥാനചലനം.

'ഇതെന്തൊരു വൃത്തികേടാണ്' രമ പറയുന്നു. 'അവർക്ക് ഇതൊന്ന് നിർത്തലാക്കാൻ എന്തെങ്കിലും ചെയ്തുകൂടേ?'

'അവർക്ക് എന്നുവെച്ചാൽ?'

'നിങ്ങളുടെ കമ്മിറ്റിക്ക്.'

രാമചന്ദ്രനും രമയും പത്തുവയസ്സുള്ള മകളും ആ കെട്ടിടത്തിൽ താമസിക്കാൻ തുടങ്ങിയിട്ട് രണ്ടരമാസമേ ആയിട്ടുള്ളു. അതിനുമുമ്പ് വന്നവരുണ്ട്. ആദ്യം താമസമാക്കിയവർ താമസം തുടങ്ങിയതിന്റെ വാർഷികം ആഘോഷിച്ചത് പത്തുദിവസം മുമ്പാണ്. സന്ധ്യകഴിഞ്ഞ് അടുത്ത പറമ്പിൽ അരങ്ങേറുന്ന പരിപാടികൾ യാദൃച്ഛികമായാണ് കാണുന്നത്. ഒഴിഞ്ഞ പറമ്പ്. ഉടമസ്ഥൻ ഗൾഫിലെവിടെയോ ആണ്. രാത്രിയായാൽ അവിടെ നിഴൽപോലെ രൂപങ്ങൾ. ആരെങ്കിലും പ്രാഥമികാവശ്യങ്ങൾ നിറവേറ്റുകയായിരിക്കുമെന്നേ കരുതിയുള്ളു. ആ പറമ്പിൽ ആരെയെങ്കിലും കണ്ടാൽ കടൽപ്പുറത്തു കിട്ടുന്നമാതിരി സുഖമുള്ള കാറ്റ് ആസ്വദിച്ചിട്ടിരിക്കയാണെങ്കിലും അവർ ബാൽക്കണിയിൽ നിന്നെഴുന്നേറ്റ് അകത്തേക്കു പോകും. നോക്കിനിൽക്കുക സുഖമില്ലാത്ത കാര്യമാണ്, പോരാത്തതിന് അവർക്ക് വിഷമമുണ്ടാവണ്ട. ക്രമേണ സംഭവങ്ങൾക്ക് ഒരു ചിട്ടയുണ്ടെന്നു മനസ്സിലായി. പ്രാഥമികാവശ്യങ്ങൾക്കു വേണ്ടി മാത്രമല്ല അവിടെ ആൾക്കാർ വന്നിരുന്നത്.

അല്ലെങ്കിൽ രതിയും ഒരു പ്രാഥമികാവശ്യം തന്നെയല്ലേ?

‘അടുത്ത കമ്മിറ്റി മീറ്റിംഗിൽത്തന്നെ ഈ കാര്യം പറയണം.’

രാമചന്ദ്രൻ ചിരിച്ചു. മീറ്റിംഗുകൾ വെറും ചടങ്ങു മാത്രമാണ്. കാര്യങ്ങളെല്ലാം തീരുമാനിക്കുന്നത് സെക്രട്ടറി പരമേശ്വരനാണ്. അയാൾ കഷണ്ടി തലോടിക്കൊണ്ട് പറയും.

‘ടെറസ്സിൽ വീട്ടുവേലക്കാർക്കുവേണ്ടിയുള്ള രണ്ട് കക്കൂസുകളും പൂട്ടിയിടാൻ തീർച്ചയാക്കിയിരിക്കുന്നു. ആവശ്യമുള്ളവർ താക്കോൽ കെയർ ടേക്കറുടെ കൈയിൽനിന്ന് വാങ്ങേണ്ടതാണ്. ആവശ്യം കഴിഞ്ഞ് തിരിച്ചേൽപ്പിക്കുകയും വേണം. ഇതിനായി ഒരു രജിസ്റ്റർ കെയർടേക്കറുടെ കൈയിൽ ഏൽപ്പിച്ചിട്ടുണ്ട്.’

നിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നില്ല. കൂടിയാലോചനകളില്ല. രാജകൽപ്പനകൾ മാത്രം. അതു ഭംഗിയായി ടൈപ്പു ചെയ്ത് എല്ലാഫ്ളാറ്റിലും കൊണ്ടുനടന്ന് ഒപ്പു ശേഖരിക്കുന്നു.

രാമചന്ദ്രൻ ആലോചിച്ചു. ടെറസ്സിൽ തുണിതിരുമ്പുന്ന ജോലിക്കാരിക്ക് പെട്ടെന്ന് കക്കൂസ് ഉപയോഗിക്കേണ്ട ആവശ്യം വന്നു. അടിയന്തിരമാണ്. അവൾ ടെറസ്സിൽനിന്ന് ആറാം നിലയിലേക്കുള്ള കോണി ചടുപിടെ ഇറങ്ങി ലിഫ്റ്റ് പിടിക്കുന്നു. താഴെ സൊസൈറ്റി ഓഫീസ് മറുവശത്താണ്. അവിടേക്കു നടന്ന്, അല്ല ഓടി താക്കോൽ വാങ്ങി തിരിച്ച് ലിഫ്റ്റിൽ കയറി, കോണി കയറി... അതിനിടയിൽ വല്ലതും...

അയാൾ ഉറക്കെ ചിരിച്ചു.

‘എന്തേ?’

‘അല്ല ഞാൻ, മുകളിലെ കക്കൂസുകൾ എമർജൻസി ഫെസിലിറ്റിയായി പ്രഖ്യാപിക്കേണ്ട കാര്യം ആലോചിക്കുകയായിരുന്നു.’

രമയ്ക്ക് ഒന്നും മനസ്സിലായില്ല.

‘എന്നാണ് നിങ്ങളുടെ അടുത്ത മീറ്റിംഗ്? രമ ചോദിച്ചു.

‘അടുത്ത ആഴ്ചയെ ഉള്ളു.’

‘എന്തായാലും ഈ കാര്യം പറയണം. ഒരു പൂട്ടുവാങ്ങി ആ ഗെയ്റ്റ് പൂട്ടിയിട്ടാൽ മതി. പിന്നെ ശല്യമുണ്ടാവില്ല.’

പറഞ്ഞുവന്നപ്പോൾ ആ കെട്ടിടത്തിലെ എല്ലാ ഫ്ളാറ്റുകാർക്കും പരാതിയുണ്ട്.

‘നമുക്ക് മുതിർന്ന മക്കളില്ലെ? അവരുടെ കൺമുമ്പിൽ വച്ച്... ഹേയ് വൃത്തികേട്.’

മുതിർന്ന മക്കൾക്ക് കുഴപ്പമുണ്ടാവില്ല. അവർക്ക് കാര്യം മനസ്സിലാവും. ചെറിയ കുട്ടികളാണ് പ്രശ്നം. എന്താണ് നടക്കുന്നതെന്ന് അവർക്ക് മനസ്സിലാവില്ല. ബാൽക്കണിയിലൂടെ കുഞ്ഞിക്കണ്ണുകളും പായിച്ചു നിൽക്കുമ്പോൾ കാണുക അരയ്ക്കുകീഴെ നഗ്നമായ രണ്ടു രൂപങ്ങൾ ചലിക്കുന്നതാണ്. മങ്ങിയ വെളിച്ചത്തിലും അവരുടെ സൂക്ഷ്മമായ കണ്ണുകൾ വിശദാംശങ്ങൾ പഠിക്കും. സംശയനിവാരണത്തിനായി അമ്മമാരെ വിളിച്ചുകൊണ്ടുവരും.

‘അമ്മേ അവിടെ രണ്ടുപേര് തുണിയില്ലാതെ എക്സൈസ് എടുക്കുന്നു.’

പൊന്തിവരുന്ന ചിരിയമർത്തിപ്പിടിച്ചുകൊണ്ടവർ പറയും. ‘മോളിങ്ങുവന്നേ, ഇതാ ടീവീ.ല് നല്ല കാർട്ടൂണ്ണ്ട്...’

കാർട്ടൂൺ ആർക്കുവേണം. അവർ ചാനൽമാറ്റി എടിയെന്നോ സൺ ടിവിയോ ആക്കുന്നു. അല്പ വസ്ത്രം ധരിച്ച് അരക്കെട്ടിളക്കി നൃത്തം ചെയ്യുന്നത് നോക്കിയിരിക്കുന്നു.

മുതിർന്ന കുട്ടികൾക്ക് ആ പ്രശ്നമില്ല. അച്ഛനമ്മമാരുടെ ഒപ്പമാണ് നിൽക്കുന്നതെങ്കിൽ അങ്ങനെയൊന്നു കണ്ടില്ലെന്നു നടിച്ച് മാന്യതയോടെ സ്ഥലം വിടും; ഒറ്റയ്ക്കാണെങ്കിൽ അതുകണ്ട് ആസ്വദിക്കുകയും ചെയ്യും.

മാസത്തിൽ അവസാനത്തെ ശനിയാഴ്ച ‘ഗെറ്റുഗദർ’ ആണ്. കെട്ടിടത്തിലെ ഇരുപത്തിനാലു ഫ്ളാറ്റുകളിൽ പതിനെട്ടു വീട്ടുകാരേ താമസമാക്കിയിട്ടുള്ളു. അവർ വൈകുന്നേരം ആറുമണിയോടെ ടെറസ്സിൽ ഒത്തുചേരുന്നു. അന്യോന്യം അസൂയപ്പെടുത്താൻ ഏറ്റവും നല്ല വസ്ത്രങ്ങൾ ധരിക്കുന്നു. സാരിയുടെ വിലയെപ്പറ്റി പൊങ്ങച്ചം പറയുന്നു. റെസ്റ്റോറണ്ടിൽ നിന്നു വരുത്തിയ ഭക്ഷണം സ്ത്രീകൾ ആർത്തി പുറത്തുകാണിക്കാതെ കഴിക്കുമ്പോൾ ടെറസ്സിന്റെ മറ്റൊരു വശത്ത് ആണുങ്ങൾ, നിറഞ്ഞ ഗ്ലാസ്സുകൾക്കു മീതെ രാഷ്ട്രീയവും സാമ്പത്തികവുമായ കാര്യങ്ങൾ ചർച്ച ചെയ്യുന്നു. എല്ലാ ചർച്ചയും ഓരോ അപവാദങ്ങളിൽ ചെന്നവസാനിക്കുന്നു. കേൾക്കാൻ സുഖമുള്ള, രതിയുടെ ഹർഷം പകരുന്ന അപവാദങ്ങൾ. സാരിയുടെ വിലയെപ്പറ്റിയും നഗരത്തിലെ ചുരിദാറിന്റെ ഫാഷനെപ്പറ്റിയും സംസാരിക്കുന്ന പാവം വനിതകളേ നിങ്ങൾക്കു നഷ്ടപ്പെടുന്നതെന്താണെന്ന് നിങ്ങളറിയുന്നില്ല.

ഇപ്പോൾ പക്ഷേ സംസാരം എല്ലാവരേയും ഒരുപോലെ ബാധിക്കുന്ന ഒരു പ്രശ്നത്തെപ്പറ്റിയാണ്. ഒരു പൊതുശത്രു ആ കെട്ടിടത്തിലെ സ്ത്രീപുരുഷന്മാരെ ഒന്നിച്ചിരിക്കുന്നു. നവജാതമായ ഐക്യത്തിന്റെ വെളിച്ചത്തിൽ അവർ പോംവഴികൾ ആരാഞ്ഞു.

കമലാമുകുന്ദൻ ഡ്രൈവറെ സ്വാധീനിച്ച് പുരുഷവിഭാഗത്തിൽ നിന്നും അതീവ രഹസ്യമായി കടത്തിയ ബിയർ കൊക്കക്കോളയാണെന്ന മട്ടിൽ കുടിച്ചുകൊണ്ടിരുന്നു. നിറംകൊണ്ടും മണംകൊണ്ടും നിജസ്ഥിതി മനസ്സിലാക്കിയ നാൻസി ഫിലിപ്പ് കമലയെ ഭീഷണിപ്പെടുത്തി അതേ വഴിയിലൂടെ ഒരു ഗ്ലാസ്സ് ബീയർ തനിക്കും വരുത്തിച്ചു.

പുരുഷ സ്ത്രീ വിഭാഗങ്ങൾ യോജിച്ചപ്പോൾ കൂടുതൽ ആശയക്കുഴപ്പങ്ങളുണ്ടായി. കമല ഭർത്താവിനരികിലൂടെ നടന്ന് തന്റെ ബീയർ ഗ്ലാസ്സ് മേശമേൽ വച്ച് പകുതികുടിച്ച വിസ്കി ഗ്ലാസ്സുമായി സ്ഥലം വിട്ടു.

‘പോലീസിൽ പരാതി കൊടുത്താൽ മതി.’

ലത പറഞ്ഞു. ഒന്നാം നിലയിൽ താമസിക്കുന്നതുകൊണ്ട് താൻ കുഴപ്പങ്ങൾക്ക് കൂടുതൽ അടുത്താണെന്നവൾ കരുതിക്കാണും. അവളും അമ്മയും ആ വീട്ടിൽ ഒറ്റയ്ക്കാണ്. അച്ഛൻ ഗൾഫിൽ. ലതയുടെ ആശങ്ക മനസ്സിലാക്കാവുന്നതേ ഉള്ളു.

‘ഒന്നും വേണ്ട, നമുക്കാ ഗെയ്റ്റ് പൂട്ടിയിട്ടാൽ മതി.’

നന്ദകുമാർ പറഞ്ഞു.

‘അതു ശര്യാ,’ നാൻസി ഫിലിപ്പ് പറഞ്ഞു. ‘പോലീസിനെയൊന്നും കൊണ്ടുവരാതിരിക്ക്യാ നല്ലത്.’

‘നമുക്ക് നേരിട്ട് കൈകാര്യം ചെയ്താൽ മതി.’

ഇരുപത്തിനാലാം വയസ്സിന്റെ എടുത്തുചാട്ടം പുരുഷുവിന്റെ വാക്കുകളിൽ മുഴച്ചുനിന്നു.
'ഇതെങ്ങനെ ബീയറായി?' ഒരുകവിൾകൂടി കുടിച്ച് അതു ബീയർതന്നെയെന്നുറപ്പു വരുത്തി മുകുന്ദൻ പറഞ്ഞു. 'ഞാൻ വിസ്കിയായിരുന്നല്ലൊ കുടിച്ചുകൊണ്ടിരുന്നത്?'
'മുകുന്ദന് തലയ്ക്കു പിടിച്ചുവെന്നാണ് തോന്നണത്.'
പീറ്റർ പറഞ്ഞു. 'ഇതെത്രാമത്തേതാണ്?'
'രണ്ടു ലാർജ്ജ് വീശിയിട്ടേയുള്ളു.'
രണ്ടു ലാർജ്ജുകൊണ്ടൊന്നും മുകുന്ദൻ വീഴില്ലെന്ന് പീറ്ററിനറിയാം. അയാൾ ആശയക്കുഴപ്പത്തിലായി. പച്ച വെള്ളം വീഞ്ഞാക്കി മാറ്റാൻ കർത്താവിനു മാത്രമല്ലെ കഴിയു. വിസ്കി ബീയറായി തരംതാഴ്ത്താനും. അപ്പോൾ ഈ കാണുന്നതോ?
'എനിക്ക് തലയ്ക്കു പിടിച്ചുവെന്നാണ് തോന്നുന്നത്.'
പരമേശ്വരൻ ഇതിലൊന്നും അഭിപ്രായം പറയാതെ എല്ലാ കാര്യങ്ങളും നോക്കിനടന്നു. സെക്രട്ടറിയെന്ന നിലയിൽ ഗെറ്റ്ടുഗദറുകളുടെയും ഉത്തരവാദിത്വം അയാൾക്കായിരുന്നു.
'ഏയ് പരമേശ്വരൻ സാറെ' ഫിലിപ്പ് പറഞ്ഞു.
'ഒന്നുകിൽ നിങ്ങൾ ആ ഗെയ്റ്റിൽ ഒരു പൂട്ടിട്ട് ഈ പരിപാടി നിർത്തുക. അല്ലെങ്കിൽ അവിടേക്ക് ഒരു നല്ല ഫ്ള ഡ്ലൈറ്റ് ഇട്ട് വെളിച്ചമുണ്ടാക്കുക. ഞങ്ങൾക്കെല്ലാം ഗാലറി ടിക്കറ്റെടുത്ത് അതൊന്നുകണ്ട് ആസ്വദിക്കാമല്ലോ.'
കൂട്ടച്ചിരിയിൽ പങ്കെടുക്കാൻ രാമചന്ദ്രനു കഴിഞ്ഞില്ല. ഫിലിപ്പിന്റെ വാക്കുകൾ തമാശയാണെങ്കിലും ക്രൂരവുമാ യിരുന്നു. പാവം സ്ത്രീ! ജീവിതത്തിന്റെ പരുക്കൻ ഭാവങ്ങൾ സമ്മാനിച്ച അകൽച്ചയിൽ ഒട്ടും പരിചയമില്ലാത്ത ഒരു പുരുഷന്റെ ഒപ്പം കിടന്ന് താൻ മറ്റു വല്ലതുമാണ് ചെയ്യുന്നതെന്ന് മനസ്സിനെ കബളിപ്പിച്ച് വസ്ത്രങ്ങൾ ഉരിയുമ്പോൾ, പിന്നെ അയാൾ പോയിക്കഴിഞ്ഞാൽ അരികിൽകിടക്കുന്ന പഴംതുണിയോ കടലാസുകഷ്ണമോ എടുത്ത് കൊഴുത്ത വൃത്തിക്കേടുകൾ തുടച്ചുകളയുമ്പോൾ, പിന്നീട് തലമുടിയിലും സാരിയിലും പറ്റിപ്പിടിച്ച മൺതരികളും കരടും തട്ടി ക്കളഞ്ഞ് വേറൊരാൾക്കുവേണ്ടി കാത്തുനിൽക്കുമ്പോൾ എല്ലാം ഉണ്ടാവുന്ന ഏകാന്തത ആർക്കു മനസ്സിലാവാൻ?
'എന്താ പരമേശ്വരൻ ഒന്നും പറയാത്തത്?'
നാൻസി ഫിലിപ്പ് ചോദിച്ചു. 'സെക്രട്ടറിക്ക് ഇതിൽ ഒന്നും പറയാനില്ലേ?'
സെക്രട്ടറി എന്ന സംബോധന ആൾക്കാരിൽ പ്രതീക്ഷിച്ചതിലധികം പ്രതികരണമുണ്ടാക്കി. എല്ലാവരും പരമേശ്വ രനു ചുറ്റും നിന്നു. അയാളുടെ മറുപടി നിർണ്ണായകമാകുമെന്നവർ പ്രതീക്ഷിച്ചു.
പരമേശ്വരൻ തന്റെ ഗ്ലാസ്സ് മേശപ്പുറത്തു വച്ചു. അയാൾ കുടിക്കാറില്ലെന്ന പരമാർത്ഥം രാമചന്ദ്രനറിയാം. നിറഞ്ഞ ഗ്ലാസ്സ് കൈയിൽ വച്ചുകൊണ്ട് അയാൾ നടക്കും. ഒരിക്കൽപ്പോലും അതു ചുണ്ടോടടുപ്പിക്കുന്നതു കണ്ടിട്ടില്ല. പാർട്ടി കഴിയുന്നതുവരെ ആ ഗ്ലാസ്സ് ഒരമൂല്യ നിധിപോലെ അയാൾ നിലത്തുവയ്ക്കാതെ നടക്കും. പാർട്ടി കഴിഞ്ഞ് എല്ലാ വരും പോയാൽ ഏതെങ്കിലും മൂലയിൽ ഉപേക്ഷിക്കപ്പെട്ട ആ ഗ്ലാസ്സ്, കുപ്പികളിൽ ബാക്കി വരുന്നതെല്ലാം ഊറ്റിയെ ടുത്തു, മോന്തി മതിവരാത്ത ലിഫ്റ്റ്മാൻ അകത്താക്കും.
'കാര്യം വളരെ സങ്കീർണ്ണമാണ്.' പരമേശ്വരൻ പറഞ്ഞു. ശരിക്കുപറഞ്ഞാൽ ഏതു കാര്യ വും സങ്കീർണ്ണം തന്നെ. നമ്മൾ ഒരു പ്രശ്നത്തി ന് പരിഹാരം കണ്ടുപിടിച്ചെന്നു കരുതുമ്പോഴായിരിക്കും ഒരു ഡസൻ പ്രശ്നങ്ങൾ പൊന്തി വരിക. ഈ ഒരു ഡസൻ പ്രശ്നങ്ങളും പരിഹരിച്ചുകൊണ്ട് ഒരു പ്രശ്നവും തീർക്കാനുമാവില്ല.
'ഒരു സ്ത്രീ നമ്മുടെ തൊട്ടടുത്ത പറമ്പിൽ അനാശാസ്യമെന്ന് നമ്മൾ കരുതുന്ന പ്രവൃത്തികൾ ചെയ്യുന്നു. നമു ക്കത് പലവിധ വിഷമങ്ങളുണ്ടാക്കുന്നു. അതുകൊണ്ട് എങ്ങനെയെങ്കിലും അതു നിർത്തലാക്കണം. ശരി?'
'ശരി.' ഒന്നിലധികംപേർ പറഞ്ഞു. 'അതു നിർത്തുകതന്നെ വേണം.'
'അതിനുള്ള പല നിർദ്ദേശങ്ങളും നമുക്കിപ്പോൾ കിട്ടിയിട്ടുണ്ട്.' പരമേശ്വരൻ തുടർന്നു. 'ഒന്ന് ഗെയ്റ്റ് പൂട്ടിയിടാം. രണ്ട്, പോലീസിലറിയിക്കാം. മൂന്ന്..'
മുകുന്ദൻ ഇപ്പോഴും ആശയക്കുഴപ്പത്തിലായിരുന്നു. ബീയറോ വിസ്കിയോ? തലയ്ക്കല്പം വെളിവുകിട്ടാനായി അയാൾ പകുതി ഗ്ലാസ്സ് ബിയറുള്ളതിൽ വിസ്കി ഒഴിച്ച് കുടിക്കാൻ തുടങ്ങി.
'ഇതിലേതെങ്കിലും ഒരു വഴി നമുക്ക് സ്വീകരിക്കണം. അങ്ങനെ നമ്മൾ അവളെ ഓടിച്ചു, ശരി?'
എല്ലാവരും തലയാട്ടി. പ്രശ്നങ്ങൾ ഇത്ര എളുപ്പം പരിഹരിക്കപ്പെട്ടതുകണ്ട് എല്ലാവരും ആശ്വസിച്ചു. പിന്നെയാ ണതുണ്ടായത്. പരമേശ്വരൻ ഗ്ലാസ്സിൽനിന്ന് ഒരു വലിയ കവിൾ കുടിച്ചു. രാമചന്ദ്രൻ അന്തംവിട്ടുനിന്നു. ശരിക്കും പകുതി ഗ്ലാസ്സ് അകത്താക്കിയിരിക്കുന്നു. ചിറി തുടച്ചുകൊണ്ട് പരമേശ്വരൻ പറഞ്ഞു.
'ശരി, നമ്മൾ അവളെ ഓടിച്ചു. പക്ഷെ അവൾ പിന്നെ എന്തു ചെയ്യും?'
'അവളൊ?' എല്ലാവരും ഒന്നിച്ചുപറഞ്ഞു. ഇയാൾക്കെന്താ വട്ടാണോ എന്നമട്ടിൽ പരമേശ്വരനെ തുറിച്ചുനോക്കി.
'അവൾ എവിടെയെങ്കിലും പോയി തുലയട്ടെ.'
പരമേശ്വരൻ ഗ്ലാസ്സിൽ പകുതിയുണ്ടായിരുന്നതും ഒറ്റവീർപ്പിന് കുടിച്ചു.
'തുലയുകയോ?' അയാൾ ചോദിച്ചു കുറച്ചൊരു സാർക്കസത്തോടെ. 'നമ്മുടെ മകളെപ്പറ്റിയോ ഭാര്യയെപ്പറ്റിയോ അങ്ങനെ പറയുമോ? അവരും ഒരു മനുഷ്യസ്ത്രീതന്നെയാണ്. നമ്മെപ്പോലെ വിശപ്പും ദാഹവും മോഹങ്ങളും ഒക്കെ യുള്ളവൾ. അവൾ ഒരു ലൈംഗികപ്രവർത്തകയാണ്. എ സെക്സ് വർക്കർ. വേശ്യ എന്ന പദം ഇപ്പോൾ പരിഷ്കൃത രാജ്യങ്ങളിലൊന്നും ഉപയോഗിക്കാറില്ല. അറിയില്ലേ? ഞാൻ ടാറ്റായിൽ ജോലി ചെയ്യുന്ന പോലെ, നിങ്ങൾ ഓരോ രുത്തരും ബാങ്കിലും ഇൻഷൂറൻസിലും ജോലിയെടുക്കുന്നപോലെ അവൾ അവളുടെ ജോലി ചെയ്യുന്നു. അതു മര്യാ ദയ്ക്കു കൊണ്ടുനടത്താനുള്ള സാഹചര്യവും സൗകര്യവും, നമ്മുടെയത്രതന്നെ ഭാഗ്യം ചെയ്തിട്ടില്ലാത്ത അവൾക്ക് കുറവാണെന്നു മാത്രം.
'നിങ്ങൾ അവളുടെ കുടുംബത്തെപ്പറ്റി ഓർത്തുനോക്കു. അവളുടെ...'

'പാർട്ടി അലമ്പാക്കിയതിന്റെ മുഴുവൻ ബഹുമതിയും പരമേശ്വരന് കൊടുക്കുകതന്നെവേണം.'
ലിഫ്റ്റിൽ ഇറങ്ങുമ്പോൾ നാൻസി പറഞ്ഞു.
'ഇങ്ങനത്തെ ഒരു പാർട്ടി കൂടി, പിന്നെ നാൻസിയെ ഒരു പാർട്ടിക്കും കിട്ടില്ല.'
പാർട്ടി അലമ്പായി എന്നതിൽ സംശയമില്ല. സാധാരണ ഭക്ഷണം കഴിഞ്ഞാൽ ഗാനമേളയും മിമിക്രി പരിപാടികളും ഉണ്ടാവാറുണ്ട്. തുടക്കത്തിൽത്തന്നെ പ്രയാസപ്പെട്ടു പിടിച്ചുനിൽക്കുന്ന ശ്രുതിയും വാക്കുകളും ക്രമേണ നട്ടെല്ലു തകർന്ന പാമ്പിനെപ്പോലെ ഇഴയുന്നതും, പതഞ്ഞുപൊങ്ങുന്ന ലഹരിയിൽ വീണു ചാവുന്നതും നോക്കി രാമചന്ദ്രൻ ഇരിക്കും. പിന്നെ സംഗീതമില്ല, വാക്കുകളില്ല, മഴക്കാലത്ത് തവളകളുണ്ടാക്കുന്ന കൂട്ടക്കരച്ചിലിന്റെ ശബ്ദം മാത്രം. മാന്യത ഒരു വിളിപ്പാടകലെ മാറിനിൽക്കുന്നു.
മൂന്നാം നിലയിലെത്തിയപ്പോൾ രാമചന്ദ്രനും രമയും പുറത്തു കടന്നു. നാൻസി അപ്പോഴും ക്ഷോഭിച്ച് സംസാരിക്കുകയായിരുന്നു.
ദിവ്യ ഉറങ്ങിയിട്ടുണ്ടായിരുന്നില്ല. ഭക്ഷണം കഴിഞ്ഞ ഉടനെ പഠിക്കാനായി ഇറങ്ങി വന്നതായിരുന്നു അവൾ.
കിടക്കുമ്പോൾ രമ പറഞ്ഞു.
'മാർക്ക് ആന്റണിയുടെ പ്രസംഗം നന്നായിരുന്നു.'
പരമേശ്വരൻ പറഞ്ഞതിനെപ്പറ്റിത്തന്നെയായിരുന്നു രാമചന്ദ്രനും ആലോചിച്ചുകൊണ്ടിരുന്നത്.
'നമുക്കു മാത്രം ജീവിച്ചാൽ പോര, മറ്റുള്ളവരെക്കൂടി ജീവിക്കാൻ അനുവദിക്കു. ലിവ് ഏന്റ് ലെറ്റ് ലിവ്.... അവൾ ചെയ്യുന്നത് തെറ്റാണെങ്കിൽ മയക്കുമരുന്നു മാഫിയകൾ ചെയ്യുന്നതോ, കള്ളക്കടത്തുകാർ ചെയ്യുന്നതോ, തീരെ സംശയിക്കാതെ വിദഗ്ദ്ധ ചികിത്സയ്ക്കായി വരുന്ന പാവങ്ങളെ ഓപ്പറേഷൻ തിയേറ്ററിൽ മയക്കിക്കിടത്തി അവരുടെ വൃക്കകൾ മോഷ്ടിക്കുന്ന ഡോക്ടർമാരുടെ എത്തിക്സോ...... അവരെല്ലാം മാന്യരായി ജീവിക്കുന്നു. കോടികൾ സ്വരൂപിക്കുന്നു. ഇവിടെ ഒരു നേരത്തെ ഭക്ഷണത്തിനുവേണ്ടി ഒരു സ്ത്രീ....'
അടുത്ത പറമ്പ് ഈ കെട്ടിടത്തിലെ വൃത്തികേടുകൾ വലിച്ചെറിയുന്ന സ്ഥലമാണ്. ഗെയ്റ്റിനു പുറത്ത് കോർപ്പറേഷൻ പെട്ടിവച്ചിട്ടുണ്ടെങ്കിലും ഈ വശത്തുള്ളവർ നാറുന്ന സാധനങ്ങൾ വലിച്ചെറിഞ്ഞിരുന്നത് ഈ പറമ്പിലാണ്. ചുറ്റുവശത്തുള്ള പീടികത്തിണ്ണയിൽ അന്തിയുറങ്ങുന്ന അഗതികൾ പ്രഭാത കൃത്യങ്ങൾ നിർവ്വഹിച്ചിരുന്നതും ഈ പറമ്പിലാണ്. വേനലിൽ പെയ്ത മഴയ്ക്കുശേഷം ആ പറമ്പാകെ പുല്ലും ചെടികളും വളർന്നുപൊന്തിയിരുന്നു. അവയ്ക്കിടയിൽ വല്ല ഇഴജന്തുക്കളും കാണും. അതിനിടയിലാണ് ഈ സാധു സ്ത്രീ കല്ലുകളുടെ മെത്തയിൽ ചുറ്റുമുള്ള കെട്ടിടങ്ങളുടെ ജനലിലൂടെ വരുന്ന ഒളിനോട്ടത്തിനു മുമ്പിൽ....
'പരമേശ്വരൻ പറഞ്ഞതു ശരിയല്ലെ' രാമചന്ദ്രൻ പറഞ്ഞു. 'നമ്മുടെ സ്ഥലത്തു വന്നിട്ടല്ല അവൾ ചെയ്യുന്നത്. നമ്മൾ അതുകണ്ടില്ലെന്നു നടിക്കുക. അവളെ ജീവിക്കാനനുവദിക്കുക.'
പരമേശ്വരന് മാനവികതയുടെ ഒരു മുഖവുമുണ്ടോ? താമസിക്കാൻ വന്ന കാലത്ത് അയാളുടെ സ്വേഛാധിപത്യത്തിനെതിരെ നിരന്തരം വഴക്കിടേണ്ടിവന്നിട്ടുണ്ട്.
മാർക്ക് ആന്റണിയുടെ പ്രസംഗത്തിന് ഫ്ളാറ്റ് നിവാസികൾ പിറ്റേന്നുതന്നെ പകരം വീട്ടി.
രാമചന്ദ്രൻ ടി.വി.ക്കു മുമ്പിലായിരുന്നു; ഏഴുമണിക്കുള്ള വാർത്തയിൽ താത്പര്യമുള്ള എന്തെങ്കിലും വരുമോ എന്ന് അറിച്ചുനോക്കിക്കൊണ്ട്, ഏഴുമണി വാർത്തകൾ പ്രധാന വാർത്താ പരിപാടിയാണെങ്കിലും ഒരുതരം തട്ടിക്കൂട്ടലാണ്. ഉച്ചയ്ക്ക് ദില്ലിയിൽ നിന്നുവരുന്ന ഇംഗ്ലീഷ് വാർത്തയിൽ നിന്ന് പിടിച്ചെടുത്ത കുറെ ചിത്രങ്ങൾ അവ പലപ്പോഴും പഴയതും അപ്രസക്തവും ആയിരിക്കും, തറക്കല്ലിടാൻ ഓടിനടക്കുന്ന മന്ത്രിമാരുടെ പിന്നാലെ പോയി പിടിച്ചെടുത്ത കുറെ ചിത്രങ്ങൾ, അവരുടെ ആഹ്വാനങ്ങൾ. പട്ടികജാതി പട്ടികവർഗ്ഗങ്ങളുടെ ഉന്നമനത്തിനായി നടപ്പാക്കാൻ പോകുന്ന പദ്ധതികളുടെ മന്ത്രിവിവരണം. അങ്ങനെ പോകുന്നു. നഗരത്തിൽ നടന്ന ബഹളത്തെപ്പറ്റിയോ, നാളെ നടക്കുമെന്നു പ്രഖ്യാപിച്ച ഹർത്താലിനെപ്പറ്റിയോ ഒന്നും വാർത്തയിലുണ്ടാവില്ല.
'കാഷ്മീർ.... മന്ത്രി.... ശിലാസ്ഥാപനം.... മന്ത്രി.... പട്ടികജാതി പട്ടികവർഗ്ഗം.... മന്ത്രി....'
രമ ഓടിവന്നു.
'ഒന്ന് ബാൽക്കണിയിലേക്ക് വന്നുനോക്കൂ.'
ബാൽക്കണിയിൽ നിന്നുകണ്ട കാഴ്ച അയാളെ മരവിപ്പിച്ചു. ആ ഭാഗത്തുള്ള ഓരോ ഫ്ളാറ്റുകാരും ബാൽക്കണി വിളക്കുകൾ കത്തിച്ചതിന്റെ വെളിച്ചത്തിൽ അപ്പുറത്തെ പറമ്പ് നഗ്നമായി കിടന്നു. സാധാരണ നിലയിൽ ബാൽക്കണിയിലെ വിളക്ക് ആരും കത്തിക്കാറില്ല. നിരത്തുവക്കിലെ കെട്ടിടമായതുകൊണ്ട് അതവരുടെ സ്വകാര്യത നഷ്ടപ്പെടുത്തുന്നു. ഇന്ന് എന്താണ് പ്രത്യേകത? പെട്ടെന്ന് ഏതോ ബാൽക്കണിയിൽനിന്ന് ആരോ ടോർച്ചടിച്ചു. ഇഷ്ടികയട്ടിക്കു പിന്നിൽ അരയ്ക്കുകീഴിൽ നഗ്നരായി കിടക്കുന്ന രണ്ടു രൂപങ്ങളുടെ മേൽ അതു പതിച്ചു.
പെട്ടെന്ന് ആരെല്ലാമോ ചേർന്ന് പാടാൻ തുടങ്ങി.
'മുക്കാല, മുകാബ്ല, ലൈല.'
രാമചന്ദ്രൻ തരിച്ചിരുന്നു. ക്ഷോഭംകൊണ്ട് അയാൾക്ക് വാക്കുകൾ കിട്ടിയില്ല. അവർ ചെയ്യുന്നത് തെറ്റാണ്, കാടത്തമാണ്.
ആ പാട്ടാകട്ടെ അയാൾ വെറുക്കുകയും ചെയ്തു. യാദൃച്ഛികമായി അയാൾ ഒരു കാസ്സറ്റുകടയിൽനിന്ന് ആ പാട്ടിന്റെ പാരഡികേട്ടു. പാരഡികളോട് അയാൾക്ക് എതിർപ്പായിരുന്നു. കേൾക്കാൻ സുഖമുള്ള പഴയ പാട്ടുകൾ വികൃതമാക്കുകയാണ് അവർ ചെയ്യുന്നത്. ഭംഗിയുള്ള ഒരു പൂവിനെത്തന്നെ കശക്കി എറിയുന്നപോലെ. ഇവിടെ പക്ഷെ ഒരു വിരൂപമായ പാട്ട് പാരഡിയിലൂടെ സുന്ദരമായി പുനർജനിച്ചിരിക്കുന്നു.
'മുക്കാണെടി, മുക്കാണെടി ലൈലെ, ഈ മാല....'
നശിപ്പിക്കേണ്ടത് നശിപ്പിച്ചു എന്ന ആശ്വാസത്തോടെ അയാൾ ആ പാട്ട് മുഴുവൻ കേട്ടു. സ്ത്രീധനമായി കിട്ടിയ

പണ്ടങ്ങളെല്ലാം മുക്കുപണ്ടങ്ങളാണെന്നു മനസ്സിലായ നവവരന്റെ രോദനം ഉയർന്നുവന്നപ്പോൾ അയാൾ ആ കാസ്സറ്റ് വാങ്ങി. ആ പാട്ടിൽ കാപട്യമില്ല, തുടിക്കുന്ന ജീവിതം മാത്രം. തകർപ്പൻ ജീവിതം.

രാവിലെ താഴെ വീരന്മാരെ കണ്ടപ്പോൾ അയാൾ അഭിനന്ദിച്ചു.

‘മിടുക്കന്മാർ.’

ഷട്ടിൽ കളിക്കുകയായിരുന്ന ജോജോവും പുരുഷവും കളി നിർത്തി ഒരേ ശബ്ദത്തിൽ ചോദിച്ചു.

‘എന്താ അങ്കിൾ?’

‘ഒന്നുമില്ല നിങ്ങളെ അഭിനന്ദിച്ചതാണ്.’

അവർ മിഴിച്ചുനിന്നു. അയാൾ തുടർന്നു.

‘ഇന്നലെ നിങ്ങളെല്ലാംകൂടി ഒരു സ്ത്രീയുടെ ദുർന്നടപ്പ് നിർത്തിക്കൊടുത്തു. പാവം സ്ത്രീയുടെ കുടുംബം ഇന്നു മുതൽ പട്ടിണിയിലാകും. സാരമില്ല. ഇനി നമ്മുടെ കഴിവുകൾ വ്യഭിചാരത്തിന്റെ അത്രതന്നെ പ്രധാനമല്ലാത്ത മേഖലകളിലേക്കു തിരിക്കാം. അതായത് മയക്കുമരുന്നു വില്പന, കള്ളക്കടത്ത്, അഴിമതി, വൃക്കകെക്കൽ തുടങ്ങിയ അപ്രധാനങ്ങളും നിസ്സാരങ്ങളുമായ കുറ്റകൃത്യങ്ങൾ ചെയ്യുന്നവർക്കെതിരായി നമുക്ക് പോരാടാം.’

‘അങ്കിൾ എന്താണ് പറയുന്നത്....’

അവർ തലകുനിച്ചുകൊണ്ട് പറഞ്ഞു.

അവരെ പറഞ്ഞിട്ടു കാര്യമില്ല. നമ്മുടെ സംസ്കാരത്തിനുതന്നെ എന്തോ പാകപ്പിഴയുണ്ട്. കോടികൾ കക്കുന്നവരെയും കൊലപാതകികളെയും ബഹുമാനിക്കുകയും വിശപ്പു സഹിക്കാനാവാതെ കഞ്ഞിവെള്ളം കട്ടവനെ തൂക്കിലേറ്റുകയും ചെയ്യുന്ന പാരമ്പര്യം.

അയാൾ ആ രംഗം ഒരിക്കൽക്കൂടി ഓർത്തു. ടോർച്ചു വെളിച്ചത്തിന്റെ കേന്ദ്രബിന്ദുവിൽ അരയ്ക്കു താഴെ നഗ്നരായിക്കിടക്കുന്ന രണ്ടു രൂപങ്ങൾ. മുകളിൽ നിന്നുള്ള മുക്കാലപ്പാട്ടിന്റെ ബഹളത്തിലും പ്രകാശധാരയ്ക്കുമിടയിൽ തുടരാനും നിർത്താനും വയ്യാത്ത ചലനത്തിന്റെ അമ്പരപ്പിൽ രണ്ടു നഗ്നരൂപങ്ങൾ.

കൊടുത്ത പണം നഷ്ടമായതിന് അയാൾ ഫ്‌ളാറ്റുനിവാസികളെ പ്രാകിക്കാണും. അവൾക്ക് തൽക്കാലം ഒന്നും നഷ്ടപ്പെട്ടിട്ടുണ്ടാവില്ല. ആദ്യം തന്നെ പണം എണ്ണി വാങ്ങുക എന്നത് അവളുടെ പ്രാരംഭ ചടങ്ങുകളുടെ പ്രധാനപ്പെട്ട ഭാഗമാണ്.

പിറ്റേന്നു രാത്രി വാർത്തകൾ കേൾക്കുന്നതിനിടയിൽ രമ വന്ന് പറയുംവരെ അവൾ ഇനി ആ പറമ്പിലേക്കു വരില്ലെന്നായിരുന്നു രാമചന്ദ്രന്റെ വിചാരം. എന്തോ അയാൾക്ക് വളരെ സന്തോഷം തോന്നി. അവൾ പട്ടിണി കിടക്കില്ലല്ലൊ. ഒന്നും മാറിയിട്ടില്ലെന്ന തോന്നൽ. എന്തായാലും അന്നുമുതൽ രാമചന്ദ്രൻ അവളെ ശ്രദ്ധിക്കാൻ തുടങ്ങി. ജീവിതത്തിന്റെ തനിക്കു പരിചയമില്ലാത്ത ഒരു വശം മുമ്പിൽ തുറന്നിടുകയാണ്. ഒന്നെത്തി നോക്കുകയേവേണ്ടൂ. നോക്കിക്കൊണ്ടിരിക്കെ അയാൾക്ക് അവളെപ്പറ്റി ഒരു പാടു കാര്യങ്ങൾ മനസ്സിലായി.

അവൾ അന്തിയുറങ്ങിയിരുന്നത് തിരിവിൽഉള്ള ഒരു പീടികത്തിണ്ണയിലായിരുന്നു. ഒപ്പം മുടന്തുകാലുള്ള ഒരാളുമുണ്ട്. അവളുടെ ഭർത്താവാണോ കൂട്ടിക്കൊടുപ്പുകാരനാണോ അതോ രണ്ടും ചേർന്നുള്ള ഒരു തസ്തികയോ ആണ്.

പച്ചക്കറിക്കടയിലെ സംസാരത്തിൽ നിന്ന് അവർ ഭാര്യാഭർത്താക്കന്മാരാണെന്നു മനസ്സിലായി. അവർ അന്തിയുറങ്ങിയിരുന്നതും ബിസിനസ്സ് ചെയ്തിരുന്നതും ആ കടയുടെ തിണ്ണയിലായിരുന്നുവെന്നും എങ്ങനെ അവരെ അവിടെനിന്ന് ഓടിച്ചെന്നും കടക്കാരൻ ഒരു പതിവുകാരന് വിവരിക്കുകയായിരുന്നു.

‘എന്തൊക്കെ വൃത്തികേടുകളായിരുന്നു. ഇപ്പോ അതാ ആ പറമ്പിലാണ് അവളുടെ ബിസിനസ്സ്. മുടന്തൻ ഭർത്താവും ഒപ്പംണ്ട്, കൂട്ടിക്കൊടുക്കാൻ.’

രാത്രി ഏഴുമണികഴിഞ്ഞാൽ അയാൾ തന്റെ മുടന്തുകാലും വച്ച് നിരത്തിൽ നടക്കുന്നതുകാണാം. അങ്ങനെ നടന്നുകൊണ്ടിരിക്കെ അയാളുടെ ഒപ്പം വേറൊരാൾ കൂടുന്നു. കുശുകുശുക്കലുകൾ. പറമ്പിന്റെ ഗെയ്റ്റിനു പുറത്ത് പതിവുകാരനെ നിർത്തി ഒന്നുമറിയാത്തപോലെ മുടന്തൻ നടന്നുപോകുന്നു. താമസിയാതെ അവൾ എത്തുന്നു.

ഞായറാഴ്ചകൾ കൊയ്ത്തു ദിവസങ്ങളാണ്. അന്ന് ഏഴുമണിയോടെ പൊതുവേ വിജനമായിരുന്ന തെരുവിൽ ഒരു പ്രത്യേകതരം തിരക്കു വരുന്നു. തലങ്ങു വിലങ്ങും ആൾക്കാർ നടക്കുന്നു. ലക്ഷ്യമില്ലാതെയുള്ള നടത്തം. സൂക്ഷിച്ചുനോക്കിയപ്പോൾ ഒരു കാര്യം മനസ്സിലായി. ഒരേ ആൾക്കാരാണ് തിരക്കു സൃഷ്ടിക്കുന്നത്. ലക്ഷ്യമില്ലാതെയല്ല, എന്തോ ലക്ഷ്യം വച്ചുതന്നെയാണവരുടെ നടത്തം. അതിനിടയ്ക്ക് മുടന്തൻ ഓരോരുത്തരുടെ അടുത്തുചെന്ന് കുശുകുശുക്കുന്നു. രാമചന്ദ്രന് കാര്യം പിടികിട്ടി. ഏതു ബിസിനസ്സുകാരനും അസൂയ തോന്നിയേക്കാവുന്നത്ര അധികം പതിവുകാർ. എട്ടുപേരെ എണ്ണിയതോടെ രാമചന്ദ്രന്റെ എണ്ണം തെറ്റി. പിന്നെയും ആൾക്കാർ ക്യൂ നിൽക്കുകതന്നെയാണ്.

ഏഴുമണിമുതൽ പത്തുമണിവരെ നിരീക്ഷണം നടത്തിയ രാമചന്ദ്രന് അവസാനം കിട്ടിയത് ഒരു ഞെട്ടലായിരുന്നു. തെരുവു വിജനമായി. അവൾ ഗെയ്റ്റിനുള്ളിൽ പതുങ്ങിനിന്നു. ഗെയ്റ്റിനുപുറത്ത് ഭർത്താവ് നടക്കുന്നു. പത്തു മിനിട്ടുനേരം വരാൻ സാദ്ധ്യതയുള്ള പതിവുകാർക്കുവേണ്ടി കാത്തുനിന്നശേഷം അയാൾ ഗെയ്റ്റ് കടന്ന് പറമ്പിലേക്കുവന്നു. ഒപ്പം അവളും അവർ വന്ന് ഇഷ്ടിക അടുക്കിനു പിന്നിൽ എത്തി. അവിശ്വസനീയമായ കാഴ്ച കാണുമ്പോഴുണ്ടാകുന്ന ഞെട്ടൽ രാമചന്ദ്രനു നൽകിക്കൊണ്ട് അവർ വസ്ത്രങ്ങൾ അഴിക്കാൻ തുടങ്ങി.

ഭാര്യയും ഭർത്താവും!

വേശ്യാവൃത്തിയെപ്പറ്റി തനിക്കും പരമേശ്വരനും ഉള്ള സങ്കല്പങ്ങളല്ല മറ്റുള്ളവർക്ക് എന്നു തീർച്ചയായി. അവളെ പറമ്പിൽനിന്ന് ഓടിക്കാനുള്ള ഒരു മാസ്റ്റർ പ്‌ളാൻ തയ്യാറാക്കിക്കൊണ്ടിരിക്കെ മഴ വന്നു. വേനലിന്റെ കാഠിന്യം കുറച്ചുകൊണ്ട് പെയ്ത മഴ ദിവസങ്ങളോളം നീണ്ടുനിന്നു. മഴ കുറെ പ്രശ്നങ്ങൾ പരിഹരിച്ചു. പുതിയ പ്രശ്നങ്ങൾ ഉണ്ടാക്കി. നിരത്തും പറമ്പും വെള്ളം നിറഞ്ഞുനിന്നു. രാത്രി തവളകളുടെയും ചീവിടിന്റെയും ശബ്ദം ഉയർന്നുകേട്ടപ്പോൾ അയാൾ മുക്കാലപ്പാട്ടുകളുടെ അപശ്രുതിയിൽ മുങ്ങാറുള്ള ടെറസ്സ് പാർട്ടികൾ ഒട്ടു ഗൃഹാതുരത്വത്തോടെ ഓർക്കും.

മഴ പെയ്തു കൊണ്ടിരുന്നു. മഴയിൽ ഓർമ്മകൾ അലിഞ്ഞില്ലാതായി. ശേഷിച്ചത് ഇന്നിന്റെ ശല്യങ്ങളും നാളെയെപ്പറ്റിയുള്ള ആശങ്കകളും മാത്രം.

മിഥുനവും കർക്കിടകവും കഴിഞ്ഞു. ചിങ്ങത്തിൽ ഒരു നാൾ രാമചന്ദ്രൻ ബാൽക്കണിയിൽ നിൽക്കുമ്പോഴാണ് അതു കേട്ടത്. ഒരു കുഞ്ഞിന്റെ കരച്ചിൽ. പിറന്ന് അധികനാളാവാത്ത ഒരു കുഞ്ഞ്. അയാൾ പറമ്പിന്റെ ഇരുട്ടിലേക്ക് ഉറ്റുനോക്കി. ആദ്യമായി കാണുന്നപോലെ അയാൾ ആ പറമ്പ് നോക്കിക്കണ്ടു. ഒരറ്റം മുതൽ മറ്റെ അറ്റം വരെ. നിറയെ പാഴ്ച്ചെടികൾ വളർന്നതൊഴിച്ചാൽ കാര്യമായ മാറ്റമൊന്നുമില്ല. വെള്ളക്കെട്ട് എന്നേ ഒഴിഞ്ഞുപോയിരുന്നു. ആ പറമ്പ് ശ്രദ്ധിക്കാറില്ലെന്ന് അപ്പോഴേ മനസ്സിലായുള്ളു.

കുഞ്ഞിന്റെ കരച്ചിൽ വന്നത് പറമ്പിൽനിന്നു തന്നെയായിരുന്നു. അവിടെ ഒരു തുണി വിരിച്ചതിൽ ഒരു പിഞ്ചു പൈതൽ കൈയും കാലുമിട്ടടിച്ച് കരയുകയാണ്. നോക്കിക്കൊണ്ടിരിക്കെ ആ കുഞ്ഞിന്റെ അമ്മ വന്ന് അതിനെ എടുത്തു മുല കൊടുത്ത് വീണ്ടും എഴുന്നേറ്റുപോയി.

അതവളായിരുന്നു. പത്തു മിനിട്ടിനകം അവൾ തിരിച്ചുവന്നത് ഒരു പതിവുകാരന്റെ ഒപ്പമായിരുന്നു.

ഇഷ്ടികയുടെ അട്ടി ഇപ്പോഴും അവിടെയുണ്ട്. പഴയ ദിവസങ്ങൾ തിരിച്ചുവന്നപോലെ. രാത്രി ഏഴെട്ടുമണിയായതോടെ ലക്ഷ്യമില്ലാതെ എന്ന പ്രതീതി നൽകി പരമലക്ഷ്യത്തോടെ നടക്കുന്ന പുരുഷന്മാർ തിരിച്ചെത്തി. എന്നിട്ടും എന്തോ പോരായ്മയുണ്ടെന്ന് മനസ്സു പറഞ്ഞു. ശരിയാണ്. മുടന്തനെ കാണാനില്ല. അയാൾ അവളെ ഉപേക്ഷിച്ചു കാണും. അഥവാ മറിച്ചും ആകാം.

അല്ലെങ്കിൽ ഇതിലൊക്കെ എന്തിരിക്കുന്നു?

back to index

# ഒരു തണുത്ത കാറ്റായി അവൻ

**പു**റത്ത് മേടച്ചൂടിൽ ഉച്ച മയങ്ങിക്കിടന്നു. ജനലിലൂടെ വല്ലപ്പോഴും കടന്നുവരുന്ന ചൂടുകാറ്റിന് റബ്ബർ പാലിന്റെയും ശീമക്കൊന്നയുടെ വാടിയ ഇലയുടെയും വാസനയാണ്. രാജു എന്റെ അടുത്തുതന്നെ കാവിയിട്ട നിലത്ത് കിടക്കുകയാണ്. ചൂടുകാരണം അവൻ ബനിയൻ നെഞ്ചുവരെ ഉരിഞ്ഞുമാറ്റിയിരുന്നു. അതവന്റെ സ്വഭാവമാണ്. നഗ്നമായ വയറിൽ വിരൽത്തുമ്പുകൊണ്ട് മൃദുവായി ഉരസും. ആത്മാവിനെ തലോടലാണെത്രെ. അവൻ ഇടക്കിടയ്ക്ക് തലപൊന്തിച്ച് അടുത്ത മുറിയിൽ കട്ടിലിൽ കിടക്കുന്ന അമ്മയെ നോക്കി. അമ്മായി ഒരു വാരിക വായിച്ചുകൊണ്ടു കിടക്കയാണ്. ഇടതുകൈയ്യിലെ വിശറി ഇടക്കൊന്നു ചലിക്കും. കുറച്ചുകൂടി കഴിഞ്ഞാൽ വിശറി അവരുടെ കൈയിൽ നിന്നു വഴുതി വീഴും. പിന്നാലെ വാരികയും. രാജു അതിനുവേണ്ടി കാത്തിരിക്കയാണ്. കിടക്കുന്നതിനുമുമ്പ് അമ്മായി താക്കീതു തന്നതാണ്. ഉച്ചയ്ക്കു പുറത്തൊന്നും ഇറങ്ങരുതെന്ന്. പടർന്നുപിടിച്ച മാവിന്റെ തണലുള്ള മുറ്റത്ത് ഗോട്ടിക്കുഴികൾ ഞങ്ങൾക്കായി കാത്തുകിടക്കുന്നു. മാവിന്റെ പൊത്തിൽ ഒളിപ്പിച്ചുവെച്ച ഗോട്ടികൾ എടുക്കാൻ കൈതരിച്ചു.

രാജു തോണ്ടിവിളിച്ചു 'വാ'

അമ്മായിയുടെ കൈയ്യിൽനിന്നു വിശറിവീണുപോയിരുന്നു. വാരിക കൈയിൽതന്നെ മാറോടു ചേർത്തുവെച്ച് അവർ ഉറക്കമായി. ശബ്ദമുണ്ടാക്കാതെ ഞങ്ങൾ വാതിൽ തുറന്നു പുറത്തുകടന്നു. ഗോട്ടികൾ കൈയിൽ കിരുകിരുപ്പുണ്ടാക്കി. രാജു ഒരു കുഴിയിൽനിന്നു മറ്റൊരുകുഴിയിലേക്ക് ഒരു കുരങ്ങന്റെ പാടവത്തോടെ ചാടാൻ തുടങ്ങി. സ്ഥിരം കളിക്കാരനായിരുന്ന രാജുവിന് ഞാൻ സമനായിരുന്നില്ല. നാട്ടിൽ എനിക്കു കൂട്ടുകാർ കുറവാണ്. വീട്ടിൽ ഒപ്പം കളിക്കാൻ ആരുമില്ല. സ്കൂളിലാകട്ടെ വളരെ സമർത്ഥരായ കൂട്ടുകാരുടെ ഒപ്പം കളിക്കുക വിഷമമായിരുന്നു. തോറ്റാൽ കുഴിക്കു മുമ്പിൽ മുഷ്ടി വെച്ചുകൊടുക്കണം. ജയിച്ചവർ ഓരോരുത്തരായി ഗോട്ടികൊണ്ടടിക്കും. ഒട്ടും മയമില്ലാതെയാണ് അവർ അടിക്കുക. ചിലപ്പോൾ കൈ പൊട്ടി ചോരയൊലിക്കും. വേദനയോടൊപ്പം അപമാനവും സഹിക്കണം. രാജുവിന്റെ ഒപ്പം കളിക്കുമ്പോൾ ആ വിഷമങ്ങളൊന്നുമില്ല. അതുകൊണ്ട് വേനലവധിയിൽ അമ്മാമന്റെ ഒപ്പം താമസിക്കാൻ വന്നാൽ രാജുവിന്റെ കൂടെ കളിക്കാൻ കിട്ടുന്ന ഒരവസരവും പാഴാക്കില്ല.

ബംഗ്ലാവ് ഒരു ചെറിയ കുന്നിന്റെ നെറുകയിലാണ്. എസ്റ്റേറ്റ് നിറയെ ചെറിയ കുന്നുകളാണ്. ഒരു കുന്നിറങ്ങിയാൽ വേറൊരു കുന്ന്. കുന്നുകളുടെ മുകളിലാണ് റാട്ടയിലെ ഉയർന്ന ഉദ്യോഗസ്ഥൻമാർ താമസിക്കുന്ന ബംഗ്ലാവുകൾ. താഴ്ന്ന ജോലിക്കാർ താമസിക്കുന്നത് താഴ്‌വരയിലെ പാടിയിലാണ്.

ബംഗ്ലാവിനു ചുറ്റും രാത്രി പന്നി കയറാതിരിക്കാൻ മുൾവേലി കെട്ടിയിരുന്നു. അവയ്ക്കിടയിൽ ശീമക്കൊന്ന പച്ച പിടിച്ചുനിന്നു. മുള്ളുവേലിക്കപ്പുറത്ത് കുന്നിൻചെരുവിൽ റബ്ബർ മരങ്ങൾക്കിടയിൽ രാവിലെ ടാപ്പർമാർ കത്തിയും ബക്കറ്റുമായി നടന്നു. അരയിൽനിന്നു കത്തിയെടുത്ത് മരത്തിന്മേലുള്ള മുറിവു പുതുക്കും. റബ്ബറിന്റെ ജീവരക്തം വാർന്നൊഴുകാൻ തുടങ്ങും.

എട്ടരയ്ക്ക് റാട്ടയിൽനിന്ന് സൈറ ൺ കേൾക്കും. പിന്നെ ഉച്ചയ്ക്കും വൈകുന്നേരവും ഇടവേളകളിലും സൈറൺ, ആ പടുകൂറ്റൻ യന്ത്രത്തിന്റെ അലമുറപോലെ കേൾക്കാം. ശ്രദ്ധിച്ചാൽ റാട്ടയുടെ ഭീമൻ ചക്രങ്ങൾ ഞരങ്ങുന്ന ശബ്ദവും കേൾക്കാം.

പുറത്തെ ചൂടിൽ പത്തുമിനിറ്റു കളിച്ചപ്പോഴേക്കും ഞങ്ങൾ, വിയർത്തുകുളിച്ചു. രാജു ബനിയൻ ഊരി മാവിന്റെ താഴ്ന്ന കൊമ്പിൽ തൂക്കിയിട്ടു. വെറും ട്രൌസർ മാത്രമായി അവൻ കുഴിയിൽനിന്നു കുഴിയിലേക്കു ചാടി. അവന്റെ കൊച്ചുവിരലുകൾ ഗോട്ടിയെ ലക്ഷ്യം തെറ്റാതെ നയിച്ചു; വഴിയിൽ കുഴികൾക്കിടയിൽ ഒരോർമ്മത്തെറ്റു പോലെ നിൽക്കുന്ന എന്റെ ഗോട്ടി അടിച്ചുതെറിപ്പിക്കുകയും ചെയ്തു. അവന്റെ പുറത്ത് വിയർപ്പുതുള്ളികൾ ചേർന്ന് ഒരരുവിയായി ഒലിച്ചിറങ്ങി.

പെട്ടെന്ന് അവൻ ചാടിയെഴുന്നേറ്റ് എന്റെ നേരെ നോക്കി. ഒരു തണുത്തകാറ്റു വന്ന് ഞങ്ങളെ തലോടി. വളരെ തണുത്തകാറ്റ്. ആരോ തണുത്ത വെള്ളത്തിൽ കുളിച്ചുവന്ന് ആശ്ലേഷിക്കുന്നപോലെ. ഈ മേടച്ചൂടിൽ ഇങ്ങനെ തണുത്തകാറ്റ്? ഞാൻ ചോദ്യപൂർവം രാജുവിന്റെ മുഖത്തുനോക്കി. അവനും കൈനീട്ടി ആ തണുത്തകാറ്റ് ഏറ്റുവാങ്ങുകയായിരുന്നു. അവൻ പറഞ്ഞു:

'ഇതു കണ്ടനാണ് !'

'കണ്ടനോ?'

'അതെ, കണ്ടൻ മലയിറങ്ങി വരാണ്.'

കാറ്റിൽ ഏതോ പൂവിന്റെ ഇളംസുഗന്ധം. അവൻ കളി നിർത്തി മുറ്റത്തുകൂടെ ഓടി കിടപ്പുമുറിയുടെ ജനലിന്മേൽ പൊത്തിപ്പിടിച്ചു കയറി. പിന്നാലെ ഞാനും. അമ്മായി നല്ല ഉറക്കമാണ്. രാജു താഴേക്കിറങ്ങി നടന്നു. പെട്ടെന്നവൻ അതൃപ്തനായ പോലെ തോന്നി. തണുത്തകാറ്റ് അപ്പോഴും വീശിക്കൊണ്ടിരുന്നു. പൊടിപടലങ്ങൾ ഉയർത്തിയ ആ കാറ്റ് അന്തരീക്ഷം തണുപ്പിച്ചു. മാറിയ അന്തരീക്ഷത്തിൽ ഗോട്ടികളിയൊന്നും പോരെന്ന മട്ടിൽ അവൻ ഗോട്ടി വലിച്ചെറിഞ്ഞു.

ഞാൻ ചോദിച്ചു:

'ആരാണു കണ്ടൻ?'

രാജു ഒന്നും പറയാതെ നടക്കുകയാണ്. അല്ല ഓടുകയാണ് അവൻ മുറ്റത്ത് ഒരറ്റം മുതൽ മറ്റെ അറ്റംവരെ തലങ്ങും വിലങ്ങും ഓടി. പെട്ടെന്ന് എന്റെ മുമ്പിൽ ബ്രേക്കിട്ടപോലെ നിന്നു.

'വാ നമുക്കു പാടിയിലേക്കു പോകാം'

രാജു നടന്നു കഴിഞ്ഞു. ട്രൌസർമാത്രം വേഷം. അവന്റെ പുറത്ത് ഒലിച്ചിറങ്ങിയിരുന്ന വിയർപ്പു തുള്ളികൾ ഇതിനകം വറ്റി. ട്രൌസറിന്റെ മുകൾഭാഗത്ത് അപ്പോഴും നനവുണ്ട്.

ചെയ്യാൻ പോകുന്ന കാര്യത്തെപ്പറ്റി എന്റെ അഭിപ്രായം ഒരിക്കലും അവൻ ചോദിച്ചിരുന്നില്ല. എനിക്കു പാടിയിൽ പോകാൻ താൽപര്യമുണ്ടായിരുന്നില്ല. കാരണം അവിടെ രാജുവിന്റെ കൂട്ടുകാരുടെ ഇടയിൽ ഞാൻ ഒറ്റപ്പെടും.

കുന്നിറങ്ങി താഴെ കാവിയുടുത്ത നിരത്തിലെത്തിയപ്പോൾ വലത്തോട്ട് പാടിയിലേക്ക് തിരിയാതെ അവൻ നേരെ നടന്നു. മുമ്പിലെ കുന്നുകയറാൻ തുടങ്ങി. കിഴക്ക് ഉയർന്നുനിൽക്കുന്ന ആ കുന്നുകാരണം രാവിലെ സൂര്യൻ വൈകിയേ ഞങ്ങളുടെ ചെറിയ കുന്നിൻമുകളിലെത്താറുള്ളു. ആ കുന്നാണ് തന്റെ മകനെ മടിയനാക്കുന്നതെന്ന് അമ്മാവൻ എപ്പോഴും പറയും.

ടാപ്പർമാർ നടന്നുണ്ടായ ഒറ്റയടിപ്പാതയിലൂടെ അവൻ നടന്നുകയറി. കുന്നിനെ ചുറ്റിയുള്ള ആ പാത ഞങ്ങളെ നയിച്ചത് മറുപുറത്തേക്കായിരുന്നു. അപ്പോഴേക്കും കുന്നിന്റെ പകുതി കയറി കഴിഞ്ഞു. മറുപുറത്തെ കാഴ്ച മനോഹരമായിരുന്നു. കിഴക്ക് സഹ്യന്റെ നീലച്ചകൊടുമുടികൾക്കും മുമ്പെ ഉയർന്ന മലകൾ. പച്ചപ്പുതപ്പു പുതച്ച മലകൾ. അതിലൊന്നിനുനേരെ ചൂണ്ടിക്കൊണ്ട് രാജു ചോദിച്ചു.

'കുട്ടൻ ആ മല കണ്ടോ?

'ഏതു മല?'

'അതാ ഏറ്റവും മുകളില് ഒരമ്പലം കാണാനില്ലെ? അത്'

മലമുകളിൽ മരങ്ങൾ കുറവായിരുന്നു. തുറന്ന സ്ഥലത്ത് ഏതാണ്ട് മലയുടെ നെറുകയിൽതന്നെ താഴികക്കുടമുള്ള ഒരു ചെറിയകെട്ടിടം കണ്ടു. അമ്പലമായിരിക്കണം.

'ആ അമ്പലത്തിനു മുമ്പിൽ ഒരാളു നിൽക്കുന്നതു കണ്ടോ?'

സൂക്ഷിച്ചു നോക്കിയപ്പോൾ അവിടെ ഒരാൾരൂപം കാണാൻ കഴിഞ്ഞു. ഒരു കൈ ഉയർത്തിയ മട്ടിൽ ഒരാൾരൂപം.

'അതാണു കണ്ടൻ.'

അവൻ തിരിഞ്ഞു നടക്കാൻ തുടങ്ങി. നടക്കുകയല്ല. ഓടുകയാണ്. എനിക്കു കുറച്ചുനേരംകൂടി അവിടെനിന്ന് ആ ദൃശ്യം ആസ്വദിക്കണമെന്നുണ്ടായിരുന്നു. പക്ഷെ രാജു കുന്നിൻചെരിവിലെ ചരൽപ്പാതയിലൂടെ ഓടുകയായിരുന്നു. അവൻ കാർ ഓടിക്കുകയാണ്. കൈകൾ സ്റ്റീയറിംഗ്‌വീലിൽ ഉറപ്പിച്ചിരിക്കുകയാണ്. ഇടയ്ക്കിടക്ക് ഗീയർ മാറ്റുന്നുമുണ്ട്. ഞാനും ഒരു കാറിൽ കയറി പിന്നാലെ പോകാൻ നിർബ്ബന്ധിതനായി.

പാടിയിൽ നിരവീടുകൾക്കു മുമ്പിൽ കുട്ടികൾ കളിക്കുകയാണ്. അവിടെ എത്തിയതും രാജു എന്നെ തീരെ അവഗണിച്ചു, കൂട്ടുകാരോടൊപ്പം കളിക്കാൻ തുടങ്ങി. അവരുടെ ഒപ്പം കൂടുക വിഷമമാണ്. ആദ്യമായി എന്തു കളിയാണെന്നു മനസിലാക്കണം. പിന്നെ പഠിച്ചുവരുമ്പോഴേക്ക് തിരിച്ചുപേകേണ്ട സമയമാവും.

കഥ പറയുന്ന കിഴവൻ നടന്നുവരുന്നുണ്ട്. പുതപ്പുകൊണ്ടു പുതച്ച് കഞ്ചാവുബീഡി വലിച്ച് അയാൾ നടന്നുവന്നു. എന്റെ അടുത്തെത്തിയപ്പോൾ നിന്നു, കുനിഞ്ഞ് മുഖം എന്റെ വിതാനത്തിലേക്കു താഴ്ത്തി നോക്കി.

'ഇതാര് നമ്മുടെ ദേശാടനക്കിളിയല്ലേ?'

അയാൾ എന്നെ ദേശാടനക്കിളിയെന്നാണു വിളിക്കാറ്. വേനലിൽ പറന്നുവരികയും മഴയുടെ ആരംഭത്തോടെ തിരിച്ചുപോകയും ചെയ്യുന്ന പക്ഷി.

ആ വിളിയിൽ ആക്ഷേപാർഹമായി ഒന്നും ഞാൻ കണ്ടില്ല. ശരിക്കു പറഞ്ഞാൽ ഒരു ദേശാടനക്കിളിയുടെ നിഷ്ഠയോടെ ഞാൻ താമരശ്ശേരി ചുരത്തിനടുത്തുള്ള റബ്ബർതോട്ടത്തിലെത്തുന്നു. കാലവർഷത്തിന്റെ ലക്ഷണങ്ങൾ കാണുമ്പോൾ തിരിച്ചുപോവുകയും ചെയ്യുന്നു.

അയാൾ ചുറ്റും ഒളിഞ്ഞു നോക്കി സ്വകാര്യം പറഞ്ഞു.

'പൊകലയ്ക്കുള്ള കാശ് കൊണ്ടുവന്നിട്ടുണ്ടോ?'

ഞാൻ ഇല്ലെന്നു തലയാട്ടി. പാടിയിലേക്കു വരാനുള്ള ഉദ്ദേശ്യം ആദ്യമേ ഉണ്ടായിരുന്നുവെങ്കിൽ ഞാൻ ഒരു ഓട്ടമുക്കാലോ അരയണയോ പോക്കറ്റിൽ കരുതിയേനെ, ഐസ് ഫ്രൂട്ട് വാങ്ങാൻ.

'അപ്പോ ഇനി എന്താ ചെയ്യാ? മോൻ കീശയിലൊക്കെ തപ്പിനോക്ക്.'

ഞാൻ ട്രൌസറിന്റെ, കീശയുടെ ശീല പുറത്തെടുത്തു കാണിച്ചു.

'നിങ്ങളെന്തിനാണ് പുതച്ചു നടക്കുന്നത്?'

'ഈ കണ്ടൻ വന്നു കയറിയാൽ അങ്ങിനെയാ. വേലായുധനു പുതപ്പൊക്കെവേണം; വയസായില്ല്യേ?'

'കണ്ടനോ?'

കണ്ടന്റെ കാര്യം രാജുവും പറഞ്ഞിരുന്നു. അതും തണുപ്പുമായി ബന്ധം?

'ഞാ ഇത്രകാലായിട്ട് കണ്ടനെ അറിയില്ലേ?' അയാൾ വീണ്ടും തലകുനിച്ചു സ്വകാര്യം പറഞ്ഞു. 'നാളെ ഒരരയണ കൊണ്ടുവര്വോ?

'കൊണ്ടുവരാം' ഞാൻ കള്ളം പറഞ്ഞു. നാളെ വരുമോ എന്നുറപ്പുണ്ടായിരുന്നില്ല.

'ന്നാ ഞാൻ കണ്ടന്റെ കഥ പറയാം.'

വേലായുധൻ ജുബ്ബയുടെ കീശയിൽനിന്ന് കഞ്ചാവു ബീഡിയെടുത്ത് കൊളുത്തി. പുകച്ചുരുളിലൂടെ കാലം പിറകോട്ട് സഞ്ചരിച്ചു. നാലു നൂറ്റാണ്ടുകൾ, അറിയപ്പെടാത്ത നാളുകൾ, അറിയപ്പെടാത്ത ദേശങ്ങൾ, അറിയപ്പെടാത്ത ആളുകൾ.

സായ്പ്പന്മാർ വന്നിട്ട് ഈ കുന്നൊക്കെ വെട്ടിത്തെളിയിച്ച് റബ്ബറ് നടുംമുമ്പ് ഇവിടൊക്കെ കാടായിരുന്നു. പെരുങ്കാട്. ഇവിട്ന്ന് നാലു കാതം പടിഞ്ഞാറ് കാട് അവസാനിക്കുന്നിടത്ത് ഒരു വലിയ നായർ തറവാടുണ്ടായിരുന്നു. തെക്കെകുന്നത്ത്ന്ന് പറയും. പേരുകേട്ട കുടുംബായിരുന്നു. ഇന്നും അവര്ടെ താവഴികള് പലതും അവിടെ താമസി

ക്ക്ണ്ണ്ട്. അവരായിരുന്നു ഈ പ്രദേശത്തെ ജന്മിമാര്. നാടുഭരിക്കണ രാജാക്കന്മാര് ഓരോ കാലത്തായി ചാര്ത്തിക്കൊടുത്തതാ ഈ സ്വത്തൊക്കെ.

പടിഞ്ഞാറ് കണ്ണെത്താദൂരം പാടങ്ങൾ. കൊയ്ത്തു കഴിഞ്ഞാൽ തറവാട്ടിലെ കളപ്പുരയിൽ നെല്ലിന്റെ വലിയകുന്നുകളുണ്ടാവും. ഒരു തെരണ്ടു കല്യാണത്തിനുപോലും പത്തുപറ അരിയുടെ സദ്യ ഒരുക്കിയിരുന്നു. നൂറ്റൊന്നു പരദേവതകളെ ആ എട്ടുകെട്ടിലും പറമ്പിലുമായി കുടിയിരുത്തിയിരുന്നു. അവർക്ക് ആണ്ടിലൊരിക്കൽ വെവ്വേറെ പൂജ നടത്തി. കാരണവർ ആജാനബാഹു ആയിരുന്നു. നിലത്തുനിന്നാൽ ആകാശം മുട്ടും. അദ്ദേഹത്തെ എല്ലാർക്കും പേട്യായിരുന്നു. വീട്ടുകാർക്കും, കുടിയാൻമാർക്കും, പാടത്തും പറമ്പിലും ജോലി എടുത്തിരുന്നോർക്കും. ആ കാരണവരുടെ ഏക മരുമകളായിരുന്നു പതിനാലുവയസു പ്രായമുള്ള സുന്ദരിയായ ലക്ഷ്മി. ഈ കാണായ സ്വത്തിനു മുഴുവൻ അവകാശി. കാരണവർക്ക് ഭാഗ്യത്തിന് ഒരു മകനേയുള്ളു. അവന്റെ മുറപ്പെണ്ണായ ലക്ഷ്മി എല്ലാവരുടെയും കണ്ണിലുണ്ണിയായി വളർന്നു.

എട്ടുകെട്ട് കിടക്കുന്നത് നിറയെ മരങ്ങൾ തിങ്ങി നിൽക്കുന്ന ഒരു വലിയ പറമ്പിന്റെ നടുവിലാണ്. നിറയെ തെങ്ങുകൾ, മാവുകൾ, പ്ലാവുകൾ തുടങ്ങിയ വൃക്ഷങ്ങൾ. എങ്ങും പച്ചപ്പുമാത്രം. മുകളിലെ നിലയിൽനിന്ന് പറമ്പിലെ പച്ചപ്പ് നോക്കിയിരിക്കുക ലക്ഷ്മിയുടെ പതിവായിരുന്നു. ബന്ധുക്കളായ കുട്ടികൾ കളിച്ചു തിമിർക്കുമ്പോഴും ലക്ഷ്മി അവളുടെ മുറിയുടെ വാതായനത്തിലൂടെ പുറംലോകം നോക്കി സ്വപ്നം കാണും. അവളുടെ ഇടതൂർന്ന നീണ്ടതലമുടി ചുമലിലൂടെ ഉതിർന്നു കിടക്കും. നീണ്ടിടംപെട്ട മനോഹരമായ കണ്ണുകൾ പ്രകൃതിയുടെ സൗന്ദര്യം ഊറ്റിക്കുടിക്കും. പിന്നേയും എന്തിനോ വണ്ടി ദാഹിക്കും.

മഴക്കാലത്തിനുമുമ്പ് പറമ്പ് വൃത്തിയാക്കി തെങ്ങിന്റെ കടകീറാനായി ജോലിക്കാരെത്തി. തോർത്തുമുണ്ടും അതിനിടയിലൂടെ കാണുന്ന കൗപീനവും മാത്രം വേഷം. നീണ്ടപിടിയും വീതികൂടിയ അലകുമുള്ള കൈക്കോട്ടുമായി അവർ പറമ്പിൽ ജോലി തുടങ്ങി. അഞ്ചുപേർ, അഞ്ചുചെറുപ്പക്കാർ. അവർക്കിടയിൽ ഒരുത്തൻ ലക്ഷ്മിയുടെ ശ്രദ്ധ പിടിച്ചുപറ്റി. വിരിഞ്ഞമാറ്, ഒത്ത ഉയരം, മാറിലേയും കൈയിലേയും പേശികൾ വലിയ കണ്ണുകൾ ഉദിച്ചുനിന്നു. ചുമലിലെ വിയർപ്പ് ഉള്ളം കയ്യിൽ ഒപ്പിയെടുത്ത് കൈക്കോട്ടിന്റെ പിടിയിൽ അമർത്തി അവൻ വെട്ടുമ്പോൾ ഭൂമി വിറച്ചു. ഓരോ കൊത്തിനും ഭൂമിയിൽ ഒരു പാതാളം ഉണ്ടായി. കൈക്കോട്ട് ആകാശത്തേക്കുയർത്തി വെട്ടുമ്പോൾ അവന്റെ പേശികൾ ഉരുണ്ടുകളിച്ചു. അവന്റെ വിയർത്ത ശരീരം വെയിൽ തട്ടിത്തിളങ്ങി.

ലക്ഷ്മിയുടെ മനസ്സിൽ ഒരു കരടിറങ്ങിവന്നു. ഹൃദയത്തിൽ അതു കിക്കിളിയുണർത്തി. നെഞ്ചിനുള്ളിൽ അതൊരു നൊമ്പരമായി വളർന്നു.

ഓരോ ദിവസവും സന്ധ്യാനേരത്ത് വല്ലിവാങ്ങാനായി ചെറുമക്കൾ മുറ്റത്ത് കാത്തുനിൽക്കുമ്പോൾ ലക്ഷ്മി അകായിലെ ജനലിലൂടെ നോക്കി, നീണ്ടിടംപെട്ട രണ്ടുകണ്ണുകൾ പൗരുഷമുള്ള രണ്ടു കണ്ണുകളുമായി ഇടഞ്ഞു.

പറമ്പു വൃത്തിയായിത്തുടങ്ങി. പണി പുരോഗമിക്കുംതോറും ലക്ഷ്മിയുടെ ഉള്ളിലെ വേദനയും വളർന്നു. അവസാനദിവസം ഉച്ചക്കഞ്ഞിക്കായി ജോലിക്കാർ വീടിനു പിന്നിലൂടെ നടന്നുവരുമ്പോൾ ലക്ഷ്മി അവളുടെ മുറിയിലെ ജനലിലൂടെ നോക്കി. അവൻ പിന്നിൽ ഒറ്റയ്ക്ക് നടന്നുവരുന്നു. അവന്റെ കണ്ണുകൾ മുകളിലേക്ക് നീണ്ടു. നാലു കണ്ണുകൾ സംസാരിച്ചു.

ലക്ഷ്മി തലയിൽ ചൂടിയ മുല്ലപ്പൂമാല പറിച്ചെടുത്ത് ജനലിന്റെ അഴിയിലൂടെ കയ്യിട്ട് മുറ്റത്തേക്കെറിഞ്ഞു. കണ്ടൻ നിന്നു. കാൽക്കൽ വീണ മുല്ലമാല എന്തുചെയ്യണമെന്നറിയാതെ അവൻ കുഴങ്ങി. ആരെങ്കിലും കണ്ടാൽ തന്റെ കഥ കഴിഞ്ഞതു തന്നെ. അവൻ ചുറ്റും നോക്കി, മുകളിലേക്കും. ജനലിനുപിന്നിൽ മന്ദഹസിക്കുന്ന രണ്ടു കണ്ണുകൾ. പിന്നെ അവൻ സംശയിച്ചില്ല. ആ മാല പെട്ടെന്ന് കയ്യിലെടുത്ത് വാസനിച്ച് തോർത്തിന്റെ കോന്തലയിൽ തിരുകി അവൻ നടന്നു.

കാലവർഷം നേരത്തെ തുടങ്ങി. കരുത്തേറിയ രണ്ടുകൈകൾ തുറന്നിട്ട തെങ്ങിന്റെ കടയിലും തൊടിയിലും വെള്ളം നിറഞ്ഞു. തവളകളുടെ സംഗീതമുയർന്നു. രാത്രി ആരവത്തോടെ കാറ്റുംമഴയും വന്നപ്പോൾ കിടപ്പുമുറിയിൽ ഉറക്കം വരാതെ ലക്ഷ്മി കിടന്നു. കരിങ്കൽ പ്രതിമപോലുള്ള ഒരു പുരുഷരൂപം അവളുടെ ഉറക്കം കളഞ്ഞിരുന്നു. അവളുടെ ആജ്ഞ കേൾക്കാൻ കാതോർത്തിരുന്ന തോഴിമാർക്ക് കൊച്ചുതമ്പുരാട്ടിയുടെ വിഷമങ്ങൾ മനസ്സിലായില്ല. അവളെ സന്തോഷിപ്പിക്കാൻ ചെയ്ത ശ്രമങ്ങൾ പാഴിലായി.

ഈറൻ സന്ധ്യകളിൽ അവൾ ഒറ്റക്കിരുന്ന് വിങ്ങിക്കരഞ്ഞു. മഴക്കാലം അവളുടെ ഹൃദയത്തെ തണുപ്പിക്കാതെ കടന്നുപോയി.

ആടിമാസസന്ധ്യകൾ എങ്ങോ പോയിമറഞ്ഞു. ആകാശം നീലയണിഞ്ഞു. ആവണിപ്പുലരികൾ പൂക്കളുമായി വന്നു. അത്തംനാളിൽ മുറ്റത്ത് പൂക്കളമുണ്ടാക്കാൻ കുട്ടികൾ മത്സരിച്ചപ്പോൾ ലക്ഷ്മി ഒഴിഞ്ഞുനിന്നു. കാണിക്കയായി ഏത്തക്കുലകളും മത്തനും ഇളവനും ചുമലിലേറ്റി ചെറുമക്കൾ വന്നപ്പോൾ അവളുടെ കണ്ണുകൾ ഒരാൾക്കുവേണ്ടി പരതി. അവൾക്ക് കാണേണ്ടയാൾ അവർക്കിടയിൽ ഉണ്ടായിരുന്നില്ല. അവൾ നിശ്ശബ്ദയായി തേങ്ങി.

തിരുവോണത്തിന്റെ തലേദിവസം അമ്പലത്തിൽനിന്നു തിരിച്ചുവരുമ്പോൾ മുമ്പിൽ നടക്കുകയായിരുന്ന കൂട്ടികാരികളിൽനിന്നുമകന്ന് പിന്നിൽ ലക്ഷ്മി ഒറ്റപ്പെട്ടുനടന്നു. കയ്യിലെ വെള്ളിത്തട്ടിൽ പൂജയ്ക്കുവച്ച പൂക്കൾ. പാതയുടെ ഒരുവശം വിശാലമായ വയലുകളും മറുവശം കാടുമായിരുന്നു. മരങ്ങൾ ഇടതൂർന്ന ആ പച്ചപ്പിനിടയിൽ ഒരു രൂപം കണ്ട് അവൾ പെട്ടെന്നു നിന്നു. അവളുടെ കാലുകൾ മണ്ണിൽ ഉറച്ചുപോയി. അവിടെ ഒരു കരിങ്കൽ പ്രതിമ പോലെ അനങ്ങാതെ നിൽക്കുന്നത് ലക്ഷ്മി കാണാൻ കൊതിച്ചിരുന്ന രൂപമായിരുന്നു. കൂട്ടുകാരികൾ അകന്നുപോയി ഒരു വളവിൽ അപ്രത്യക്ഷരായി. ഉറച്ചുപോയ കാലുകൾക്ക് ജീവൻ വന്നപ്പോൾ അവൾ നടന്നു. മുന്നോട്ടല്ല, മറിച്ച് വഴിയോരത്തെ വൃക്ഷങ്ങൾക്കിടയിലേക്ക്.

'തമ്പുരാട്ടീ,' അവൻ പറഞ്ഞു. 'എന്താണ് ചെയ്യുന്നത്?'

അവന്റെ സ്വരത്തിൽ പരിഭ്രമമുണ്ടായിരുന്നു. താൻ ആരാധിച്ചിരുന്ന ദേവതയുടെ സാമീപ്യം അവനിൽ ഉദ്വേഗം

വളർത്തി. ചെയ്യാൻ പാടില്ലാത്ത കാര്യമാണ് ആ പെൺകുട്ടിചെയ്യുന്നത്. അന്നൊന്നും ചെറുമക്കൾക്ക് നായന്മാരുടെ അടുത്തു ചെല്ലാൻ പാടില്ല. അബദ്ധത്തിലെങ്ങാൻ ഒരു ചെറുമനെ തൊട്ടാൽ കുളിച്ച് പുണ്യാഹം തളിച്ചേ വീട്ടിൽ കയറാനാകൂ. ഇവിടെ ഇതാ വയസ്സറിയിച്ച ഒരു കന്യക ഒരു ചെറുമന്റെ അടുത്ത് കൂസലില്ലാതെ വന്നു നിൽക്കുന്നു!

മുമ്പിൽ കാതരയായി നിൽക്കുന്ന ആ പെൺകുട്ടിയുടെ സൗന്ദര്യം അവനെ അസ്വസ്ഥനാക്കി.

കസവുമുണ്ട്. നഗ്നമായ മാറിൽ സ്വർണമാല. ആ സൗന്ദര്യത്തിൽ മുഗ്ദ്ധനായി കണ്ടൻ പറഞ്ഞു.

'തമ്പുരാട്ടി പോകൂ'

അവൾ കൂസലില്ലാതെ നിൽക്കുകയാണ്. ഇത്രയുംനാൾ അന്വേഷിച്ചുനടന്ന, ധ്യാനിച്ചുനടന്ന, ആ രൂപം മുമ്പിൽ വന്നുപെട്ടപ്പോൾ വിട്ടുപോകാൻ ഒരു ധൃതിയും അവൾ കാണിച്ചില്ല. അവൾ ചോദിച്ചു.

'എന്താ പേര്?'

'കണ്ടൻ.' അവൻ പറഞ്ഞു. 'അടിയന്റെ പേര് കണ്ടൻന്നാ.'

രാജു ഓടിവന്ന് എന്റെ സ്വപ്നാവസ്ഥ തകർത്തു.

'നമുക്ക് പോകാം. അച്ഛൻ വരേണ്ടനേരായി.'

തണുത്ത കാറ്റ് അപ്പോഴും വീശുന്നുണ്ട്. വേലായുധൻ പുതപ്പ് ഒന്നുകൂടി അടുപ്പിച്ച് കീശയിൽനിന്ന് ഒരു പുതിയ ബീഡി തപ്പിയെടുത്തു.

രാജു അദൃശ്യമായ കാർ സ്റ്റാർട്ടാക്കി, ഞാൻ കയറാൻവേണ്ടി അക്ഷമനായി നിൽക്കുകയാണ്. ഞാൻ എഴുന്നേറ്റു കാറിൽ കയറി. സമയത്തിന്റെ ദ്രുതവാഹനത്തിൽ ഞാൻ ഒരു വിമുഖയാത്രക്കാരനായിരുന്നു.

പിന്നിൽനിന്ന് വേലായുധൻ വിളിച്ചുപറഞ്ഞു. 'നാളെ വരുമ്പോൾ പൊകലയ്ക്കുള്ളകാശ് കൊണ്ടു വരണം. ബാക്കി കഥ പറഞ്ഞു തരാം.

ഞാൻ അപ്പോഴും വർത്തമാനകാലത്തിലെത്തിയിരുന്നില്ല. എനിക്ക് മുമ്പിൽ കാടിന്റെ പച്ചപ്പും അതിൽ വൃക്ഷത്തിനു താഴെ ഹൃദയം തുറക്കുന്ന കമിതാക്കളുമായിരുന്നു.

'എന്താടാ മോനെ നീ പറയാതെ പോയത്?'

അമ്മായി ചോദിച്ചു.

'അമ്മ ഉറങ്ങ്വായിരുന്നു.'

'ഭാഗ്യത്തിന് മാതു നിങ്ങളെ കണ്ടിരുന്നു. പാടിയിലുണ്ടെന്ന് അവളാ പറഞ്ഞത്.'

കണ്ടൻ വന്നപോലെത്തന്നെ പെട്ടെന്ന് തിരിച്ചുപോയി. ഇപ്പോൾ നല്ല ചൂടനുഭവപ്പെട്ടു. ഇനി രാത്രിയോടുകൂടി തണുക്കാൻ തുടങ്ങും. പകൽ എത്ര ചൂടായാലും രാത്രി തണുപ്പാണ്. ചുരുണ്ടുകൂടി ഉറങ്ങാൻ സുഖം. റാട്ടയുടെ ചക്രങ്ങൾ കറങ്ങുന്ന ശബ്ദം ഒരു പശ്ചാത്തലസംഗീതമായി കേൾക്കാം. കാറ്റിൽ റബ്ബർപാലിന്റെയും ശീമക്കൊന്നയുടെ ചതഞ്ഞ ഇലകളുടെയും കൂടിച്ചേർന്ന മണം വരും. ആ മണം ഞാൻ ആവോളം ആസ്വദിക്കും. പകൽ കുന്നുകൾ കയറിയിറങ്ങിയ അനുഭവം കാലുകളിൽ തങ്ങിനിൽക്കുന്നുണ്ടാവും. പൊന്നാനിയിൽ കുന്നുകൾ പോയിട്ട് ചെങ്കല്ലുകൾ കാണുന്നത് വീടുകളിലെ തേയ്ക്കാത്ത ചുവരുകളിൽ മാത്രമായിരുന്നു. മണൽ മാത്രം. വർഷം മുഴുവൻ ആ മണൽ ചവിട്ടി നടക്കുമ്പോൾ താമരശ്ശേരിയിൽ റബർ പാലിന്റെയും ശീമക്കൊന്നയുടെയും മണമുള്ള കുന്നുകൾ എന്നെ നിശ്ശബ്ദമായി വിളിക്കുന്നുണ്ടാവും.

വേലായുധൻ കാത്തുനിൽക്കുകയായിരുന്നു. ഒരു കീറിയ ബനിയനും മുണ്ടും മാത്രം വേഷം. പുതപ്പില്ല. ഞാൻ നീട്ടിയ ഒരണയുടെ നാണ്യം കയ്യിൽ വാങ്ങി തിരിച്ചുംമറിച്ചും നോക്കി, നല്ലതെന്നു തിട്ടപ്പെടുത്തി അയാൾ കീശയിലിട്ടു. അതേ കയ്യിൽത്തന്നെ പുറത്തെടുത്ത കഞ്ചാവുബീഡി തീപ്പെട്ടി ഉരസി കൊളുത്തി.

'അപ്പൊ നമ്മളെവിട്യാ നിർത്തീത്...? ഓ, അവൻ പറഞ്ഞു. അടിയന്റെ പേര് കണ്ടൻന്നാ.'

കാരണവർക്ക് നല്ല ഓർമ്മശക്തിയുണ്ട് അവിടെത്തന്നെയാണ് നിർത്തിയിരുന്നത്.

ഓൻ പിന്നീം പറഞ്ഞു. 'തമ്പുരാട്ടി പോകൂ.'

'എന്റെ പേര് തമ്പുരാട്ടീന്നല്ല.'

'അടിയന്നറിയാം' കണ്ടൻ പറഞ്ഞു. 'പക്ഷെ അടിയന് ആ പേര് പറയാൻ പാടില്ല. ഞങ്ങൾ ചെറുമക്കളാണ്.'

'കണ്ടൻ ഇത്രയും കാലം എവിട്യായിരുന്നു?' ഓണത്തിനും കണ്ടില്ലല്ലോ.'

ഞാൻ കൊച്ചുതമ്പുരാട്ടീനെ ദിവസവും കാണാറുണ്ട്. തമ്പുരാട്ടി അമ്പലത്തിലു പോവുമ്പം അടിയൻ ഇവിടെ നിന്നു നോ ക്കാറുണ്ട്. കൊച്ചുതമ്പുരാട്ടി ഇപ്പോ പോവു. ആരെങ്കിലും അന്വേഷിച്ചു വരും.

'കണ്ടനെ നാളെയും കാണ്വോ?'

'അടിയൻ ഇവിടെത്തന്നെയുണ്ടാവും തമ്പുരാട്ടി.'

കണ്ടനു കൂലിപ്പണിയിൽ താൽപര്യമുണ്ടായിരുന്നില്ല. കാട്ടിൽ അലയാനായിരുന്നു ഇഷ്ടം. അവൻ കാട്ടിൽപോയി വിറകുവെട്ടി, തേൻ ശേഖരിച്ചു. മുമ്പെല്ലാം അവൻ കാട്ടിൽ ഒന്നിച്ച് ദിവസങ്ങളോളം കഴിയാറുണ്ട്. പകൽ തേൻ ശേഖരിച്ചു നടക്കും. രാത്രി മരങ്ങളുടെ കവരങ്ങളിൽ ഉറങ്ങും. ലക്ഷ്മിയെ കണ്ടശേഷം ആ പതിവുനിർത്തി. രാവിലെ അവൾ അമ്പലത്തിൽ പോകു ന്ന സമയത്ത് എങ്ങനെയെങ്കിലും അവൻ എത്തും. ദേവീ ദർശനത്തിനായി ലക്ഷ്മി അമ്പലത്തിൽ പോയി, കണ്ടൻ അവന്റെ ദേവിയെ ദർശിക്കാനായി വഴിയോരത്തു മറഞ്ഞുനിന്നു.'

ലക്ഷ്മിക്കു പുറമെ കണ്ടൻ ആരാധിച്ചിരുന്ന ഒരു ദേവിയുണ്ടായിരുന്നു മലമുകളിൽ. കുന്നുമ്മൽ ഭഗവതി എന്നു നാട്ടുകാർ വിളിക്കുന്ന ഭഗവതി. ആ ഭഗവതീക്ഷേത്രത്തിൽ ചെറുമക്കൾക്കും ആരാധിക്കാമായിരുന്നു. മലമുകളിലായതുകൊണ്ട് അവിടെ നിത്യപൂജയൊന്നുമില്ല. ചില വിശേഷദിവസങ്ങളിൽമാത്രം പൂജാരി ഒരു സഹായിയേയും കൂട്ടി മലകയറും, അവിടെയൊക്കെ വെട്ടി വെടുപ്പാക്കി പൂജ നടത്തി തിരിച്ചുവരും. കാട്ടിൽ അലയുന്ന ചെറുമക്കളും കാടന്മാരും ദേവിയെ തൊഴുതുപ്രസാദിപ്പിച്ചു. ദേവി കനിഞ്ഞ് അവർക്ക് തേൻ മുറ്റിയ കൂടുകളുള്ള മരങ്ങളും കാട്ടുകിഴങ്ങുകളും എവിടെയാണെന്നു വെളിപ്പെടുത്തിക്കൊടുത്തു. അവരുടെയും മക്കളുടെയും ആധിവ്യാധികൾ മാറ്റിക്കൊ

ടുത്തു.

ദേവി ദിവസത്തിലൊരിക്കൽ തേരിലേറി മലയിറങ്ങും തന്റെ ജ്യേഷ്ഠസഹോദരിയെ കാണാൻ. കുറുമ്പക്കാവിലെ ഭഗവതിയാണ് സഹോദരി. ആ വരവിനു പ്രത്യേക സമയമൊന്നുമില്ല. അല്പം മന്ദബുദ്ധിയായതു കൊണ്ടായിരിക്കണം കുന്ന്മ്മൽ ഭഗവതിക്ക് തന്റെ ജ്യേഷ്ഠത്തിയുടെ ശ്രീകോവിൽ അടയ്ക്കുന്ന സമയം അറിയില്ല. ചിലപ്പോൾ അമ്പലത്തിലെത്തിയാലാവും പൂജകഴിഞ്ഞ് നട അടച്ചുകാണുക. പിന്നെ ദേവിയെ കാണാൻ പറ്റില്ല. അപ്പോൾ അനുജത്തി രോഷാകുലയായി തിരിച്ചുപോകും. ആ സമയത്ത് വഴിയിൽ ആരെങ്കിലുമുണ്ടെങ്കിൽ അപകടമാണ്. ഒരിക്കൽ കണിയാന്മാർ ഒന്നിച്ചിരുന്ന് അമ്പലമുറ്റത്ത് ദേവപ്രശ്നം വെച്ചുനോക്കിയപ്പോഴാണ് രണ്ടുസഹോദരിമാരുടെ ബന്ധത്തെപ്പറ്റിയും തേർവാഴ്ചയെപ്പറ്റിയും മനസ്സിലായത്. മലമുകളിൽനിന്നു താഴ്വരയിലുള്ള അമ്പലംവരെയുള്ള നേർരേഖയിലാണു തേർവാഴ്ച. ആൾക്കാർ കഴിയുന്നതും അതിനിടയിലുള്ള നടത്തം ഒഴിവാക്കുകയാണു പതിവ്.

കുന്ന്മ്മൽ ഭഗവതിയുടെ അമ്പലമുറ്റത്ത് ഒരു പൂമരമുണ്ട്. നല്ല വാസനയുള്ള പൂക്കൾ വിരിയുന്ന ആ മരം എന്താണെന്ന് ആർക്കും അറിയില്ല. വേറെ എവിടെയും ആ മരം കണ്ടിട്ടില്ല. ഭഗവതിപ്പൂവെന്നാണ് നാട്ടുകാർ ഇതിനെ വിളിക്കുന്നത്. അതിന്റെ പൂവറുക്കുന്നത് ഭഗവതിക്കിഷ്ടമല്ല.

ലക്ഷ്മിയെ കാണാൻ തുടങ്ങിയശേഷം കണ്ടൻ അമ്പലത്തിൽ മുമ്പത്തെപ്പോലെ പോയിരുന്നില്ല. അതു ശ്രദ്ധിച്ചിരുന്ന ഒരാളുണ്ടായിരുന്നു. ദേവി തന്നെ. ദേവി കണ്ടനെ ശ്രദ്ധിച്ചിരുന്നു. അവന്റെ ദൃഢമായ പേശികളുള്ള കറുത്ത് എണ്ണമയമുള്ള ദേഹം ഭഗവതി ഇഷ്ടപ്പെട്ടിരുന്നു. അതുകാരണം അവൾ കണ്ടന്റെ പാതയിലെ മുള്ളുകളെയും ഹിംസ്രമൃഗങ്ങളെയും മാറ്റിക്കൊടുത്തു. മരങ്ങളിൽ തേനെടുക്കാൻ കയറുമ്പോൾ തേനീച്ചകളെ മയക്കി നിർത്തി.

കണ്ടനെ മുന്നെപ്പോലെ കാ ണാറില്ലെന്നു ശ്രദ്ധിച്ചുവെങ്കിലും അതിന്റെ കാരണം ദേവിയ്ക്കു മനസ്സിലായിരുന്നില്ല. അവൾ പതിവുപോലെ തേരിൽ ജേഷ്ഠത്തിയെ കാണാൻ പോവുകയും നടയടച്ചുകണ്ട് രോഷാകുലയായി കലമ്പിക്കൊണ്ട് തിരിച്ചുപോകയും ചെയ്തു. ഒരു ദിവസം അങ്ങനെ തിരിച്ചുപോകുമ്പോഴാണ് ദേവി കണ്ടനെ കണ്ടത്. ഒരു മരച്ചുവട്ടിൽ വെള്ളിത്താലത്തിൽ പൂക്കളുമായി നിൽക്കുന്ന ഒരു സുന്ദരിയുടെകൂടെ, കണ്ടന്റെ കണ്ണുകളിൽ ആരാധനയും സുന്ദരിയുടെ കണ്ണുകളിൽ പ്രേമവുമുണ്ടായിരുന്നു. ഭഗവതിക്ക് അസൂയയായി. അവൾ കൂടുതൽ രോഷാകുലയായി തേരോടിച്ചുപോയി. ഇതു വീണ്ടും വീണ്ടും ആവർത്തിച്ചു. ഭഗവതിയുടെ കോപം കൂടിവന്നു. എന്നിട്ടും കണ്ടന്റെ പാതകളിൽ കല്ലും മുള്ളും നിറയ്ക്കാനോ, തേനീച്ചകളെ ഇളക്കിവിടാനോ അവൾക്കു തോന്നിയില്ല. എങ്ങനെയെങ്കിലും കണ്ടനെ സ്വന്തമാക്കണമെന്ന മോഹമുണ്ടായി ഭഗവതിക്ക്.

ലക്ഷ്മി കണ്ടന്റെ ജീവിതത്തെപ്പറ്റി ചോദിച്ചു മനസ്സിലാക്കി. കാട്ടിൽ ദിവസങ്ങളോളമുള്ള യാത്രയും, അനുഭവപ്പെട്ട കാര്യങ്ങളുമെല്ലാം കണ്ടൻ പറയും. അങ്ങനെയാണ് കുന്ന്മ്മൽ ഭഗവതിയുടെ കാര്യം ലക്ഷ്മി അറിഞ്ഞത്. അമ്പലമുറ്റത്തുള്ള പൂമരത്തെപ്പറ്റി പറഞ്ഞപ്പോൾ ലക്ഷ്മിക്ക് ആ പൂവ് കിട്ടണമെന്ന ആഗ്രഹമുണ്ടായി. കാറ്റിൽ താഴ്വരയിലെത്തുന്ന സുഗന്ധം ആ പൂവിന്റേതാണെന്നറിഞ്ഞപ്പോൾ അവൾക്ക് ആ പൂവ് കിട്ടിയേ തീരൂ.

കണ്ടൻ ധർമ്മസങ്കടത്തിലായി. ആ പൂവ് പറിക്കുന്നത് അവിവേകമാണ്, അപകടമാണ് എന്ന് അവന്നറിയാം. അതിനു ശ്രമിച്ചവരെപ്പറ്റി ധാരാളം കഥകളുണ്ട്. പലർക്കും ഭ്രാന്തായി, പലരും മസൂരിപിടിച്ചു മരിച്ചു, പലരെയും മടക്കയാത്രയിൽ പുലികളാക്രമിച്ചുകൊന്നു.

അന്നു വെള്ളിയാഴ്ചയായിരുന്നു. വെള്ളിയാഴ്ച ദിവസങ്ങളിൽ ദേവിക്ക് ആരെയും കാണുന്നതിഷ്ടമല്ല. പതിവുള്ള തേർവാഴ്ചയും അന്നില്ല. രാത്രി കണ്ടന് ഉറക്കം വന്നില്ല. കുടിലിലെ ചാണകംതേച്ച നിലത്ത് തഴപ്പായിൽ കിടന്ന് അവൻ ഉഴച്ചു. പൂവറുക്കാൻ ശ്രമിക്കുന്നതും ഭഗവതി കോപിച്ച് വാളുറഞ്ഞ് വരുന്നതും കണ്ട് ഞെട്ടിയുണരുമ്പോൾ നേരിയ ചുണ്ടുകളും ഇടതൂർന്ന ഇമകൾക്കു താഴെ വലിയ കണ്ണുകളും സ്വർണ്ണമാലയെ വെല്ലുന്ന നിറമുള്ള ഇളംമാറിടവും ഓർമ്മവരും. എങ്ങനെയെങ്കിലും പൂവറുത്തുകൊണ്ടുവരണമെന്ന് തീരുമാനിക്കും. വീണ്ടും ദുസ്വപ്നങ്ങൾ.

വെളുപ്പിനു മുമ്പ് അവൻ എഴുന്നേറ്റ് മലമുകളിലേക്കു പുറപ്പെട്ടു. മലമുകളിൽ അമ്പലമുറ്റത്തെത്തിയപ്പോൾ സൂര്യൻ മരച്ചില്ലകൾക്കിടയിലൂടെ രശ്മികൾ പായിച്ച് ശ്രീകോവിലിനുള്ളിലുള്ള വിഗ്രഹം ദീപ്തമാക്കിയിരുന്നു. പ്രാകൃതമായ ഒരു കരിങ്കൽ വിഗ്രഹമായിരുന്നു അത്. കണ്ടനെ കണ്ടതോടുകൂടി ഭഗവതിക്കു സന്തോഷമായി. അവൻ കൈകൂപ്പി.

‘ദേവി അടിയനോടു ക്ഷമിക്കണം. അടിയൻ ഒരു കാര്യത്തിനായി വന്നതാണ്. അടിയന് വേണ്ടപ്പെട്ട ഒരു കുട്ടിക്ക് ഭഗവതിപ്പൂവ് വേണം. ഞാൻ ഒരെണ്ണം പറിക്കുന്നുണ്ട്. തിരുവുള്ളക്കേടുണ്ടാകരുത്.

മരത്തിന്റെ ചില്ലകൾ കാറ്റിൽ ഇളകി സൂര്യനെ മറച്ചു. ചിരിച്ചുകൊണ്ടിരുന്ന ഭഗവതിയുടെ മുഖം പെട്ടെന്നു രൗദ്രമായി. തേർവാഴ്ചയുടെ ഇടയിൽ കണ്ടനെയും ഒരു പെൺകുട്ടിയെയും അടുത്തടുത്തായി നിൽക്കുന്നത് കാണാറുള്ളത് ഭഗവതിക്ക് ഓർമ്മവന്നു. പൂവ് ആ പെൺകുട്ടിക്കു വേണ്ടിയാണെന്നും ഭഗവതിക്ക് മനസ്സിലായി. അവൾ ശ്രീകോവിലിൽ നിന്നിറങ്ങിവന്നു. കണ്ടന് അത്ഭുതമൊന്നുമുണ്ടായില്ല. ഭഗവതിക്ക് അങ്ങനെ ഇറങ്ങിവരാൻ കഴിയുമെന്ന് അവൻ വിശ്വസിച്ചിരുന്നു. അവന്റെ മനസ്സിലുണ്ടായിരുന്ന രൂപം തന്നെയായിരുന്നു അത്. കറുത്തനിറം, മുഖത്തെല്ലാം കുത്തുകൾ, നീണ്ടമുടി.

‘അടിയൻ എന്താണാവോ വേണ്ടത്?’

കണ്ടൻ കൈകൂപ്പി.

‘രണ്ടു കാര്യം.’ ഭഗവതി പറഞ്ഞു. ‘ഒന്നാമതായി നീ ആ പെൺകുട്ടിയെ ഉപേക്ഷിക്കണം. രണ്ടാമതായി നീ എന്റെ ഒപ്പം ഈ മലമുകളിൽ താമസിക്കണം’.

മലമുകളിൽ എവിടെയോ ഒരു പാറ ഇടിഞ്ഞു വീണു. കണ്ടന്റെ ഹൃദയത്തിലൂടെ അതു കടന്നുപോയി. അവന്റെ മനസ്സ് പക്ഷെ ഒരു മലപോലെ ഉറച്ചുനിന്നു. ദേവി ആവശ്യപ്പെട്ട രണ്ടുകാര്യങ്ങളും അവനു സ്വീകാര്യമായിരുന്നില്ല. ഒന്നാമതായി പ്രാണനെപ്പോലെ സ്നേഹിക്കുന്ന പെൺകുട്ടിയെ ഉപേക്ഷിക്കുന്ന പ്രശ്നമേയില്ല. രണ്ടാമത്തെ കാര്യം, ഭഗവതി ദേവിയാണ്. ദൈവങ്ങൾ ദൈവത്തിന്റെ പാട്ടിലും അടിയങ്ങൾ അടിയങ്ങളുടെ പാട്ടിലും ജീവിക്കുകയാണ്

ഉത്തമം.

'തിരുവുള്ളക്കേടുണ്ടാവരുത്.' കണ്ടൻ പറഞ്ഞു. 'അടിയന് ഇതു രണ്ടും പറ്റില്ല. കല്യാണം കഴിക്കുക പോയിട്ട് ഒന്നു തൊടാനും കൂടി പാടില്ലാത്ത ഒരു പെൺകുട്ടിയെയാണ് അടിയൻ സ്നേഹിക്കുന്നത്. പക്ഷെ ഈ ജീവിതം അവൾക്കായി ഉഴിഞ്ഞുവച്ചിരിക്കുകയാണ്.'

ഭഗവതി പ്രലോഭനങ്ങളുടെ പെട്ടിതുറന്നു. മലയുടെഗുഹകളിലൊന്നിൽ ഒളിഞ്ഞുകിടക്കുന്ന നിധി കാട്ടിത്തരാമെന്നവൾ പറഞ്ഞു.

'കൊച്ചുതമ്പുരാട്ടിയേക്കാൾ വലിയ നിധി അടിയനില്ല.'

'നിന്നെ ഈ കാടിന്റെയും നാടിന്റെയും അധിപനാക്കാം. കാട്ടുമൃഗങ്ങളും മനുഷ്യരും ഒരേപോലെ നിന്റെ ആജ്ഞാനുവർത്തികളാവും. നീ ദേവനാകും.'

തനിക്കു സാധാരണ മനുഷ്യനായി ജീവിച്ചാൽ മതിയെന്ന് കണ്ടൻ മറുപടി നൽകി. ദൈവപട്ടത്തെ അവൻ പുറംകൈകൊണ്ട് തട്ടിമാറ്റി. പ്രലോഭനങ്ങൾകൊണ്ടൊന്നും അവനെ സ്വാധീനിക്കാൻ കഴിയില്ലെന്നു കണ്ട ഭഗവതി ഭീഷണിയുടെ ആയുധം എടുത്തു.

'ഞാൻ നിന്നെ കല്ലാക്കി മാറ്റും.'

'ദേഹം കല്ലാക്കിമാറ്റാൻ അവിടുത്തേക്കു പറ്റും. പക്ഷേ, അടിയന്റെ ആത്മാവ് കൊച്ചുതമ്പുരാട്ടിയുടെ അടുത്തായിരിക്കും.'

ചോദിച്ചിട്ട് കാര്യമില്ലെന്ന് കണ്ടപ്പോൾ അവൻ കാട്ടുനീതി നടപ്പാക്കാൻ തീർച്ചയാക്കി. അവൻ പൂമരത്തിനടുത്തേക്കു നടന്നു. എന്തുഭംഗിയും മണവുമുള്ള പൂക്കൾ. മികവുറ്റ ഒരു പൂവ് പറിക്കാനായി അവൻ കൈനീട്ടി. ആ നിമിഷത്തിൽ രോഷം സഹിക്കാനാവാതെ ഭഗവതി ശപിച്ചു.

'കല്ലായിത്തീരട്ടെ!'

നീട്ടിയ കയ്യോടെ ഒരു ശിലയായി കണ്ടൻ നിന്നു.

ശനിയാഴ്ച രാവിലെ അമ്പലത്തിൽനിന്നു മടങ്ങുമ്പോൾ കണ്ടനെ കണ്ടില്ല. ഭഗവതിപ്പൂപറിക്കാൻ പോയതായിരിക്കുമെന്ന് ലക്ഷ്മി ആശ്വസിച്ചു. പിറ്റേന്നും അതിനു പിറ്റേന്നും കാണാതായപ്പോൾ അവൾക്കു പേടിയായി. കണ്ടന് എന്തെങ്കിലും പറ്റിയിരിക്കുമോ?

കണ്ടൻ കല്ലായി മാറിയ വിവരം അവന്റെ വീട്ടുകാരും നാട്ടുകാരും അറിഞ്ഞത് വൈകിയാണ്. അവന്റെ അഭാവത്തിൽ വീട്ടുകാർ ഒന്നും സംശയിച്ചില്ല. ദിവസങ്ങളോളം നീണ്ടുനിൽക്കുന്ന യാത്രകളിലൊന്നായിരിക്കും അതെന്നവർ കരുതി. ഒരാഴ്ചകഴിഞ്ഞു. കണ്ടന്റെ വിവരമൊന്നുമില്ല എന്നായപ്പോൾ ലക്ഷ്മി വിഷമിച്ചു. അവൾ ഭക്ഷണം കഴിക്കാതായി. ഏതുസമയവും ആലോചനയിലായി. രാവിലെ അമ്പലത്തിൽ പോക്കുമാത്രം നിർത്തിയില്ല. വഴിക്ക് കണ്ടൻ നിൽക്കാറുള്ള മരച്ചുവട്ടിൽ കുറച്ചുനേരം കാത്തുനിൽക്കും. കണ്ണീർ ധാരയായി ഒഴുകും.

അവളുടെ ദേഹം ക്ഷീണിച്ചു വന്നു. എന്താണ് അവളുടെ വിഷമമെന്ന് മനസ്സിലാവാതെ വീട്ടുകാരും നാട്ടുകാരും വിഷമിച്ചു. ചോദ്യങ്ങൾക്കൊന്നും അവൾ മറുപടി പറഞ്ഞില്ല. കാരണവർ ദുഃഖിതനായി. മരുമകളുടെ വിഷമമെന്താണെന്ന് അനുനയത്തിൽ ചോദിച്ചു. മറുപടി കണ്ണീർ മാത്രം. കണിയാനെ വിളിപ്പിക്കപ്പെട്ടു. രാവിലെ മുതൽ കവടി നിരത്തി പ്രശ്നം വച്ച കണിയാൻ നട്ടുച്ചയോടെ കവടികൾ വലിച്ചെറിഞ്ഞ് ഭ്രാന്തായി പടിയിറങ്ങിയോടി.

പതിനൊന്നാംദിവസമാണ് തേനെടുക്കാൻ പോയ കറുമ്പൻ, കണ്ടന്റെ അപകടം മനസ്സിലാക്കുന്നത്. സാധാരണമട്ടിൽ ഭഗവതിയെ തൊഴുതുനിൽക്കുമ്പോൾ അസാധാരണാകൃതിയിലുള്ള ഒരു പാറ പുതുതായി ഉണ്ടായത് അയാൾ ശ്രദ്ധിച്ചു. സൂക്ഷ്മപരിശോധനക്കായി അടുത്തുചെന്നു. അതു കണ്ടനാണെന്നു മനസ്സിലായതോടെ അയാൾ നിലവിളിച്ചുകൊണ്ട് ഓടി കുന്നിറങ്ങി. ഉരുണ്ടുവീണും, മുള്ളിൽതട്ടിയും ദേഹം നിറയെ മുറിഞ്ഞ് ചോരയിൽ മുങ്ങിയെത്തിയ കറമ്പൻ അലമുറയിട്ടുകൊണ്ട് കണ്ടന്റെ കാര്യം പറഞ്ഞു.

ലക്ഷ്മിക്ക് ഈ വിവരം കിട്ടുന്നത് നെല്ലുകുത്തുകാരികളുടെ സംസാരത്തിൽനിന്നായിരുന്നു. ഭഗവതിപ്പൂമരത്തിനു താഴെ, കൈ ഉയർത്തിയ മട്ടിൽ കണ്ടൻ പാറയായിത്തീർന്നു എന്നു കേട്ടപ്പോൾ ലക്ഷ്മിക്ക് കാര്യം മുഴുവൻ മനസ്സിലായി. അവൾക്ക് വ്യസനത്തേക്കാളേറെ കോപമാണുണ്ടായത്. അവൾ അഴിച്ചിട്ട മുടികെട്ടാതെ മുറിയിൽനിന്നും പുറത്തിറങ്ങി. ഇടനാഴിയിലൂടെ നടുമുറ്റത്തിന്റെ ഓരത്തുകൂടെ അവൾ അമർത്തിച്ചവിട്ടി നടന്നപ്പോൾ ആ എട്ടുകെട്ട് വിറച്ചു അവിടെ ശതാബ്ദങ്ങളായി കുടിയിരുത്തിയ പരദേവതകൾ വിറച്ചു. അവൾ മുറ്റത്തേക്കിറങ്ങി. അവളെ തടുക്കാൻ ആർക്കും തോന്നിയില്ല. പടിപ്പുരകടന്ന് അവൾ മെതിച്ചുനടന്നപ്പോൾ അവളുടെ മുലകൾ കുലുങ്ങി. നാട്ടുപാതയിൽനിന്ന് അവൾ കാട്ടുപാതയിലേക്കു കടന്നു. കൂർത്ത കല്ലുകളും മുള്ളുകളും തട്ടി അവളുടെ മൃദുലമായ കാലടികൾ വിണ്ടുകീറി, നിണമൊഴുകി. അവൾ ഒന്നും അറിഞ്ഞില്ല. അമ്പുകൊണ്ട ഈറ്റപ്പുലിയെപ്പോലെ അവൾ കുന്നുകയറി. മുൾച്ചെടികൾ കൈകൊണ്ട് വകഞ്ഞുമാറ്റി അവൾ നടന്നു. അവളുടെ കാലടികളിൽപെട്ട് മല കുലുങ്ങി.

അമ്പലത്തിനു മുമ്പിലെത്തിയപ്പോൾ അവൾ ഭഗവതിയെ നോക്കിക്കൊണ്ടുപറഞ്ഞു.

'ഭഗവതീ, നീ അന്യായമായി കല്ലാക്കിയ എന്റെ കണ്ടനെ എനിക്കു വിട്ടുതാ.' ഭഗവതി അനങ്ങിയില്ല. അവളുടെ മുഖത്തുണ്ടായിരുന്ന രൗദ്രഭാവത്തിന് അയവുവന്നുമില്ല.

'നീ തരില്ലെ?'

ലക്ഷ്മിയുടെ ശബ്ദം ഒരലർച്ചയായി, ഇടിവെട്ടായി കാട്ടിൽ അലയടിച്ചു.

ഭഗവതി കുലുങ്ങിയില്ല.

'നീ തരില്ല അല്ലേ? എങ്കിൽ നീ എന്റെ ചോരയും കുടിച്ചോ, തൃപ്തിയാകട്ടെ.'

അവൾ അമ്പലത്തിന്റെ കരിങ്കൽപ്പടിയിൽ തലയിട്ടടിക്കാൻ തുടങ്ങി. ചോര ധാരയായി ഒഴുകി. പ്രജ്ഞ നശിക്കുവോളം അവൾ തലയിട്ടടിച്ചു.

ഭഗവതിക്ക് ചൂടെടുക്കുന്നപോലെ തോന്നി. അവൾ ഇരുന്ന പാറയുടെ പീഠം കുലുങ്ങി. ചോരയുടെ ചൂട് കാട്ടു

തീപോലെ ഭഗവതിക്കു ചുറ്റും പടർന്നു. ഭഗവതി ശ്രീകോവിലിൽനിന്ന് ഇറങ്ങി ഓടി.

ആഘാതത്തിൽനിന്ന് വിമുക്തരായ വീട്ടുകാരും നാട്ടുകാരും ലക്ഷ്മിപോയ വഴിയെ മലകയറി. ഒരു വലിയ ആൾക്കൂട്ടം. അവർ മലമുകളിലെ അമ്പലത്തിലെത്തിയപ്പോൾ കണ്ട കാഴ്ച ഭയങ്കരമായിരുന്നു. തല തകർന്ന് അമ്പലത്തിന്റെ ചവിട്ടുപടിയിൽ ലക്ഷ്മി ചേതനയറ്റുകിടക്കുന്നു. കരിങ്കൽപ്പടിയിൽനിന്ന് ചോരപ്പുഴ ഒഴുകുന്നു.

പെട്ടെന്ന് ആരോ ശ്രീകോവിലിനുള്ളിലേക്ക് ചൂണ്ടിക്കാട്ടി. അവിടെ ഭഗവതിയുടെ കറുത്ത കരിങ്കൽ പ്രതിമയുണ്ടായിരുന്നില്ല. പകരം വെണ്ണക്കല്ലിന്റെ അതിസുന്ദരമായ ഒരു ബിംബം. ഇടതൂർന്ന ഇമകൾക്കുതാഴെ മനോഹരങ്ങളായ കണ്ണുകളും, നേരിയ ചുണ്ടുകളും നിബിഡമായ തലമുടിയുമുള്ള ഒരു വിഗ്രഹം. ആൾക്കാർ കൈ കൂപ്പി.

കണ്ടന് താഴ്വരയിലേക്കു വരേണ്ട ആവശ്യമൊന്നുമുണ്ടായിരുന്നില്ല. എങ്കിലും ഇടയ്ക്ക് അവൻ മലയിറങ്ങിവരും, തണുത്ത കാറ്റായി. തന്റെ കൊച്ചുതമ്പുരാട്ടിയെ ആദ്യം കണ്ട സ്ഥലവും പിന്നീടു ദിവസവും കാത്തുനിൽക്കാറുണ്ടായിരുന്ന പാതവക്കും സന്ദർശിക്കാനായി കണ്ടൻ എത്തും. വരുമ്പോൾ ഭഗവതിപ്പൂവ് ഒരെണ്ണം പറിച്ച് കയ്യിൽ വയ്ക്കാറുണ്ട്. അതാണ് ആ കാറ്റിന് ഇത്ര സുഗന്ധം.

രാജു പോയിക്കഴിഞ്ഞിരുന്നു. അവൻ കളിക്കിടയിൽ വന്നു വീട്ടിലേക്കു പോകാമെന്നുപറഞ്ഞതെല്ലാം ഓർമവന്നു. ഞാൻ വേലായുധന്റെ കഥയിൽ ആകൃഷ്ടനായി ഇരിക്കുകയായിരുന്നു. എപ്പോഴോ അവൻ തിരിച്ചുപോയി. എന്നോടു പറഞ്ഞിട്ടുണ്ടാകണം. ഞാൻ ശ്രദ്ധിച്ചിട്ടുണ്ടാവില്ല.

ഉച്ചയ്ക്ക് ഊണുകഴിക്കുമ്പോൾ അമ്മായി അടുക്കളയിലേക്കുപോയ തക്കം നോക്കി ഞാൻ രാജുവിനോടു പറഞ്ഞു.

'നമുക്ക് കുന്ന്മ്മാൽ ഭഗവതീടെ അമ്പലംവരെ പോവ്വാ?'

താനൊരു കാര്യം പറഞ്ഞു എന്ന മട്ടിൽ അവൻ ഗൗരവത്തോടെ ഇരുന്നു. ഇടത്തെകൈകൊണ്ട് നെറുകയിൽ ചൊറിഞ്ഞു. ആലോചനയുടെ ലക്ഷണമാണ് അവൻ ഇനി എന്തെങ്കിലും ആലോചിച്ചു തീർച്ചയാക്കും. എന്നോടു പറയില്ലെന്നുമാത്രം. ഊണുകഴിഞ്ഞ് അമ്മായി ഉറക്കമാവുന്നതുംകാത്ത് സിമന്റിട്ട നിലത്ത് ആത്മാവിനെ തലോടി അവൻ നിശ്ശബ്ദനായി കിടക്കും. അമ്മായി ഉറക്കമായി എന്നുകണ്ടാൽ അവൻ ചാടിയെഴുന്നേറ്റ് എന്നോടു പറയും. 'വാ.' ഞാൻ പിന്നാലെ പോകാൻ ബാദ്ധ്യസ്ഥനാണ്.

ശബ്ദമുണ്ടാക്കാതെ വാതിൽ തുറന്ന് ഞങ്ങൾ പുറത്തുകടന്നു. അവന്റെ മുഖത്ത് പിരിമുറക്കമുണ്ട്. കുന്നിറങ്ങി ചരൽപ്പാതയിലൂടെ കുറച്ചുദൂരം നടന്ന് വേറൊരു കുന്നിന്റെ ഓരത്തുകൂടി ഞങ്ങൾ നടന്നു. വീണ്ടും മറ്റൊരു കുന്നിന്റെ ചെരിവിലൂടെ. ക്രമേണ റബ്ബർ മരങ്ങൾ അപ്രത്യക്ഷമായി. പകരം കാട്ടിലെ മരങ്ങൾ മാത്രം. ഇടതൂർന്ന പച്ചപ്പ്. വഴി വീതി കുറഞ്ഞുവന്നു. രാജു ഒന്നും പറയാതെ മുമ്പിൽ നടക്കുകയാണ്. ഓരോ കുന്ന് ചുറ്റിപ്പോകുമ്പോഴും ഞങ്ങൾ ഉയരത്തിലേക്ക് പോവുകയാണെന്ന് മനസ്സിലായി. വായുവിന് കനം കുറഞ്ഞ പോലെ കാട്ടുചെടികളുടെ മണം. പെട്ടെന്ന് ഒരു മുയൽ കുറുകെ ചാടി ഓടിപ്പോയി. കാട്ടുപക്ഷികളുടെ ശബ്ദം പേടിപ്പെടുത്തുന്നതായിരുന്നു.

പെട്ടെന്ന് ഒരു വളവ് തിരിഞ്ഞപ്പോൾ രണ്ടുകുന്നുകൾക്കിടയിലായി ഒരു ചെറിയ അമ്പലവും അതിനടുത്തുതന്നെ കൈ ഉയർത്തിയ പാറയും. മുമ്പിൽ വഴി അടഞ്ഞിരുന്നു. പാത ഒരു അഗാധമായ കൊല്ലിയുടെ വക്കിലെത്തി നിൽക്കുന്നു. ഞങ്ങൾ നിൽക്കുന്ന കുന്നിന്റെയും മുമ്പിൽ ഉയർന്നു കണ്ട മലയുടെയും ഇടയിലുള്ള വിടവ് അപാരമായിരുന്നു.

രാജു മുഖത്തെ വിയർപ്പ് കൈകൊണ്ട് തുടച്ചു. എന്തോ അവന് മുമ്പോട്ടു പോകാൻ താല്പര്യമില്ലാത്ത പോലെ. മുമ്പോട്ടു വഴിയുമുണ്ടായിരുന്നില്ല. കണ്ടന്റെ മല അപ്രാപ്യമായി നിലകൊണ്ടു.

ഒരു ചെറിയ കാറ്റുവീശി. ചലനമറ്റുകിടക്കുന്ന മരച്ചില്ലകൾ ഇളകി ശബ്ദമുണ്ടാക്കി. മർമ്മരം മാത്രം. മരങ്ങൾക്കിടയിലൂടെ വന്ന രശ്മികൾ സമയം വൈകിയെന്നറിയിച്ചു. എത്രദൂരമായി നടക്കുന്നു. ഒരെത്തും പിടിയുമില്ല. ഒരു ഗുഹയിൽപെട്ടമാതിരിയാണ്. തലക്കുമുകളിൽ ആകാശത്തിന്റെ വെട്ടം മരങ്ങളുടെ ഉയരം അപ്പോഴാണ് മനസ്സിലാവുന്നത്.

പൊടുന്നനെ കുറെ മരച്ചില്ലകൾ ഉയർന്നുപൊങ്ങി. ആരോ ചവിട്ടിമെതിച്ചുനടക്കുന്ന ശബ്ദം. വീണ്ടും കരിയിലകൾ. കാറ്റ് ശക്തമായി. കാറ്റിന് തണുപ്പുണ്ടായിരുന്നു, സുഗന്ധവും.

രാജു ഉറക്കെപ്പറഞ്ഞു.

'കണ്ടൻ!'

അവൻ തിരിഞ്ഞ് ഓടുകയായിരുന്നു. ഒരു കുതിരയായി. മേട്ടോർ കാറായി. വിമാനമായി അവൻ ചക്രവാളത്തിൽ അപ്രത്യക്ഷനായി. ഞാൻ വെറുങ്ങലിച്ച് അനങ്ങാൻ പറ്റാതെ മരങ്ങളുടെ ഹരിതബന്ധനത്തിൽ നിൽക്കുകയാണ്. ദൂരെ കൊക്കയ്ക്കപ്പുറത്ത് മലമുകളിലെ കണ്ടൻപാറ അപ്രത്യക്ഷമായിരുന്നു.

back to index

# പച്ചച്ചപ്പയ്യിനെ  പിടിക്കാൻ

**മു**റ്റത്തെ പന്തലിൽ ആൾക്കാർ നിറഞ്ഞു. നടുവിൽ നിറപറയും തെങ്ങി ൻ പൂക്കുലയും കൊണ്ടലങ്കരിച്ച മണ്ഡപം. അതിഥികൾ വരന്റെ പാർട്ടിക്കാർ വരുന്നതും കാത്ത് അക്ഷമരായി ഇരുന്നു. പന്തലിന്റെ ഒരറ്റത്ത് നാദസ്വരക്കാർ വാദ്യം തുടങ്ങാനുള്ള അടയാളത്തിനായി കാത്തിരുന്നു. മണ്ഡപത്തിനു മുമ്പിലിരുന്ന കുട്ടികളിൽ ഒരുവൾക്ക് മുഷിഞ്ഞു. അഞ്ചു വയസ്സു പ്രായമുള്ള അവൾ വധുവിന്റെ കൊച്ചനുജത്തിയായിരുന്നു. അവൾ തന്റെ കൂട്ടുകാരികളോടു പറഞ്ഞു.

‘വാ, നമുക്ക് പച്ചപ്പയ്യിനെ പിടിക്കാം.’

പച്ചപ്പയ്യിനെപ്പറ്റി അവർ കേട്ടിട്ടില്ല. ‘എന്താണ് പച്ചപ്പയ്യെന്നു പറഞ്ഞാ ൽ?’

‘വാ, ഞാൻ കാട്ടിത്തരാം.’

അവർ എഴുന്നേറ്റു പുറത്തേയ്ക്കു കടന്നു.

‘എങ്ങോട്ടാ നാല് കന്യകമാരുംകൂടി?’ ഒരാൾ ചോദിച്ചു.

‘ഞങ്ങള് പച്ചപ്പയ്യിനെ പിടിക്കാൻ പോവ്വാണ്.’ ശാലിനി പറഞ്ഞു.

‘പച്ചപ്പയ്യോ?’ അയാൾ പരിഹസിച്ചുകൊണ്ട് ചോദിച്ചു.

‘അതേ.’ അവൾ ഗൗരവത്തോടെ പറഞ്ഞു. പച്ചപ്പയ്യിനെ പിടിക്കുക എന്നത് അത്ര ലഘുവായി തള്ളേണ്ട കാര്യമല്ല.

അടുത്ത പറമ്പായിരുന്നു ലക്ഷ്യം. മതിൽ പൊളിഞ്ഞുണ്ടായ വിടവിലൂടെ അവർ കടന്നു. വിശാലമായ ഒരു പറമ്പാണത്. രണ്ടു മാവും കുറേ കുറ്റിച്ചെടികളും ഒഴിച്ചാൽ കാര്യമായൊന്നും ആ പറമ്പിലില്ല. ഒരു പഴയ തറവാട് നിലം പൊത്തിയതിന്റെഅസ്ഥിമാടം നടുവിൽ അവശേഷിച്ചിരുന്നു. പറമ്പിന്റെ രണ്ടു വശത്തും കായലാണ്. അവർ വന്ന കാര്യം മറന്ന് കായലിന്റെ ഭംഗി നോക്കിനിന്നു. കല്യാണവീട്ടിലെ തിരക്ക് അകന്നുപോയി. മതിലിന്നപ്പുറത്ത് പന്തലിന്റെ മുകൾഭാഗം കാണാം. അവിടെനിന്ന് നോക്കുമ്പോൾ സ്വതവേ ചെറുതായ വീട് കുറേക്കൂടി ചെറുതായപോലെ തോന്നി ശാലിനിക്ക്. എന്താണ് ചേച്ചിയെ കല്യാണം കഴിക്കാൻ പോകുന്ന ചേട്ടൻ വരാത്തതെന്ന് അവൾ ആലോചിച്ചു.

‘എവിട്യാണ് പച്ചപ്പയ്യിനെ കിട്ട്വാ.’ മിനി ചോദിച്ചു. ആ പറമ്പിലേയ്ക്കു വന്നതിന്റെ ഉദ്ദേശ്യം അപ്പോഴെ ശാലിനി ഓർത്തുള്ളു.

‘ഇവിടെണ്ടാവും.’ ചുറ്റും നോക്കിക്കൊണ്ട് അവൾ പറഞ്ഞു. അവൾ തിരച്ചിൽ തുടങ്ങി. ‘ഞാനും ചേച്ചീം ഇവിട്യാണ് കളിക്കാൻ വര്വാ.’

രാവിലെ ചേച്ചിയാണ് അവളെ കുളിപ്പിച്ച് പുതിയ ഉടുപ്പ് ഇട്ടുകൊടുത്തത്. നെറ്റിമേലുള്ള കൊച്ചുപൊട്ടുകൂടി ചേച്ചിയാണ് തൊടീച്ചത്. അവൾ നെറ്റിമേൽ തൊട്ടുനോക്കി. ഉണ്ട്, അവിടെത്തന്നെയുണ്ട്. പുറപ്പെടുവിക്കുമ്പോൾ ചേച്ചി പറഞ്ഞു.

‘നാളെത്തൊട്ട് മോള് സ്വന്തം കുളിക്ക്യേം സ്വന്തം ഉടുപ്പ് ഇടേം വേണം കേട്ടോ. ചേച്ചി കല്യാണം കഴിക്കാൻ വരണ ചേട്ടന്റെ കൂടെ പോവും.’

‘അപ്പോ ആ ചേട്ടന് നമ്മടെ ഒപ്പം താമസിച്ചൂടെ?’

ചേച്ചി പോയാലുണ്ടാവുന്ന ശൂന്യതയെപ്പറ്റിയൊന്നും ആലോചിക്കാനുള്ള കഴിവുണ്ടായിരുന്നില്ല അവൾക്ക്. അങ്ങിനെയൊക്കെ ആലോചിച്ചിരുന്നെങ്കിൽ അവൾക്ക് വിഷമമായേനേ. എപ്പോഴും അസുഖമായിക്കിടക്കുന്ന അമ്മ അവളെസ്സംബന്ധിച്ചേടത്തോളം ഒരു നിഴൽ മാത്രമായിരുന്നു. ചേച്ചിയാണവളുടെ കാര്യങ്ങളെല്ലാം നോക്കിയിരുന്നത്. ചേച്ചിയുടെ മറുപടിയൊന്നും വന്നില്ല. ചേച്ചി അവളുടെ തലമുടി മെടഞ്ഞിടുകയാണ്. അവൾ ചോദ്യമാവർത്തിച്ചു. ഒരു ദീർഘനിശ്വാസം. അവൾ ചേച്ചിയെ നോക്കി. ചേച്ചിയുടെ കണ്ണിൽ വെള്ളമുണ്ടായിരുന്നു.

‘നമ്മുടെ ഈ കൊച്ചു വീടൊന്നും ആ ചേട്ടന് പിടിക്ക്യണ്ടാവില്ല.’

കൊച്ചു വീടും അതിന്റെ നിത്യശാപമായ ദാരിദ്ര്യവും എന്നാണ് ബിന്ദു പറയാൻ ഓങ്ങിയത്. ദാരിദ്ര്യം അവൾക്കൊരിക്കലും വിഷമമുണ്ടാക്കിയിരുന്നില്ല. പക്ഷെ അതിനോടൊപ്പം സ്നേഹമില്ലായ്മയും വരുമ്പോഴോ? അവൾക്ക് എങ്ങിനെയെങ്കിലും ആ വീട്ടിൽ നിന്ന് രക്ഷപ്പെട്ടാൽ മതിയെന്നായിരുന്നു. സ്വാർത്ഥതയാണെന്നറിയാം. അവൾ രക്ഷപ്പെടാൻ മോഹിക്കുന്നത് ദാരിദ്ര്യത്തിൽ നിന്നായിരുന്നില്ല, സ്നേഹരാഹിത്യത്തിൽനിന്നായിരുന്നു. കൊച്ചനുജത്തിയുടെ ഓമനമുഖം നോക്കിനിന്നപ്പോൾ അവൾക്ക് വിഷമമായി. അവൾ പറഞ്ഞു.

‘മോള് വലുതായാൽ ഒരു ഭംഗിള്ള ചേട്ടൻ വന്ന് മോളേം കല്യാണം കഴിച്ചു കൊണ്ടുപോകും. അങ്ങിനെ മോൾക്കും ഇവിടുന്ന് രക്ഷപ്പെടാം.’

‘എപ്പഴാ ആ ചേട്ടൻ വര്വാ?’

‘മോള് വലുതാകുമ്പോ.’

അതൊരു സാന്ത്വനമരുളുന്ന അറിവായിരുന്നു. ആ അറിവിൽ അവൾ മയങ്ങിനിന്നു.

പച്ചപ്പയ്യുകൾ ഒളിച്ചിരിക്കയായിരുന്നു. ചേച്ചിയുടെ കല്യാണനിശ്ചയദിവസം രജനിയുടെ കൂടെ ആ പറമ്പിൽ നടക്കുമ്പോൾ എത്ര പച്ചപ്പയ്യുകളെയാണവൾ കണ്ടത്. ഇന്ന് അവയൊക്കെ എവിടെപ്പോയി? മീനുവും മിനിയും സജിയും തിരയുകയാണ്. എന്താണ് തിരയുന്നതെന്നവർക്കറിയില്ല. എന്തെങ്കിലും ഒരു സാധനം അവർക്കു മുമ്പിൽ വന്നുപെടുമെന്ന പോലെ അവർ തിരഞ്ഞു. സജി ചോദിച്ചു.

‘എത്ര വലുപ്പംണ്ടാവും പച്ചപ്പയ്യിന്?’

‘ഇതാ ഇത്ര.’ ശാലിനി അവളുടെ കൊച്ചു ചൂണ്ടാണി വിരൽ കാണിച്ചു. ‘പച്ച നെറാ. പക്ഷെ അതു പിടിച്ചാൽ ചാടും.’

ചൂണ്ടാണി വിരൽ നീളത്തിൽ പച്ച നിറവും പിടിച്ചാൽ ചാടുന്ന സ്വഭാവവുമുള്ള ഒരു ജന്തുവിനെ അന്വേഷിച്ച് ആ പെൺകിടാങ്ങൾ വെയിലത്തു നടന്നു.

മിനി ചോദിച്ചു. ‘എന്തിനാണ് പച്ചപ്പയ്യിനെ പിടിക്കണത്?’

‘അതോ,’ ശാലിനി പറഞ്ഞു. ‘പണംണ്ടാവാൻ. പച്ചപ്പയ്യിനെ പിടിച്ച് വീട്ടിൽ കൊണ്ടുവന്നാൽ ധാരാളം പണം ണ്ടാവും. ചേച്ചി പറഞ്ഞതാ’.

ചേച്ചിക്ക് ഈ അറിവ് കുറച്ചുകൂടി മുമ്പെ പറഞ്ഞുതന്നാൽ മതിയായിരുന്നു. കഴിഞ്ഞ പ്രാവശ്യം എത്ര പച്ചപ്പയ്യിനെയാണവൾ എണ്ണിയത്. സ്നേഹിതകൾക്കു മതിപ്പായെന്ന് ശാലിനിക്കു മനസ്സിലായി. പണമുണ്ടാക്കാമെന്നുണ്ടെങ്കിൽ കുറച്ചുനേരം അദ്ധ്വാനിച്ചാലും വിഷമമില്ല. അവരുടെ വീട്ടിലും ദാരിദ്ര്യത്തിന്റെ അശ്ലീല സാന്നിദ്ധ്യവും കുടിക്കുന്ന അച്ഛന്മാരും ഉണ്ട്. കുറേ സമയം തിരഞ്ഞിട്ടും ഒരൊറ്റ പച്ചപ്പയ്യിനേയും കാണാൻ കഴിയാഞ്ഞപ്പോൾ മറ്റു മൂന്നു പെൺകുട്ടികൾക്കും മുഷിഞ്ഞെന്നു തോന്നുന്നു. അവർ പറഞ്ഞു.

‘നമുക്ക് തിരിച്ചു പോവാ.’

‘കൊറച്ചുനേരം കൂടി നോക്കീട്ടു പോവാം.’ അവൾ പറഞ്ഞു. ‘നമക്ക് കിട്ടാതിരിക്കില്ല.’

ശാലിനിക്ക് കൂട്ടുകാരെ എങ്ങിനെയെങ്കിലും പിടിച്ചുനിർത്തണമെന്നുണ്ട്. പച്ചപ്പയ്യിനെ പിടിക്കാൻ സഹായം ആവശ്യമാണ്. പിടിക്കാതെ തിരിച്ചുപോകാൻ അവൾക്കു താല്പര്യമുണ്ടായിരുന്നില്ല.

അകത്ത് ബിന്ദു ഗുരുക്കളെ വന്ദിക്കുന്ന കർമ്മത്തിലായിരുന്നു. വെറ്റിലയിൽ നാണ്യം വെച്ച് ദക്ഷിണ കൊടുത്ത് ഓരോരുത്തരുടെ കാൽക്കൽ വീഴുകയാണവൾ. ഗുരുജനങ്ങൾ നിരന്നു നിന്നിരുന്നു. വല്ല്യച്ഛനായിരുന്നു ആദ്യം. ഓരോരുത്തരുടേയും കാല്ക്കൽ വീഴുമ്പോൾ അവരെപ്പറ്റിയുള്ള ഓർമ്മകൾ മനസ്സിൽ വന്നു നിറയുകയായിരുന്നു. അച്ഛന്റെ പ്രരാബ്ധങ്ങളുടെ തുടക്കം ഈ മനുഷ്യനിൽനിന്നായിരുന്നു എന്ന് അവൾ ഓർത്തു. വയസ്സായ അമ്മയെയും അച്ഛനേയും നോക്കാമെന്നു പറഞ്ഞ് തറവാടും സ്വത്തിന്റെ തൊണ്ണൂറു ശതമാനവും അടിച്ചെടുത്ത മനുഷ്യൻ. അവസാനം ആർക്കും വേണ്ടാതെ കിടന്നിരുന്ന ഈ സ്ഥലം പോലും അർഹതപ്പെട്ടതല്ലെങ്കിലും ദാനമായി തരുന്നു എന്ന മട്ടിൽ വീതിച്ചു കിട്ടിയതുകൊണ്ട് സംതൃപ്തനാകേണ്ടിവന്നു അച്ഛന്ന്. രണ്ടു ചിരട്ട കുഴിച്ചാൽ ഓരുവെള്ളം കിനിയുന്ന ഈ പറമ്പിൽ അവൾ ഒരു കള്ളിച്ചെടിപോലെ വളർന്നു.

രണ്ടാമത് നിന്നിരുന്നത് അമ്മാവനായിരുന്നു. അമ്മയുടെ അനിയൻ. അയാൾ പുതിയ പാന്റും ഷർട്ടും ധരിച്ച് ഷൂസു പോലും അഴിക്കാതെ അവളുടെ മുമ്പിൽ നിന്നു. തൊട്ടടുത്തു നിന്നിരുന്ന അമ്മായിയും ധരിച്ചിരുന്നത് പുതിയ കാഞ്ചീപുരം സാരിയായിരുന്നു. നാലായിരം രൂപ വിലയുള്ള സാരി. ആ സാരിയെപ്പറ്റി അവർ പറഞ്ഞിരുന്നു. ‘എന്നോട് ആറായിരത്തിന്റെ സാരി വാങ്ങിക്കോളാൻ ചേട്ടൻ പറഞ്ഞതാ. എനിക്ക് പക്ഷെ ഇഷ്ടായത് ഇതാണ്. അപ്പോ ചേട്ടൻ പറഞ്ഞു ബാക്കി രണ്ടായിരം കൊണ്ട് നീയൊരു കമ്മലെടുത്തോന്ന്. എനിക്കിപ്പോ കമ്മലൊന്നും വേണ്ട. എട്ടുജോടി കമ്മലു തന്നെ ഇടാൻ നേരം വേണ്ടേ? ഞാൻ പറഞ്ഞു കുറച്ചുകൂടി ചേർത്ത് രജനിക്ക് ഒരു വള വാങ്ങാംന്ന്.....’

ബിന്ദു എല്ലാം കേട്ടിരുന്നു. എ ന്തിനാണ് ഇവരെല്ലാം എന്റെ മനഃസ്വാ സ്ഥ്യം നശിപ്പിക്കാനായി വരുന്നത്? അവളുടെ കല്യാണപ്പുടവയ്ക്ക് ആയിരത്തിൽ താഴേയേ വിലയുള്ളു. അവൾക്കിഷ്ടമായത് രണ്ടായിരത്തഞ്ഞൂറിന്റെ ഒരു സാരിയായിരുന്നു. കുങ്കുമ നിറത്തിൽ കസവു ബോർഡറും ഭംഗിയുള്ള മുന്താണിയുമുള്ള സാരി. അവൾ കുറേ നേരം കടയിൽ ആ സാരിയും കയ്യിൽപിടിച്ചു കൊണ്ടിരുന്നു, വാങ്ങാൻ പറ്റില്ലെന്നു മനസ്സിലായിട്ടും.

ബിന്ദു കല്യാണനിശ്ചയദിവസം ഓർത്തു. അന്നു വൈകുന്നേരം അച്ഛന്റെ വക കുടി പാർട്ടിയായിരുന്നു. വല്ല്യച്ചനും ഈ അമ്മാവനും രണ്ടുനാലു കൂട്ടുകാരും ചേർന്ന് രാത്രി വൈകുംവരെ കുടിയായിരുന്നു. അമ്മാവൻ കുടിക്കിടയിൽ എഴുന്നേറ്റു നിന്നുകൊണ്ട് പ്രഖ്യാപിച്ചു.

‘എന്റെ മരുമകളുടെ കല്യാണം ഈ ഞാൻ നടത്തിക്കൊടുക്കും. ഈ ഞാൻ’. നെഞ്ചിൽ ഉറക്കെ അടിച്ചുകൊണ്ട് കുഴഞ്ഞു തുടങ്ങിയ നാവുമായി അയാൾ പ്രഖ്യാപനം ആവർത്തിച്ചു. അച്ഛന്ന് സന്തോഷമായി. അളിയന് ഒരു പെഗ്ഗു കൂടി ഒഴിച്ചുകൊടുത്തു. വല്ല്യച്ചനും നല്ല ഫോമിലായിരുന്നു. അയാൾ പ്രഖ്യാപിച്ചു. ‘കല്യാണ സദ്യ എന്റെ വകയാണ്. വേറെ ആരും അതന്വേഷിക്കണ്ട.’ ഇനിയെന്താണ് വേണ്ടത്?

രാത്രി മൂന്നു മണിയോടെ എല്ലാവരും ഒരു വിധം ഉറക്കമായി. ബിന്ദു അവളുടെ മുറിയിൽ നിലത്ത് പായവിരിച്ചു എവിടേയോ തളർന്നുറങ്ങിയ കൊച്ചനുജത്തിയേയുമെടുത്ത് ഒപ്പം കിടത്തി. തന്റെ കട്ടിൽ നേരത്തെത്തന്നെ അമ്മായി കയ്യേറിയിരുന്നു. അവൾ ഉറങ്ങിയില്ല. ഇന്ന് തന്റെ കല്യാണനിശ്ചയമായിരുന്നു. തന്റെ ദിവസം. അവൾ രാത്രി രണ്ടു മണിവരെ മറ്റുള്ളവർ ഭക്ഷണം കഴിച്ചിട്ട പാത്രങ്ങൾ കഴുകിയും കുടിക്കുന്നവർക്ക് ചൂടോടെ മീൻ പൊരിച്ചു കൊടുത്തും, ഒരുത്തൻ ഛർദ്ദിച്ചത് കോരിക്കളഞ്ഞും തളർന്നു. അതിനിടക്ക് ഓരോരുത്തർക്ക് കിടക്കാൻ വേണ്ടി കിടക്കയും പായയും തേടിക്കൊടുത്തു. പൊള്ളയായ വാഗ്ദാനങ്ങളും പൊങ്ങച്ചങ്ങളും നിശ്ശബ്ദമായി. ഉച്ചയ്ക്കു നടന്ന ചടങ്ങിൽ തന്റെ വിരലിൽ മോതിരമണിയിച്ച ചെറുപ്പക്കാരനെ അവൾ ഓർത്തു. പ്രകാശത്തിന്റെ ചെറിയൊരു നാളം. അവൾക്ക് ഉറക്കെ കരയാൻ തോന്നി.

പന്തലിൽ ബഹളം തുടങ്ങിയിരുന്നു. അതിനിടയ്ക്ക് നാദസ്വരത്തിന്റെ ശബ്ദം കേട്ടു.

‘കല്യാണം തൊടങ്ങീന്നു തോന്നുണു.’ മിനി പറഞ്ഞു.

‘അപ്പോ നമക്ക് പോണ്ടെ?’ സജി ചോദിച്ചു. അവൾക്ക് പരിഭ്രമം തുടങ്ങിയിരുന്നു. ‘അമ്മന്നെ നോക്ക്ണ്ണ്ടാവും’

‘ഞാൻ പോവ്വാണ്.’ മീനു പറഞ്ഞു.

മൂന്നു കൂട്ടുകാരും സാവധാനത്തിൽ വീടിനെ ലക്ഷ്യമാക്കി നടന്നു പോകുന്നത് ശാലിനി സങ്കടത്തോടെ നോക്കി നിന്നു. പച്ചപ്പയ്യിനെ പിടിക്കാതെ അവൾക്കു പോകാൻ തോന്നിയില്ല. ഒരാഴ്ച മുമ്പാണതുണ്ടായത്. സന്ധ്യക്കു വിളക്കു വച്ചു നാമം ചെല്ലിക്കൊണ്ടിരിക്കെയാണതു വന്നത്. പച്ച നിറത്തിൽ നീണ്ട കാലുകളുള്ള ഒരു ജന്തു. അവൾ ആ ജന്തുവിനെ ഓടിക്കാൻ നോക്കി. മുമ്പൊരിക്കൽ അതുപോലൊരു ജന്തു അവളുടെ ഉടുപ്പിനുള്ളിൽ കയറി പ്രശ്നമുണ്ടാ

ക്കിയതാണ്. ഒരു ഈർക്കിലെടുത്ത് അതിനെ ചാടിക്കാൻ നോക്കിയപ്പോഴാണ് ചേച്ചി പറഞ്ഞത്.

'മോളെ അതിനെ ഓടിക്കാൻ പാടില്ല.'

'എന്താ കാരണം?'

'അതേയ്, അത് പച്ചപ്പയ്യാണ്. അത് വന്നാൽ വന്ന വീട്ടില് ധാരാളം പണംണ്ടാവും.'

കഷ്ടിച്ചു രക്ഷപ്പെട്ടു. ചേച്ചി അതു പറയാൻ കുറച്ചുകൂടി താമസിച്ചിരുന്നെങ്കിൽ കുഴപ്പമായേനെ. ചെമ്പോത്തിന്റെ കാര്യവും പറഞ്ഞുതന്നത് ചേച്ചിയാണ്. ചെമ്പോത്തിനെ കാണുന്നത് ഭാഗ്യമാണ്, പക്ഷെ കണ്ട കാര്യം ആരോടും പറയരുത്. പറഞ്ഞാൽ ഭാഗ്യം മുഴുവൻ പോകും.

പച്ചപ്പയ്യ് പക്ഷെ എന്തുകൊണ്ടോ ചാടിപ്പോയി, പണമൊന്നും കൊണ്ടുവരാതെത്തന്നെ. ചേച്ചി അച്ഛനോട് വഴക്കിലായിരുന്നു. ഒരു മാങ്ങാമാലയ്ക്കു വേണ്ടി.

'ഞാനൊന്നും ചോദിക്കിണില്ല, ഒരു മാങ്ങാമാല മാത്രം. അതെങ്കിലും കല്യാണത്തിന് വാങ്ങിത്തരാൻ വയ്യേ അച്ഛന്?'

തേങ്ങലുകൾ, പരിഭവങ്ങൾ.

'ഞാനെങ്ങനാ ഈ ഒറ്റമാല മാത്രം ഇട്ടുകൊണ്ട് പന്തലില് എല്ലാരടേം മുമ്പിലിരിക്കണത്? വരന്റെ വീട്ടുകാര് ഒന്നും ആവശ്യപ്പെട്ടിട്ടില്ലാന്നു വച്ച് ഒന്നും വാങ്ങേണ്ടേ?'

'എനിക്ക് ഇനിയും ഒരു പെൺകുട്ടിയെ കെട്ടിച്ചുകൊടുക്കാനുണ്ട്ന്ന് നീയോർക്കണം.'

'ഇനി പതിനഞ്ചുകൊല്ലം കഴിഞ്ഞുള്ള കാര്യമാണ് അച്ഛൻ പറേണത്. അതോണ്ടൊന്നും അല്ല. അച്ഛന് എന്നെ സ്നേഹല്ല്യാ, അതുതന്നെ.'

അമ്മ ഒന്നും മിണ്ടാതെ നില്ക്കും. അമ്മ എന്തെങ്കിലും പറയുമെന്ന് ശാലിനി ആശിക്കും. ചേച്ചിക്കുവേണ്ടി. ചേച്ചിയെ സമാധാനിപ്പിക്കാനെങ്കിലും. ഒന്നുമുണ്ടാവില്ല. ഒരു വാടിയ ചെടി പോലെ ചേച്ചി കുഴഞ്ഞിരിക്കുന്നത് അവൾ നോക്കിനില്ക്കും.

നിശ്ചയത്തിന്റെ ദിവസം ഉണ്ടായ പ്രഖ്യാപനങ്ങളും വാഗ്ദാനങ്ങളും നേരം പുലർന്നതോടെ ലഹരിയോടൊപ്പം അലിഞ്ഞില്ലാതായി. പണസ്സഞ്ചിയുമായി മരുമകളുടെ കല്യാണം നടത്തിക്കാൻ വരുന്ന അളിയന്റേയും അനുജന്റെ മകളുടെ കല്യാണസ്സദ്യക്കുള്ള പണവുമായി വരുന്ന ചേട്ടന്റേയും വരവു കാത്ത് അച്ഛൻ ഇരുന്നു. കാത്തിരിപ്പ് വെറുതെയാണെന്നു മനസ്സിലായപ്പോൾ അച്ഛൻ പണത്തിനുവേണ്ടി നെട്ടോട്ടമോടാൻ തുടങ്ങി.

ചേച്ചി അമ്മയോട് വക്കാലത്തിനു പോകാറില്ല. കാര്യമില്ലെന്നറിയാം. അത് ശാലിനിക്കും അറിയാം. അതുകൊണ്ട് അച്ഛന്റെ കയ്യിൽനിന്നു നേരിടുന്ന അനീതികൾ അവളും കണ്ണടച്ചു സഹിച്ചു. രാത്രി വൈകിവരുന്ന അച്ഛന്റെ ചുവന്ന കണ്ണുകൾ നേരിടാനാവാതെ അവൾ ഒളിച്ചിരുന്നു. ഇടറിയ കാലുകളോടെ അച്ഛൻ നടന്നു വരുന്നതു കണ്ടാൽ അവൾ കിടക്കയിൽ പോയി കിടക്കും. അമ്മ വലിവു കാരണം നേരത്തെത്തന്നെ കിടക്കും. ചേച്ചി അച്ഛനു ചോറു വിളമ്പിക്കൊടുക്കും, ചീത്തകൾ കേട്ടുകൊണ്ടു തന്നെ. മഴക്കാലത്ത് നിരന്തരം കേൾക്കാറുള്ള തവളകളുടെ മൊരത്ത ശബ്ദം പോലെ ചേച്ചിയ്ക്കതു സ്വീകാര്യമായിരിക്കുന്നു.

'ഇന്നെന്തായാലും എനിക്ക് മാങ്ങാമാല വാങ്ങണം.' ബിന്ദു പറഞ്ഞു.

അച്ഛൻ ഒന്നും പറയാതെ പുറത്തേക്കിറങ്ങി. കല്യാണത്തിന് ഒരാഴ്ചയേയുള്ളു. എവിടെനിന്നെങ്കിലും പണമുണ്ടാക്കുമെന്നും നെക്‌ലേസ് വാങ്ങുമെന്നും പ്രതീക്ഷിച്ച് അവൾ കാത്തിരുന്നു. രാത്രി വൈകുംതോറും മങ്ങലേറ്റ പ്രതീക്ഷകൾ അച്ഛന്റെ വരവോടെ അവൾ കുഴിച്ചുമൂടി. അയാൾ നല്ലവണ്ണം കുടിച്ചിട്ടായിരുന്നു വന്നത്. ചോറു വിളമ്പിക്കൊടുക്കുമ്പോൾ അച്ഛൻ എന്തെങ്കിലും പറയുമെന്നവൾ ആശിച്ചു. ഇല്ല, ഒന്നും പറഞ്ഞില്ല. അവൾ ചോദിച്ചു.

'അച്ഛൻ മാങ്ങാമാല വാങ്ങിയില്ല അല്ലേ?'

'തേങ്ങാമാലയാണ്, എന്നെക്കൊണ്ട് പറയിക്കണ്ട.' അയാൾ പറഞ്ഞു.

'അച്ഛന് കുടിക്കാനും കുടിപ്പിക്കാനും പണമുണ്ടല്ലോ, എനിക്കുവേണ്ടി എന്തെങ്കിലും വാങ്ങാൻ മാത്രേ പണംല്ല്യായള്ളു.'

'എന്താടീ നീ പറഞ്ഞത്?' അയാൾ ക്രൂദ്ധനായി ചോദിച്ചു.

'ഞാൻ പറഞ്ഞത് ശരിയല്ലെ? നിശ്ചയത്തിന്റന്ന് കുടിച്ചുതുലച്ച പണമുണ്ടെങ്കിൽ എനിക്ക് കുറച്ചുകൂടി നല്ല സാരി വാങ്ങായിരുന്നില്ലെ? ഇപ്പോ അച്ഛന്റെ അളിയനും ചേട്ടനുമെവിടെ? അവരാരെങ്കിലും തിരിഞ്ഞു നോക്കുന്നുണ്ടോ? അന്നു കുടിപ്പിച്ചു വിട്ടതല്ലെ?'

അച്ഛൻ അടുത്തു വന്നതും കനത്ത കൈ തന്റെ മേൽ വീഴുന്നതും മാത്രമേ അവൾ അറിഞ്ഞുള്ളു. തല എവിടേയോ പോയി ഇടിച്ച ഓർമ്മയുണ്ട്. ഓർമ്മ വന്നപ്പോൾ അവൾ നിലത്തു കിടക്കയാണ്. നെറ്റിമേൽ വേദനയുള്ള സ്ഥലത്ത് തൊട്ടപ്പോൾ ചോരയുടെ നനവ്. കൈ കഴുകാൻ കൂടി മെനക്കെടാതെ അവൾ കുറേ നേരം ഇരുന്നു. രാവിലെ നെറ്റിമേലുള്ള മുറിവിനെപ്പറ്റി ആരും അന്വേഷിച്ചില്ല. കുളിപ്പിക്കുന്ന സമയത്താണ് ശാലിനി ചേച്ചിയുടെ നെറ്റിയിലെ മുറിവു കാണുന്നത്. അവൾ ചോദിച്ചു.

'എന്താ ചേച്ചീടെ നെറ്റീമ്മല് മുറി?'

'അതോ, അത് അച്ഛൻ ചേച്ചിക്ക് തന്ന കല്യാണസമ്മാനാണ്.'

ശാലിനിക്ക് വിഷമമായി. അവളുടെ ചുണ്ടുകൾ വിറച്ചു. അവൾ കരച്ചിലിന്റെ വക്കത്തെത്തിയിരുന്നു. അവൾ ചേച്ചിയെ കെട്ടിപ്പിടിച്ച് മുഖത്ത് ഉമ്മവച്ചുകൊണ്ട് ചോദിച്ചു.

'ചേച്ചിക്ക് വേദനിച്ചോ?'

പച്ചപ്പയ്യുകൾ തന്നെ കബളിപ്പിക്കുകയാണെന്ന് ശാലിനിക്ക് മനസ്സിലായി. അല്ലെങ്കിൽ ഇത്ര പെട്ടെന്ന് അവ അപ്രത്യക്ഷമാകാൻ കാരണമെന്ത്? അവൾ തിരച്ചിൽ തുടർന്നു. പുല്ലുകൾക്കിടയിൽ, ചെടികളുടെ ചില്ലമേൽ എല്ലാം അവളുടെ സൂക്ഷ്മമായ കണ്ണുകൾ പരതി. അവൾ വീട്ടിൽനിന്നും വളരെ അകന്നുപോയിരുന്നു. അതവളെ വേദനിപ്പിച്ചു. ചേച്ചിയുടെ കല്യാണസമയത്ത് അവിടെയുണ്ടാകണമെന്നുണ്ടായിരുന്നു അവൾക്ക്. പക്ഷെ പച്ചപ്പയ്യിനെ പിടിക്കാതെ

എങ്ങിനെയാണ്? അവസാനം ഒരു തുമ്പച്ചെടിയുടെ ഇലയുടെ മേലെ അവൾ ഒരു കൊച്ചു പച്ചപ്പയ്യിനെ കണ്ടെത്തി. ചെറുതാണെങ്കിലും പച്ചപ്പയ്യ് അതിന്റെ ധർമ്മം നിർവ്വഹിക്കുമെന്നവൾ ആശിച്ചു. ഇനി അതിനെ പിടിക്കുകയാണാവശ്യം. കൂട്ടുകാരികളുടെ അഭാവം അവളെ തളർത്തി. മൂന്നുപേരും ഉണ്ടായിരുന്നെങ്കിൽ സംഗതി എളുപ്പമായിരുന്നു. അവൾ സാവധാനത്തിൽ ശബ്ദമുണ്ടാക്കാതെ പച്ചപ്പയ്യനെ സമീപിച്ചു, അവളുടെ കൊച്ചു വിരലുകൾ കൊണ്ട് അതിന്റെ വാലിൽ പിടിച്ചു. അവൾ ഉറക്കെ ശബ്ദമുണ്ടാക്കി ചാടി, കാരണം പച്ചപ്പയ്യ് വിരൽസ്പർശമേറ്റ ഉടനെ ഒരു ചാട്ടം ചാടിയത് അവളുടെ മുഖത്തേക്കായിരുന്നു. ഒരു നിമിഷം അവിടെ തങ്ങിനിന്ന് അത് നിലത്തേയ്ക്കു തന്നെ ചാടി.

പച്ചപ്പയ്യിനെ പിടിക്കുക എന്നത് അപകടം പിടിച്ച ജോലിയായിരുന്നു. താൻ അതിനു തയ്യാറെടുത്തിട്ടല്ല വന്നത് എന്നവൾക്കു മനസ്സിലായി. ഒരു വലപോലെ എന്തെങ്കിലും വേണം, പിന്നെ പിടിച്ചാൽ ഇട്ടുവെക്കാൻ ഒരു ഉറ. ഇതൊന്നുമില്ലാതെ വിഷമം തന്നെ. പിന്നെയുണ്ടായ അഭ്യാസത്തിൽ പച്ചപ്പയ്യ് ആ അഞ്ചു വയസ്സുകാരിയെ ഇട്ടു വട്ടം കറക്കി. പതിനഞ്ചുമിനിറ്റു നീണ്ടുനിന്ന വേട്ടയിൽ ശാലിനി ക്ഷീണിച്ചു. അവസാനം ഒരു കുതിക്കൽ കഴിഞ്ഞ് നോക്കുമ്പോൾ പച്ചപ്പയ്യ് അപ്രത്യക്ഷമായിരുന്നു. അവൾ ക്ഷീണിച്ച് ഒരു മാവിൻ ചുവട്ടിൽ പോയിരുന്നു. കായലിൽ നിന്നുള്ള കാറ്റ് തണുത്തതാണ്.

കല്യാണമണ്ഡപത്തിൽ വരനൊരുമിച്ചിരിക്കുമ്പോൾ ബിന്ദു കൊച്ചനുജത്തിക്കുവേണ്ടി ചുറ്റും നോക്കി. അവളുടെ സ്നേഹിതകളെ പലരേയും കണ്ടെങ്കിലും അവളെ മാത്രം കണ്ടില്ല.

എവിടേയെങ്കിലും ഇരിക്കുന്നുണ്ടാവും അല്ലെങ്കിൽ ഓടിക്കളിക്കുന്നുണ്ടാവും. മോതിരം മാറി, മാലയിട്ടു. എല്ലാം യാന്ത്രികമായി നടക്കുന്നു. അവളുടെ മനസ്സ് വളരെ അകലെയായിരുന്നു. അതിനിടക്ക് വരൻ എന്തോ ചോദിച്ചത് അവൾ കേട്ടില്ല. അയാൾ ചിരിച്ചുകൊണ്ട് ചോദിച്ചു. 'നീ എവിട്യാണ്?'

'എന്നോടെന്തെങ്കിലും ചോദിച്ചുവോ?'

'നീ എവിട്യാണ്ന്ന്?'

'ഞാൻ മോളെ അന്വേഷിക്കുകയായിരുന്നു. ചേച്ചീടെ കല്യാണം കാണണംന്ന് പറഞ്ഞ് മുമ്പിൽത്തന്നെയിരിക്കുമെന്ന് പറഞ്ഞതായിരുന്നു. കാണാനില്ല.'

'എഴുന്നേൽക്കു രണ്ടു പേരും.....എന്നിട്ട് വരൻ വധുവിന്റെ കൈപിടിച്ച് പ്രദക്ഷിണം വയ്ക്ക്യാ....അതെ അങ്ങനെ .....ആ പെൺകുട്ടികള് വെളക്കും പിടിച്ചു മുമ്പില് നടക്കാ.'

ഊണുകഴിക്കാനിരുന്നപ്പോൾ ബിന്ദു വീണ്ടും ശാലിനിയുടെ കാര്യം ഓർത്തു. ആരോടാണ് ചോദിക്കുക എന്നാലോചിക്കുമ്പോഴേക്ക് മിനിയേയും മീനുവിനേയും കണ്ടു.

'ശാലിനി എവിടെ?' അവൾ ചോദിച്ചു.

'ആ, ഞങ്ങക്കറിയില്ല.'

'അപ്പോ നിങ്ങള് നാലുപേരും കൂടീട്ടല്ലെ പുറത്തേയ്ക്കു പോണത് കണ്ടത്?' ഒരാൾ ചോദിച്ചു. നാലു കന്യകമാരുടെ പര്യടനത്തിനു ദൃക്സാക്ഷിയായിരുന്നു അയാൾ.

'ആ,' മിനിക്ക് ഓർമ്മ വന്നു. അവൾ പറഞ്ഞു. 'ശാലിനി പച്ചപ്പയ്യിനെ പിടിക്കാൻ പോയിരിക്ക്യാ.'

'പച്ചപ്പയ്യിന്യോ?'

'അതെ. അടുത്ത പറമ്പില്ണ്ട്'

പെട്ടെന്നുയർന്നു വന്ന തേങ്ങലടക്കാൻ ബിന്ദു പാടുപെട്ടു. ഇവിടെ ചേച്ചിയുടെ കല്യാണം നടന്നു കൊണ്ടിരിക്കുമ്പോൾ ശാലിനി പച്ചപ്പയ്യിനെ പിടിക്കാൻ പോയിരിക്കയാണ്. എന്തിനാണവൾ അതു ചെയ്യുന്നതെന്ന അറിവ് ബിന്ദുവിനെ വേദനിപ്പിച്ചു. അവൾ എഴുന്നേറ്റു നടന്നു. വരനും ഒപ്പം കൂടി. അടുത്ത പറമ്പിൽ ഒരു മാവിൻ ചുവട്ടിൽ അവർ അവളെ കണ്ടു.

ചുരുണ്ടുകൂടി കിടക്കുകയാണവൾ. നല്ല ഉറക്കത്തിലാണ്. കായലിൽനിന്നുള്ള തണുത്ത കാറ്റിൽ അവളുടെ അളകങ്ങൾ ചാഞ്ചാടി. ഉറക്കത്തിലവൾ പച്ചപ്പയ്യുകളെ സ്വപ്നം കാണുകയായിരുന്നു. ധാരാളം പച്ചപ്പയ്യുകൾ. കോരിയെടുക്കാം. അത്രയധികം പച്ചപ്പയ്യുകൾ നിലത്തു നിറയെ.

ബിന്ദു കുറച്ചുനേരം കൊച്ചനുജത്തിയെ നോക്കിനിന്നു. അപ്പോഴാണവൾ കണ്ടത്. ശാലിനിയുടെ മുഖം ഉറ്റുനോക്കിക്കൊണ്ടെന്നപോലെ ഒരു ചെറിയ പച്ചപ്പയ്യ് നിന്നിരുന്നു. അവൾ ശാലിനിയെ കോരിയെടുത്തു. അവൾ കണ്ണുതുറന്നു.

'മോള് എന്തെടുക്കുവായിരുന്നു ഇവിടെ?'

'ഞാനോ...' അവൾ പകച്ചുകൊണ്ടു ചുറ്റും നോക്കി. 'ഞാൻ പച്ചപ്പയ്യിനെ പിടിക്കാൻ വന്നതാ. ചേച്ചീടെ കല്യാണം കഴിഞ്ഞോ?' അവൾ കുണ്ഠിതത്തോടെ ചോദിച്ചു.

'ഇതാ നിന്നെക്കാത്ത് ഒരുത്തൻ നിൽക്കുന്നു.' അവൾ പച്ചപ്പയ്യിനെ കാണിച്ചുകൊടുത്തുകൊണ്ട് പറഞ്ഞു. ശാലിനി ചിരിച്ചു. എന്നെ കുറേ നേരം ഇട്ടോടിച്ചിട്ട് താൻ കിടന്നുറങ്ങി അല്ലേ എന്നു ചോദിക്കുകയായിരുന്നു അത്. അവൾ ചേട്ടനെ അപ്പോഴാണ് കണ്ടത്. അവൾക്ക് അയാളെ ഇഷ്ടമായി. അവൾ പറഞ്ഞു.

'എനിക്ക് ഈ ചേട്ടനെ നല്ല ഇഷ്ടംണ്ട്.'

വരൻ അവളെ എടുക്കാൻ കൈനീട്ടി.

ശാലിനി അയാളുടെ കയ്യിലേയ്ക്ക് ചാടി.

'നോക്കു ബിന്ദു.' അയാൾ പറഞ്ഞു. 'നമുക്ക് ഇവളെ കൊണ്ടുപോയി നമ്മുടെ ഒപ്പം താമസിപ്പിക്കാം എന്താ? അവിടെ ധാരാളം പച്ചപ്പയ്യുകളുണ്ട്. പിടിക്കാൻ ആളില്ലാതെ കിടക്കാണ്.' അയാൾ ശാലിനിയോട് ചോദിച്ചു. 'എന്താ ഈ ചേട്ടന്റെ കൂടെ വരുന്നോ?'

അവൾ എന്നേ തയ്യാറായിരുന്നു.

ബിന്ദുവിന്റെ കണ്ണുകൾ വികസിച്ചു. രണ്ടു വിധത്തിലും അയാൾ പറഞ്ഞത് ശരിയാവുകയാണെങ്കിലെന്ന് അവൾ ആശിച്ചു. ശാലിനിയെ ഒപ്പം താമസിപ്പിക്കാമെന്നതും അവിടെ ധാരാളം പച്ചപ്പയ്യുകളുണ്ടെന്നതും.

back to index

# വെറുതെ വന്ന ഒരാൾ

അച്യുതൻ നായരും നാരായണിയും ഉമ്മറത്തിരുന്നു മഴ പെയ്യുന്നതു നോക്കിയിരിക്കുമ്പോഴാണ് അയാൾ പടികടന്നു വന്നത്. ഒരപരിചിതൻ. സന്ധ്യയാവുന്നതേയുള്ളൂ, എങ്കിലും ഇരുട്ടിത്തുടങ്ങിയിരുന്നു. അത്ഭുതകരമായി തോന്നിയത് അയാൾ ഉയർത്തിപ്പിടിച്ച കൈയിൽ തൂങ്ങിക്കിടന്ന നെയ്മീനാണ്. കൈ ഉയർത്തേണ്ട ആവശ്യമൊന്നുമുണ്ടായിരുന്നില്ല. അയാൾ പടികടന്നു മുറ്റത്തു കെട്ടിനിന്ന വെള്ളത്തിലൂടെ നടന്നുവരുമ്പോൾത്തന്നെ അച്യുതൻനായരും നാരായണിയും അതു കണ്ടിരുന്നു.

നാലു ദിവസം തുടർച്ചയായി പെയ്ത മഴ കർക്കിടകം ദുസ്സഹമാക്കിയിരുന്നു. പുറത്തിറങ്ങാൻ കൂടി വയ്യ. പുറത്തിറങ്ങിയിട്ടു കാര്യമുണ്ടായിട്ടല്ല. എന്നാലും അങ്ങനെയല്ലല്ലോ.

അയാൾ വീണ്ടും മീൻ ഉയർത്തിക്കാട്ടി.

'നല്ല പച്ചയാണ്.'

അച്യുതൻ നായർ തലയാട്ടി. ഒരു പരിചയവുമില്ലാത്ത ആൾ കൈയിൽ മുഴുത്ത നെയ്മീനുമായി മുറ്റത്തു കെട്ടിനിൽക്കുന്ന വെള്ളത്തിലൂടെ നടന്നുവന്ന് ഉമ്മറത്തുകയറുന്നു, വളരെ പരിചയമുള്ളപോലെ. മീൻ നിലത്തുവച്ചു കുടമടക്കി കൈയിലെ സഞ്ചിയോടൊപ്പം ഇരുത്തിമേൽ വച്ച് അയാൾ പറഞ്ഞു. 'എന്തൊരു മഴ.'

'അതെയതെ.' അച്യുതൻ നായർ പറഞ്ഞു. 'നാടു മുഴുവൻ വെള്ളത്തിനടിയിലാണ്.'

'ബസ്സൊന്നും ഓട്ണില്യ. ഞാൻ നടക്ക്വായിരുന്നു.'

എവിടെനിന്നെന്ന് അയാൾ പറഞ്ഞില്ല. എവിടേക്കെന്നും. യാത്രയുടെ അന്ത്യമായെന്ന മട്ടിൽ അയാൾ തിണ്ണമേൽ അമർന്നിരുന്നു.

അച്യുതൻനായർ ഭാര്യയെ നോക്കി. അവ ളും ചോദിക്കാൻ കഴിയാത്ത ചോദ്യങ്ങളുമായി നിൽക്കയാണ്. നിലത്തുവച്ച നെയ്മീൻ അയാ ൾ എടുത്തുനോക്കി. ഒരുകിലോ കാണും. ചുരുങ്ങിയത് പത്തറുപതു രൂപയെങ്കിലും വില വരും.

'നല്ല മീൻ, ഇതെവിടുന്നു കിട്ടി. ഈ മഴയത്ത്?'

അയാൾ ചിരിച്ചു. ആ ചിരിയിൽ അത്ഭുതമുണ്ടായിരുന്നു. ഈ പെരുമഴയത്ത്, മുക്കുവന്മാർ കടലിൽ പോയിട്ടു ദിവസങ്ങളായിരിക്കെ ഒരു മുഴുത്ത നെയ്മീൻ തന്റെ കൈയിൽ എങ്ങനെ വന്നുപെട്ടുവെന്ന് അത്ഭുതപ്പെടുന്നപോലെ. അയാൾ നാരായണിയെ നോക്കി പറഞ്ഞു:

'ഇതൊന്ന് വെച്ചുതരുമോ? കുറച്ചു വറുക്കാനും എടുത്തോളൂ. നല്ല പച്ച മീനാണ്.

'അരച്ചുവെക്കാൻ തേങ്ങയുണ്ടാവില്ല.'

നാരായണി താഴ്ന്ന സ്വരത്തിൽ പറഞ്ഞു. അതു ഭർത്താവിന്റെ ചെവിയിലേക്കുള്ളതായിരുന്നു. വാസ്തവം പറഞ്ഞാൽ ആ വീട്ടിൽ തേങ്ങയെന്നല്ല, ആ നെയ്മീൻ സ്വാദോടെ വയ്ക്കാൻ പറ്റിയ ഒരു ചേരുവയും ഇല്ലായിരുന്നു. കുടംപുളി കാണുമായിരിക്കും. ഉപ്പും മുളകും മഞ്ഞളുമില്ല. വറവിടാൻ ഉള്ളിയില്ല, എണ്ണയുമില്ല. അച്യുതൻ നായർക്കും ഈ അടുക്കള രഹസ്യം അറിയാം. അതൊന്ന് ഓർമ്മിപ്പിക്കാനായിരുന്നു തേങ്ങയില്ല എന്ന സത്യം എടുത്തിട്ടത്.

അച്യുതൻ നായരെ ഓർമിപ്പിക്കേണ്ട കാര്യമുണ്ടായിരുന്നില്ല. ഈ മനുഷ്യനെ എങ്ങനെ ഒഴിവാക്കും എന്ന് ആലോചിക്കുകയായിരുന്നു അയാൾ. മീൻ വെച്ചുതരാൻ പറഞ്ഞതിന്റെ ഉദ്ദേശ്യം ഊണ് അവിടെനിന്നു തരാക്കാനാണ്. അതിൽ തെറ്റൊന്നുമില്ല. പത്തറുപതു രൂപയുടെ മീൻ കൊണ്ടുവന്നു തരുമ്പോൾ നല്ലൊരൂണു ന്യായമായും പ്രതീക്ഷിക്കാം. മീൻ കറിയുണ്ടാക്കാനുള്ള ചേരുവയില്ലെന്നു മാത്രമല്ല വയ്ക്കാൻ അരിയുമില്ലെന്ന് അച്യുതൻനായർക്കറിയാം. ഉച്ചയ്ക്കു കഞ്ഞിയുണ്ടാക്കുമ്പോൾ ഇനി ഒരു നേരത്തേക്കുള്ള അരി കഷ്ടിച്ചുണ്ടാകുമെന്നു നാരായണി പറഞ്ഞിരുന്നു.

'ഈ അടച്ചുപിടിച്ച മഴ കാരണം കുറച്ചു ദിവസമായി പണിയൊന്നുംണ്ടായ്ര്ന്നില്ല്യ.'

അച്യുതൻ നായർ അറച്ചറച്ചു പറഞ്ഞു. സ്വന്തം പരാധീനതകൾ മറ്റുള്ളവരോട്, പ്രത്യേകിച്ചും യാതൊരു പരിചയവുമില്ലാത്ത ഒരാളോടു പറയാൻ അയാൾ ഇഷ്ടപ്പെട്ടില്ല. പക്ഷേ, കൂടുതൽ വഷളാവുന്നതിനു മുമ്പു കാര്യങ്ങൾ തുറന്നുപറഞ്ഞ് അയാളെ പറഞ്ഞയയ്ക്കുന്നതാവും ഭംഗി. അയാൾ ചോദിച്ചു. 'എന്താ പേര്ന്നാ പറഞ്ഞത്?'

'രാഘവൻ.'

'രാഘവൻ ഒരു കാര്യം ചെയ്യൂ. ഈ മീൻ വീട്ടിൽ കൊണ്ടുപോയി കൊടുക്കൂ. എവിട്യാണ് വീട്?'

'എനിക്ക് വീടൊന്നും ഇല്ല.'

പെട്ടെന്നവിടം നിശ്ശബ്ദമായി. നാരായണി അയാളെ ശ്രദ്ധിച്ചു. കൗതുകമുള്ള മുഖമാണ്. മീശയില്ല. കട്ടിയുള്ള പുരികം, ചുരുണ്ട തലമുടി. പത്തുമുപ്പതു വയസു പ്രായം തോന്നും.

'എന്താ വെച്ചു തരാൻ വിഷമമുണ്ടോ?' രാഘവൻ ചിരിച്ചുകൊണ്ട് പറഞ്ഞു. 'ഞാൻ മുറിച്ചുതരാം. നല്ല കത്തിയുണ്ടോ?'

'ഏയ് വിഷമമൊന്നുമില്ല. എന്താ വിഷമം?'

ഭാര്യയും ഭർത്താവും ഒപ്പമാണതു പറഞ്ഞത്.

രാഘവൻ എഴുന്നേറ്റു, തിണ്ണമേൽ വച്ച സഞ്ചിയിൽ നിന്നു പഴ്സ് പുറത്തെടുത്തു.

'ഞാൻ പോയി തേങ്ങ വാങ്ങിക്കൊണ്ടുവരാം.'

അയാൾ ചെരുപ്പിട്ടു മുറ്റത്തെ വെള്ളത്തിലേക്കിറങ്ങി. തേങ്ങയില്ലെന്നു പറഞ്ഞത് അ യാൾ കേട്ടിരുന്നു. നാരായണിക്കു ജാള്യത തോന്നി.

'തേങ്ങയില്ലാന്ന് പറയേണ്ടിയിരുന്നില്ല.' അവൾ പറഞ്ഞു. 'ഇപ്പോൾ എന്തേണ്ടായത്. 'ഇല്ലാപ്പാട്ടു' പാടും ചെയ്തു കാര്യം ഒട്ടുണ്ടായതുംല്ല്യ. തേങ്ങ മാത്രം കിട്ടീട്ട് എന്ത് ചെയ്യാനാ.'

'എനിക്കതല്ല.' അച്യുതൻ നായർ പറഞ്ഞു. 'ഇനി അയാളെങ്ങാൻ കുടിച്ചു പൂസായിവന്നു ശല്യം ചെയ്യോന്നാണ്. നെനക്കോർമയുണ്ടോ, കഴിഞ്ഞ കർക്കടകത്തില് ഇതുപോലൊരാൾ കയറിവന്നത്. സന്ധ്യയ്ക്കു പോയി മൂക്കറ്റം കുടിച്ചുവന്ന് എന്തൊക്കെ ശല്യാണ്ടാക്കീത്?'

'ഇയ്യാള് ഇനി കള്ള്ഷാപ്പിലേക്കൊന്നും ആവില്ലല്ലോ പോയത്?'

'ആവോ, ദൈവത്തിനറിയാം. എല്ലാ കർക്കടകത്തിലും നമ്മുടെ യോഗാണ്ന്ന് തോന്നുന്നു, ഇഴജന്തുക്കളെപ്പോലെ ഓരോന്ന് കയറിവരും. ആട്ടെ, നീ ആ മീൻ അകത്തു കൊണ്ടുപോയി വെയ്ക്ക്. ഇവിടെത്തന്നെ വെയ്ക്കണ്ട.'

രാഘവൻ തിരിച്ചുവന്നതു മൂന്നു പ്ലാസ്റ്റിക് സഞ്ചികളുമായാണ്. സഞ്ചികൾ നാരായണിയെ ഏല്പിച്ചുകൊണ്ട് അയാൾ പറഞ്ഞു.

'ഞാൻ പലചരക്കുകടയിൽ കയറിയപ്പോൾ കുറച്ചു സാധനങ്ങളും വാങ്ങി. തോരാത്ത മഴ്യായിര്ന്നില്ലെ, ചേട്ടന് പുറത്തുപോയി സാധനങ്ങളൊന്നും വാങ്ങാൻ പറ്റീട്ട്ണ്ടാവില്ല്യാന്ന് തോന്നി.'

'ഏയ് ഇതൊന്നും വേണ്ടീര്ന്നില്ല, എന്തിനാ ഇതൊക്കെ ഏറ്റിക്കൊണ്ടുവന്നത്?'

തന്റെ മാനം രക്ഷിച്ച മനുഷ്യന് മനസാ നന്ദി പറഞ്ഞു അച്യുതൻ നായർ.

രാഘവൻ ചിരിച്ചു. ആ സഞ്ചികളിൽ വെളിച്ചെണ്ണയും അരിയും മുളകും ഉണ്ടാവണെ എന്നു പ്രാർത്ഥിക്കുകയായിരുന്നു നാരായണി.

'മീൻ മുറിച്ചോ?'

'ഇല്ല, മുറിക്കാൻ പോവ്വായിരുന്നു.'

'ഞാൻ മുറിച്ചുതരാം. നിങ്ങൾ മറ്റു കാര്യങ്ങളൊക്കെ നോക്കിക്കൊള്ളൂ. കത്തിയെവിടെ?'

'വേണ്ട ഞാൻ ചെയ്തോളാം.'

'അവള് ചെയ്തോളും,' അച്യുതൻ നായർ ഇടപെട്ടു.

'അല്ല, എനിക്കിഷ്ടാ ഇങ്ങിനത്തെ ജോലിയൊക്കെ. കത്തി തരൂ.'

അടുക്കളയുടെ വരാന്തയിലിരുന്നു രാഘവൻ മീൻ മുറിക്കുമ്പോൾ നാരായണി സഞ്ചിയിൽ നിന്നു പൊതികൾ ഓരോന്നോരോന്നായി പുറത്തെടുത്തു തുറന്നു. അവർ അത്ഭുതപ്പെട്ടുപോയി. എന്തിനാണയാൾ ഇത്രയധികം സാധനങ്ങൾ വാങ്ങിക്കൊണ്ടുവന്നത്? നാലഞ്ചു കിലോ അരി തന്നെയുണ്ട്. പിന്നെ പരിപ്പുകൾ, എണ്ണകൾ, മുളക്, മഞ്ഞൾ, കടുക് എല്ലാം. ഒരു ചെറിയ കുടുംബത്തിന് ഒരു മാസം കഴിയാനുള്ള മലഞ്ചരക്കു മുഴുവനുണ്ട്. ഒറ്റനോട്ടത്തിൽ പത്തുമുന്നൂറു രൂപയെങ്കിലുമായിട്ടുണ്ടാവും. എന്തിനാണ് ഈ മനുഷ്യൻ ഒരു നേരത്തെ ഊണിനുവേണ്ടി ഇത്രയും ചെലവാക്കുന്നത്?

അച്യുതൻനായരും അതുതന്നെയായിരുന്നു ആലോചിച്ചിരുന്നത്. എന്തിനാണ് ഈ മനുഷ്യൻ ഇതൊക്കെ ചെയ്യുന്നത്? അടുക്കളവാതിലിലൂടെ നോക്കുമ്പോൾ രാഘവൻ കുനിഞ്ഞിരുന്നു നെയ്മീൻ മുറിക്കുന്നതു കാണാം. അയാൾ അടുക്കളയിലേക്കു ശ്രദ്ധിച്ചിരുന്നില്ല.

സാധനങ്ങളെല്ലാം ഓരോ ടിന്നുകളിൽ പകർന്നുവയ്ക്കുമ്പോൾ നാരായണി ഓർത്തു. എത്ര കാലമായി ഈ ടിന്നുകൾ നിറഞ്ഞിട്ട്. കല്യാണം കഴിഞ്ഞ് ആദ്യത്തെ ഒരു കൊല്ലം മാത്രം ശമ്പളം കിട്ടിയാൽ ഒന്നായി പലചരക്കുകൾ വാങ്ങിവച്ചിരുന്നു. ജോലി പോയപ്പോൾ പിന്നെ അതൊന്നും നടക്കാതായി. സാധനങ്ങൾ തീരുന്നതിനനുസരിച്ച് അപ്പപ്പോഴായി വാങ്ങും. പിന്നെപ്പിന്നെ അന്നത്തേയ്ക്കുള്ള സാധനങ്ങൾ വാങ്ങുക എന്ന നിലയിലെത്തി. കുറെക്കാലമായി അതും പറ്റാറില്ല. ഇപ്പോൾ ഇത്രയധികം സാധനങ്ങൾ ഒന്നിച്ചു കണ്ടപ്പോൾ അവർക്ക് ആർത്തിതോന്നി.

രാത്രി അവർ നിലത്തിരുന്ന് ഊണുകഴിച്ചു. നാരായണി വിളമ്പിക്കൊടുത്തു. രാഘവൻ മീൻ വറുത്തതും കറിയും കൂട്ടി ആസ്വദിച്ചുണ്ണുന്നതു നോക്കിനിന്നപ്പോൾ മൂന്നു മണിക്കൂർ മുമ്പു നെയ്മീനും തൂക്കിവന്ന് 'ഇതൊന്നു വച്ചുതരാമോ' എന്നു ചോദിച്ചതിന്റെ വ്യാപ്തി നാരായണിക്കു മനസിലായി. ഭക്ഷണം ഇഷ്ടമുള്ള ഒരാൾ; പക്ഷേ, അതിനുവേണ്ടി ഇത്രയധികം പണം ചെലവാക്കുകയോ?

രാഘവൻ ഊണു കഴിച്ച പ്ലെയ്റ്റ് സ്വന്തമായി കഴുകിവച്ചു.

'ഇതിലൊന്നും അത്ര കാര്യമില്ലെന്നേ.' അയാൾ പറഞ്ഞു: 'നമ്മുടെ എച്ചിൽ മറ്റൊരാളെക്കൊണ്ട് എന്തിനു കഴുകിക്കണം. കുട്ടിക്കാലം തൊട്ടേയുള്ള ശീലമാണ്. അമ്മയാണ്...'

അയാൾ നിർത്തി. അമ്മയെപ്പറ്റി കൂടുതൽ പറയാൻ താൽപര്യമില്ലാത്തപോലെ. അമ്മയാണ് ഈ ശീലം പഠിപ്പിച്ചതെന്നായിരിക്കും അയാൾ ഉദ്ദേശിച്ചത്.

'അമ്മ ഇല്ലേ?' നാരായണി ചോദിച്ചു.

'ഇല്ല.'

'അച്ഛൻ?'

'ഇല്ല, രണ്ടു പേരും മരിച്ചു.'

അയാൾ കൂടുതൽ ചോദ്യങ്ങളെ നിരുത്സാഹപ്പെടുത്തിക്കൊണ്ട് ഉമ്മറത്തു തിണ്ണയിൽ പോയി ഇരുന്നു.

വൈകുന്നേരത്തെ ഇടവേളയ്ക്കു ശേഷം വീണ്ടും മഴ ചാറാൻ തുടങ്ങി.

'ഇനി അധികം പെയ്യുണ്ടാവില്ല.'

ഇറയത്തേക്കിറങ്ങി ആകാശം നോക്കിക്കൊണ്ട് അച്യുതൻനായർ പറഞ്ഞു.

'ഊണു നന്നായി.' തിണ്ണമേൽ കാലും നീട്ടി ചുമർ ചാരിയിരുന്നുകൊണ്ടു രാഘവൻ പറഞ്ഞു.

‘നാരായണി നന്നായി വയ്ക്കും. വയ്ക്കാൻ സാധനങ്ങളില്ലാത്ത കുറവേ ഉള്ളൂ.’
‘നാളെ നമുക്ക് ഇറച്ചി വാങ്ങണം. ഞങ്ങളുടെ നാട്ടിലെ വെപ്പ് കാണിച്ചുതരാം.’
നാരായണി ഒന്നും പറഞ്ഞില്ല. അച്യുതൻ നായർ രാഘവനെ നോക്കി, എന്താണ് തന്റെ ഭാവം എന്ന മട്ടിൽ.
‘നിങ്ങൾക്ക് ചപ്പാത്തിയുണ്ടാക്കാനറിയ്യോ?’
‘ഒരുമാതിരി.’
‘ഞാൻ മാവു കുഴച്ചുതരാം. പരത്താനാണ് എനിക്കു വിഷമം.’
അപ്പോൾ ഈ മനുഷ്യന് പെട്ടെന്നു പോകാനുള്ള ഉദ്ദേശ്യമില്ല. അച്യുതൻനായർ വിചാരിച്ചു. അതുപോട്ടെ, ഇന്ന് രാത്രി അയാളെ എവിടെ കിടത്തും. ഒരു മുറിയും അടുക്കളയും മാത്രം. അടുക്കളയുടെ നിലം വല്ലാതെ പൊട്ടിപ്പൊളിഞ്ഞു മോശമായിരിക്കുന്നു. മഴ തുടങ്ങിയശേഷം ആകെ ചെളിക്കുണ്ടാണ്. ഉമ്മറത്താണു ഭേദം. അയാൾ നാരായണിയെ അകത്തേക്കു വിളിച്ചു.
‘നീ ഒരു പായും തലയിണയും പുതപ്പും കൊടുക്ക്. അയാൾ ഉമ്മറത്തു കിടന്നോട്ടെ.’
‘ഇവിടെ കിടക്കാനൊക്കെ സൗകര്യം കുറവാണ്.’ അച്യുതൻ നായർ ഉമ്മറത്തേക്കു കടന്നുകൊണ്ടു പറഞ്ഞു.
‘അതിനെന്താ, എനിക്കൊരു പായും തലയിണയും തന്നാമതി. ഞാനിവിടെ കിടന്നുകൊള്ളാം.’
‘തണുപ്പൊക്കെ കാണും.’
‘ഓ സാരമില്ല.’
നാരായണി പായും തലയിണയും പുതപ്പും കൊണ്ടുവന്നപ്പോൾ രാഘവൻ തന്റെ സഞ്ചി തുറന്നു പഴ്സെടുത്ത് അവളെ ഏല്പിച്ചു.
‘ഇത് അകത്തുവെച്ചുകൊള്ളൂ.’
അവൾ പഴ്സ് വാങ്ങി. നല്ല കനമുണ്ടായിരുന്നു അതിന്. പെട്ടെന്നവൾ വല്ലാതായി. അതിൽ നിറയെ പണമുണ്ടെന്നവൾക്കു മനസിലായി. ഇത്രയും പണം യാതൊരു പരിചയവുമില്ലാത്ത ആൾക്കാരെ ഏല്പിച്ച്.... എന്തൊരു മനുഷ്യനാണീയാൾ....
‘നാരായണി അത് അലമാരിയിൽ ഭദ്രമായി വയ്ക്കൂ. ഈ സ്ഥലത്ത് അല്ലറചില്ലറ കളവുകളൊക്കെയുണ്ട്. ജനലിൽക്കൂടി തോണ്ടിയെടുക്കലുമൊക്കെ.’
തന്നിലർപ്പിച്ച വിശ്വാസത്താൽ അച്യുതൻനായർ പ്രശംസിക്കപ്പെട്ടിരുന്നു.
അച്യുതൻനായർക്ക് ഉറക്കം വന്നില്ല. എപ്പോഴോ മഴയുടെ ശക്തി കൂടിയിരുന്നു. കാറ്റിന്റെ മൂളക്കവും മരങ്ങൾ ഉലയുന്നതിന്റെ ശബ്ദവും കേൾക്കാം. പുറത്തു തണുത്ത കോലായിൽ കിടന്നുറങ്ങുന്ന മനുഷ്യനെ അയാൾ ഓർത്തു. അയാളുടെ വരവിനെപ്പറ്റി ഒരു നൂറ് അഭ്യൂഹങ്ങൾ നടത്തി ക്ഷീണിച്ചു നാരായണി ഉറക്കമായിരുന്നു. നാരായണിയുടെ അഭിപ്രായങ്ങളൊന്നും അച്യുതൻനായർക്ക് സ്വീകാര്യമായി തോന്നിയില്ല. ഭാര്യയുമായി പിണങ്ങി വന്ന മനുഷ്യനോ, എവിടെനിന്നെങ്കിലും പണം കട്ടെടുത്ത് ഒളിച്ചുനടക്കുന്ന കള്ളനോ ഒന്നും അല്ല അയാൾ. വേറെ എന്തോ ഒന്ന്. എന്താണെന്ന് അച്യുതൻനായർക്കറിയില്ല. ഇതൊന്നും പക്ഷേ, അയാൾ ഭാര്യയോടു പറഞ്ഞില്ല.
കാറ്റിന്റെ ശക്തിയിൽ ജനലിലൂടെ വെള്ളത്തുള്ളികൾ അകത്തുവന്നു. ഈ കാറ്റിലും മഴയിലും എങ്ങനെ ഒരാൾക്ക് കോലായിൽ കിടന്നുറങ്ങാൻ പറ്റും.
രാഘവൻ ഉറങ്ങുകയായിരുന്നില്ല. അടഞ്ഞുകിടക്കുന്ന വാതിലിനു നേരെ നോക്കി ചുവരും ചാരി കുറെ നേരമിരുന്നു. വെറുതെ, ഒന്നും ആലോചിക്കാതെ. മനസ് ശാന്തമായിരുന്നു. ഇനി ഒരിക്കലും മനസ് കലുഷമാക്കില്ലെന്ന് അയാൾ അമ്മയ്ക്കു വാക്കുകൊടുത്തിരുന്നു. മരിക്കുന്നതിനുമുമ്പു തന്റെ കൈപിടിച്ചു കൊണ്ടു പറഞ്ഞതാണ്.
‘നിനക്ക് ഈ സ്വഭാവം കൊണ്ട് നഷ്ടമേയുണ്ടായിട്ടുള്ളൂ. ഇനി എനിക്കുവേണ്ടിയെങ്കിലും അതു മാറ്റണം. മനസ് കേടുവരുത്താതെ നോക്കണം.’
മഴയുടെ താളം കണ്ണുകളെ തഴുകാൻ തുടങ്ങിയപ്പോൾ അയാൾ നിലത്തു പായ വിരിച്ചുകിടന്നു. കോലായ്ക്കു വീതി കുറവായതിനാൽ കാറ്റിൽ മഴത്തുള്ളികൾ പായവരെ എത്തി. അയാൾ പുതപ്പിനുള്ളിൽ ചുരുണ്ടുകിടക്കാൻ നോക്കി. അപ്പോഴാണ് കണ്ടത്, ഒരു മിന്നലിന്റെ പ്രകാശത്തിൽ തിളങ്ങുന്ന എന്തോ ഒന്ന്. ചവിട്ടുകല്ലിന്റെ അരുകിലായി പുളയുന്ന പ്രകാശം. അയാൾ ചാടി എഴുന്നേറ്റു, വിളക്കിന്റെ സ്വിച്ചിട്ടു. വിളക്കു കത്തിയില്ല.
അച്യുതൻനായർ എഴുന്നേറ്റു ജനലടച്ചു. വിളക്കു കത്തിക്കാനായി സ്വിച്ചിട്ടു. കറണ്ടില്ല. മഴക്കാലത്ത് ഇതു സാധാരണമാണ്. രാത്രി കറണ്ടുപോയാൽ പിന്നെ രാവിലെയേ ശരിയാക്കൂ. അതുവരെ ഇരുട്ടിൽത്തന്നെ. അയാൾ റാന്തലെടുത്തു കത്തിച്ചു. ഉമ്മറത്തേക്കുള്ള വാതിൽ തുറക്കുന്നതിനു മുമ്പ് ഒന്നു ശങ്കിച്ചു.
രാഘവൻ തിണ്ണയിൽ കൂനിക്കൂടിയിരിക്കുകയാണ്.
‘എന്താ ഉറങ്ങിയില്ലേ?’ അച്യുതൻ നായർ ചോദിച്ചു: ‘അല്ലെങ്കിൽ ഈ പെരുമഴയത്ത് കോലായിൽ എങ്ങനെ കിടക്കാനാണ് അല്ലേ?’
‘മഴ കൊണ്ടല്ല,’ രാഘവൻ പറഞ്ഞു. ‘എനിക്കൊരു സന്ദർശകനുണ്ടായിരുന്നു.’
അച്യുതൻ നായർ ചുറ്റും നോക്കി. കോലായിൽ ഒരരുകിലായി മഴവെള്ളം അധികം തെറിക്കാത്തിടത്തു പായ നിവർത്തിയിരുന്നു.
‘ഒരു പാമ്പ്,’ രാഘവൻ പറഞ്ഞു.
‘മഴക്കാലത്ത് ഇഴജന്തുക്കളുടെ ശല്യം കൂടുതലാ,’ അച്യുതൻ നായർ പറഞ്ഞു. ‘എന്തു പാമ്പാ?’
‘അറിയില്ല. ചേരയായിരിക്കും.’
മറുപടി അച്യുതൻ നായരെ നിരാശപ്പെടുത്തി. സാധാരണ ഇങ്ങനത്തെ ചോദ്യങ്ങൾക്കുത്തരമുണ്ടാവുക ‘അതൊരു വെള്ളിക്കെട്ടനാ’ണെന്നോ, ‘എട്ടടിമൂർഖനാ’ണെന്നോ ആയിരിക്കും. അതിലും താഴെക്കിടയിലുള്ള പാമ്പുകളെ ആരും കാണാറില്ല. ധീരസാഹസികതയ്ക്കും കൈയടിക്കും സാദ്ധ്യതയുള്ളപ്പോൾ ആരെങ്കിലും അതൊഴി

വാക്കുമോ? ഒരു ചേരയുമായുണ്ടായ ഏറ്റുമുട്ടലിൽ കാര്യമായ സാഹസികതയൊന്നും പറയാനില്ല.

രാഘവൻ അത്യുക്തി ഇഷ്ടപ്പെട്ടില്ല. കടും നിറങ്ങൾ ഉപയോഗിച്ചതുമില്ല.

'നിങ്ങളൊരു കാര്യം ചെയ്യൂ,' പായും തലയിണയും ചുരുട്ടിക്കൊണ്ട് അച്യുതൻനായർ പറഞ്ഞു: 'അകത്തു കിടന്നുകൊള്ളൂ.'

'അത്... വിഷമമാവില്ലേ?'

'അതു സാരല്യ, അല്ലാതെ ഈ പെരുമഴയത്ത് കോലായില്, ഇഴജന്തുക്കളുടെ എടേല്...' നാരായണി നല്ല ഉറക്കമായിരുന്നു. ചുവരരുകിൽ പായ വിരിച്ചുകൊടുത്തു അച്യുതൻ നായർ പറഞ്ഞു.

'കിടന്നോളൂ.'

രാഘവൻ ഒരദ്ഭുതമായിട്ടാണു നാരായണിക്കു തോന്നിയത്. അതിരാവിലെ എഴുന്നേറ്റു ചായയുണ്ടാക്കി അവരെ വിളിക്കും. തുടക്കത്തിൽ അതൽപം വിഷമമുണ്ടാക്കി. 'എന്നെ വിളിക്കാമായിരുന്നില്ലേ' എന്ന് ഒന്നുരണ്ടു പ്രാവശ്യം നാരായണി ചോദിച്ചപ്പോൾ അയാൾ ചിരിക്കുക മാത്രം ചെയ്തു. പിന്നെ പ്രാതലുണ്ടാക്കാൻ, അതു കഴിഞ്ഞ് ഉച്ചഭക്ഷണമുണ്ടാക്കാൻ എല്ലാം അയാൾ സഹായിക്കും. അയാൾ ചെയ്യുന്നതിനെല്ലാം കലാപരമായ മേന്മയുണ്ടായിരുന്നു. നാരായണി നോക്കിനിന്നുപോകും.

അച്യുതൻനായർ ഉച്ചഭക്ഷണത്തിനെത്തുമ്പോഴേക്ക് എല്ലാം തയ്യാറായിട്ടുണ്ടാകും. രാഘവൻ രാവിലെ മാർക്കറ്റിൽ പോയി മീനോ ഇറച്ചിയോ കോഴിമുട്ടയോ വാങ്ങിക്കൊണ്ടുവരും, ഒപ്പം പച്ചക്കറികളും. ഊണു കഴിക്കുമ്പോൾ അച്യുതൻനായർ ചോദിക്കും:

'നിങ്ങൾ എന്തിനാണ് ഇതൊക്കെ ചെയ്യുന്നത്!'

'എന്താ ഞാൻ ചെയ്യുന്നതിഷ്ടമല്ലേ?'

'അല്ലാ, അങ്ങനെയല്ല, നമ്മള് ഓരോ കാര്യങ്ങള് ചെയ്യുമ്പോ എന്തെങ്കിലും കാരണം കാണില്ലേ? അതാ ഞാൻ ചോദിച്ചത്.'

രാഘവൻ മീൻ വറുത്തത് ഒരു കക്ഷണം വായിലിട്ട് കുറച്ചുനേരം ആലോചിച്ചിരുന്നു. അയാളുടെ മുഖം വാടിയോ എന്നു സംശയം. അച്യുതൻ നായർ പറഞ്ഞു.

'സാരല്യാ. ഞാൻ വെറുതെ ചോദിച്ചതാ.'

'അതല്ല കാര്യം,' രാഘവൻ പറഞ്ഞു: 'എനിക്കുതന്നെ അറിയാത്ത കാര്യം ഞാൻ എങ്ങനെയാണു മറ്റുള്ളവരോട് പറയുന്നത്?'

'സാരല്യ. ഞാൻ നിങ്ങളെ വിഷമിപ്പിക്കാൻ പറഞ്ഞതല്ല. അറിയാനുള്ള താൽപര്യംകൊണ്ടു ചോദിച്ചൂന്നേള്ളൂ. നിങ്ങള് വന്നിട്ടിപ്പോ കൊറച്ചു ദിവസായല്ലോ. എവിട്ന്നാ വരണത് എങ്ങോട്ടാ പോണത് എന്നൊന്നും ഞങ്ങക്കറിയില്ല. സ്നേഹംള്ള ആളാണ്ന്ന് മാത്രം മനസിലായി. അതോണ്ടല്ലെ ഭാര്യയെ ഇവിടെ വിട്ട് എനിക്ക് സമാധാനത്തോടെ ജോലിക്ക് പോകാൻ പറ്റണത്? ആ ധൈര്യം എവിട്ന്ന്ണ്ടായീന്ന് എനിക്കിപ്പഴും അറിയില്ല. മുജ്ജന്മബന്ധായിരിക്കും .' അച്യുതൻനായർ ഊണു കഴിഞ്ഞെഴുന്നേറ്റു.

'പൊറത്തൊക്കെ ഞാൻ പറഞ്ഞിട്ടുള്ളത് നാരായണീടെ വല്യമ്മടെ മകനാന്നാ. ചെറിയ ഒരു ടൗണല്ലെ, എല്ലാവർക്കും അന്യോന്യം അറിയാം. ഒരു വീട്ടില് നടക്കണതെന്താന്ന് മറ്റുവീട്ടുകാർക്ക് അറിയണം. അതവർടെ അവകാശാ.'

രാഘവൻ താൻ നടന്നുവന്ന വഴികളെപ്പറ്റി ഓർത്തു. എവിടെയോ ബസിറങ്ങി നടന്നു. ഇരുതല മുട്ടിയ, ചെമ്മൺ നിറമുള്ള മലവെള്ളത്തിനുമേലേ ശ്വാസംമുട്ടി നിൽക്കുന്ന നെൽച്ചെടികളുടെ പച്ചപ്പിനു നടുവിലൂടെ ഏറെദൂരം നടന്നു.

'ഞാൻ വന്നത് നിങ്ങൾക്ക് ബുദ്ധിമുട്ടായി അല്ലേ?'

'ഏയ്.' രണ്ടുപേരും ഒന്നിച്ചുപറഞ്ഞു.

വാസ്തവത്തിൽ അവർക്ക് ബുദ്ധിമുട്ടായോ? പത്തുകൊല്ലത്തെ വിവാഹജീവിതം അവർക്ക് സമ്മാനിച്ചതെന്താണ്. ഓർമകളിൽ ഇരുട്ടുപിടിച്ച ഇടവഴികളും ദിവസങ്ങളുടെ വിരസതയും പിന്നെ പഞ്ഞത്തിന്റെയും അതൃപ്തിയുടെയും നാളുകളും. എന്താണ് ഇങ്ങനെയൊക്കെ സംഭവിച്ചതെന്നറിയില്ല. അങ്ങനെയൊക്കെ സംഭവിച്ചുവെന്നുമാത്രം. വഴിയിലെവിടെയോവെച്ച് എല്ലാം കൈവിട്ടുപോയി. ജീവിതത്തിൽ നഷ്ടബോധം മാത്രം ബാക്കി.

നാരായണിയെ സംബന്ധിച്ചിടത്തോളം നഷ്ടപ്പെട്ടുവെന്നു കരുതിയ പലതും തിരിച്ചു കിട്ടിയ മട്ടാണ്. ആദ്യമായി ഉണ്ടായത് അടുക്കളയിലാണ്. വളരെക്കാലമായി ഒഴിഞ്ഞുകിടന്ന ടിന്നുകൾ നിറയ്ക്കപ്പെട്ടു. അടുക്കളയ്ക്കു പാചകത്തിന്റെ മണം തിരിച്ചുകിട്ടി.

പെട്ടിയിൽ പുതിയ വസ്ത്രങ്ങളുടെ മണം തിരിച്ചുവന്നു. ഓരോ പ്രാവശ്യവും രാഘവൻ സാരിയോ മറ്റു വസ്ത്രങ്ങളോ കൊണ്ടുവരുമ്പോൾ നാരായണി ചോദിക്കും, എന്തിനാണിതൊക്കെ കൊണ്ടുവരുന്നതെന്ന്.

രാഘവൻ ചിരിക്കുകമാത്രം ചെയ്തു. അച്യുതൻ നായർ ഒന്നും പറഞ്ഞില്ല. ആ മനുഷ്യൻ സ്നേഹത്തോടെ കൊടുക്കുന്നതാണ്. അവൾക്ക് ആവശ്യമാണുതാനും അവയൊക്കെ. എത്ര കാലമായി തുണിത്തരങ്ങൾ വാങ്ങിയിട്ട്. തനിക്കതു വാങ്ങിക്കൊടുക്കാൻ കഴിയാത്തോളം കാലം എന്തിനു മുടക്കണം. രാഘവൻ ഏതോ ജന്മത്തിലെ കടം വീട്ടുകയായിരിക്കും. അയാൾക്കു ദുശ്ശീലങ്ങളൊന്നും ഇല്ല. കുടിക്കില്ല, പുകവലിക്കില്ല, രാത്രികളിൽ പുറത്തിറങ്ങാറില്ല. ഒരിക്കൽ അച്യുതൻ നായർ ചോദിച്ചു:

'രാഘവൻ കുടിക്കില്ലേ?'

'ഇല്ല. സ്വബോധത്തോടെ ജീവിക്കാൻ തന്നെ വിഷമം, അപ്പോൾ പിന്നെ ഉള്ള ബോധവും നശിച്ചാലോ?'

'എനിക്കല്പം സേവിച്ചാലേ ഉറക്കംവരൂ.' അച്യുതൻ നായർ പറഞ്ഞു: 'അധികമൊന്നും വേണ്ട. ഒരു ഇരുനൂറ് മില്ലി. അതു കഴിഞ്ഞാൽ ഒരു രണ്ടു പുക അത്രതന്നെ.'

എന്തെങ്കിലും ചീത്ത ശീലങ്ങളുണ്ടെങ്കിൽ ആ കാരണം പറഞ്ഞ് ആ മനുഷ്യനെ അകറ്റാമായിരുന്നു. സ്നേഹപൂർവ്വം ഓരോ സാധനങ്ങൾ വാങ്ങിത്തരുന്നത് എങ്ങനെ ചീത്തശീലമാകും. അതു ചീത്തശീലമാണെങ്കിൽ ആദ്യത്തെ ദിവസം മീനുംകൊണ്ടു വന്നപ്പോൾത്തന്നെ ഒഴിവാക്കണമായിരുന്നു. ഇപ്പോൾ അയാൾ ചെയ്യുന്നത് ആദ്യദിവസത്തിന്റെ തുടർച്ചയായിട്ടാണ്. എന്തിന്റേയോ കടം വീട്ടാൻ ജന്മാന്തരങ്ങൾ കടന്നുവന്ന മനുഷ്യൻ. ആരാണീ മനുഷ്യൻ?

ഉത്തരം കിട്ടിയത് ഒരു സന്ധ്യാനേരത്തായിരുന്നു. പണികഴിഞ്ഞുവന്നു ചായ കുടിച്ചു, കുളിച്ചു പുറത്തേക്കിറങ്ങി. രാഘവൻ നെറ്റി തലോടി ഉമ്മറത്ത് ഇരിക്കുന്നുണ്ടായിരുന്നു.

'തലവേദന.'

അച്യുതൻ നായരുടെ ചോദ്യത്തിനുത്തരമായി അയാൾ പറഞ്ഞു.

'നെറ്റീമ്മല് പെരട്ടാൻ എന്തെങ്കിലും വാങ്ങണോ?'

'വേണ്ട എന്റെ കൈയിൽത്തന്നെയുണ്ട്.'

'ഞാനൊന്നു നടന്നുവരാം.'

ആദ്യത്തെ ഗ്ലാസ് ഒറ്റ വീർപ്പിനു മോന്തി ചിറി തുടച്ച് അച്യുതൻനായർ പറഞ്ഞു.

'കൊച്ചുണ്ണി ഒരു ഇരുന്നൂറു കൂടി ഒഴിക്ക്.'

'എന്തുപറ്റി അച്ചാരെ. പതിവില്ലാതെ?'

'ഇന്നങ്ങനെ ഒരു മൂഡ്. കൊറച്ച് ദിവസമായി മനസിലാകെ ഒരു പാട. ഒന്നും വ്യക്തായിട്ട് ആലോചിക്കാൻ പറ്റ്ണില്ല. ഇവനെ കുറച്ചധികം അകത്താക്കിയാൽ ആ പാട അങ്ങട്ട് നീങ്ങിക്കിട്ടുമോന്ന് നോക്കട്ടെ.'

'ന്നാ, നല്ല മുഴുത്ത ചാള വറുത്തത്ണ്ട്. കൊണ്ടരട്ടെ?'

'ങാ, നോക്കട്ടെ.'

കീശയിൽ പണമുണ്ടായിരുന്നു. രാഘവൻ വന്നശേഷം വീട്ടാവശ്യങ്ങൾക്കും പണം ചെലവാക്കേണ്ടി വന്നിട്ടില്ല. സാധനങ്ങളെല്ലാം കഴിയുന്നതിനു മുമ്പായി അയാൾ വാങ്ങിക്കൊണ്ടുവരും. അച്യുതൻ നായർ വീണ്ടും ഓർത്തു. എന്തിനാണീ മനുഷ്യൻ ഇതൊക്കെ ചെയ്യുന്നത്? ഗ്ലാസ് വീണ്ടു നിറയ്ക്കപ്പെട്ടു. കൊച്ചുണ്ണി ഓർമ്മിപ്പിച്ചു.

'അച്ചുവാരെ മതി.'

'ഇതാ ഇതും കൂടി.'

ഗ്ലാസ് വായിലേക്കു കമിഴ്ത്തി അയാൾ എഴുന്നേറ്റു. അരയിൽ മുണ്ടിന്റെ കോന്തലയിൽ തെറുത്തുവെച്ച ബീഡിക്കെട്ടിൽ നിന്ന് ഒരു ബീഡിയെടുത്ത് ചുണ്ടിൽവച്ചു.

വീട്ടിൽ വന്നുകയറുമ്പോൾ മഴ ചാറുന്നുണ്ടായിരുന്നു. ഉമ്മറത്തു തിണ്ണയിൽ നാരായണി ഇരിക്കുന്നു. അകത്തു വെളിച്ചമില്ല.

'എന്താ അകത്ത് വിളക്കു കത്തിക്കാത്തത്?'

'അവിടെ അയാള് കെടക്ക്വാണ്. തലവേദന കൂടീട്ട്ണ്ട്. ഞാൻ പറയ്യേ പോയി കിടന്നോളാൻ.'

അച്യുതൻ നായർ അകത്തുകടന്നു, വിളക്കുതെളിയിച്ചു. കട്ടിന്മേൽ രാഘവൻ ഉറക്കമാണ്.

'താഴ്ത്ത് കിടക്ക്വായിരുന്നു. ഞാനെ പറഞ്ഞത് കട്ടിന്മല് കെടന്നോളാൻ. ഈ തലവേദനീം ഒക്കെ ആയിട്ട് നെലത്ത് കെടത്തണ്ടാച്ചു. ഞാൻ നെലത്ത് പായിട്ട് കെടന്നോളാം. നിങ്ങള് രണ്ടുപേരും കട്ടിമ്മല് കെടന്നോളൂ. അല്ലെങ്കിലും ഞാൻ ആലോചിച്ചതാ, ഇനിതൊട്ട് ഞാൻ നെലത്ത് തന്നെ കെടക്കാംന്ന്. അയാള് നെലത്ത് കെടക്കുമ്പം....!'

'ഊണു കഴിച്ചോ?'

'വേണ്ടാന്ന്. തലവേദനയാവുമ്പോ അങ്ങിന്യാത്രെ. ഒന്നുംകഴിക്കില്ല. രാവിലെയാവുമ്പോഴേക്ക് മാറൂംന്ന് പറഞ്ഞു.'

'ന്നാ, നമുക്ക് കഴിക്കാം.'

ഊണുകഴിക്കുമ്പോൾ അച്യുതൻനായർ ആലോചിച്ചിരുന്നതു ബന്ധങ്ങളെപ്പറ്റിയായിരുന്നു. മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധം. ജീവജാലങ്ങൾ തമ്മിലുള്ള ബന്ധം. ആലോചന എവിടെയുമെത്തിയില്ല.

ഊണുകഴിഞ്ഞശേഷം അയാൾ കട്ടിലിനടത്തുപോയി രാഘവൻ കിടക്കുന്നതും നോക്കിനിന്നു. ഹൃദയം കനിവിനാൽ നിറഞ്ഞു. കണ്ണുകൾ ഈറനായി. പെട്ടെന്നാണു ബോധോദയമുണ്ടായത്. അയാൾ അത്ഭുതത്തോടെ, ആഹ്ലാദത്തോടെ പറഞ്ഞു. എന്താണ് ഇതു മനസിലാക്കാൻ ഇത്ര കാലമെടുത്തത്. തന്റെ നാൽപതു കൊല്ലത്തെ ജീവിതം എത്ര അപൂർണവും അയഥാർഥവുമായിരുന്നെന്ന് അയാൾ മനസിലാക്കി. മുമ്പിൽ നിവർന്നു കിടക്കുന്നതു തന്റെ തന്നെ ഉണ്മയല്ലേ?

അയാൾ അലമാരി തുറന്നു തപ്പുകയായിരുന്നു.

'എന്താണ് നോക്കുന്നത്?'

'കിട്ടി.' അലമാരിയിൽ നിന്നെടുത്തതു നാരായണിയുടെ കല്യാണപ്പുടവയായിരുന്നു.

'എന്തിനാപ്പൊ അതൊക്കെ പുറത്തെടുക്കണത്?'

അയാൾ സാരി വാസനിച്ചു നോക്കി. ചന്ദനത്തിന്റെ നിറമുള്ള ആ പുടവയ്ക്കു ചന്ദനത്തിന്റെ മണമായിരുന്നു. കസവ് മങ്ങാതെ ഉദിച്ചുനിന്നു.

'നീ ഈ സാരിയൊന്ന് ഉടുക്ക് .'

'ഈ സാരി ഉടുക്ക്വേ?' അയാൾ തലയാട്ടി.

'എന്താ ഇപ്പോൾ ഇങ്ങനെയൊക്കെ തോന്നാൻ?'

'നീ ഉടുക്ക്.'

അവൾ രാഘവൻ കിടക്കുന്നിടത്തു നോക്കി. അയാൾ നല്ല ഉറക്കമാണ്. അവൾ സാരിയെടുത്തു കുളിമുറിയിലേക്കു നടന്നു.

'ഇവിടുന്നുതന്നെ മാറ്റിയാ മതി.'

നാരായണി സങ്കോചത്തോടെ, സാവധാനത്തിൽ സാരി അഴിച്ചുമാറ്റി. രാഘവൻ ഉണരുമോ എന്ന ഭയത്തോടെ നോക്കിക്കൊണ്ട് അവൾ ബ്ലൗസിന്റെ കുടുക്കുകൾ അഴിച്ചു.

അച്യുതൻ നായർ കലവറയിൽ നിന്നു വലിയ ഓട്ടുവിളക്ക് എടുത്തു തുടച്ചുമിനുക്കി, നല്ലെണ്ണ ഒഴിച്ച് തിരിയിട്ടു കത്തിച്ചു. നിലവിളക്കു മുറിയുടെ നടുവിൽ വച്ച് അയാൾ പറഞ്ഞു.

'നീ നിലവിളക്ക് മൂന്നു പ്രാവശ്യം വലംവെയ്ക്ക്.'

'എന്താ നിങ്ങൾക്ക് പറ്റീത്. ഇന്ന് കുറച്ചധികം അകത്താക്കീന്ന് തോന്നുന്നു.'

'നീ ഞാൻ പറഞ്ഞത് ചെയ്യ്.'

അവൾ നിലവിളക്കിനു ചുറ്റും നടന്നു. മൂന്നു പ്രാവശ്യം വലംവച്ചപ്പോൾ അയാൾ അവളുടെ കൈപിടിച്ചു കട്ടിലിനടുത്തേക്കു നയിച്ചു.

'ഈ കിടക്കുന്നത് ആരാണെന്നറിയ്യോ?'

അവൾ അന്തംവിട്ടു. എന്തൊക്കെയാണ് ഈ മനുഷ്യൻ ചോദിക്കുന്നത്. 'ഇത് രാഘവനല്ലെ?'

'അല്ല, അതു ഞാൻ തന്നെയാണ്.'

അച്യുതൻ നായർ അവളെ പിടിച്ചു കട്ടിലിന്മേലിരുത്തി. 'കിടന്നുകൊള്ളു.'

അയാൾ വിളക്കണച്ചു. ഇപ്പോൾ നിലവിളക്കിന്റെ അരണ്ട വെളിച്ചം മാത്രം. അച്യുതൻ നായർ ചുവരരുകിൽ ചാരി വച്ച പായ നിവർത്തിയിട്ട് അതിലേക്കു വീഴുന്നതു നാരായണി കണ്ടു. അയാൾ ഉറക്കമായി.

നാരായണി ഒരുതരം സ്വപ്നാവസ്ഥയിലായിരുന്നു. മുല്ലപ്പൂവിന്റെ മണം എവിടെ നിന്നാണു വരുന്നത്? ഗതകാലത്തു നിന്നു പൊന്തിവന്ന ഒരു മണിയറ അവളുടേതായി. അവൾ വീണ്ടും സ്വപ്നങ്ങൾ നെയ്യുന്ന ഇരുപതുകാരിയായി. സ്നേഹത്തോടെ നീണ്ടുവന്ന രണ്ടു ബലിഷ്ഠകരങ്ങൾ അവളെ ആശ്ലേഷിച്ചു.

രാവിലെ എഴുന്നേറ്റപ്പോൾ എല്ലാം വളരെ സ്വാഭാവികമായി കണ്ടു. യുഗങ്ങളായി തങ്ങൾ അങ്ങനെയാണു കഴിയുന്നതെന്ന മട്ടിൽ. കത്തിത്തീർന്ന തിരികളുള്ള നിലവിളക്കും താൻ ഉടുത്തിരുന്ന പട്ടു പുടവയും താൻ സ്വപ്നം കാണുകയായിരുന്നില്ലെന്ന് അവളെ ഓർമ്മിപ്പിച്ചു. വികാരത്തള്ളിച്ചയിൽ അവളെ വിവസ്ത്രയാക്കിയ ബലിഷ്ഠകരങ്ങൾ അവൾക്കോർമ്മവന്നു. താൻ എപ്പോഴാണ് വീണ്ടും വസ്ത്രം ധരിച്ചത്?

രാഘവൻ ചായയുണ്ടാക്കുകയായിരുന്നു. അച്യുതൻനായർ ക്ഷൗരത്തിനുള്ള ഒരുക്കമാണ്. രണ്ടുപേരുടെ മുഖത്തും ഭാവഭേദമൊന്നുമില്ല. അവൾ സാരി മാറ്റി അടുക്കളയിലേക്കു നടന്നു.

ദിവസങ്ങൾ കടന്നുപോയപ്പോൾ അവൾ ആലോചിച്ചു എന്താണിങ്ങനെയൊക്കെ? എന്താണ് ഈ പുതിയ ജീവിതത്തിനർത്ഥം? അവൾ ഒന്നും ചോദിച്ചില്ല; ആരും ഒന്നും പറഞ്ഞുമില്ല. കാര്യങ്ങൾ ഭംഗിയായി നടക്കുന്നതിൽ അവൾ സന്തോഷിച്ചു. അതുവരെയുണ്ടായിരുന്ന ജീവിതം എത്ര ക്ലേശപൂർണമായിരുന്നെന്ന് അവൾക്കു മനസിലായി. പഞ്ഞത്തിന്റെ നാളുകൾ എന്നേ കഴിഞ്ഞിരുന്നു. രണ്ടു പുരുഷന്മാർക്കു നടുവിലുള്ള ശയനം മധുവിധു രാത്രികളെ തിരിച്ചുനൽകി. കുളിച്ചുവന്നു കണ്ണാടിയിൽ നോക്കുമ്പോൾ കവിളുകളിൽ എന്നോ മാഞ്ഞുപോയ മഴവില്ല് തിരിച്ചുവന്നതവൾ കണ്ടു.

ഇത്രയധികം സുഖം താൻ ജീവിതത്തിൽ ഒരിക്കലും അനുഭവിച്ചിട്ടില്ല. ആലോചിക്കുമ്പോൾ ഭയമാവുന്നു. എല്ലാം പെട്ടെന്നു നിലച്ചുപോകുമോ എന്ന തോന്നൽ. അവൾ രാഘവനോടു ചോദിക്കും:

'എന്തിനാണ് എന്നെ ഇങ്ങനെ സ്നേഹിക്കുന്നത്?'

'എനിക്ക് സ്നേഹിക്കാൻ വേറെ ആരുമില്ല.'

രാഘവനോട് ചോദിക്കാൻ ഒരുപാടു കാര്യങ്ങൾ അവൾ മനസിൽ കുറിച്ചുവയ്ക്കും. പക്ഷേ, അയാളുടെ കൈകളിൽ കിടക്കുമ്പോൾ എല്ലാം മറക്കുന്നു. ആഴ്ചകളും മാസങ്ങളും കടന്നുപോയതവൾ അറിഞ്ഞില്ല. ഓണം വന്നു. കുറെക്കാലത്തിനുശേഷം അവൾ മുറ്റത്തു പൂവിട്ട്, തൃക്കാക്കരയപ്പനെ പ്രതിഷ്ഠിച്ചു. ഓണം ഒരു കൊടുങ്കാറ്റുപോലെ കടന്നുപോയി. നോക്കുമ്പോൾ നവരാത്രിയായിരിക്കുന്നു. കാലത്തെ ഒന്നു പിടിച്ചുനിർത്താൻ കഴിഞ്ഞെങ്കിലെന്നവൾ ആശിച്ചു.

തുലാവർഷം ഇക്കൊല്ലം നേരത്തെ എത്തി. ഇടിയും മഴയും പൊടിപൊടിക്കുന്ന ഒരു സന്ധ്യയ്ക്കു രാഘവൻ വളരെ അസ്വസ്ഥനായി കാണപ്പെട്ടു. പിറ്റേന്നു രാവിലെ അയാൾ ഏറെനേരം കോലായിൽ ഉലാത്തി. അടുക്കളയിൽ ദോശയുണ്ടാക്കുന്ന നാരായണി രാഘവന് എന്തുപറ്റിയെന്ന് ആലോചിച്ചു. ദോശയും ചായയും കഴിക്കുമ്പോൾ രാഘവൻ ഒന്നും സംസാരിച്ചില്ല.

'എന്താ ഒരു വല്ലായ്മ?' അച്യുതൻനായർ ചോദിച്ചു.

'ഒന്നുംല്ല്യ...'

ഭക്ഷണത്തിനുശേഷം രാഘവൻ പഴ്സ് എടുത്തുതരാൻ നാരായണിയോടാവശ്യപ്പെട്ടു. അയാൾ പഴ്സ് തുറന്നു നോക്കി. നൂറിന്റെ രണ്ടു നോട്ടുകൾ മാത്രം ബാക്കി. ആ നോട്ടുകൾ കൈയിലെടുത്ത് അയാൾ കുറച്ചുനേരം ഇരുന്നു. കണ്ണിൽ ഊറിയ ജലകണങ്ങൾ മറച്ചുപിടിക്കാൻ അയാൾ മുഖം തിരിച്ചു. ആ രണ്ടു നോട്ടുകളും തിരിച്ചുവച്ച് അവൻ പഴ്സ് നാരായണിക്കു കൊടുത്തു. എഴുന്നേറ്റ് ഷർട്ടും മുണ്ടും മാറി; മാറ്റിയ വസ്ത്രങ്ങൾ ഒരു കടലാസിൽ പൊതിഞ്ഞു. കുട കൈയിലെടുത്ത് അയാൾ പറഞ്ഞു.

'ഞാൻ വരട്ടെ....'

അച്യുതൻ നായർ ഒന്നും പറയാനാവാതെ കോലായിൽ നിന്നു. നാരായണി തളർന്നു കട്ടിന്മേലിരുന്നു. അവൾ കരയാൻ തുടങ്ങി. കുടയും കടലാസുപൊതിയും ഉമ്മറത്തിണ്ണമേൽവച്ചു രാഘവൻ അകത്തുകയറി, കട്ടിലിന്മേൽ അവളുടെ അടുത്തിരുന്ന് അരക്കെട്ടിലൂടെ പിടിച്ചടുപ്പിച്ചു.

'കരയണ്ട.'

നാരായണി കരച്ചിനിടയിൽ ചോദിച്ചു: 'എന്തിനാണ് പോവുന്നത്. നമുക്ക് ഇങ്ങനെ കഴിഞ്ഞൂകൂടേ?'

എന്തിനാണ് വന്നതെന്നറിയാതിരുന്ന പോലെ എന്തിനാണു പോകുന്നതെന്നും അയാൾക്കറിയില്ലായിരുന്നു.

‘ഞാൻ അമ്മയാകാൻ പോകയാണ്,’ നാരായണി തേങ്ങലിനിടയിൽ പറഞ്ഞു.

‘എനിക്കറിയാം.’ രാഘവൻ പറഞ്ഞു. ‘ഞാൻ ഒരു ദിവസം തിരിച്ചുവരും, എന്റെ കുട്ടിയെ കാണാൻ.’

അയാൾ കുടയും ചൂടി മുറ്റത്തുകൂടെ നടന്നു പടിയിറങ്ങുന്നത് അവർ നോക്കിനിന്നു. പടി കടന്നശേഷം അയാൾ ഒരു നിമിഷം ശങ്കിച്ചുനിന്നു, പിന്നെ ഇടത്തോട്ടുള്ള വഴിയിലൂടെ നടന്നുനീങ്ങി.

back to index

# സാന്ത്വനത്തിന്റെ താക്കോൽ

അവൾ വാതിൽക്കൽ നിൽക്കുകയാണ്. സാരിയാണ് വേഷം. മുഷിഞ്ഞ മഞ്ഞനിറമുള്ള കോട്ടൺ സാരി. ഒരു ദൂരയാത്ര കഴിഞ്ഞുവന്ന മട്ടാണ്.

'രാജശേഖരനല്ലെ?' എന്ന ചോദ്യത്തിന് മറുപടി പറഞ്ഞില്ലെന്ന് അയാ ൾ ഓർത്തു. അവൾ ചോദ്യമാവർത്തിച്ചില്ല. അയാൾ ചോദിച്ചു.

'ആരാണ്? മനസ്സിലായില്ലാ.'

'ഞാൻ നാട്ടിൽനിന്ന് വരുവാണ്. രേവതി.'

'രേവതി?'

'അതെ.'

അയാൾക്ക് ആ പേരുള്ള ആരെ യും അറിയില്ല. അയാൾ ചോദ്യപൂർവ്വം അവളെ നോക്കി. അവൾ ചോദിച്ചു.

'ഞാൻ അകത്തു കടക്കട്ടെ?'

അയാൾ സംശയത്തോടെ മാറിനിന്ന് വഴിയുണ്ടാക്കിക്കൊടുത്തു. അവ ൾ സഞ്ചി നിലത്തുവച്ച് ഒരു ചൂരൽക്കസേരയിലിരുന്നു.

'എനിക്കൊരു ചായ വേണം. വേണമെങ്കിൽ ഞാനുണ്ടാക്കാം.' അവൾ ചിരിച്ചുകൊണ്ട് പറഞ്ഞു.

'ഞാനുണ്ടാക്കാം, ഇരിക്കു.' അയാൾ അടുക്കളയിലേയ്ക്കു പോ യി. അവൾ പിന്നാലെ വന്നു. അതൊ രു രണ്ടുമുറി വീടായിരുന്നു. സ്വീകരണമുറി, കിടപ്പറ, പിന്നെ അടുക്കള.

'ഇവിടെ നിങ്ങളൊറ്റക്കാണോ താമസം?'

'അതെ.' ചായക്കു വെള്ളം വെ ക്കുമ്പോൾ അയാൾ ഓർമ്മിപ്പിച്ചു. 'നിങ്ങൾ ആരാണ്, എന്തിനാണ് വ ന്നത് എന്ന് പറഞ്ഞില്ല.'

'പറയാം, എന്താണ് ധൃതി? ഞാൻ രാജശേഖരന്റെ ഒപ്പം താമസിക്കാൻ പോവ്വാണ്.'

'എന്റെ ഒപ്പമോ.' അയാളുടെ മനസ്സ് ഒന്ന് കാളി. എന്താണ് ഈ പെണ്ണിന്റെ കയ്യിലിരിപ്പെന്ന് ആലോചിക്കുകയായിരുന്നു രാജശേഖരൻ. ഒരു പരിചയവുമില്ലാത്ത ഒരു പെണ്ണ് ഒരു പ്രഭാതത്തിൽ വന്ന് ഒറ്റയ്ക്കു താമസിക്കുന്ന തന്റെ ഒപ്പം...... അയാൾ അവളെ പഠിക്കുകയാണ്. ഒരു ശരാശരി സ്ത്രീ. പത്തിരുപത്തഞ്ചു വയസ്സുണ്ടാകും. അധികമൊന്നും നീളമില്ലാത്ത തലമുടി പിന്നിൽ ഒന്നായി കൂട്ടിക്കെട്ടിയിട്ടിരിക്കയാണ്. ഒരു ദീർഘയാത്ര കഴിഞ്ഞ സമയമല്ല ഒരു പെണ്ണിന്റെ സൗന്ദര്യം പരിശോധിക്കേണ്ട അവസരമെന്ന് അയാൾക്കറിയാം. എങ്കിലും എന്തെങ്കിലും വാഗ്ദാനം കാണാമല്ലൊ. അല്പം നിറമുണ്ടെന്നല്ലാതെ അയാൾക്ക് വലിയ വാഗ്ദാനങ്ങളൊന്നും ആ ദേഹത്തിൽ കാണാൻ കഴിഞ്ഞില്ല. ശരാശരിയുടെ താഴെമാത്രം.

ചായയുമായി അയാൾക്കെതിരെ മേശക്കപ്പുറത്തിരുന്നശേഷം അവൾ പറഞ്ഞു.

'രാജശേഖരൻ നാട്ടിൽ ഒരു പണിക്കരേട്ടനെ അറിയ്യോ?'

'ആര് രാഘവപ്പണിക്കരോ?'

'അതെ. അയാൾക്ക് ഒരു മകളുള്ളതറിയ്യോ?'

അറിയാനുള്ള അയാളുടെ ആഗ്രഹങ്ങളെല്ലാം പെട്ടെന്ന് അസ്തമിച്ചു. ഒരു നരച്ച പാവാടയും ബ്ലൗസുമിട്ട് പുസ്തകവും മാറോടു ചേർത്തുപിടിച്ച് തലയും കുനിച്ച് മുറ്റത്തുകൂടെ നടന്നു പോകാറുള്ള പെൺകുട്ടി. ആ സാധനമാണോ ഇത്? അയാൾ ദീർഘശ്വാസമിട്ടു. രസകരമായൊരു അനിശ്ചിതത്വം തന്നിൽനിന്ന് തട്ടിപ്പറിച്ചിരിക്കുന്നു. ഇനി ഇപ്പോൾ അറിയേണ്ടത് ഈ സാധനം തന്റെ അടുത്ത് എന്തിനാണ് എത്തിപ്പെട്ടതെന്നുമാത്രമാണ്.

'എനിക്ക് ഇവിടെ ഒരു ജോലി കിട്ടീട്ട്ണ്ട്, ടാസ് ഹോട്ടലിൽ. ഹെലന്റിലാണ്. എനിക്കാണെങ്കിൽ ഇവിടെ ആരേയും അറിയും ഇല്ല. അപ്പോഴാണ് രാജശേഖരന്റെ ഓർമ്മ വന്നത്. അച്ഛനാണ് അഡ്രസ്സു തന്നത്.'

അയാൾ വീണ്ടും ദീർഘശ്വാസമിട്ടു. മകനുവേണ്ടി ഒരച്ഛന്ന് ചെയ്യാൻ പറ്റുന്ന ഏറ്റവും വലിയ സേവനം. ഇത്രയും കാലത്തിനുശേഷം അച്ഛൻ വീണ്ടും ഉപദ്രവിക്കുമെന്ന് കരുതിയില്ല.

'ഞാൻ കുളിച്ചിട്ടു വരാം.' അവൾ എഴുന്നേറ്റുകൊണ്ട് പറഞ്ഞു. 'ഒമ്പതുമണിക്ക് ഹോട്ടലിലെത്തണം. ഇന്ന് ജോലിക്ക് ചേരുന്ന ദിവസമാണ്. നാളെത്തൊട്ട് സമയത്തിനെല്ലാം മാറ്റമുണ്ടാവും'

അവൾ ബാഗു തുറന്ന് മാറ്റാനുള്ള സാധനങ്ങളെടുത്തു നടന്നു. കുളിമുറിയുടെ വാതിൽക്കലെത്തിയപ്പോൾ തിരിഞ്ഞു നിന്നു.

'ബ്രേക്ഫാസ്റ്റിന്നെന്താണുള്ളത്?'

'ബ്രെഡ്ഡും ഓംലെറ്റും'

'സാരംല്ല്യ.'

'സാരംല്ല്യ?' ബ്രെഡ്ഡും ഓംലറ്റും വലിയ ധാരാളിത്തമായാണ് അയാൾ കരുതിയിരുന്നത്.

'ഞാൻ വല്ല ദോശയോ മറ്റോ ഉണ്ടാവുംന്ന് കരുതി. ഒന്ന് ഉണ്ടാക്കാൻ പറ്റുമോ, അല്ലെങ്കിൽ ഞാൻ വന്നിട്ട് ഉണ്ടാക്കാം.'

വലിയൊരു കാരുണ്യം തന്നെ. അടുക്കളയിലേക്കു നടക്കുമ്പോൾ അയാൾ ആലോചിച്ചു. എങ്ങിനെയെങ്കിലും അത് മേൽനിന്ന് ഒഴിഞ്ഞുപോയാൽ മതിയായിരുന്നു. പതിനഞ്ചു മിനുറ്റിനുള്ളിൽ പ്രാതൽ തയ്യാറാക്കി മേശപ്പുറത്തു വച്ചപ്പോഴേയ്ക്ക് അവൾ കുളിമുറിയുടെ വാതിൽ തുറന്നു പുറത്തു കടന്നു. അയാളുടെ പ്രതീക്ഷകൾ വീണ്ടും തകിടം മറിഞ്ഞു. കാൽ മണിക്കുറെടുത്തു വിസ്തരിച്ചു ചെയ്ത കുളി അവളിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല.

അവൾ ധൃതിയിൽ  ഭക്ഷണം കഴിച്ചു, പുറത്തിറങ്ങിപ്പോവുകയും ചെയ്തു. അവൾ പോയപ്പോഴാണ് അയാൾ ആലോചിച്ചത്. അവൾക്ക് കൊച്ചിയിൽ പരിചയമുണ്ടാവില്ല. എന്തെങ്കിലും സഹായം വേണോ എന്നൊന്നും ചോദിച്ചില്ല. നഗരങ്ങളിലൊക്കെ ഈ നാടൻ പെൺകുട്ടിക്ക് പരിചയമുണ്ടാവുമോ ആവോ. അയാൾ കുറേ നേരം പഴയ കാര്യങ്ങളൊക്കെ ആലോചിച്ച് ഇരുന്നു. അവൾ തന്റെ വീട്ടിന്റെ മുറ്റത്തുകൂടി സ്‌കൂളിൽ പോയിരുന്നത്, തന്നോടു സംസാരിക്കാൻ ശ്രമിച്ചിരുന്ന അവളെ തീരെ അവഗണിച്ചിരുന്നത്, എല്ലാം. അയാൾക്കവളെ ഭയമായിരുന്നു. ഒന്നു ചിരിച്ചാൽ, ഒരു വാക്ക് സംസാരിച്ചാൽ അവൾ അയാളിലേയ്ക്ക് ഒരു വള്ളിപോലെ പടർന്നുകയറുമെന്നയാൾ പേടിച്ചു. പിന്നെ കോളേജിൽ ചേർന്നശേഷം അവളെ കണ്ടിട്ടുമില്ല. അവർ താമസം മാറ്റിയിരുന്നു. അന്നു ഭയപ്പെട്ടിരുന്നതെല്ലാം ഇപ്പോൾ സംഭവിക്കുകയാണോ? ഈ പീഡനത്തെപ്പറ്റി ക്രൂരമായ വിധി അന്നുതന്നെ തനിക്ക് താക്കീത് തരികയായിരുന്നോ?

വൈകുന്നേരം ഓഫീസു വിട്ടു വന്നപ്പോൾ വീട്ടിന്റെ പുറത്തെ വരാന്തയിൽ അവൾ കാത്തിരിക്കുകയായിരുന്നു.

'താക്കോല് വാങ്ങിവെക്കാൻ മറന്നു.' അവൾ ചിരിച്ചുകൊണ്ട് പറഞ്ഞു.

'തരാൻ ഞാനും മറന്നു. പിന്നെ ഇത്ര വേഗം രേവതി വരുമെന്നും കരുതിയില്ല.'

'ഇന്നു ശരിക്കു പറഞ്ഞാൽ ഡ്യൂട്ടി ഇല്ലായിരുന്നു. എന്റെ ഷിഫ്റ്റ് വൈകീട്ടാണ്.' അവൾ അടുക്കളയിൽ പോയി ചായക്കു വെള്ളം വെച്ചു. 'ഞാൻ ഒന്ന് കുളിമുറിയിൽ പോയി വരാം. അപ്പോഴേക്കേ വെള്ളം തിളക്കു. ഞാൻ ചായയുണ്ടാക്കാം.'

അവൾ കുളിമുറിയിൽ പോയി, രണ്ടു മിനിറ്റിന്നുള്ളിൽ തിരിച്ചു വരികയും ചെയ്തു. അവൾ മുഖം കഴുകി, സാരി മാറ്റി ചൂരിദാറിലേയ്ക്കു കടന്നിരുന്നു. തലമുടി ഉച്ചിയിൽ കെട്ടിവെച്ചിട്ടുണ്ട്.

'രേവതിയുടെ താമസത്തിന് എന്താണ് ചെയ്യേണ്ടത്?' അയാൾ ചോദിച്ചു.

'ഹോട്ടലുകാർ എന്തെങ്കിലും ഏർപ്പാടു ചെയ്യും. അതുവരെ ഞാൻ രാജശേഖരന്റെ ഒപ്പം താമസിക്കും, എന്താ?'

'എന്റെ ഒപ്പമോ?'

'അതേ, എന്താ സമ്മതമല്ലെ?'

'ഞാൻ അവിവാഹിതനാണ്, ഒറ്റയ്ക്കു താമസിക്കുന്നു. അതു ശരിയാവില്ല.'

'ഞാൻ രാജശേഖരനെ ഉപദ്രവിക്ക്യൊന്നുംല്ല്യ, പോരെ.' അവൾ ഉറക്കെ ചിരിച്ചു.

'അതല്ല.'

'പിന്നെയെന്താണ്? മറ്റുള്ളവർ എന്തു വിചാരിക്കുമെന്നോ? ചെറിയമ്മയുടെ മകളാണ് എന്നങ്ങു പറഞ്ഞേക്കണം.'

ഭാഗ്യത്തിന് അയാൾക്ക് അധികം സ്നേഹിതന്മാരില്ലായിരുന്നു. അയൽക്കാരും അയാളുടെ കാര്യത്തിൽ താൽപര്യമെടുത്തിരുന്നില്ല. എറണാകുളത്ത് അങ്ങിനെയൊരു നല്ല കാര്യമുണ്ട്.  ആൾക്കാർക്ക് എന്തെങ്കിലും ആവശ്യമുണ്ടെങ്കിലേ അന്യോന്യം കാണൂ. അല്ലെങ്കിൽ കണ്ട ഭാവം നടിക്കില്ല. നമ്മുടെ എതിരായി നടന്നുവരികയാണെങ്കിലും അവരുടെ കണ്ണുകൾ നമ്മൾ ഒരദൃശ്യരൂപിയാണെന്ന പോലെ നമ്മെ വകഞ്ഞു പോകുന്നു.

രാത്രി ഭക്ഷണം പാകം ചെയ്യാനും രേവതി സഹായിച്ചു.

'എനിക്ക് ചൈനീസ് കുക്കിങ് അറിയാം.' അവൾ പറഞ്ഞു. 'ഞാൻ രാജശേഖരന് ഉണ്ടാക്കിത്തരാം.'

അവൾക്ക് ഹോട്ടലിൽ എന്താണ് ജോലിയെന്ന് ചോദിച്ചില്ലെന്ന് അയാൾ ഓർത്തു. ഒരാളുടെ ജോലി എന്താണെന്ന് ചോദിക്കാൻ അയാൾക്കു വിഷമമായിരുന്നു. ചെറിയ ജോലിയുള്ളവർക്ക് അതു വിഷമമുണ്ടാക്കുന്നു. ഇവളുടെ ജോലി ഭക്ഷണം പാകം ചെയ്യലാണോ? അതായിരിക്കാം ചൈനീസ് കുക്കിങ്ങിനെപ്പറ്റി പറയുന്നത്. നാടൻ പാചകത്തിലും അവൾ മിടുക്കിയാണെന്ന് ഊണ് തെളിയിച്ചു. ഊണു കഴിഞ്ഞ് പാത്രങ്ങൾ കഴുകിവച്ച് കൈ തുടച്ചുകൊണ്ട് അവൾ ചോദിച്ചു.

'ടി.വി. വെക്കാമോ?'

'പിന്നെയെന്താ?'

'എന്റെ ഒരു ശീലമാണത്. ഊണുകഴിഞ്ഞ് ടിവിയുടെ മുമ്പിൽ ഇരിക്കുകയെന്നത്. അതുകൊണ്ട് ടി.വി. ഇല്ലാത്ത വീട്ടിൽ ഞാൻ രാത്രിഭക്ഷണത്തിന് തങ്ങാറില്ല.'

അവൾ തമാശ പറഞ്ഞതായിരിക്കണം. അല്ലെങ്കിൽ കാര്യമായിത്തന്നെ. സമയം പന്ത്രണ്ടുമണിയായി. അയാൾക്കുറക്കം വന്നു. അയാൾ ചോദിച്ചു.

'ഉറങ്ങണ്ടെ?'

'ഉറങ്ങാം.'

കുറച്ചുനേരമായി അയാൾ ആലോചിച്ചിരുന്നത് എങ്ങിനെ കിടക്കുമെന്നായിരുന്നു. ചൂരൽ കസേരകൾക്കു പകരം സോഫയായിരുന്നെങ്കിൽ അതിന്മേൽ കിടക്കാമായിരുന്നു. ഒരു കിടക്ക മടക്കിവച്ചത് ഉണ്ട്. അതു നിലത്തിട്ടു കിടക്കാം. അവൾ കട്ടിലിൽത്തന്നെ കിടക്കട്ടെ. അവൾ എഴുന്നേറ്റു ടി.വി. ഓഫാക്കി, കിടക്ക വിരിക്കാൻ തുടങ്ങി. അയാൾ അലമാറി തുറന്ന് കട്ടികുറഞ്ഞ കിടക്ക പുറത്തേക്കെടുത്തു.

'എന്തിനാണ് അതൊക്കെ പുറത്തെടുക്കുന്നത്?'

'രേവതി കട്ടിലിന്മേൽ കിടന്നുകൊള്ളു. ഞാൻ മറ്റെ മുറിയിൽ നിലത്ത് കിടക്കയിട്ട് കിടക്കാം.'

'എന്തിനാണ് ഇങ്ങനെ ബുദ്ധിമുട്ടണത്. ഈ കട്ടിലിൽ ധാരാളം സ്ഥലമുണ്ടല്ലൊ. രണ്ടുപേർക്ക് ഇവിടെ കിടന്നു കൂടെ?'

ശരിയാണ് ഇരട്ടക്കട്ടിലാണ്.  ഇങ്ങിനെയൊരു സന്ദർഭം മുൻകൂട്ടി കണ്ടിരുന്നില്ല. രണ്ടു കൊല്ലത്തിനുള്ളിൽ കല്യാണം കഴിക്കണമെന്ന ഉദ്ദേശമുള്ളതുകൊണ്ട് കട്ടിൽ മാറ്റിവാങ്ങാനിടയാക്കേണ്ടെന്നു കരുതി വലുതുതന്നെ വാങ്ങിയതാണ്.

'വേണ്ട, ഞാൻ താഴെ കിടക്കാം.'

‘ഞാൻ ഉപദ്രവിക്കുമെന്ന പേടിയുണ്ടോ?’ അവൾ ചിരിച്ചുകൊണ്ട് ചോദിച്ചു.

‘അങ്ങിനെയല്ല.’ അയാൾ പറഞ്ഞു. ‘അതു ശരിയല്ല.’

‘ഇൻഹിബിഷൻ, അല്ലെ? രാജശേഖരന് വിഷമമില്ലെങ്കിൽ നമുക്കൊന്നിച്ചു കിടക്കാം. പിന്നെ ഒരു കാര്യത്തിൽ ഭയം വേണ്ട. ഒപ്പം കിടന്നു എന്നുവെച്ച് എന്നെ കെട്ടണമെന്നു പറഞ്ഞു നടക്കുകയൊന്നുമില്ല ഞാൻ.’

ഒരു നയം പ്രഖ്യാപിക്കുന്ന പോലെയാണവൾ അതു പറഞ്ഞത്. അവളുടെ നാടൻ രൂപം വളരെ തെറ്റിദ്ധരിപ്പിക്കുന്നതായിരുന്നു. ഒരു നാടൻപെൺകുട്ടിയുടെ മനസ്സല്ലാ അവൾക്ക്. അയാൾ ഒന്നും പറയാതെ നിലത്തു കിടക്ക വിരിച്ചു.

‘എന്നാൽ ഞാനവിടെ കിടക്കാം, രാജശേഖരൻ ഇവിടെ കിടക്കു.’

‘വേണ്ട എനിക്ക് വിഷമമൊന്നുമില്ല.’

വിളക്കണച്ച് കിടക്കയിൽ ചുരുണ്ടുകൂടിയപ്പോൾ അയാൾ ആലോചിച്ചു. എന്താണ് രേവതിയുടെ ഒപ്പം കിടക്കാൻ വിസമ്മതിച്ചത്? രേവതിക്കു പകരം സുന്ദരിയായ ഒരു പെണ്ണായിരുന്നുവെങ്കിലോ? മനസ്സാക്ഷി തന്ന ഉത്തരം അലോസരപ്പെടുത്തി, അയാളുടെ ഉറക്കം കളഞ്ഞു.

രാവിലെ അയാൾ ഓഫീസിൽ പോകാൻ തയ്യാറെടുക്കുമ്പോഴും അവൾ അലസയായി നടക്കുകയായിരുന്നു. അവൾക്ക് നാലുമണിക്കേ ഹോട്ടലിലെത്തേണ്ടു.

വൈകുന്നേരം ഓഫീസിൽനിന്നു തിരിച്ചുവന്നപ്പോൾ അയാളെ അദ്ഭുതപ്പെടുത്തിക്കൊണ്ട് മേശമേൽ പാത്രങ്ങളുണ്ടായിരുന്നു. അടച്ചുവെച്ച പാത്രങ്ങളിൽ ചൈനീസ് വിഭവങ്ങൾ. നൂഡിൽസ്, ക്വാളിഫ്ളവർ കൊണ്ടൊരു വിഭവം, വിനിഗാറിൽ പച്ചമുളക് അരിഞ്ഞിട്ടത്. മേശപ്പുറത്തുള്ള കുറിപ്പിൽ എഴുതിയിട്ടുണ്ട്. ‘ഞാൻ വരാൻ നേരം വൈകിയെന്നിരിക്കും. രാജശേഖരൻ ഭക്ഷണം കഴിച്ചുകൊള്ളു. എന്നെ കാക്കേണ്ട.’ താഴെ ഒരു പരസ്യവുമുണ്ട്. ‘ഭക്ഷണം ഇഷ്ടപ്പെട്ടാൽ മറ്റുള്ളവരോടു പറയു, ഇല്ലെങ്കിൽ എന്നോടും.‘

ഭക്ഷണം നന്നായിരുന്നു. അവൾ അതു തയ്യാറാക്കാൻ കുറേയേറെ സാധനങ്ങൾ പുറത്തുപോയി വാങ്ങിച്ചിട്ടുണ്ട്. കുറേ കഷ്ടപ്പെട്ടിട്ടുണ്ടാവും.

രേവതി വന്നപ്പോൾ പതിനൊന്നു മണിയായി. അവൾ കുളിമുറിയിൽ കയറി കുളിച്ചു ഒരു നൈറ്റിയും ധരിച്ചു പുറത്തു വന്നു.

‘ഭക്ഷണം ഇഷ്ടപ്പെട്ടുവോ?’

‘ഞാൻ നാലഞ്ചു പേരോടു പറഞ്ഞിട്ടുണ്ട്.’ അയാൾ ചിരിച്ചുകൊണ്ട് പറഞ്ഞു.

‘ഓാ...’

‘എന്റെ ഒരു ഭക്ഷണം കഴിഞ്ഞിരിക്കുന്നു. കുറച്ചെന്തെങ്കിലും കഴിക്കാം.’ അവൾ പ്ലേയ്റ്റിൽ ഭക്ഷണമെടുത്ത് ടിവിക്കുമുമ്പിൽ അയാളുടെ അടുത്ത് വന്നിരുന്നു. അയാളുടെ കയ്യിൽ നിന്ന് റിമോട്ട് കൺട്രോൾ തട്ടിപ്പറിച്ചു വാങ്ങി ചാനലുകൾ മാറ്റാൻ തുടങ്ങി. അയാൾ ചോദിച്ചു.

‘എങ്ങിനെയുണ്ടായിരുന്നു ആദ്യ ദിവസത്തെ ജോലി?’

‘ആദ്യ ദിവസത്തെ ജോലിയോ?’ അവൾ ഉറക്കെ ചിരിക്കാൻ തുടങ്ങി. ‘എന്നെ സംബന്ധിച്ചേടത്തോളം എന്നും ആദ്യ ദിവസമാണ്. അതുപോട്ടെ, ഭക്ഷണം കുഴപ്പമൊന്നുമില്ലല്ലോ?’

‘ഇല്ല, നന്നായിട്ടുണ്ട്’

പെട്ടെന്നാണ് അവളുടെ ജോലിയെപ്പറ്റി സംസാരമൊന്നും വന്നില്ല എന്നയാൾ ഓർത്തത്. അയാൾ ചോദിച്ചു.

‘എന്താണ് രേവതിയുടെ ജോലി?’

‘എന്റെ ജോലിയോ?’ അവൾ വീണ്ടും ഉറക്കെ ചിരിക്കാൻ തുടങ്ങി. ‘രാജശേഖരന്നതു കേൾക്കണോ?’

‘എന്താ പറയാൻ വിഷമമുണ്ടോ?’

‘ഏയ്. ഞാനൊരു കാബറെ ഡാൻസറാണ്.’

അയാൾ സ്തബ്ധനായി ഇരുന്നു. കാബറെ ഡാൻസിന്റെ സദാചാരവശങ്ങളോ, ഒരു കാബറെ ഡാൻസർ ഒപ്പം താമസിക്കുന്നതിന്റെ വിഷമമോ അല്ല അയാളെ അമ്പരപ്പിച്ചത്. അവൾ, ഒരു കാബറെ ഡാൻസർ! അയാൾ മനസ്സിൽ വീണ്ടും വീണ്ടും ചോദിച്ചു. എങ്ങിനെ? കാബറെ ഡാൻസറാകാനുള്ള ഒരു ടാലന്റും അവളിൽ കാണാൻ പറ്റിയില്ല എന്നതാണ് അയാളെ അമ്പരപ്പിച്ചത്.

‘എന്താ രാജശേഖരന് വിഷമമായോ?’

‘എന്തിന്?’

‘ഞാൻ ഒരു കാബറെ ഡാൻസറായതിന്, അല്ലെങ്കിൽ ഒരു അലവലാതി കാബറെ ഡാൻസർ ഒപ്പം കയറി താമസമാക്കിയതിൽ.’

‘രണ്ടുമില്ല.’ അയാൾ കള്ളം പറഞ്ഞു. ‘പക്ഷെ എങ്ങിനെയാണ് ഇങ്ങിനെയൊരു ജീവിതത്തിൽ എത്തിപ്പെട്ടത്?’

ഇങ്ങിനെയൊരു ജീവിതത്തിൽ എന്നാണ് രാജശേഖരൻ പറഞ്ഞത്. അത് ബോധപൂർവ്വമായിരിക്കില്ല. തൊഴിലിൽ എന്നു പറഞ്ഞാൽ കുഴപ്പമുണ്ടായിരുന്നില്ല. ഈ തൊഴിലും ജീവിതവുമായി ആൾക്കാർ ബന്ധപ്പെടുത്തുന്നു. അല്ലെങ്കിൽ ഇതൊരു തൊഴിലല്ല ജീവിതം തന്നെയാണെന്ന് വിശ്വസിക്കുന്നു. മറ്റൊരു തൊഴിലിനും ഈ ഗതിയില്ല. മാനേജരായി ജീവിക്കുന്നു എന്നാരും പറയാറില്ല. എന്തുകൊണ്ട് ഈ തൊഴിലും മറ്റു തൊഴിലുകൾപോലെ ജീവിതവുമായി ബന്ധപ്പെടുത്താതിരുന്നുകൂടാ?

‘എന്റെ ജീവിതവും തൊഴിലും രണ്ടും രണ്ടാണ്. രാജശേഖരൻ ഒന്നും ഉദ്ദേശിച്ചു പറഞ്ഞതായിരിക്കില്ല എന്നറിയാം.’ അവൾ പറഞ്ഞു. ‘പക്ഷെ അത് മറ്റുള്ളവർ ഈ തൊഴിലിനെ എങ്ങിനെ കാണുന്നു എന്നതിന്റെ സൂചനയാണ്.’

‘അയാം സോറി.’

‘സാരംല്ല്യ.’ അവൾ അകത്തുപോയി അവളുടെ സഞ്ചിയിൽനിന്ന് ഒരു ആൽബം എടുത്തുകൊണ്ടുവന്ന് അയാ

ളുടെ കയ്യിൽ കൊടുത്തു. നിറയെ കാബറെ ഡാൻസുകളുടെ ചിത്രങ്ങൾ. എല്ലാം രേവതിയുടെതന്നെ. ബാന്റ് വാദ്യക്കാരുടേയും ഭക്ഷണം കഴിക്കുന്ന അതിഥികളുടെയും പശ്ചാത്തലത്തിൽ അവൾ വിവിധ പോസുകളിൽ നൃത്തം ചെയ്യുന്നു. മുലകളെ മൂടുന്ന നേരിയ ഒരാവരണം, അരക്കെട്ടിൽ വീതികുറഞ്ഞ ഒരു തുണിക്കഷ്ണം മാത്രം. ഇത് രേവതി തന്നെയാണോ?

'ഇതെല്ലാം ബോംബേയിൽ ജോലി ചെയ്തിരുന്ന സമയത്തെ ഫോട്ടോകളാണ്.'

'എങ്ങിനെയാണ് ഈ ജോലിയിലെത്തിയത്?' അയാൾ ചോദിച്ചു. എത്തിപ്പെട്ടത് എന്നു ചോദിക്കാനോങ്ങിയതാണ്. പക്ഷെ എന്തുകൊണ്ടോ അയാൾ സ്വയം തിരുത്തി.

'ഞാൻ ടൈപ്പിസ്റ്റായി ജോലി നോക്കിയിരുന്ന കമ്പനിയിലെ സ്റ്റെനോവായിരുന്നു ലിലിയൻ. ഒരു ആംഗ്ലോ ഇന്ത്യൻ. പത്തുനാല്പതു വയസ്സു പ്രായമുണ്ടാകും. അവർ കമ്പനിയിൽ ജോലി കഴിഞ്ഞാൽ ഒരു ഹോട്ടലിൽ പാർട്ട്ടൈം കാബറെ ഡാൻസറായി ജോലി നോക്കിയിരുന്നു. അവൾ വഴിക്കാണ്.'

'അച്ഛൻ ഉണ്ടായിരുന്നില്ലെ?'

'ഇല്ല, അച്ഛൻ മരിച്ചുപോയിരുന്നു. അച്ഛൻ ഉണ്ടായിരുന്നുവെങ്കിൽ....? അമ്മ പണ്ടേ മരിച്ചിരുന്നു. അപ്പോൾ തന്നെ ഞാൻ ഒറ്റക്കായിരുന്നു. അച്ഛനുംകൂടി മരിച്ചപ്പോൾ അതു പൂർണമായി. ഈ ലോകത്ത് ഞാൻ ഒറ്റയ്ക്ക്. സ്നേഹിക്കാനാരെങ്കിലുമുണ്ടെങ്കിലേ നമുക്ക് വിഷമം തോന്നൂ. ഇപ്പോൾ ഞാൻ തിരിഞ്ഞുനോക്കുന്നില്ല. എന്നെ സംബന്ധിച്ചേടത്തോളം ഈ ജോലി ഒരനുഷ്ഠാനമാണ്, ഉപാസനയാണ്. വളരെ കുട്ടിയായിരിക്കുമ്പോൾ ഞങ്ങൾ കുറച്ചുകാലം കോയമ്പത്തൂരിൽ താമസിച്ചിരുന്നു. അവിടെ ഞങ്ങളുടെ വീട്ടിന്നടുത്തുതന്നെ ഒരു അമ്മൻ കോവിലുണ്ടായിരുന്നു. കോവിലെന്നൊന്നും പറയാൻ വയ്യ. വഴിവക്കിലെ ഒരു ചെറിയ ആലിൻ ചുവട്ടിൽ ചുവന്ന ചായമടിച്ച ഒരു ചെറിയ കൽപ്രതിമ പ്രതിഷ്ഠിച്ചിട്ടുണ്ട്. തൊട്ട പിന്നിലുള്ള കുടിലിലെ ഒരു സ്ത്രീ എന്നും രാത്രിയായാൽ അവിടെ വന്നിരുന്ന് നെറ്റിമേലും മുഖത്തും ഭസ്മവും രക്തചന്ദനവും പുരട്ടാൻ തുടങ്ങും. ഒരു ചുവന്ന ചേല മാത്രമാണ് വേഷം. ബ്ലൌസൊന്നും ഇടില്ല. കുറച്ചു കഴിയുമ്പോഴേയ്ക്ക് അവരുടെ ഭർത്താവ് ഒരു ചെണ്ടയുമായി വന്നിരുന്ന് കൊട്ടാൻ തുടങ്ങും. കൊട്ടു തുടങ്ങുന്നതോടെ ആ സ്ത്രീയുടെ ഭാവങ്ങൾ മാറാൻ തുടങ്ങും. ഒരു തരം വിറയൽ ബാധിക്കും. അതു പതുക്കെ ദേഹമാസകലം പടരും. അവസാനം കാലിൽ ചിലങ്ക കെട്ടുമ്പോഴേയ്ക്ക് അവർ കലിബാധിച്ചപോലെയാവും. പലപ്പോഴും കാണാൻ നിൽക്കുന്ന ഞാൻ പേടിച്ച് ഓടിപ്പോകാറുണ്ട്.'

അവൾ ആലോചിച്ചു. കുന്തിരുക്കത്തിന്റേയും സാമ്പ്രാണിയുടേയും കർപ്പൂരത്തിന്റേയും പുകക്കിടയിൽ രാത്രി വൈകുന്നവരെ ആ സ്ത്രീ ആടി. കിടപ്പുമുറിയുടെ ജനലിലൂടെ അവൾ നോക്കി നില്ക്കും. ധാരാളം ഭക്തന്മാർ കാണാൻ കൂടും. തുള്ളൽ തുടങ്ങിയാൽ അവരുടെ സാരി എങ്ങിനേയോ ഊർന്നുപോവും. ചുവന്ന പാവാടമാത്രമാവും വേഷം. ആ വേഷത്തിൽ ഒരു മണിക്കൂർ നേരം വിഗ്രഹത്തിനുമുമ്പിൽ അവർ ആടും. അവരുടെ നഗ്നമായ നിറമാറിടം ശക്തിയായി ഉലയുന്നത് രേവതി ആരാധനയോടെ നോക്കിനില്ക്കാറുണ്ട്.

'ഇവിടെ കാബറേയ്ക്ക് വേണ്ടി മേയ്ക്കപ്പ് ചെയ്യുമ്പോൾ എനിക്കും അതുപോലെയാണ്. ജാസ്ഡ്രമ്മിന്റെ ശബ്ദം കേൾക്കുമ്പോൾ മേൽ ഒരുതരം കലി വരും. കാലിന്റെ പെരുവിരലിൽ തുടങ്ങിയ ആ കലി മേക്കപ്പ് കഴിയുമ്പോഴേയ്ക്ക് ദേഹമാസകലം പടർന്ന് ഞാൻ ഒരുതരം അബോധാവസ്ഥയിലായിരിക്കും. പിന്നെ മുമ്പിൽ കാണുക കോയമ്പത്തൂരിലെ അമ്പുച്ചെട്ടിത്തെരുവിലെ അമ്മൻ കോവിലും പ്രതിഷ്ഠയുമാണ്. പിന്നെ നഗ്നതയോ തുളച്ചുനോക്കുന്ന കണ്ണുകളോ ഒരു പ്രശ്നമല്ല.'

'എപ്പോഴാണ് ബോംബെ വിട്ടത്?'

'ആറു മാസമായി. നാട്ടിൽ സ്വസ്ഥമായി ഇരിക്കാമെന്നു കരുതി വന്നതായിരുന്നു. ഇവിടെ ഒന്നും നടക്കില്ല. അപ്പോഴാണ് ഈ ജോലി കിട്ടിയത്. ആ ഹോട്ടലിന്റെ തന്നെയാണിതും. ബോംബെ വിടുമ്പോൾ അവരെന്നോടു പറഞ്ഞിരുന്നു, താല്പര്യമുണ്ടെങ്കിൽ അറിയിക്കാൻ.'

സമയം പന്ത്രണ്ടായി. അയാൾ പറഞ്ഞു. 'നമുക്ക് കിടക്കാം.'

അവൾ എഴുന്നേറ്റു.

'ഇന്ന് രാജശേഖരൻ കട്ടിലിൽ കിടക്കു. ഞാൻ നിലത്തു കിടക്കാം. അല്ലെങ്കിൽ നമുക്കൊരുമിച്ച് കിടക്കാം.'

'വേണ്ട, ഞാൻ നിലത്തു കിടന്നുകൊള്ളാം.'

രാവിലെ ഓഫീസിൽ പോകുമ്പോൾ രേവതി ചോദിച്ചു.

'വൈകുന്നേരം ടാസിൽ വരുന്നോ? മാസത്തിലൊരിക്കൽ എനിക്ക് ഒരു സ്നേഹിതനെ ഡിന്നറിനു ക്ഷണിക്കാം. ഹോട്ടലുകാർ തരുന്ന സൗജന്യം.'

'വേണോ?'

'വരു, ഞാനവിടെയുണ്ടാകും.'

'പിന്നേയ്,' അവൾ വിളിച്ചുപറഞ്ഞു. 'അവിടെ എന്റെ പേര് രേവതിയെന്നല്ല കേട്ടോ, ജെസ്സിക്കയെന്നാണ്. 'സിസ്ലിങ് ജെസ്സിക്ക'. റിസപ്ഷൻ കൗണ്ടറിൽ അന്വേഷിച്ചാൽ മതി.'

ഒരഞ്ചുനില ചില്ലുകൊട്ടാരമാണ് ടാസ് ഹോട്ടൽ. കൗണ്ടറിലുണ്ടായിരുന്ന സുന്ദരിയായ റിസപ്ഷനിസ്റ്റിനോടയാൾ ജെസ്സിക്കയുടെ പേർ പറഞ്ഞു. ഒരു മാന്ത്രിക വചനം ഉരുവിട്ടാലെന്നപോലെ ആ പേർ അവളിൽ ചലനമുണ്ടാക്കി. അവൾ പറഞ്ഞു.

'സാർ ഇരിക്കു. ഞാൻ ഇപ്പോൾ വിളിക്കാം.' അവൾ ഫോണെടുത്തു ബട്ടനുകളമർത്തി. രാജശേഖരൻ ഫോയറിലെ പതുപതുത്ത സോഫയിൽ ആണ്ടിറങ്ങി. അഞ്ചുമിനുറ്റിനകം രേവതി പ്രത്യക്ഷയായി.

'വരു.'

അവൾ അയാളെ ബാറിൽ കൊണ്ടുപോയി. അവൾ ചോദിച്ചു.

'എന്താണ് കുടിക്കുന്നത്? സ്കോച്ച് കൊണ്ടുവരാൻ പറയട്ടെ?'

അയാൾ ആലോചിച്ചു. ഇവൾക്ക് ഡിന്നറിനു മാത്രമേ സൗജന്യമുണ്ടാവു. ബാറിൽ ആർക്കും സൗജന്യമുണ്ടാവാറില്ല. അപ്പോൾ അവളുടെ കയ്യിൽ നിന്നാവും പോവുക. വേണ്ട. അയാൾ പറഞ്ഞു.

'ജിൻടോണിക്ക് മതി.'

'മതിയോ. എനിക്ക് സ്കോച്ച് അഫോഡ് ചെയ്യാം കെട്ടോ?' അവൾ ചിരിച്ചുകൊണ്ട് പറഞ്ഞു.

അയാളും ചിരിച്ചു.

അവൾ ഓർഡർ കൊടുത്തു. അവൾക്കുവേണ്ടി പഴച്ചാറും.

'രേവതി കുടിക്കില്ലെ?'

'അത്യാവശ്യം. ജോലിക്കിടയിൽ കുടിച്ചാൽ ശരിയാവില്ല. കാബറെ പോയി സ്ട്രിപ് ടീസാവും.' അവൾ ഉറക്കെ ചിരിച്ചു.

ബാറിന്റെ ഒരു വശം ചില്ലായിരുന്നു. അതിനുമപ്പുറത്ത് റസ്റ്റോറണ്ടാണ്. തിരക്കു വരുന്നേയുള്ളു. ഇപ്പോൾ മിക്ക മേശകളും ഒഴിഞ്ഞിരിക്കുകയാണ്. റസ്റ്റോറണ്ടിന്റെ ഒരുവശത്തായി സംഗീതോപകരണങ്ങൾക്കു പിന്നിൽ സംഗീതജ്ഞർ നിരന്നു. ഒരു നിമിഷത്തിനുള്ളിൽ സംഗീതം തുടങ്ങി. അയാൾ സമയം നോക്കി. എട്ടുമണി. മുമ്പിലുള്ള ഗ്ലാസു മാറ്റി വെയ്റ്റർ പുതിയ ഗ്ലാസു കൊണ്ടുവന്നുവച്ചിരുന്നു. അയാൾ സാവധാനത്തിൽ ജിൻ നുണഞ്ഞു.

'എനിക്കു പോണം. ഒമ്പതു മണിക്കാണ് പരിപാടി. രണ്ടാമത്തേത് പത്തു മണിക്കും. ഷോ തുടങ്ങിയാൽ രാജശേഖരൻ റസ്റ്റോറണ്ടിലേക്കു വരു. ഞാൻ എല്ലാം പറഞ്ഞേല്പിച്ചിട്ടുണ്ട്. ഇനി എന്നെ പത്തേമുക്കാലിനേ കിട്ടു. അതുവരെ തിന്നു മുടിപ്പിക്കു. ഓർക്കുക എല്ലാം സൗജന്യമാണ്. ഇവിടുത്തെ ആൾക്കാരും ഭക്ഷണവും നല്ലതാണ്.'

അവൾ പോയി. പെട്ടെന്നുതന്നെ തിരിച്ചുവന്നു. 'ഒരു കാര്യം വിട്ടുപോയി. ബോറടിക്കുകയാണെങ്കിൽ, പത്തേമുക്കാൽ വരെ കാത്തുനില്ക്കാൻ വയ്യെങ്കിൽ ഡിന്നർ കഴിഞ്ഞു രാജു പൊയ്ക്കോളു. ഞാൻ പിന്നെ വരാം.'

ആ മേശയിൽ അയാൾ ഒറ്റയ്ക്കായി. അവസാനം രാജു എന്നാണവൾ വിളിച്ചത്. അവൾ കൂടുതൽ അടുക്കുകയാണ്. ബാറിൽ തിരക്കു തുടങ്ങി. ചിലർ കൗണ്ടറിനു മുമ്പിലിട്ട നീണ്ട കാലുള്ള ബാർസ്റ്റൂളുകളിൽ ഇരുന്നു കുടിക്കുന്നു. സിഗരറ്റിന്റെ പുക നേരിയ മറ സൃഷ്ടിക്കാൻ തുടങ്ങിയിരുന്നു. അയാൾ ഗ്ലാസു കാലിയാക്കി. വളരെ കണിശമായി പുതിയൊരു ഗ്ലാസ് മുമ്പിലെത്തപ്പെട്ടു. ആ ഗ്ലാസ് എടുത്തുകൊണ്ട് അയാൾ പറഞ്ഞു.

'ഇതു മതി, താങ്ക്സ്.'

റസ്റ്റോറണ്ടിലേക്കുള്ള ചില്ലുവാതിൽ തുറന്ന് അയാൾ ഗ്ലാസ്സുമായി ശുദ്ധവായുവിലേയ്ക്ക് ഊളിയിട്ടു.

'സർ ഇവിടെയിരിക്കാം' ഒരു വെയിറ്റർ അയാളെ ഒരൊറ്റ മേശയിലേയ്ക്ക് നയിച്ചു. അതിനുമീതെ വെച്ച 'റിസേർവ്ഡ്' എന്ന ബോർഡെടുത്തു മാറ്റി. അപ്പോൾ തനിക്കുവേണ്ടി ഒരു മേശ റിസേർവ് ചെയ്തു വെച്ചിരിക്കുന്നു! ശരിക്കും ഒരു വി.ഐ.പി. തന്നെ. രേവതി അവിടെ ജോലിയെടുക്കാൻ തുടങ്ങിയിട്ട് ഒരാഴ്ചയായിട്ടേയുള്ളു. പക്ഷെ അവളുടെ സ്വാധീനം ആ ഹോട്ടലിൽ വേരുപിടിച്ചുകഴിഞ്ഞെന്നയാൾ മനസ്സിലാക്കി. അയാൾ വെയിറ്റർ ഭവ്യതയോടെ കൊണ്ടുവന്നുവച്ച ആധികാരികഗ്രന്ഥം തുറന്ന് കോണ്ടിനെന്റൽ വിഭവങ്ങളുടെ അദ്ഭുതലോകത്തിലേയ്ക്ക് ഊളിയിട്ടു.

ഓർഡർ കൊടുത്തു കഴിഞ്ഞപ്പോഴാണയാൾ കണ്ടത്. ഒരു മൂലയിൽ മുക്കാലിയിൽ ഫ്രെയിം ചെയ്ത ഒരു ഫോട്ടോ. കാബറെ നർത്തകി. താഴെ വലുതായി പേരും എഴുതിവച്ചിരിക്കുന്നു. 'സിസ്ലിങ് ജെസ്സിക്ക'. അയാൾക്ക് ഒരു ജാള്യത തോന്നി. ഹോട്ടലിലെ കാബറെ ഡാൻസറുടെ അതിഥിയായിട്ടാണ് താൻ ഇവിടെ ഇരിക്കുന്നത്. വരേണ്ടിയിരുന്നില്ലാ എന്നു തോന്നി അയാൾക്ക്. ഒരു നല്ല ഡിന്നർ കിട്ടുക നല്ല കാര്യമാണ്. പക്ഷെ അത് ഒരു കാബറെ ഡാൻസറുടെ ദയാവായ്പിലാവുമ്പോൾ ഒരു സുഖമില്ലായ്മ.

സംഗീതം പെട്ടെന്ന് ദ്രുതഗതിയിലായി. വിളക്കുകൾ അണയുകയും വീണ്ടും പ്രകാശിക്കുകയും ചെയ്തു. ക്രമേണ വിളക്കുകൾ മങ്ങി, ഒരു സ്പോട്ടുലൈറ്റു മാത്രം അവശേഷിച്ചു. ആ വെളിച്ചത്തിൽ തുറന്നുകിടന്ന ഒരു വാതിലിലൂടെ അവൾ പ്രത്യക്ഷപ്പെട്ടു. രേവതി! അയാൾക്ക് കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. അയാൾ കാബറെ കണ്ടിരുന്നത് ടി.വി. ചാനലുകളിൽ മാത്രമായിരുന്നു. അയാൾ കണ്ടവയിൽവച്ച് ഏറ്റവും സെക്സിയായ കാബറെ ഡാൻസറായിരുന്നു മുമ്പിൽ. അവളുടെ രൂപാന്തരപ്രാപ്തി അയാളെ അദ്ഭുതപ്പെടുത്തി. ഒരു പുഴുവിൽനിന്ന് രൂപപ്പെട്ട ചിത്രശലഭം പോലെ, അവിശ്വസനീയമായിരുന്നു ആ മാറ്റം. രേവതി ഡാൻസു ചെയ്തുകൊണ്ടുതന്നെ അയാളെ നോക്കി ചിരിച്ചു. അയാൾ കൈയുയർത്തി വീശി.

കുടിച്ച ജിന്നാണോ, അതോ മുന്നിൽ അരക്കെട്ടും നിറഞ്ഞ മാറിടവും ഇളക്കി നൃത്തം ചെയ്യുന്ന ചെറുപ്പക്കാരിയാണോ അറിയില്ല അയാളുടെ മനസ്സിൽ ലഹരി പകർന്നു. ഇവൾതന്നെയാണ് കഴിഞ്ഞ ഒരാഴ്ചയായി തന്റെ മുറിയിൽ കൈയ്യെത്താവുന്ന ദൂരത്ത് രാത്രി ഉറങ്ങിയിരുന്നത്, ഒപ്പം കിടക്കാമെന്ന് പറഞ്ഞത്. നഷ്ടപ്പെട്ട അവസരങ്ങളെപ്പറ്റി അയാൾ ഖേദിച്ചു. സംഗീതത്തിന്റെ താളത്തിനൊത്ത് രേവതി അംഗങ്ങൾ ഭോഗാസക്തമായി ചലിപ്പിച്ചു.

ഭക്ഷണം കഴിഞ്ഞിരുന്നു. ഐസ് ക്രീം നുണഞ്ഞുകൊണ്ട് അയാൾ വാച്ചുനോക്കി. ഒമ്പതേമുക്കാൽ. രേവതി പോയിരുന്നു. അവൾ വസ്ത്രം മാറ്റി തന്റെ അടുത്തേയ്ക്ക് വരുമെന്നയാൾ പ്രതീക്ഷിച്ചു. അവൾ വരുകയുണ്ടായില്ല. അതിനുള്ള സമയമുണ്ടാവില്ല. അടുത്ത പരിപാടി പത്തുമണിക്കാണ്. വേണമെങ്കിൽ ഫോയറിൽ പോയി കാത്തിരിക്കാം. പെട്ടെ ന്ന് കാത്തിരിക്കുന്നതിൽ വിഷമം തോന്നി, അയാൾ എഴുന്നേറ്റു.

അയാൾ ഉറക്കമുണർന്നപ്പോൾ നേരം പുലർന്നിരുന്നു. രേവതി ചായ കൂട്ടുകയാണ്. പാത്രങ്ങളുടെ ശബ്ദം തന്നെ ഉണർത്തിയതായിരിക്കണം. കിടന്നുകൊണ്ട് അയാൾ രേവതി അടുക്കളയിൽ ജോലിയെടുക്കുന്നതു നോക്കി. അടുക്കളയിൽനിന്ന് പുറത്തേയ്ക്കുള്ള വാതിൽ തുറന്നതു കാരണം സൂര്യവെളിച്ചം അവളുടെ നേരിയ നൈറ്റിയിലൂടെ കടന്ന് അവളുടെ കാലുകളുടെ മേൽഭാഗം കാണിച്ചു. അയാൾക്ക് തലേന്നു രാത്രിയിലെ നൃത്തം ഓർമ്മ വന്നു.

ചായഗ്ലാസ്സുകളുമെടുത്ത് അവൾ അയാളുടെ അടുത്തു വന്നു. ഒരു ഗ്ലാസ്, കട്ടിലിൽ തലയിണ ചെരിച്ചുവെച്ച് ചാരിയിരിക്കുന്ന രാജശേഖരന്റെ കയ്യിൽ കൊടുത്ത് അവൾ കട്ടിലിന്റെ കാൽക്കലിരുന്നു.

'ഇന്നലെ എന്ത് ഉറക്കായിരുന്നു. ഞാൻ വന്നതൊന്നും അറിഞ്ഞില്ല അല്ലേ?'

അയാൾ ഒന്നും അറിഞ്ഞിരുന്നില്ല. നല്ല സുഖകരമായ ഉറക്കമായിരുന്നു. കരുതിക്കൂട്ടി അയാൾ കട്ടിലിന്മേലാണ് കിടന്നത്. രേവതി വന്നാൽ ഒപ്പം കിടത്താമെന്ന മോഹത്തോടെ. രേവതി വരുന്നതുവരെ ഉറങ്ങാതിരിക്കണമെന്നുണ്ടായിരുന്നു. പക്ഷെ ഉറങ്ങിപ്പോയി. രേവതി നിലത്തായിരുന്നു കിടന്നത്. അവൾ കിടന്ന കിടക്ക മടക്കിവച്ചിട്ടുണ്ടായിരുന്നില്ല.

'ഇന്നലത്തെ ഡിന്നർ എങ്ങിനെയുണ്ടായിരുന്നു? ഒറ്റക്കിരുന്ന് ബോറടിച്ചുവോ?'

'നന്നായിരുന്നു. ഡാൻസു കഴിഞ്ഞ് രേവതി വരുമെന്നു കരുതി.'

'ആ വേഷത്തിലോ? നന്നായി. രാജു ഡിന്നറെല്ലാമിട്ടെറിഞ്ഞ് ഓടും.' അവൾ ഉറക്കെ ചിരിച്ചു.

അവൾ കുറച്ചുകൂടി അടുത്തിരുന്നെങ്കിലെന്ന് അയാൾ ആഗ്രഹിച്ചു. അയാൾ ചോദിച്ചു.

'എന്തിനാണ് നിലത്ത് കിടന്നത്? കട്ടിലിൽ സ്ഥലമുണ്ടായിരുന്നല്ലൊ.'

'രാജുവിനെ ശല്യപ്പെടുത്തേണ്ടെന്നു കരുതി.'

ഒരു രാത്രിക്കുള്ളിൽ സ്നേഹിതനു സംഭവിച്ച മാനസിക പരിവർത്തനത്തെപ്പറ്റി അജ്ഞയായി രേവതി ഇരുന്നു. അവൾ സംസാരിക്കുയായിരുന്നു. ഹോട്ടലിനെപ്പറ്റി, അവളുടെ സഹപ്രവർത്തകരെപ്പറ്റി, അവളുടെ മാനേജരെപ്പറ്റിയെല്ലാം. മോശമായി പെരുമാറുന്നവരെ എങ്ങിനെ ഒതുക്കിനിർത്തുന്നു എന്നെല്ലാം.

'ഒരു കാര്യത്തിൽ എനിക്കു വളരെ സന്തോഷം തോ ന്നി.' രേവതി പറഞ്ഞു. 'എന്റെ സ്നേഹിതൻ എന്ന നിലയ്ക്ക് രാജു ഹോട്ടലിൽ വന്നല്ലോ.'

'അതിനെന്താ?' അതിലെന്താണിത്ര പറയാനുള്ളത് എന്ന മട്ടിൽ അയാൾ ചോദിച്ചു.

'സാധാരണ ആരും വരില്ല. ഒരു കാബറെ ഡാൻസറുടെ ഒപ്പം കിടക്ക പങ്കുവെക്കാൻ ആൾക്കാരുണ്ടാവും, പക്ഷെ അവളുടെ സ്നേഹിതനെന്നു പറഞ്ഞ് ഒപ്പം നടക്കാൻ ആരെയും കിട്ടിയെന്നു വരില്ല. മാന്യതയുടെ പൊയ്മുഖമണിഞ്ഞാണല്ലോ എല്ലാവരും നടക്കുന്നത്.'

താൻ അതിനേപ്പറ്റിയൊന്നും ആലോചിച്ചിരുന്നില്ലെന്നതാണ് വാസ്തവം. ആലോചിച്ചിരുന്നെങ്കിൽ ഇന്നലെ ഡിന്നറിനു പോകുമായിരുന്നോ? അറിയില്ല.

'ഒരു കാബറെ ഡാൻസർ എന്നുവച്ചാൽ എല്ലാവരുടേയും കിടക്ക പങ്കിടുന്ന പെണ്ണാണെന്നാണ് ഇവരുടെ വിശ്വാസം. ഈസി ഗേൾസ്.  ഇതും മറ്റെല്ലാ ജോലി പോലെ മാന്യമായൊരു ജോലിയാണെന്നു കാണാൻ എന്താണ് ഇവർക്ക് പറ്റാത്തത്?'

അയാൾ ഒന്നും പറഞ്ഞില്ല. കാബറെ ഡാൻസിനെപ്പറ്റി അയാൾക്ക് വലിയ മതിപ്പൊന്നുമുണ്ടായിരുന്നില്ല. ഒരു പക്ഷെ സിനിമയിൽ കാബറെയെ മോശം വെളിച്ചത്തിൽ കാണിക്കുന്നതുകൊണ്ടായിരിക്കണം. സിനിമയിൽ കാണുന്ന കാബറെയും ശരിക്കുള്ള കാബറെയും രണ്ടാണെന്ന് അയാൾക്കു മനസ്സിലായി. മറ്റെന്തുംപോലെ കാബറെയും സിനിമയിൽ വികലമായിട്ടാണ് ചിത്രീകരിക്കുന്നത്. ഒരു പക്ഷെ ഇന്നലെ രാത്രി താനും രേവതിയെ കണ്ടത് ആ കണ്ണുകളിലൂടെയായിരിക്കണം. അയാൾക്കു വിഷമം തോന്നി. തന്റെ മുമ്പിൽ ഇരിക്കുന്നത് ജീവിതത്തെപ്പറ്റി അഭിലാഷങ്ങളും ആശങ്കകളും ഒക്കെ ഉള്ള ഒരു നാടൻ പെണ്ണാണ്.

'നമുക്കൊരു ദിവസം ഒന്നിച്ച് ലഞ്ചിനു പോകാം.' അവൾ പറഞ്ഞു. 'ടാസിലല്ല, വേറെ എവിടേയെങ്കിലും, എന്താ?'

'പോകാം.'

രാത്രി അയാൾ രേവതിക്കുവേണ്ടി കാത്തിരുന്നു. ഹോട്ടലിന്റെ കാർ വന്നു നിന്ന ശബ്ദം കേട്ടപ്പോൾ അയാൾ അടുക്കളയിൽ കയറി ഊണു കഴിക്കാനുള്ള കാര്യങ്ങൾ ഒരുക്കാൻ തുടങ്ങി.

'രാജു ഊണുകഴിച്ചില്ലേ ഇതുവരെ?' അവൾ ചോദിച്ചു. അവൾ അടു ത്തു വന്നപ്പോൾ മേയ്ക്കപിന്റെ മണമുണ്ടായിരുന്നു.

'നമുക്കൊപ്പം ഊണു കഴിക്കാമെന്നു കരുതി.'

'അയ്യോ, എന്തിനാന്നേയ് എനിക്കു വേണ്ടി ഇത്രേം കാത്തിരിക്കണത്?'

അവൾക്ക് പക്ഷെ അതിഷ്ടപ്പെട്ടുവെന്ന് അയാൾക്കു മനസ്സിലായി. അവളുടെ മുഖത്ത് സന്തോഷമുണ്ടായിരുന്നു. ശബ്ദത്തിൽ ആഹ്ലാദവും.

'ഞാനൊന്ന് കുളിച്ചിട്ടു വരാം.'

അവൾ കുളിച്ച് നൈറ്റിയിട്ടു വന്നു. ഒരു നാടൻ പെൺകുട്ടി. ഒരര മണിക്കൂർ മുമ്പ് അവൾ സിസ്‌ലിങ് ജെസ്സിക്കയായിരുന്നു. പ്രേക്ഷകരുടെ അരക്കെട്ടിൽ ചൂട് കോരിയിടുന്ന കാബറെ ഡാൻസർ. അവളുടെ രൂപാന്തരപ്രാപ്തി, അവളുടെ ദ്വന്ദഭാവം അയാളെ അദ്ഭുതപ്പെടുത്തി. ഭക്ഷണം കഴിച്ചുകൊണ്ടിരിക്കെ അവൾ ടി.വി. ഓണാക്കി.

അയാൾ സാധാരണപോലെ കിടക്ക എടുത്തു നില ത്തു വിരിക്കാൻ നോക്കിയപ്പോൾ അവൾ പറഞ്ഞു.

'എന്തിനാണ് രാജു ഇത്രയും കഷ്ടപ്പെടുന്നത്? രണ്ടുപേർക്ക് കിടക്കാനുള്ള സ്ഥലമുണ്ടല്ലോ കട്ടിലിൽ. ഞാൻ ഒര പകടകാരിയല്ലെന്ന് ഇതിനകം മനസ്സിലായില്ലേ.'

അയാൾ ചിരിച്ചു.

അയാൾക്കെതിരെ കിടന്നുകൊണ്ട് അവൾ അവളുടെ ഭൂതകാലത്തെപ്പറ്റി സംസാരിച്ചു. അവൾ അടുത്തുപഴകിയ ആൾക്കാരെപ്പറ്റി, സംഭവങ്ങളെപ്പറ്റി.

'ഈ ജോലിയുടെ പ്രശ്നമെന്താണെന്നോ, നമ്മൾ ഒറ്റക്കാവും. ഏകാന്തത. ആൾക്കൂട്ടത്തിനിടയിലും ഏകാന്തത മാത്രം. ആൾക്കാർക്ക് ഞങ്ങളെ രഹസ്യമായിട്ടേ വേണ്ടു. പരസ്യമായി ഞങ്ങൾ സ്വീകാര്യരല്ല. ഒരിക്കൽ എന്റെ ഒപ്പം രാത്രി കഴിച്ചുകൂട്ടിയ ഒരാളെ ഞാൻ പുറത്തുവച്ചു കണ്ടു. ഞാൻ ചിരിച്ചെങ്കിലും അയാൾ കണ്ട ഭാവം നടിക്കാതെ പോയി.'

അവൾ സംസാരിച്ചുകൊണ്ടിരുന്നു. അവളുടെ ജീവിതത്തെപ്പറ്റി. സ്നേഹത്തിനുവേണ്ടിയുള്ള ദാഹത്തെപ്പറ്റി. അനുഭവങ്ങളുടെ കാർക്കശ്യം കാരണം വരണ്ടുപോയ മനസ്സിനെപ്പറ്റി. 'ചിലപ്പോൾ ആലോചിക്കുമ്പോൾ വല്ലാതെ വിഷമം

തോന്നും. എന്താണീ ജീവിതത്തിന് അർത്ഥം?' അവൾ പറഞ്ഞു, 'അപ്പോൾ തലയിണ കുതിരുന്നതുവരെ കരയും.'

പതുക്കെ അവളുടെ സംസാരം കുറഞ്ഞു, വാക്കുകൾക്കിടയിൽ വിടവു കൂടിക്കൂടി വന്നു, അവസാനം ശേഷിച്ച വാക്കുകൾ അവരെ വലയം ചെയ്ത ഇരുട്ടിൽ അലിഞ്ഞില്ലാതായി. രാജശേഖരന്ന് ഉറക്കം വന്നില്ല. അയാൾ തന്റെ അടുത്ത് കിടക്കുന്ന സ്ത്രീയെ നോക്കിക്കൊണ്ട് കിടന്നു. അവളെ ഉണർത്താനായി ഒന്നു രണ്ടു തവണ കൈയുയർത്തി. ഒരു ജാള്യത. ഉറങ്ങാനുള്ള ശ്രമങ്ങൾ ഓരോന്നോരോന്നായി പരാജയപ്പെടുകയാണ്. ഒരു പെണ്ണിന്നുവേണ്ടിയുള്ള ദാഹം. അയാൾ കണ്ണടച്ചുകൊണ്ട് തിരിഞ്ഞും മറിഞ്ഞും കിടന്നു. സമയമെത്രയായിട്ടുണ്ടാകും. എങ്ങനെയെങ്കിലും നേരം പുലർന്നാൽ മതിയായിരുന്നു. അയാൾ എഴുന്നേറ്റു നടന്നു. ഒന്നുരണ്ടു വട്ടം രേവതി കിടക്കുന്ന ഭാഗത്തു വന്ന് അവളെ നോക്കിനിന്നു. അവൾ കയ്യെത്താവുന്ന അടുത്ത് കിടക്കുകയാണ്. ഒന്ന് തൊട്ടു വിളിച്ചാൽ മതി. പക്ഷെ ദൂരം വളരെയധികമുള്ളപോലെ. മാന്യതയുടേയും ഔചിത്യത്തിന്റേയും ചരൽപ്പാത അയാൾക്കുമുമ്പിൽ നീണ്ടുകിടന്നു. ധൈര്യം പോരാഞ്ഞ് അയാൾ വീണ്ടും വന്ന് കിടന്നു.

അയാൾ പുലർച്ചക്കെപ്പോഴോ ഉറങ്ങി. നാലുമണിക്ക് സമയം നോക്കി വീണ്ടും കിടന്നത് ഓർമ്മയുണ്ട്. എഴുന്നേൽക്കാൻ വൈകി. രേവതി ചായയുമായി വന്ന് വിളിച്ചപ്പോഴാണ് ഉണർന്നത്. അവൾ കുളി കഴിഞ്ഞ് നേരിയ കരയുള്ള മുണ്ടും വേഷ്ടിയും ധരിച്ചിരുന്നു. അവളെ കാണാൻ ഭംഗിയുണ്ടായിരുന്നു. പുറത്തു നിന്ന് ജനലിലൂടെ അകത്തു കടന്നുവന്ന ഇളം സൂര്യരശ്മികളും അവളും തമ്മിൽ എന്തോ ബന്ധമുണ്ട്. പെട്ടെന്നയാൾക്കു നഷ്ടപ്പെട്ട പലതും തിരികെ കിട്ടി. നാട്ടിൻപുറത്ത് നിറയെ മരങ്ങളുള്ള ഒരു കുട്ടിക്കാലം, തിമർത്തു പെയ്യാറുള്ള മിഥുനരാത്രികൾ, ഈറനുടുത്ത സംക്രമസന്ധ്യകൾ, താഴെ പൂക്കളുടെ പരവതാനിയും മീതെ നീലപ്പട്ടും വിരിച്ച ചിങ്ങവിസ്മയങ്ങൾ. അയാൾ നെടുവീർപ്പിട്ടു.

അടുക്കളയിൽ സ്റ്റൗവ്വിന്മേൽ എന്തോ വച്ചിരുന്നു. പ്രാതലിനുള്ള ഒരുക്കമായിരിക്കും. പാവം, ഓംലെറ്റും ബുൾസൈയും മടുത്തിട്ടുണ്ടാവും. എന്തായാലും അവൾ അടുക്കള കയ്യേറിയത് സ്വാഗതാർഹം തന്നെ.

'എന്തുറക്കമാണിത്? ഞാനെന്തു ബഹളമാണുണ്ടാക്കിയിരുന്നത്? ഒന്നും അറിഞ്ഞില്ല അല്ലേ?'

അവൾ വളരെ സന്തോഷവതിയായിരുന്നു. ഉരുളൻകിഴങ്ങിന്റെ പൊറാട്ട ചായയോടൊപ്പം കഴിക്കുമ്പോൾ അവൾ പറഞ്ഞു.

'എനിക്ക് നല്ല സന്തോഷമുണ്ട് ഇന്ന്.

'എന്തേ?'

അവൾ ഒന്നും പറഞ്ഞില്ല.

ഓഫീസിൽ അയാൾക്ക് ജോലിയിൽ ശ്രദ്ധകൊടുക്കാൻ കഴിഞ്ഞില്ല. ശരികളുടേയും തെറ്റുകളുടേയും ഇടയിൽ ഒരു ഊഞ്ഞാലിലെന്നപോലെ അയാൾ ആടി. വൈകുന്നേരമായപ്പോഴേയ്ക്ക് അയാൾ ഒരു തീരുമാനത്തിലെത്തിയിരുന്നു. ഓഫീസിൽനിന്നു വരുമ്പോൾ തന്നെ നാലു മുഴം മുല്ലപ്പൂവാങ്ങി. കിടക്കയിൽ അലക്കിയ വിരി വിരിച്ചു, മുല്ലപ്പൂമൊട്ടുകൾ വിതറി. അലമാറിയിൽ വെച്ചിരുന്ന ജോണിവാക്കറെ പുറത്തെടുത്തു. പകുതിയിലധികമുണ്ട്. ഫ്രീസറിൽ ഐസ് ട്രേകൾ നിറച്ചു. ഇന്നു രാത്രി....! അയാൾ സ്വയം ചിരിച്ചു.

ഏഴരമണിക്ക് വാതിൽബെല്ലടിച്ചപ്പോൾ അത് രേവതിയായിരിക്കുമെന്ന് അയാൾ ഒരിക്കലും പ്രതീക്ഷിച്ചില്ല. അയാൾ അപ്പോഴും ഒരുക്കുന്നതിന്റെ തിരക്കിലായിരുന്നു. അവൾ ചിരിച്ചുകൊണ്ട് അകത്തു കയറി, ശ്വാസം വിടാതെ പറഞ്ഞു.

'രാജൂ, അവരെനിക്ക് ക്വാർട്ടേഴ്സ് തന്നു. ഇന്നു മുതൽ മൂന്ന് ഷോ ഉണ്ടാവും, കഴിയുമ്പോൾ പന്ത്രണ്ടു മണിയാവും. അപ്പോ ഇന്നുതന്നെ ഷിഫ്റ്റ് ചെയ്തുകൊള്ളാൻ പറഞ്ഞു.'

'ഇന്നുതന്നെയോ?' അയാൾക്ക് സ്വരത്തിലുള്ള ഇച്ഛാഭംഗം മറച്ചുവെക്കാനായില്ല.

'അതെ, അല്ലെങ്കിൽ ഞാൻ രാജുവിന്റെ ഉറക്കം കളയും. പന്ത്രണ്ടു മണിക്ക് അവിടെനിന്ന് പുറപ്പെട്ട് ഇവിടെ എപ്പോ എത്താനാണ്?'

മുല്ലപ്പൂവിന്റെ മണം കിട്ടിയെന്നു തോന്നുന്നു, അവൾ മൂക്കു വിടർത്തി.

'മുല്ലപ്പൂ എവിടെനിന്നു കിട്ടി?'

അവൾ ചുറ്റും നോക്കുകയാണ്. എന്തൊക്കെയോ മാറ്റങ്ങൾ. മേശമേൽ വെച്ച പൂക്കൾ അവൾ വാരിയെടുത്തു. 'ഇതു ഞാനെടുത്തോട്ടെ?'

അയാളുടെ മുഖം വാടിയിരുന്നു. അതവൾ ശ്രദ്ധിച്ചു. അവൾ വസ്ത്രങ്ങൾ അവളുടെ പെട്ടിയിൽ അടുക്കിവെക്കുകയായിരുന്നു. മുല്ലപ്പൂക്കൾ അവക്കിടയിൽ ഞെരുങ്ങാത്തവിധം സൂക്ഷിച്ചു വയ്ക്കുകയാണ്.

'കാറ് കാത്തു നിൽക്കുന്നുണ്ട്. പെട്ടെന്ന് പോകണം.' അവൾ കിടപ്പറയിലേയ്ക്കു പോയി. അപ്പോഴാണതു കണ്ടത്. കിടക്കയിൽ വിരിച്ച പുതിയ വിരിയിൽ വിതറിയ മുല്ലപ്പൂക്കൾ. വിരിയാൻ തുടങ്ങുന്ന പൂക്കൾ. അവൾ വല്ലാതായി. അവളുടെ കണ്ണുകൾ നിറഞ്ഞു.

പുറത്ത് കാറിന്റെ ഹോറൻ കേട്ടു. അവൾ പറഞ്ഞു. 'ഞാനിതൊന്നും അല്ല രാജൂ കരുതിയത്.

അവൾ പെട്ടിയുമെടുത്ത് വാതിൽക്കലേയ്ക്കു നടന്നു. പെട്ടി നിലത്തുവെച്ച് അവൾ രാജശേഖരനെ തിരിഞ്ഞു നോക്കി. അയാൾ അനങ്ങാതെ നിൽക്കുകയാണ്. അവൾ അയാളുടെ അടുത്തേയ്ക്കു നടന്നു.

'എന്താ വിഷമമായോ?' വീണ്ടും കാറിന്റെ ഹോൺ. അയാൾ ഒന്നും പറയുന്നില്ല. അവൾ പറഞ്ഞു. 'എന്നെ വിളിക്കുന്നു, ഞാൻ പോട്ടെ?'

അവൾ വാതിൽ കടന്നു, വാതിൽപൊളി പിടിച്ചുകൊണ്ട് ഒരു നിമിഷം നിന്നു. പിന്നെ സഞ്ചിയിൽനിന്ന് ഒരു താക്കോൽ പുറത്തെടുത്തുകൊണ്ട് പറഞ്ഞു.

'ഈ താക്കോൽ.....' അവൾ നിർത്തി. ആ താക്കോൽ അവളെ സംബന്ധിച്ചേടത്തോളം ഒരു സ്വകാര്യസ്വത്തായി മാറിയിരുന്നു. മുമ്പൊരിക്കലും ആ തോന്നലുണ്ടായിട്ടില്ല. ഹോട്ടലിൽ ക്വാർട്ടേഴ്സ് ആയി കിട്ടുന്ന മുറികളൊന്നും അവളിൽ ഈ വികാരമുണ്ടാക്കിയിരുന്നില്ല. ഈ താക്കോലിൽ അവളാഗ്രഹിച്ചിരുന്ന മമതയുണ്ട്, സ്വകാര്യതയുണ്ട്, സാന്ത്വനമുണ്ട്.

'ഈ താക്കോൽ......' അവൾ ചോദിച്ചു. 'ഇതു ഞാൻ കയ്യിൽ വെച്ചോട്ടെ? എന്നെങ്കിലും വല്ലാതെ വിഷമം തോന്നുമ്പോൾ എനിക്കിതാവശ്യമാവും.'

back to index

# അരുന്ധതിയുടെ പൈങ്കിളി കവിതകൾ

**ചു**റ്റും പഴയ വീട്ടുസാമാനങ്ങളാണ്. കാലൊടിഞ്ഞ കസേരകൾ, രണ്ടു വലിപ്പുകൾക്കിടയിൽ കമാനമുള്ള, ദ്രവിച്ചു തുടങ്ങിയ മേശ, ഒരു കട്ടിലിന്റെ ചട്ടക്കൂട്ട്, ഉയരമില്ലാത്ത എഴുത്തുമേശ, ക്ലാവു പിടിച്ച ഒന്നു രണ്ടു ശരറാന്തലുകൾ. തട്ടിൻപുറത്ത് വെളിച്ചം കുറവായിരുന്നു. ഉയരം കുറഞ്ഞ ചുമരിനും ഓടുമേഞ്ഞ മേൽക്കൂരക്കുമിടയ്ക്കുള്ള വിടവിൽക്കൂടി എത്തുന്ന വെളിച്ചം മങ്ങിയിരുന്നു.

‘ഇവിടെ വെളിച്ചം തീരെയില്ല.’ സിദ്ധാർത്ഥൻ പറഞ്ഞു.

‘ഉച്ചയായതുകൊണ്ടാണ് ഇത്രയെങ്കിലും’ അരുന്ധതി പറഞ്ഞു, ‘വൈകുന്നേരമൊന്നും ഒട്ടും വെളിച്ചം ഉണ്ടാവില്ല.’

‘അപ്പോ അരുവിന് പേടിയാവില്ലെ?’

‘പേടിയാവും, പക്ഷെ അങ്ങിനെ പേടിയാവുന്നത് എനിക്കിഷ്ടമാണ്. ഓരോ മുക്കിലും പ്രേതങ്ങളും ഭൂതങ്ങളും എന്റെ മേൽ ചാടി വീഴാൻ തയ്യാറെടുത്തു നിൽക്ക്ണൂന്ന് ഞാൻ വിചാരിക്കും. അങ്ങിനെ പേടിച്ച് ഈ തട്ടിൻപുറത്ത് നിൽക്കാൻ എനിക്കിഷ്ടാണ്.’

അവൻ അദ്ഭുതത്തോടെ അരുന്ധതിയെ നോക്കി. വേനലവധിക്ക് നാട്ടിൽ വന്നശേഷം കൂട്ടായതാണ് അവളുമായി. ഒരു വട്ടു കേസാണെന്ന് കണ്ടപ്പോഴേ തോന്നിയതാണ്. അടുക്കേണ്ടെന്ന് തോന്നിയിട്ടും അകലാൻ കഴിഞ്ഞില്ല. ഗ്രാമം അവനിപ്പോഴും അദ്ഭുതങ്ങളും നിഗൂഢതകളും നിറഞ്ഞതാണ്. ആ ചെപ്പിന്റെ മൂടി തുറന്നു കാട്ടിയിരുന്നത് അരുന്ധതിയായിരുന്നു. വീട്ടിൽനിന്ന് അരുന്ധതിയുടെ വീട്ടിലേക്കെത്താൻ ഒരിടവഴിയും നീണ്ടുകിടക്കുന്ന നെൽവയലിന്റ നടുവിലൂടെയുള്ള വരമ്പും, പിന്നെ വീണ്ടും ഇരുണ്ട ഇടവഴിയും താണ്ടണം. ഇടവഴിയിലെ വലിയ പടിപ്പുരയുടെ അറ്റക്കടായ കടന്ന് മുറ്റത്തെത്തിയപ്പോൾ ആ എട്ടുകെട്ടിന്റെ വലുപ്പം കണ്ട് അവൻ അന്ധാളിച്ചു നി ന്നു. ‘ അരുന്ധതീടെ വീടിത്ര വലുതാണോ?’

‘അതേ,’ കൃത്രിമമായ വിനയത്തോടെ അവൾ പറഞ്ഞു, ‘ഞാനാണ് ഈ വലിയ എട്ടുകെട്ടിന്റെ ഒരേ ഒരു അവകാശി.’

സിദ്ധാർത്ഥൻ അന്തംവിട്ടു നിന്നുപോയി. പടിപ്പുര കടന്ന് ഉമ്മറത്തെത്താൻ കുറച്ചു ദൂരമുണ്ട്. കല്ലും, കുണ്ടും നിറഞ്ഞ് ശ്രദ്ധിക്കാതെ കിടക്കുന്ന ആ മുറ്റത്തുകൂടെ നടക്കുമ്പോൾ അവൾ ചെവിയിൽ പറഞ്ഞു.

‘കുട്ടാ, ഞാൻ നുണ പറഞ്ഞതാണ് കെട്ടോ. ഒരുകാലത്ത് പ്രതാപത്തോടുകൂടി നിലനിന്നിരുന്ന ഈ എട്ടുകെട്ട് കാരണവന്മാരുടെ പിടിപ്പുകേടുകൊണ്ട് ക്ഷയിച്ചുപോയി, ഇപ്പോൾ ഒരു വലിയ മത്തൻ കണ്ടിക്കുംപോലെ പന്ത്രണ്ടായി മുറിച്ച് പന്ത്രണ്ട് താവഴികൾ താമസിക്കുകയാണ്. അതിൽ സാമ്പത്തികമായി വളരെ താഴ്ന്ന ഒരു താവഴിയിലെ അവസാനത്തെ കണ്ണിയും, സുന്ദരിയും സുശീലയുമായ പെൺകുട്ടി മാത്രാണ് ഈ ഞാൻ. മുകളിലെ നിലയിൽ വടക്കു കിഴക്കു കോണിൽ ഇലഞ്ഞിപ്പൂമരം തണലേകുന്ന ഒരു കഷ്ണത്തിലാണ് എന്റെ വാസം.’

സിദ്ധാർത്ഥന് അരുന്ധതിയുടെ സംസാരം ഇഷ്ടമായിരുന്നു. ചിലപ്പോൾ അത് കാടുകയറിപ്പോകുമെന്നു മാത്രം. വരുന്ന വഴി പാടത്തിന്റെ കരയിലുള്ള വലിയ വീട് കാണിച്ചുകൊണ്ട് അരു പറഞ്ഞു.

‘ഈ വീടിനെപ്പറ്റി അറിയ്യോ?’

‘ഇല്ലാ.’ മദ്രാസിൽ സ്ഥിരതാമസമാക്കി, നാലോ അഞ്ചോ വർഷം കൂടുമ്പോൾ ഒരു വേനലവധിക്ക് അച്ഛന്റെയും അമ്മയുടെയും ഒപ്പം നാട്ടിൽ ഏതാനും ദിവസങ്ങൾക്കായി വരുന്ന തനിക്കെങ്ങനെ അറിയാം ഇവിടുത്തെ വീടുകളുടെ വിശേഷങ്ങൾ.

‘ആ വീട്ടിൽ ഒരു പ്രേതംണ്ടായിരുന്നു.’

‘പ്രേതോ?’

‘അതെ, നീ നോക്ക് ആ വെള്ള ചുമരില്ലെ പത്തായപ്പുരയുടെ?’

വീട്ടിനോട് തൊട്ട് നിന്നിരുന്ന പത്തായപ്പുരയുടെ ചുമർ അവൻ ശ്രദ്ധിച്ചു.

‘ആ ചുമരിൽ ഒരു സ്ഥലത്ത് തേച്ച പാടുള്ളത് കണ്ടോ? അതെന്താണ്ന്ന് അറിയ്യോ?’ ഒരു ഇഫക്ടിനുവേണ്ടി നിർത്തി, അവൾ വീണ്ടും പറഞ്ഞു. ‘ആ വീട്ടിൽ ഒരു പ്രേതംണ്ടായിരുന്നു. രാത്രിയൊക്കെ അതു വന്ന് ആ വീട്ടുകാരെ പേടിപ്പിക്കും. ഒരു സന്ധ്യക്ക് എല്ലാരും ഉമ്മറത്ത് ഇരിക്ക്യായിരുന്നു. അപ്പോണ്ട് പടിക്കല്ന്ന് ഒരു രൂപം വര്ണൂ, നിഴലുപോലെ. അത് നേരെ പോയി പത്തായപ്പെരേടെ ചുമരിലേയ്ക്ക് ചാടി ഇല്ലാതായി. പോയി നോക്ക്യപ്പോ കണ്ടു അവിടെ ഒരു പാട്. മനുഷ്യന്മാർക്കൊന്നും ഉണ്ടാക്കാൻ പറ്റാത്ത തരം പാട്. പണിക്കരാണ് രാശിവച്ചുനോക്കീട്ട് അവിടെ തുരന്നു നോക്കാൻ പറഞ്ഞത്. നോക്കിയപ്പോണ്ട് ഒര് എല്ല്. കാൽമുട്ടിന്റെ ചിരട്ട ഇല്ലെ, അത്. ആ എല്ല് തിരുനാവായിൽ കൊണ്ടോയി ഒഴുക്കിയതിൽ പിന്നെ പ്രേതത്തിന്റെ ശല്യംണ്ടായിട്ടില്ല.’

സിദ്ധാർത്ഥന് കാലിൽ ഒരു ബലക്ഷയംപോലെ തോന്നി. അവൻ ചോദിച്ചു. ‘അരൂന്റെ വീട്ടിൽ പോവാൻ വേറെ വഴിയൊന്നും ഇല്ലേ?’

‘എന്താ നെനക്ക് പേടി തോന്ന്ണ്ടോ?’

‘ഏയ്.’

‘ഇതാ ഈ കാണ്ണ കുടിലില്ലേ, അത് കാണന്റെ കുടിലാണ്. അവൻ ഇപ്പോഴും ഒടിമറിയാറുണ്ട് അറിയ്യോ?’

‘എന്താണ് ഒടിമറിയാന്ന് വച്ചാൽ?’

‘രാത്രികാലങ്ങളില് അവൻ ഒരുതരം ഭസ്മം മേല് വിതറും. അപ്പോ അവൻ ഒരു കാളടെ രൂപാവും. എന്നിട്ട്

കൊല്ലേണ്ട ആളുടെ വീട്ടിനടുത്ത് ചെന്ന് ഒരു പ്രത്യേക മന്ത്രം ജപിക്കും.മന്ത്രം കഴീമ്പളേയ്ക്ക് ആ ആൾക്ക് വീട്ടീന്ന് എങ്ങനേങ്കിലും പുറത്തേയ്ക്ക് വരാൻ തോന്നും. പുറത്തിറങ്ങിയാൽ കാണൻ ഒടിച്ച് കൊല്ലൂം ചെയ്യും. നമ്മടെ അടുത്ത് ഇരുമ്പിന്റെ കത്തിണ്ടായാൽ രക്ഷണ്ട്. അതോണ്ട് നെലത്ത് ഒരു വട്ടം വരക്ക്യാ, നന്ന് കത്തി അതിന്റെ ഒത്ത നടുവില് കുത്തി നിർത്ത്വാ. അപ്പോ പിന്നെ അവന് അനങ്ങാൻ പറ്റാത്യാവും. സൂര്യനുദിച്ചാൽ കാളടെ രൂപം പോവും, പകരം കാണൻ തന്നെയാവും. പക്ഷെ ഇതൊക്കെ ചെയ്യണങ്കിൽ നമ്മക്കും അത്യാവശ്യം ദുർമന്ത്രവാദം അറിഞ്ഞിരിക്കണം. മാധവമ്മാമ അങ്ങിനെയാണ് ഒരിക്കൽ കാണനെ പിടിച്ചത്. രാവിലെ അനങ്ങാൻ വയ്യാതെ കെട്ടിയിട്ട മാതിരി അവൻ നിൽക്ക്വായിരുന്നു. മാധവമ്മാമെ കണ്ടപ്പോൾ അവൻ കാൽക്കല് വീണു കെഞ്ചി, അവനെ വിടുവിക്കാൻ. ആരാ അവനെ പറഞ്ഞയച്ചത്ന്നൊക്കെ ചോദിച്ച് മനസ്സിലാക്കീട്ട് മാധവമ്മാമ കളത്തിൽനിന്ന് കത്തിയൂരി മടക്കി അരപ്പട്ടേല് തിരുകി അവനോട് പൊയ്ക്കോളാൻ പറഞ്ഞു.'

സിദ്ധാർത്ഥൻ തളർന്നിരുന്നു. നാട്ടിൻപുറം അത്ര സുരക്ഷിതമല്ലാ എന്നവന്നു മനസ്സിലായി.

'കാണൻ മേല് തേക്കണ ഭസ്മം എങ്ങിന്യാണ്ണ്ടാക്ക്വാന്നറിയോ?'

അവന് കേൾക്കാൻ ഒരു താൽപര്യവുമുണ്ടായിരുന്നില്ല. ഒരു രാത്രിയിലെ ദുസ്വപ്നങ്ങൾക്കുള്ള വകയായിരിക്കുന്നു ഇപ്പോൾ തന്നെ. അവൻ വീണ്ടും ചോദിച്ചു.

'അരൂന്റെ വീട്ടിലേയ്ക്ക് പോകാൻ വേറെ വഴിയൊന്നും ഇല്ലേ?'

'വഴിയൊക്കെണ്ട്, പക്ഷെ ശ്മശാനത്തീക്കൂടെ പോണം. ഉച്ച നേരത്തൊന്നും പോവാൻ പറ്റീതല്ല.'

അവൻ നിശ്ശബ്ദനായി. എന്തെങ്കിലും പറഞ്ഞാൽ പിന്നെ ശ്മശാനത്തിന്റെ കാര്യം എടുത്തിടും. അല്ലെങ്കിലേ..... ഇത്രയും ബുദ്ധിമുട്ടിയിട്ട് വന്നപ്പോഴാണ് ഭയപ്പെടുത്തുന്ന തട്ടിൻ പുറം കാണാൻ അവൾ ക്ഷണിച്ചത്. ഒരു മൂലയിൽ കഴുക്കോലിൽ തൂങ്ങിക്കിടന്ന ചെറുജീവികളെ അവൻ അപ്പോഴാണ് ശ്രദ്ധിച്ചത്.

'അത് നരിച്ചീറുകളാണ്.' അരുന്ധതി പറഞ്ഞു. 'അവറ്റയ്ക്ക് പകൽ കണ്ണു കാണില്ല, രാത്രിയേ കാണൂ.'

ആ ജീവികളുടെ കീഴ്ക്കാംതൂക്കു കിടത്തത്തിൽ പേടിപ്പിക്കുന്ന എന്തോ ഉണ്ടായിരുന്നു. സിദ്ധാർത്ഥന് അവയെ ഇഷ്ടമായില്ല.

'ഈ നരിച്ചീറുകൾ എന്താണെന്നറിയ്യോ?' അരുന്ധതി ചോദിച്ചു. സിദ്ധാർത്ഥൻ അറിയില്ലെന്ന് തലയാട്ടി.

'നമ്മളൊക്കെ മരിച്ചുപോയാൽ നമ്മടെ ആത്മാവ് എവിട്യാ പോണ്ന്നറിയ്യോ. പുനർജനിയുടെ തീരത്ത്. നമുക്കെല്ലാം ആയിരം ജന്മങ്ങളുണ്ട്. ഈ ആയിരം ജന്മങ്ങളും തീർന്നവർ പിന്നെ പുനർജനിക്കില്ല. അല്ലാത്തവരിൽ നല്ലവരുടെ ആത്മാക്കൾ പെട്ടെന്നു തന്നെ പുനർജനിക്കുന്നു, മനുഷ്യരായിത്തന്നെ. ചീത്ത മനുഷ്യരെ എന്താണ് ചെയ്യേണ്ടതെന്നറിയാതെ തൽക്കാലം നരിച്ചീറുകളാക്കി വിടാണ്. ആർക്കും വേണ്ടാത്ത വല്ല ജന്മവും വരുമ്പോഴേ അവർക്ക് മോക്ഷം കിട്ടൂ. നമ്മടെ അച്ചുമ്മാനൊക്കെണ്ടാവും ഇതില്.' അരുന്ധതി കുറച്ചുകൂടി അടുത്തുവന്നു അവന്റെ ചെവിയിൽ പതുക്കെ പറഞ്ഞു. 'അച്ചുമ്മാൻ ഒരു പണിക്കാരനെ കളത്തീവച്ച് ചവിട്ടിക്കൊന്നിട്ടുണ്ട് അറിയ്യോ?'

അവന്റെ ദേഹം പെട്ടെന്ന് ഭയം കൊണ്ട് പൊട്ടിത്തരിച്ചു. ആ തട്ടിൻപുറം പെട്ടെന്ന് ഭീഷണമായി. അവൻ ചോദിച്ചു. 'നമുക്ക് താഴത്ത് പോവ്വാ.'

'ഇത്ര പെട്ടന്നോ? കുറച്ചു കഴിയട്ടെ. ഇപ്പോ അമ്മ ഭക്ഷണം ഉണ്ടാക്കണ തിരക്കിലായിരിക്കും. പിന്നെ പ്രേമിക്കുന്നവർക്ക് ഒത്തു കൂടാൻ പറ്റിയ സ്ഥലാണ് ഇത്. ആരും കാണില്ല, കേൾക്കുംല്ല്യാ.'

'പ്രേമിക്കുന്നവരോ?'

'അതേ, സിദ്ധാർത്ഥന് എന്നെ സ്നേഹംല്ല്യേ?'

അവൻ ആലോചിച്ചു. അമ്മയുടെയും അച്ഛന്റേയും ഒപ്പം നാട്ടിൽ വന്നതിന്റെ പിറ്റേന്നാണ് അരുന്ധതി വീട്ടിൽ വന്നത്. ചുവപ്പു പാവാടയും ബ്ലൗസും വേഷം. അഞ്ചുകൊല്ലം മുമ്പ് കണ്ടപ്പോൾ അവൾക്ക് ഇത്ര ഭംഗിയുണ്ടായിരുന്നില്ല. ഒരു മെലിഞ്ഞ കുട്ടിയായിരുന്നു. ഇപ്പോൾ അവളുടെ കവിൾ തുടുത്തിരുന്നു. ദേഹം ഉരുണ്ടിരുന്നു. മാറിൽ..... അവൻ കൺതിരിച്ചു.

'സിദ്ധാർത്ഥന് എന്നെപ്പറ്റി ആലോചിക്കുമ്പോൾ ഒന്നും തോന്ന്ണില്ല്യേ?'

അവൻ ആലോചിച്ചു. രാത്രി കുറേ നേരം അരുന്ധതിയെപ്പറ്റി ആലോചിച്ചു കിടന്നിരുന്നു. എന്തെങ്കിലും തോന്നിയിരുന്നോ?

'ഒന്നും തോന്ന്ണില്ല്യേ? ഹൃദയത്തിൽ ഒരു വിമ്മിട്ടം? നെടുവീർപ്പിടാൻ തോന്നുക?'

'അതു തോന്നാറുണ്ട്.'

'എന്ത്?'

'ശ്വാസത്തിന്റെ പ്രശ്നം. എനിക്ക് ആസ്ത്മയുടെ ഉപദ്രവമുണ്ട്. മദ്രാസിലുള്ളപ്പോ എപ്പോഴുംണ്ടാവും. ഇവിടെ വന്നശേഷം വല്ലപ്പോഴേ ഉണ്ടാവാറുള്ളു.'

'ഓ, അതല്ല.' അരുന്ധതി നൈരാശ്യത്തോടെ തലയിൽ കൈവച്ചുകൊണ്ടു പറഞ്ഞു. 'സിദ്ധാർത്ഥന് എത്ര വയസ്സായി? ഒരു മിനുറ്റ് നിൽക്കു, ഞാൻ പറയാം. ഏഴിലല്ലേ പഠിക്കണത്? അപ്പോൾ പന്ത്രണ്ട് വയസ്സായിട്ടുണ്ടാവും. ഒരു മൂന്ന്കൊല്ലം കഴിയട്ടേ, എന്റെ പ്രായായാൽ മനസ്സിലാവും ഹൃദയത്തിന്റെ വേദനെന്താണെന്ന്.'

അവൾ ആകെ നിരുത്സാഹപ്പെട്ടപോലെ തോന്നി. സിദ്ധാർത്ഥൻ അവളുടെ അടുത്തുചെന്നു, സമാധാനിപ്പിക്കാനായി പറഞ്ഞു.

'എനിക്ക് അരുവിനെ നല്ല ഇഷ്ടാണ്.'

'അതുകൊണ്ട് കാര്യമില്ല.' അവൾ ഗൗരവത്തിൽ പറഞ്ഞു. 'ഇഷ്ടപ്പെടലും പ്രേമത്തിലാവലും രണ്ടും രണ്ടാണ്. ഈ കാര്യത്തിൽ എനിക്കൊന്നും ചെയ്യാനില്ല. ഇത് ഒരൊറ്റവഴി പ്രേമമാവാനാണ് സാദ്ധ്യത. അങ്ങോട്ടു മാത്രം. ഞാൻ എന്താണ് ചെയ്യ്വാ. പ്രേമം കുത്തിവയ്ക്കാൻ പറ്റുമോ. സാരമില്ല. ഈ പ്രേമം ഞാൻ എന്റെ മനസ്സിൽ സൂക്ഷിച്ചുകൊള്ളാം.'

അരുന്ധതിയുടെ അതിഥിയായി വന്ന് അവളുടെ മനസ്സ് കേടുവരുത്തിയതിൽ അവൻ ഖേദിച്ചു. സിദ്ധാർത്ഥൻ അവളുടെ അടുത്തു ചെന്ന് അവളുടെ ചുമലിൽ കൈവച്ചുകൊണ്ട് പറഞ്ഞു.

'സോറി അരു, ഞാൻ കുട്ടിയെ വിഷമിപ്പിക്കണംന്ന് കരുതീല്ല.'

'സിദ്ധാർത്ഥൻ വാരികകളിലെ തുടർക്കഥകളൊന്നും വായിക്കാറില്ലേ?'

'ഇല്ല, എനിക്ക് മലയാളം വായിക്കാൻ അറിയില്ല. ഞാൻ വായിക്കാറ് കോമിക്സാണ്. അസ്റ്റെറിക്സും ടിൻടിനും ഒക്കെ.'

'അതാണ് കാര്യം.' അരുന്ധതി പറഞ്ഞു. 'സാരംല്ല്യ, ഞാനെന്റെ പ്രേമം ഹൃദയത്തിന്റെ നനുത്ത താളുകളിൽ ഒരു മയിൽപ്പീലിപോലെ ഒളിപ്പിച്ചു വയ്ക്കാം. ഏകാന്തതയിൽ എടുത്ത് താലോലിക്കാൻ.'

സിദ്ധാർത്ഥൻ ശ്വാസമടക്കിപ്പിടിച്ചു നിന്നു. ഇത്തരം വാചകങ്ങൾ നടാടെ കേൾക്കുകയാണ്. തന്റെ വായനയുടെ പോക്ക് ശരിയല്ലെന്നവനു മനസ്സിലായി. അസ്റ്റെറിക്സും ടിൻടിനുമൊന്നുമല്ല വായിക്കേണ്ടിയിരുന്നത്. അവൻ പറഞ്ഞു.

'ശരിക്കു പറഞ്ഞാൽ എനിക്ക് അരുവിനോട് പ്രേമംണ്ട്.'

'തീർച്ചയാണോ?' അവൾ ഉത്സാഹത്തോടെ ചോദിച്ചു.

'ഉം. അരൂനെ കാണുമ്പോളില്ലെ, എനിക്ക് നെഞ്ചിനുള്ളിൽ ഒരു ജാതി.....'

'ശരിക്കും?'

'അതെ.'

'അപ്പോൾ നമ്മൾ തുല്ല്യദുഃഖിതരാണ്.' അവൾ ഉലാത്തിക്കൊണ്ട് പറഞ്ഞു.

ഇതിൽ എന്താണ് ദുഃഖമെന്ന് സിദ്ധാർത്ഥനു മനസ്സിലായില്ല. അവൻ വിശദീകരണം തേടി.

'അതോ, പ്രേമം എന്നു പറഞ്ഞാൽ ദുഃഖമാണുണ്ണീ.' അവൾ ഗൗരവത്തോടെ പറഞ്ഞു. 'ഈ ദിവ്യപ്രേമത്തിന്റെ ജ്വാലയിൽ ഞാൻ ഉരുകിയില്ലാതാവട്ടെ.'

സിദ്ധാർത്ഥന് ശരിക്കും അസൂയ തോന്നി. തനിക്ക് പന്ത്രണ്ട് വയസ്സ് ആയിട്ടേ ഉള്ളൂ, ശരി. പക്ഷെ ഒരു മൂന്നു കൊല്ലത്തിനുള്ളിൽ തനിക്ക് ഇങ്ങിനെയൊക്കെ സംസാരിക്കാൻ പറ്റുമോ? ഇരുണ്ട ഭാവിയോർത്ത് അവൻ ക്ഷീണിതനായി, അഴികളില്ലാത്ത കട്ടിലിന്റെ ചട്ടക്കൂട്ടിൽ പോയിരുന്നു. അരുന്ധതി അടുത്തുതന്നെ വന്നിരുന്നു. എന്തോ കാര്യമായി നേടിയ പോലെ അവൾ സംതൃപ്തയായിരുന്നു. അവൾ തിരിഞ്ഞ് സിദ്ധാർത്ഥന്റെ തോളിൽ കൈയ്യിട്ടുകൊണ്ട് ചോദിച്ചു.

'പ്രേമിക്കുന്നവർ എന്തൊക്കെ ചെയ്യുമെന്ന് അറിയുമോ?'

'ഉം.'

'എന്തൊക്കെയാണ്?'

'പാട്ടു പാടും......' അവൻ തുടരാൻ സംശയിച്ച് നിന്നു.

'ഈ അറിവ് എവിടുന്ന് കിട്ടി?'

'സിനിമേലൊക്കെ അങ്ങിനാ. ടീവീലും ഞാൻ കണ്ടിട്ടുണ്ട്.'

'ഞങ്ങളുടെ വീട്ടിൽ ടിവിയില്ല, ഞാൻ സിനിമ കാണാറുമില്ല. അതുകൊണ്ടുതന്നെ പ്രേമത്തെപ്പറ്റി വികലമായ അറിവുകളും എനിക്കില്ല.' കാമുകന്റെ അറിവില്ലായ്മയിൽ അസ്വസ്ഥയായി അരുന്ധതി പറഞ്ഞു. 'കേട്ടോളൂ, പ്രേമിക്കുന്നവർ ആലിംഗനം ചെയ്യും, ചുംബിക്കും.'

'എന്നുവച്ചാൽ?'

'എന്നുവച്ചാൽ കെട്ടിപ്പിടിക്കും, ഉമ്മവയ്ക്കും, മനസ്സിലായോ.' അവൾ അക്ഷമയോടെ പറഞ്ഞു.

അതെല്ലാം അവൻ ടിവിയിലും സിനിമയിലും കാണാറുള്ളതാണ്. പക്ഷെ അവയെല്ലാം തന്നെ മാധ്യമങ്ങളുടെ സ്വതസിദ്ധമായ വൈരുദ്ധ്യങ്ങളെന്നല്ലാതെ യഥാർത്ഥജീവിതത്തിൽ പകർത്താനുള്ളതല്ലെന്നവൻ വിശ്വസിച്ചു. അവന് അകാരണമായി പേടി തോന്നി. അരുന്ധതിയിൽനിന്ന് ഒരാക്രമണം ഏതു നിമിഷത്തിലുമുണ്ടാവാമെന്ന അറിവിൽ അവൻ ജാഗരൂകനായി ഇരുന്നു.

'സമയം കൊറ്യായീന്ന് തോന്നുണു.' അരുന്ധതി പറഞ്ഞു. 'സിദ്ധാർത്ഥന് വിശക്ക്ണില്ലേ?'

അവന് വിശക്കുന്നുണ്ടായിരുന്നു. വിശപ്പിനേക്കാൾ അവന് അവിടെനിന്ന് എങ്ങിനെയെങ്കിലും രക്ഷപ്പെടണമെന്ന ആഗ്രഹമായിരുന്നു. അവർ മുളംകോണിയിലൂടെ താഴേക്കിറങ്ങി. മുളംകോണി വെച്ചിരുന്നത് ഒരു വൃത്തികെട്ട ഗന്ധമുള്ള കലവറയിലായിരുന്നു. തട്ടിൻപുറത്തും ഈ നാറ്റമുണ്ടായിരുന്നു. അതു നരിച്ചീറിന്റേതാണെന്ന് അരുന്ധതി പറഞ്ഞു.

അച്ഛൻപെങ്ങൾ അടുക്കളയിൽ നിലത്തിരുന്ന് ചേമ്പിന്റെ തണ്ട് അരിയുകയായിരുന്നു. അദ്ഭുതത്തോടെ അതു നോക്കി നിന്ന സിദ്ധാർത്ഥനോട് അച്ഛൻപെങ്ങൾ ചിരിച്ചുകൊണ്ട് പറഞ്ഞു.

'ഇങ്ങിനെയൊന്നും കണ്ടിട്ടില്ല അല്ലേ മോനെ? ഇവിടെ ഇതൊക്കെയാണ് മോനെ ഭക്ഷണം. ചേമ്പിൽതാളുകൊണ്ട് മുളകൂഷ്യം, കറുകപ്പുല്ലുകൊണ്ട് തോരൻ....'

'ഈ അമ്മ! നമുക്ക് പോവ്വാ' അരുന്ധതി അവന്റെ കൈപിടിച്ചു വലിച്ചു. അവൻ കൈകുതറി അവിടെത്തന്നെ നിന്നു. അച്ചൻപെങ്ങൾ ചേമ്പിന്റെ തണ്ട് തോലുരിക്കുന്നത് കാണാൻ ഭംഗിയുണ്ടായിരുന്നു. പോരാത്തതിന് കറുകപ്പുല്ലുകൊണ്ട് തോരനുണ്ടാക്കുകയെങ്ങിനെയാണെന്ന് അവനു കാണണമെന്നുമുണ്ട്.

'നിന്റെ അമ്മയോടൊന്നും പറയല്ലെ മോനെ ഇവിടുത്തെ വിശേഷങ്ങൾ. ഇവിടെ രാവിലേം, ഉച്ചയ്ക്കും രാത്രീം ഒക്കെ സുഭിക്ഷായിട്ട്ള്ള ഭക്ഷണാന്ന് വിചാരിച്ചിരിക്ക്യാ അവള്. എന്തിനാ അവളുടെ മനസ്സമാധാനം കളേണത്.'

കറുകപ്പുല്ലുകൊണ്ടുള്ള തോരനുണ്ടാക്കുന്നതു കാണാനുള്ള താൽപര്യം നശിച്ചു. അവൻ ഒന്നും പറയാതെ അരുന്ധതിയോടൊപ്പം പുറത്തേയ്ക്കു നടന്നു. ഒന്നാം നിലയിലായിരുന്നു ആ വീട്. വരാന്തയിൽ നിന്നുള്ള ഓരോ വാതിലും

ഓരോ വീട്ടിലേക്കുള്ളതാണ്. ഓരോ വാതിൽ കടക്കുമ്പോഴും അരുന്ധതി അവിടെ താമസിക്കുന്ന കുടുംബക്കാരുടെ പേർ പറയും. 'ഇത് ലക്ഷ്മി ഓപ്പോളുടെ വീടാണ്, ഇത് സുമതി വല്ല്യമ്മടെ വീട്, ഇത്....' പല വാതിലുകളും തുറന്നു കിടക്കുകയായിരുന്നു. അതിലൂടെ കാണാവുന്ന ദൃശ്യങ്ങൾ ഇല്ലായ്മയുടെയായിരുന്നു. പൊട്ടിയ കസേലകൾ, പോളിഷ് എന്താണെന്നു മറന്ന വാതിലുകളും ജനലുകളും, മുറിക്കു കുറുകെ കെട്ടിയ അയലുകളിൽ തൂങ്ങിക്കിടക്കുന്ന നരച്ച വസ്ത്രങ്ങൾ. ഒരു തരം മടുപ്പുണ്ടാക്കുന്ന പ്രാചീനത എവിടേയും തളംകെട്ടിക്കിടന്നു. സിദ്ധാർത്ഥന് വിഷമമായി.

അവർ വീട്ടിലേയ്ക്കു നടന്നു. ഇടവഴി കടന്ന് വിശാലമായ പാടത്തെത്തി. കാറ്റിൽ വയലിന്റെ പച്ചപ്പിൽ ഓളങ്ങളുണ്ടായി. വരമ്പിന് വീതി കുറവായതിനാൽ അരുന്ധതി മുമ്പിലും സിദ്ധാർത്ഥൻ പിന്നിലുമായാണ് നടന്നിരുന്നത്. അരുന്ധതിയുടെ പാവാടത്തുമ്പിൽ പുല്ലിൻ കായ്കൾ ഒട്ടിപ്പിടിക്കുന്നത് അവൻ നോക്കിനടന്നു. ഇനി വീട്ടിലെത്തിയാൽ അവൾ ഇരുത്തിമേലിരുന്ന് ആ കായ്കൾ ഓരോന്നായി പറിച്ചുകളയും. രാവിലെ അങ്ങിനെ പറിച്ചുകളയുമ്പോഴാണ് അമ്മ ചോദിച്ചത്.

'അരു നീ രണ്ടു ദോശ തിന്നുന്നോ.'

'വേണ്ട അമ്മായി,' അവൾ പറഞ്ഞു, 'ഞാൻ പിട്ടും കടലയും കഴിച്ചിട്ടാണ് വന്നത്.'

ഇപ്പോൾ ആലോചിക്കുമ്പോൾ അവനു തോന്നി അവൾ പറഞ്ഞത് നുണയായിരുന്നെന്ന്. പിട്ടും കടലയും ഉണ്ടാക്കിയ ഒരടുക്കളയല്ല അവൻ അവളുടെ വീട്ടിൽ കണ്ടത്. ഒരു പക്ഷെ അവൾ ഒന്നും കഴിച്ചിട്ടുതന്നെയുണ്ടാവില്ല.

വീട്ടിൽ ഊണു തയ്യാറായിരുന്നു. മീൻ കറിയും മീൻ വറുത്തതുമുണ്ടായിരുന്നു. വറുത്ത മീനിന്റെ വാസന അവന്റെ വിശപ്പ് ഇരട്ടിച്ചു. അവൻ കൈകാൽ കഴുകുവാൻ കുളിമുറിയിലേയ്ക്ക് ഓടി. തിരിച്ചു വന്നപ്പോഴേയ്ക്ക് അരുന്ധതി പോയിരുന്നു. അവൻ ചോദിച്ചു.

'അമ്മേ, അരുചേച്ചിയോട് ഊണു കഴിച്ചിട്ടു പോയാ മതീന്ന് പറയായിരുന്നില്ലേ?'

'ഞാൻ പറഞ്ഞതാ, അവള് കേക്കണ്ടെ? അവിടെ രാവിലെ താമി കണമ്പ് കൊണ്ടുവന്നിട്ടുണ്ട്ന്ന് പറഞ്ഞു. അതു വെച്ചിട്ടുംണ്ട് വറത്തിട്ടുംണ്ട്ത്രെ. അവള്ടെ അമ്മ എന്നെപ്പോലെയൊന്നും അല്ല, നന്നായി വെയ്ക്കും. നെന്റെ അച്ഛന്ന് ഇപ്പോഴും പെങ്ങള് വച്ച മീൻകറിയാണിഷ്ടം. അപ്പോ പിന്നെ അവൾക്ക് ഇവിടെ ഊണു കഴിക്കാൻ എന്തു താൽപര്യാണ്ടാവ്വാ?'

സിദ്ധാർത്ഥൻ ഒന്നും പറയാതെ ഊണു കഴിച്ചു. അമ്മക്കറിയാത്ത പല കാര്യങ്ങളുമുണ്ടെന്ന് അവൻ മനസ്സിലാക്കിയിരുന്നു. നല്ല ജന്മം കിട്ടാൻ നോമ്പെടുത്ത് തട്ടിൻ പുറങ്ങളിൽ തൂങ്ങിക്കിടക്കുന്ന നരിച്ചീറുകളെപ്പറ്റിയോ, കാളയുടെ വേഷമിട്ട് വൈരികളെ ഒടിച്ചുകൊല്ലുന്ന കാണനെപ്പറ്റിയോ അമ്മയോട് ചോദിച്ചിട്ടു കാര്യമില്ല. അച്ഛന് പല കാര്യങ്ങളെപ്പറ്റിയും അറിയാം, പക്ഷെ അവനു ചോദിക്കാൻ ധൈര്യമില്ല.

പിറ്റേന്നു രാവിലെ സിദ്ധാർത്ഥൻ പ്രാതൽ കഴിക്കാതെ അരുന്ധതി വരുന്നതും കാത്തിരുന്നു. അവൾ വന്ന് ഇരുത്തിമേലിരുന്ന് പാവാടത്തുമ്പിൽ പിടിച്ച പുല്ലിൻ കായകൾ വലിച്ചെടുത്തു. അപ്പോഴാണ് സിദ്ധാർത്ഥൻ ശ്രദ്ധിച്ചത്, കഴിഞ്ഞ ഏതാനും ദിവസങ്ങളായി അവൾ ഒരേ പാവാടയും ബ്ലൗസുമാണ് ധരിച്ചിരുന്നത്. ദിവസവും തിരുമ്പിയിടുന്നതായിരിക്കും, കാരണം അവളുടെ വസ്ത്രങ്ങളിൽ അഴുക്കു പുരണ്ടിരുന്നില്ല. കഴുത്തിൽ ഒരു ചെറിയ മാല, കാതുകളിൽ തൂങ്ങിക്കിടക്കുന്ന കൊടക്കടുക്കൻ. അവളുടെ ഓരോ ചലനങ്ങളിലും അവ ആടി.

'അരു വന്നില്ലെ, ഇനി നിനക്ക് ദോശ കഴിച്ചൂടെ?' അമ്മ ചോദിച്ചു. 'നീ വന്നിട്ട് നിന്റെ ഒപ്പം കഴിക്കാമെന്ന് പറഞ്ഞിരിക്ക്യാണ്. വരൂ ചായ കൂട്ടീട്ട്ണ്ട്.'

'അയ്യോ അമ്മായീ, ഞാൻ ദോശീം കാപ്പീം കഴിച്ചു.' അവൾ പറഞ്ഞു.

'സാരല്ല്യ,' അവർ മരുമകളോട് പറഞ്ഞു 'രണ്ടു ദോശേം കൂടെ കഴിച്ചാൽ ഒന്നും സംഭവിക്കില്ല.'

അവൾ സിദ്ധാർത്ഥനെ നോക്കി, പെട്ടെന്നു തന്നെ മുഖം തിരിക്കുകയും ചെയ്തു.

തിരിച്ച് വീട്ടിലേയ്ക്കു നടക്കുമ്പോൾ അവൾ ഒന്നും സംസാരിച്ചില്ല. അവളുടെ സംസാരത്തിന്റെ ഉറവകൾ വറ്റിയ പോലെ. സിദ്ധാർത്ഥനും ഒന്നും സംസാരിക്കാതെ അരുന്ധതിയുടെ ചുവന്ന പാദങ്ങൾ നോക്കി നടന്നു. വരമ്പുകളിൽ പുല്ലിന്മേൽ പതിഞ്ഞു കിടന്ന ഹിമകണങ്ങൾ വെയിലിൽ വറ്റിത്തുടങ്ങുന്നേ ഉള്ളു. കാറ്റിൽ പച്ചപ്പുല്ലിന്റെ ഗന്ധമുണ്ടായിരുന്നു.

തട്ടിൻപുറത്തെത്തിയപ്പോൾ അരുന്ധതി പറഞ്ഞു.

'ഞാൻ നിനക്കൊരു സാധനം കാട്ടിത്തരാം.'

അവൾ ഒരു പഴയ മരപ്പെട്ടി തുറന്ന് ഒരു നോട്ടുപുസ്തകമെടുത്തു.

'ഇതെന്താണെന്നറിയ്യോ?'

സിദ്ധാർത്ഥൻ നോക്കി. അതിൽ നിറയെ എഴുതിയിരിക്കയാണ്. അവൻ ചോദ്യപൂർവ്വം അരുന്ധതിയെ നോക്കി.

'ഇതെല്ലാം ഞാനെഴുതിയ കവിതകളാണ്. എന്റെ മാനസസന്താനങ്ങൾ. ഞാനിതാരോടും പറഞ്ഞിട്ടില്ല. നീയും ആരോടും പറയില്ലെന്ന് വാക്കു തരണം.'

അവൾ നീട്ടിയ കയ്യിൽ അവൻ അടിച്ചു വാക്കു കൊടുത്തു.

'ആരെങ്കിലും അറിഞ്ഞാൽ എന്നെ വീട്ടിൽ നിന്നു പുറത്താക്കും. സ്കൂളിൽ പഠിക്കുന്ന കാലത്ത് കവിതയെഴുതുകയെന്നാൽ വലിയ കുറ്റകൃത്യമാണ്. നമ്മൾ തമ്മിൽ പ്രണയബദ്ധരാണെന്നതുകൊണ്ടാണ് ഞാൻ നിന്നോട് പറയുന്നത്.'

'അരു എന്തിനെപ്പറ്റിയാണ് കവിതയെഴുതുന്നത്?'

'അത് എന്റെ സ്വകാര്യമാണ്. എനിക്ക് ദുഃഖമുണ്ടാവുമ്പോഴെല്ലാം ഞാൻ തട്ടിൻപുറത്ത് എന്റെ അഭയസ്ഥാനത്തേയ്ക്ക് വരും, കവിതയെഴുതും. ഞാനും എന്റെ കണ്ണീരൊപ്പുന്ന ഉറ്റ തോഴിയായ കവിതയും മാത്രം, പിന്നെ എനിക്ക് ദുഃഖമില്ല, വിഷമങ്ങളില്ല.'

‘അരുവിനെന്താണ് വെസനം?’

‘ആവൂ, അവസാനം എന്റെ പ്രിയകാമുകൻ പ്രിയസഖിയുടെ സ്വകാര്യദുഃഖങ്ങളുടെ കാരണം അന്വേഷിക്കുന്നു!’ അരുന്ധതി എഴുന്നേറ്റു നടന്നു. ‘ഞാൻ കൃതാർത്ഥയായി.’

സിദ്ധാർത്ഥന്ന് കളിയാക്കപ്പെട്ടതായി തോന്നി. അവൻ ദേഷ്യത്തോടെ പറഞ്ഞു. ‘ഞാൻ പോവ്വാണ്.’

അവൻ മുളയുടെ കോണി ചടുപിടെ ചാടി ഇറങ്ങി. പിന്നിൽനിന്ന് അരുന്ധതി വിളിക്കുന്നത് ശ്രദ്ധിക്കാതെ അവൻ വരാന്തയിലൂടെ ഓടി, കോണിയിറങ്ങി മുറ്റത്തേക്കിറങ്ങി. ഇടവഴിയിലൂടെ ഓടുമ്പോൾ അരുന്ധതി പിൻതുടരുന്നുണ്ടോ എന്നവൻ ശ്രദ്ധിച്ചില്ല. വയലെത്തിയിട്ടും അവൻ ഓട്ടം നിർത്തിയില്ല. പകുതി ദൂരം താണ്ടിയശേഷം അവൻ നിന്നു. തിരിഞ്ഞുനോക്കിയപ്പോൾ ഇടവഴി കഴിഞ്ഞ് വയൽ തുടങ്ങുന്നിടത്ത് അരുന്ധതി നിൽക്കുന്നതു കണ്ടു. അവൻ പിന്നീട് തിരിഞ്ഞു നോക്കിയില്ല.

‘എന്തേ ഇത്ര നേരത്തെ തിരിച്ചു വന്നത്?’ എന്ന അമ്മയുടെ ചോദ്യത്തിന് മറുപടിയൊന്നും പറയാതെ അവൻ പറമ്പിൽ അലഞ്ഞു നടന്നു. കുളത്തിലെ ആമ്പൽ പൂക്കൾ അവന് ആശ്വാസം പകർന്നില്ല. തെളിവെള്ളത്തിൽ കാലിട്ട് പരൽമീനുകൾ കൊത്തുമ്പോഴുണ്ടാവുന്ന ഇക്കിളിയും സഹിച്ച് കുളപ്പടവിൽ കുറേ നേരം ഇരുന്നു. കയ്യിലുണ്ടായിരുന്ന ഉരുളൻകല്ല് കുളത്തിലേക്കെറിഞ്ഞ് അവൻ പടവുകൾ കയറി. അപ്പോഴാണവൻ കണ്ടത്, അരുന്ധതി നടന്നു വരുന്നു. അവൾ പടി കടന്ന് തലയും താഴ്ത്തി നടന്നു വരികയാണ്. സിദ്ധാർത്ഥൻ മുറ്റത്തേയ്ക്കു കടന്നു. തലയുയർത്താതെ, കണ്ട ഭാവം നടിക്കാതെ അരുന്ധതി നേരെ അകത്തേയ്ക്കു കടന്നു. എന്തുകൊണ്ടോ അകത്തു പോകാൻ ധൈര്യമില്ലാതെ സിദ്ധാർത്ഥൻ ഉമ്മറത്തു തന്നെ നിന്നു. അഞ്ചു മിനിറ്റിനകം അരുന്ധതി പുറത്തേയ്ക്കു വന്ന് ഉമ്മറത്തിണ്ണമേൽ ഇരിക്കുകയായിരുന്ന സിദ്ധാർത്ഥനെ തീരെ അവഗണിച്ചുകൊണ്ട് മുറ്റത്തേയ്ക്കിറങ്ങിപ്പോവുകയും ചെയ്തു. അവളുടെ കവിളുകൾ ചുവന്നിരുന്നു. കണ്ണുകൾ കലങ്ങിയും.

സിദ്ധാർത്ഥൻ അടുക്കളയിലേയ്ക്കു പോയി. അവിടെ അമ്മയും അമ്മമ്മയും മാത്രമേ ഉള്ളു. അരുന്ധതി വന്നതെന്തിനാണെന്നവൻ അന്വേഷിച്ചു.

‘ആ, അവള് നിന്നോടൊന്നും പറഞ്ഞില്ലേ? ഈ വെള്ളിയാഴ്ച അവളുടെ പിറന്നാളാണ്. നമുക്കൊക്കെ അവിട്യാണ് ഊണ്.’

‘ഞാനില്ല അവളുടെ പിറന്നാളിന്.’

‘എന്താടാ മോനെ നീ അങ്ങനെ പറേണത്?’ അമ്മമ്മ ചോദിച്ചു. അവൻ ഒന്നും പറഞ്ഞില്ല.

‘അതേയ്, അമ്മേ, അരു അവനെ പ്രത്യേകം ക്ഷണിച്ചിട്ടുണ്ടാവില്ല. അതാണ് കാര്യം.’ അമ്മ പറഞ്ഞു.

വാർത്ത അരുന്ധതിയുടെ ചെവിയിലെത്തിയെന്നു തോന്നുന്നു. വൈകുന്നേരം സിദ്ധാർത്ഥൻ പടിക്കൽ നിൽക്കുകയായിരുന്നു. ഇടവഴി ഒരു കാന്തമെന്ന പോലെ തന്നെ വലിക്കുന്നതവന് അനുഭവപ്പെട്ടു. വയലിൽ സൂര്യന്റെ മഞ്ഞരശ്മികൾ ചായപ്പണി നടത്തുന്നത് കൺമുമ്പിൽ കണ്ടു. അതിനുമപ്പുറം വീണ്ടും നിഴൽ വീശുന്ന ഇടവഴികൾ, അതിന്റെ ഓരത്തായി ഓടുകൾ പൊട്ടി പൊളിഞ്ഞു വീഴാറായ പടിപ്പുര. ഇല്ല, ഞാൻ പോവില്ല. അവൻ മനസ്സിൽ ഉറപ്പിച്ചു. അപ്പോഴാണ് അവൻ കണ്ടത്, അരുന്ധതി വരുന്നു! ചുവന്ന പാവാടയും ബ്ലൗസും തന്നെ വേഷം. അവളെ ആ വേഷത്തിലല്ലാതെ സിദ്ധാർത്ഥന് തിരിച്ചറിയില്ലെന്ന അവസ്ഥയായിരിക്കുന്നു.

അരുന്ധതി നേരെ നടന്ന് അവന്റെ മുമ്പിൽ വന്നു നിന്നു, വളരെ ഔപചാരികമായി അവന്റെ മുഖത്തു നോക്കാതെ സംഭാഷണം തുടങ്ങി.

‘ഈ വരുന്ന വെള്ളിയാഴ്ചയാണ് എന്റെ ജന്മദിനം. അതായത്, പതിനഞ്ചു കൊല്ലം മുമ്പ് ഈ ദിവസം അനിഴം നക്ഷത്രത്തിൽ, മനസ്സിൽ അല്പം കവിതയും സ്വപ്നം കാണാൻ മാത്രം വിധിക്കപ്പെട്ട ഹൃദയവുമായി ഈ പാവപ്പെട്ട പെൺകുട്ടി ജനിച്ചു. ജന്മദിനം ആഘോഷിക്കപ്പെടേണ്ടതാണെന്ന വിചാരമൊന്നും ഈ പെൺകുട്ടിക്കില്ല, എങ്കിലും അമ്മയുടെയും അച്ഛന്റെയും ആഗ്രഹങ്ങൾക്കു വഴങ്ങി ഒരു ചെറിയ സദ്യ ഒരുക്കാൻ സമ്മതിച്ചിരിക്കയാണ്. താങ്കളുടെ കുടുംബത്തെ ക്ഷണിക്കാൻ രാവിലെ ഞാൻ വന്നതായിരുന്നു. അറിവുകേടു കൊണ്ട് താങ്കളെ നേരിട്ട് ക്ഷണിച്ചില്ലാ എന്നതിൽ ഖേദിക്കുന്നു. അതു മാപ്പാക്കി താങ്കൾ കുടുംബസമേതം വന്ന് സദ്യയിൽ പങ്കുകൊണ്ട് ഈ പാവപ്പെട്ട പെൺകുട്ടിയെ അനുഗ്രഹിക്കുമാറാകണം.’

ഇത്രയും പറഞ്ഞ് അവൾ തിരിഞ്ഞു നടന്നു. സിദ്ധാർത്ഥന് ചിരിവന്നു. അരുന്ധതി അകന്നുപോകും തോറും ചിരി മാഞ്ഞു. അവൾ കണ്ണിൽനിന്നു മറഞ്ഞപ്പോഴേയ്ക്കും അവന്റെ മനസ്സിൽ അനുഭവപ്പെട്ട നീറൽ സാവധാനത്തിൽ ഒരു ജ്വാലയായി അവന്റെ ദേഹമാസകലം പടർന്നു.

അരുന്ധതി ഗൗരവത്തിൽത്തന്നെയായിരുന്നു. അവൾ കസവു കരയുള്ള മഞ്ഞ പട്ടുപാവാടയും ബ്ലൗസുമാണിട്ടിരുന്നത്. കട്ടിയുള്ള മുടി പിന്നിയിട്ടിരുന്നു. സദ്യയ്ക്ക് നേരത്തെ ചെല്ലാഞ്ഞതു നന്നായെന്ന് സിദ്ധാർത്ഥന് തോന്നി. അവൾ സ്നേഹിതകളുടെയും ബന്ധുക്കളായ പെൺകുട്ടികളുടെയും ഒപ്പം നടക്കുകയാണ്. മുഖത്ത് ചിരിയൊന്നുമില്ല. വല്ലപ്പോഴുമൊന്ന് ചിരിച്ചാൽ തന്നെ അതൊരോർമ്മപ്പിശകാണെന്ന മട്ടിൽ ഉടനെത്തന്നെ അവളുടെ മുഖം കനം വെയ്ക്കും. സിദ്ധാർത്ഥനെ നോക്കുന്നേയില്ല.

അച്ചൻപെങ്ങള് ആങ്ങളയെ സന്തോഷിപ്പിക്കാൻ നടക്കുകയാണ്. ഊൺമേശ നാലുപേർക്കു മാത്രം ഇരിക്കാൻ പറ്റിയതാണ്. അതിന്മേൽ നഗരവാസികളായ ആങ്ങളയുടെ കുടുംബത്തെ ഇരുത്താനുള്ള ശ്രമമാണ്.

‘സിദ്ധാർത്ഥൻ ഇവിടെ വന്നിരിക്ക്. നിനക്ക് നിലത്തിരുന്നുണ്ടിട്ടുള്ള ശീലമൊന്നുംണ്ടാവില്ല്യ.’

അവൻ ചമ്മി. ഇത്രയും കുട്ടികൾ നിലത്തിരുന്നുണ്ണുമ്പോൾ അവൻ മാത്രം.... അല്ലെങ്കിലേ താൻ ഒറ്റപ്പെട്ടിരിക്കയാണ്. ഇനി അതും കൂടിയായാൽ ശരിയായി. അവൻ വേഗം ഓടിപ്പോയി കുട്ടികളുടെ ഇടയിൽ ഇരുപ്പുറപ്പിച്ചു. അച്ചൻപെങ്ങൾ കാട്ടിക്കൂട്ടുകയാണ്. അവനത് തീരെ ഇഷ്ടപ്പെട്ടില്ല.

സദ്യ നന്നായിരുന്നു. പക്ഷെ അത് അതുവരെ അവനനുഭവപ്പെട്ടിട്ടുള്ള അന്തരീക്ഷവുമായി ഒരു വിധത്തിലും പൊരുത്തപ്പെട്ടിരുന്നില്ല. കഴിഞ്ഞ എട്ടു പത്തു ദിവസങ്ങളായി ഒരു നല്ല കറിയുടെ വാസനയും അവന് ആ വീട്ടിൽനിന്നു

കിട്ടിയിരുന്നില്ല. അതുകൊണ്ടുതന്നെ ഈ സദ്യ മുഴച്ചു നിൽക്കുന്നപോലെ തോന്നി.

ആരും ശ്രദ്ധിക്കാത്ത ഒരു നിമിഷത്തിൽ അവൻ കലവറയിൽ കടന്നു, മുളംകോണിക്കു താഴെ സംശയിച്ചു നിന്നു. മുകളിൽ തട്ടിൻപുറത്ത് തൂങ്ങിക്കിടക്കുന്ന നരിച്ചീറുകളും പേടിപ്പെടുത്തുന്ന നിഴലുകളുമാണ്. അവന് കയറാൻ ഭയമായി. തിരിഞ്ഞ് ഉമ്മറത്തേയ്ക്കു പോകാനും താൽപര്യമില്ല. പെട്ടെന്ന് ഇടനാഴിയിൽ ഒരു കാൽപ്പെരുമാറ്റം കേട്ടപ്പോൾ അവൻ ധൃതിയിൽ കോണികയറി തട്ടിൻപുറത്തെത്തി.

തട്ടിൻപുറം അവൻ വിചാരിച്ചതിലുമധികം ശൂന്യമായിരുന്നു. ചിതറിക്കിടക്കുന്ന വീട്ടുസാമാനങ്ങൾ അവനിൽ ഒരു വികാരവുമുണർത്തിയില്ല. അരുന്ധതി ഒപ്പമുള്ളപ്പോൾ ആ നിർജ്ജീവ വസ്തുക്കൾ അവനോട് സംസാരിച്ചിരുന്നു. ഓരോ ചെറിയ വസ്തുവിനുപോലും അർത്ഥമുണ്ടായിരുന്നു. അവന്റെ മനസ്സിൽ ഒരു നീറൽ അനുഭവപ്പെട്ടു. പെട്ടെന്ന് മൂലയിൽ നിന്ന് ഒരു നരിച്ചീറ് അവന്റെ മുമ്പിൽക്കൂടി പറന്നുപോയി. അവൻ ഞെട്ടിപ്പോയി. എന്തോ കുഴപ്പമുണ്ടായിട്ടുണ്ട്. നാലഞ്ചു നരിച്ചീറുകൾ അവിടെ വട്ടമിട്ടു ശബ്ദമുണ്ടാക്കി പറക്കുകയാണ്. സാവധാനത്തിൽ അവ ഓരോന്നായി വീണ്ടും കീഴ്ക്കാംതൂക്കായി തൂങ്ങിക്കിടന്നുറക്കമായി. അവയെല്ലാം മരിച്ചുപോയവരുടെ ആത്മാക്കളാണെന്ന് അവൻ ഓർത്തു. വയലിന്നരികെയുള്ള വീട്ടിലെ പത്തായപ്പുരയുടെ ചുമരിൽ അടയാളമിട്ട പ്രേതത്തെ അവൻ ഓർത്തു. രാത്രി മേലാസകലം ഒരുതരം ഭസ്മം പൂശി കാളയുടെ രൂപമെടുത്ത് ഒടിമറിയുന്ന കാണനേയും. ഇനി ഇവിടെ നിൽക്കുന്നതിൽ വലിയ അർത്ഥമില്ല. അവൻ ഓടാൻ തയ്യാറായി.

അവൻ ഞെട്ടിപ്പോയി. കോണി കയറി വരുന്ന ഒരു തലയാണവൻ കണ്ടത്. അത് അരുന്ധതിയാണെന്ന് മനസ്സിലായിട്ടും അവന്റെ ഹൃദയം ശക്തിയായി മിടിച്ചു.

'ഞാൻ വിചാരിച്ചു........'

അരുന്ധതി നേരെ മുമ്പിൽ വന്നു നിന്നു. അവളുടെ മുഖം ചുവന്നിരുന്നു. കണ്ണുകൾ ഈറനായിരുന്നു. നാലു ദിവസം മുമ്പ് പെയ്ത മഴയ്ക്കു ശേഷം രാവിലെ തോട്ടത്തിൽ കണ്ട തുടുത്ത പനിനീർപ്പൂവിൽ തങ്ങിനിന്ന ജലകണങ്ങൾ അവൻ ഓർത്തു. പരുങ്ങി നിന്ന സിദ്ധാർത്ഥനെ ഒരു നിമിഷനേരം നോക്കി നിന്നശേഷം അരുന്ധതി പറഞ്ഞു.

'എന്റെ ഏകാന്തതയിലെ അഭയത്തിലേയ്ക്ക് വരാൻ താങ്കൾ എങ്ങന്യാണ് അർഹത നേടിയത്?'

സിദ്ധാർത്ഥൻ അരുന്ധതിയുടെ കണ്ണിലേയ്ക്ക് നോക്കി. ആ കണ്ണുകൾ അവന്റെ കണ്ണിലൂടെ അവന്റെ മനസ്സിന്റെ ഉള്ളറകളിലേയ്ക്ക് നോക്കുകയായിരുന്നു. അവൻ പറഞ്ഞു.

'അരൂ, ഞാൻ ഒരു കാര്യം പറയട്ടെ. എനിക്ക് അരു പറയുന്ന കാര്യങ്ങൾ പകുതിയും മനസ്സിലാവുന്നില്ല. പിന്നെ എന്നെ താങ്കൾ എന്നൊന്നും വിളിക്കണ്ട. എനിക്കൊരു പേരുണ്ട്, സിദ്ധാർത്ഥൻ. എന്നെ ഇഷ്ടമുള്ളവർ അങ്ങിനെയാണ് വിളിക്കുക.'

'സിദ്ധാർത്ഥന് പക്ഷെ എന്നെ ഇഷ്ടമില്ലല്ലൊ.'

'ആരു പറഞ്ഞു?'

അവൾ ഒന്നും പറഞ്ഞില്ല. സ്ഥിതിഗതികൾ അവലോകനം ചെയ്യുന്നപോലെ അവൾ നിന്നു. പിന്നെ അങ്ങോട്ടും ഇങ്ങോട്ടും നടക്കാൻ തുടങ്ങി. നിർണായകമായ ആ നടത്തത്തിന്റെ അന്ത്യത്തിൽ അവൾ സിദ്ധാർഥന്റെ മുൻപിൽ വന്നുനിന്നു.

'സിദ്ധാർഥന് എന്നോട് ശരിക്കും സ്നേഹമുണ്ടോ?'

'ഉണ്ട്.' അവൻ വീണ്ടും മനസ്സിലെ ചുടുനീറ്റം അനുഭവിച്ചു. അവളെ കെട്ടിപ്പിടിക്കാൻ, ഉമ്മ വെക്കാൻ അവൻ ദാഹിച്ചു. അവളുടെ കാതിൽ തൂങ്ങിക്കിടന്ന കൊടക്കടുക്കൻ അപ്രത്യക്ഷമായെന്ന് അവൻ കണ്ടുപിടിച്ചു.

'അരുവിന്റെ കൊടക്കടുക്കൻ എവിടെപ്പോയി?'

'ശ്...ശ്...' അവൾ അവന്റെ വായ പൊത്തിക്കൊണ്ടു പറഞ്ഞു. 'ഇല്ലാത്ത ധാരാളിത്തം കാണിക്കാനുള്ള അമ്മയുടെ വ്യഗ്രതയിൽ എന്റെ സ്വപ്നങ്ങൾ കരിഞ്ഞുപോകുന്നത് സിദ്ധാർത്ഥന് മനസ്സിലാവില്ല. ആ രഹസ്യങ്ങളെല്ലാം എന്റെ മനസ്സാകുന്ന മണിയറയിൽത്തന്നെ പള്ളിയുറങ്ങട്ടെ.'

'എന്നു വച്ചാൽ?'

'ഓ, ഒന്നുമില്ല. സിദ്ധാർത്ഥൻ നീ ഒരു പാവമാണ്. നിനക്ക് വേദനയെന്താണെന്നറിയില്ല. നീ കൊട്ടാരത്തിലാണ് താമസം. പുറത്തെ ലോകവും അതിന്റെ അഭിലാഷങ്ങളും വേദനകളും നിനക്ക് അജ്ഞാതമാണ്. പക്ഷെ ഞാൻ നിന്നെ സ്നേഹിക്കുന്നു. ഈ ജീവിതത്തിൽ ഒരു പുരുഷനുണ്ടാവുകയാണെങ്കിൽ അത് സിദ്ധാർത്ഥൻ മാത്രമായിരിക്കും.'

അങ്ങിനെയൊരു പ്രഖ്യാപനം നടത്തി അവൾ സിദ്ധാർത്ഥന്റെ ചുമലിൽ കൈവച്ചു. അവൻ അവളുടെ അരക്കെട്ടിലൂടെ കൈയ്യിട്ടു. അവന്റെ ഹൃദയം നെഞ്ചിൽനിന്ന് രക്ഷപ്പെട്ടു പോകുമെന്നവന് തോന്നി. അതൊഴിവാക്കാൻ അവൻ അവളെ നെഞ്ചിനോടമർത്തി. അരുന്ധതി അവന്റെ കഴുത്തിലൂടെ കൈയ്യിട്ടു അവളുടെ ചുണ്ടുകൾ സിദ്ധാർത്ഥന്റെ ചുണ്ടുകളോട് ചേർത്തു.

ഉമ്മ വെക്കുന്നത് സിദ്ധാർത്ഥന് അപരിചിതമല്ലായിരുന്നു. എത്രയോ തവണ അവൻ ടി.വി.യിൽ കണ്ടിട്ടുള്ളതാണ്. പക്ഷെ അതിന്റെ പ്രായോഗികവശം വിഷമം പിടിച്ചതാണെന്നവനു മനസ്സിലായി. അവിയലിന്റേയും അടപ്രഥമന്റേയും വാസനയുണ്ടായിരുന്ന അരുന്ധതിയുടെ നാവ് അവന് കിക്കിളി കൊടുത്തു. ദീർഘനേരം എടുത്ത് നിർവഹിച്ച ആ ചുംബനം പക്ഷെ അവന് ഇഷ്ടപ്പെട്ടു. വിട്ടുമാറാൻ കഴിയാതെ അവർ ആലിംഗനത്തിൽത്തന്നെ നിന്നു.

തന്റെ കാലുകൾക്ക് ബലക്ഷയം വന്നപോലെ തോന്നി, സിദ്ധാർത്ഥൻ കട്ടിലിൽ പോയിരുന്നു. അരുന്ധതി ഒരു ദീർഘശ്വാസമിട്ടു. അവൾ സംതൃപ്തയായിരുന്നു. അവൾ സിദ്ധാർത്ഥനു മുമ്പിൽ ഉലാത്തിക്കൊണ്ടു സംസാരിക്കാൻ തുടങ്ങി.

'ഞാൻ കൃതാർത്ഥയായി. എന്റെ ആഗ്രഹങ്ങളെല്ലാം ഈ നിമിഷത്തിൽ സഫലമായി. എനിക്കിഷ്ടപ്പെട്ട പുരുഷനെത്തന്നെ എനിക്ക് ലഭിച്ചു. സിദ്ധാർത്ഥാ ഈ ചുംബനത്തിലൂടെ നിന്റെ ബീജം എന്നിൽ നിക്ഷിപ്തമായിരിക്കയാ

ണ്. നീ ഒരാഴ്ചക്കുള്ളിൽ മദ്രാസിൽ പോകും. പിന്നെ നിന്നെ ഞാൻ കാണുമോ എന്നുതന്നെ അറിയില്ല. എന്റെ ഉദരത്തിൽ കിടന്ന് നിന്റെ ബീജം വളരും. ഒമ്പതു മാസം ഞാനതിനെ ചുമക്കും. കുട്ടിയുടെ അച്ഛൻ ആരാണെന്ന് ഞാനാരോടും പറയില്ല. അതെന്റെ മാത്രം രഹസ്യമാണ്. പത്താം മാസത്തിൽ ഞാൻ നിന്റെ കുട്ടിയെ പ്രസവിക്കും. ഞാൻ നിന്നെക്കൂടി അറിയിക്കില്ല. എന്തൊക്കെ വിഷമങ്ങളും എതിർപ്പുമുണ്ടായാലും ശരി ഞാനീ ശിശുവിനെ വളർത്തും .......'

സിദ്ധാർത്ഥൻ എഴുന്നേറ്റു. സദ്യയുണ്ടതൊക്കെ ദഹിച്ചുപോയിരുന്നു. വയറിനുള്ളിലെ കാളൽ സഹിക്കാൻ പറ്റുന്നില്ല. അരുന്ധതി സ്വയം മറന്ന് സംസാരിക്കുകയായിരുന്നു. കേൾക്കും തോറും സിദ്ധാർത്ഥന്റെ മനസ്സിലെ ആന്തൽ വർദ്ധിച്ചു വന്നു. അവൻ ധൃതിയിൽ കോണിയിറങ്ങി ഇടനാഴിയിലൂടെ ഓടി. ഉമ്മറത്ത് ഇരുന്ന ആൾക്കാരെ ശ്രദ്ധിക്കാതെ അവൻ പടികടന്ന് ഓട്ടം തുടർന്നു. ഇടവഴി, പിന്നെ പച്ചപ്പുതപ്പിട്ട പാടം, വീണ്ടും ഇടവഴി. അവൻ തിരിഞ്ഞു നോക്കാതെ ഓടുകയായിരുന്നു.

back to index